നിയമനിർമ്മാണ കാര്യം:

(1) 2013-ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ബിൽ

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, നമ്മുടെ സംസ്ഥാനത്തെ യുവജനങ്ങളുടെ താല്പര്യസംരക്ഷണത്തിനായി ഒരു യുവജന കമ്മീഷൻ രൂപീകരിക്കുമെന്ന് 2012-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട കേരള ഗവർണർ പ്രഖ്യാപിച്ചിരുന്നു. യുവജനങ്ങൾക്ക്

മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾക്കും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും യുവജനങ്ങളുടെ ശാക്തീകരണത്തിനും അവരുടെ അവകാശ സംരക്ഷണത്തിനുമായി മെച്ചപ്പെട്ട മാർഗ്ഗങ്ങൾ സർക്കാരിന് ശുപാർശ ചെയ്യുന്നതിനുള്ള ഒരു സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നില്ല. ഇതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് 2012 ആഗസ്റ്റ് 18-ാം തീയതി വിളംബരപ്പെടുത്തുകയുണ്ടായി. പിന്നീട് പുനർ വിളംബരപ്പെടുത്തിയ ഓർഡിനൻസാണ് ഇപ്പോൾ നിയമമായി കൊണ്ടുവരുന്നത്. ഓർഡിനൻസ് മുഖേന യുവജന കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ച ചെറിയ കാലയളവിൽത്തന്നെ സംസ്ഥാനത്തെ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തുകയും സമഗ്രമായ റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടകം വിളംബരപ്പെടുത്തിയ ഓർഡിനൻസിനെ തുടർന്നുള്ള നിയമമാണ് ഇപ്പോൾ സഭയിൽ കൊണ്ടുവരുന്നത്. ഒരു ചെയർപേഴ്സണും പത്തിൽ കവിയാത്ത അംഗങ്ങളും ഉൾപ്പെടുന്നതാണ് സംസ്ഥാന യുവജന കമ്മീഷന്റെ ഘടന. അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിലോ പട്ടികജാതി വിഭാഗത്തിലോ ഉൾപ്പെടുന്നവരുമായിരിക്കണമെന്നും ഒരംഗം യോഗ്യതയുള്ള ലീഗൽ പ്രാക്ടീഷണർ ആയിരിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. യുവജനം എന്നാൽ 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ 40 വയസ്സ് പൂർത്തിയാകാത്തതുമായ ഒരു വ്യക്തി എന്നാണ് ബില്ലിൽ അർത്ഥമാക്കുന്നത്. യുവജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും സഹായിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും പരിപോഷിപ്പിക്കുന്നതുമാണ് കമ്മീഷന്റെ ചുമതലകൾ. കൂടാതെ സംസ്ഥാനത്തെ യുവജനകാര്യങ്ങളുടെ സംരക്ഷകരായി

ട്ടാണ് കമ്മീഷന്റെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്. മതിയായ അധികാരങ്ങളോടും ചുമതലയോടുമുള്ള കമ്മീഷനാണ് സംസ്ഥാനത്ത് പ്രവർത്തനക്ഷമമാകാൻ പോകുന്നത്. ഇത് വളരെ പുരോഗമനപരമായ ഒരു നടപടിയാണ്. നമ്മുടെ സംസ്ഥാനത്ത് ഓർഡിനൻസ് രൂപേണ യുവജന കമ്മീഷൻ ആദ്യമായി രൂപീകൃതമായ സാഹചര്യത്തിൽ അപ്രകാരം നടപടി സ്വീകരിക്കുവാൻ ഉത്തർപ്രദേശ് തുടങ്ങിയ വലിയ സംസ്ഥാനങ്ങൾ താല്പര്യം പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട് എന്ന് ഞാൻ അഭിമാനപൂർവ്വം സ്മരിക്കുന്നു. ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച്, സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത്, ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ച് കുറ്റമറ്റ നിയമനിർമ്മാണം നടത്തണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇവിടെ ചർച്ചയ്ക്ക് വരുന്നത്. എല്ലാ ബില്ലുകളും ഫലപ്രദമായി തന്നെയാണ് ചർച്ച ചെയ്യുന്നത്. അതുകൊണ്ട് വിഷയത്തിൽ ഒതുങ്ങിനിന്നുകൊണ്ട് ഇത് ചർച്ച ചെയ്യുന്നതിനുള്ള ഒരു സമീപനം എല്ലാവരുമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

Shri. P. Sreeramakrishnan: Sir, I move that – “This House resolves to disapprove The Kerala State Youth Commission Ordinance, 2013 (Ordinance No. 45 of 2013)”.

ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് പറയാനുള്ള ഒരു കാരണം യുവജന കമ്മീഷൻ എന്നു പറയുന്ന ആശയം അങ്ങേയറ്റം സ്വാഗതാർഹവും

യുവത്വത്തിന്റെ എല്ലാത്തരത്തിലുള്ള സർഗ്ഗാത്മകതകളെയും പരിപോഷിപ്പിക്കുവാനുള്ള ഒരു സംവിധാനമായി മാറുമെന്നുള്ള പ്രതീക്ഷയാണ് യുവജന കമ്മീഷൻ ഓർഡിനൻസ് ഇറങ്ങുന്നതുവരെയും നമുക്കുണ്ടായിരുന്നത്. എന്നാൽ കേവലം ഉപദേശക സ്വഭാവത്തോടുകൂടിയുള്ള വളരെ ഓർണമെന്റലായ ഒരു ഓർഡിനൻസും ആക്ടുമാണ് ഇവിടെ വന്നിട്ടുള്ളത്. യുവത്വം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ മനസ്സിലാക്കാനും മനസ്സിലാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിയമപരമായ അധികാരങ്ങളുള്ള ഒരു സംവിധാനമായി ഈ ആക്ട് ഫലപ്രദമായി പ്രയോഗിക്കാൻ സാധിക്കുകയില്ല. യുവത്വം വളരെ സങ്കീർണ്ണമായ പ്രശ്നങ്ങളെയാണ് അഭിസംബോധന ചെയ്യുന്നത്. അത് ഒറ്റപ്പെട്ട ഏതെങ്കിലും പ്രദേശങ്ങളിൽ മാത്രമായുള്ള പ്രശ്നങ്ങളല്ലെങ്കിലും ഓരോ ചെറിയ സമൂഹങ്ങൾക്കും അവരവരുടേതായ നേതൃത്വത്തിൽ യുവജനപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുവാനുള്ള സാധ്യതകളുണ്ട്, ഉത്തരവാദിത്തമുണ്ട്. യുവത്വം എന്നു പറയുന്നത് മനുഷ്യവിഭവത്തിന്റെ ഒരു മഹാസംഭരണിയാണ്. അതിനെ പരമാവധി ചാനലൈസ് ചെയ്യുകയും പരമാവധി സർഗ്ഗാത്മകമായി വിനിയോഗിക്കുകയും ചെയ്യുക എന്നുള്ളതാണ് ലോകത്തെ ഏതു പരിഷ്കൃത സമൂഹവും നിർവ്വഹിക്കേണ്ട കടമ. ഇത് ചാനലൈസ് ചെയ്യണമെങ്കിൽ പാഴായിപ്പോകാത്ത യൗവ്വനം എന്ന അടിസ്ഥാനപരമായ സങ്കല്പം ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധിക്കണം. യൗവ്വനം പാഴായിപ്പോകാതിരിക്കണമെങ്കിൽ യൗവ്വനസഹജമായ എല്ലാ അഭിരുചികളെയും അഭിസംബോധന ചെയ്യാനും അവർ നേരിടുന്ന പ്രശ്നങ്ങളെയെല്ലാം പരിരക്ഷിക്കാനും കഴിയണം. ഈ നിയമത്തിന്റെ പീഠികയിൽ പറയുന്നത് യുവജനങ്ങളുടെ അവകാശങ്ങളുടെ സംരക്ഷകൻ എന്നാണ്. എങ്ങനെയാണ് സംരക്ഷിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച ഇടത്തേയ്ക്ക് എത്തുമ്പോൾ

ആ സംരക്ഷണങ്ങളെല്ലാം ഉപദേശങ്ങളിൽ അവസാനിക്കുകയാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസം, തൊഴിൽ, വകുപ്പുകൾ ഏകോപിപ്പിക്കൽ, കഴിവ് വികസിപ്പിക്കൽ, നേർവഴിക്ക് നയിക്കൽ തുടങ്ങിയ ഒരുപാട് കാര്യങ്ങൾ പീഠികയിൽ പറയുന്നുണ്ടെങ്കിലും അതെല്ലാം....... സർ, ഞാൻ ഇവിടെ സംസാരിക്കുമ്പോൾ ചീഫ് വിപ്പ് അതിനെ തടസ്സപ്പെടുത്തുകയാണ്. വളരെ പ്രധാനപ്പെട്ട ചർച്ചയ്ക്കിടയിൽ കയറി അസ്വസ്ഥതയുണ്ടാക്കുകയാണ്.

കഴിവു വികസിപ്പിക്കൽ, യുവാക്കളെ നേർവഴിക്ക് നയിക്കൽ തുടങ്ങിയ ഒരുപാട് കാര്യങ്ങൾ പീഠികയിൽ പറയുന്നുണ്ടെങ്കിലും ഉപദേശക സ്വഭാവത്തിലുള്ള കാര്യങ്ങളല്ലാതെ നിയമപരമായ ഒരു ബാധ്യതയും ഈ ബിൽ യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കൊണ്ടുവരുന്നില്ല.

ഇവിടെ ഒരു യുവജനനയം പ്രസിദ്ധീകരിക്കുകയുണ്ടായി. ആ യുവജനനയം ഏറെക്കുറെ മുൻകാലങ്ങളിലുണ്ടായ യുവജനനയങ്ങളെക്കൂടി ഏകോപിപ്പിച്ചു കൊണ്ടും നിരവധി സ്ഥലങ്ങളിൽ ചർച്ച നടത്തിക്കൊണ്ടും സമാഹരിക്കപ്പെട്ടതാണെന്നാണ് ഗവൺമെന്റ് ഇറക്കിയ ഉത്തരവിൽ പറയുന്നത്. കേരളത്തിൽ പ്രത്യേകിച്ചും യുവജനങ്ങളുടെ അവസ്ഥാവിശകലനം നടത്തിയിട്ടുണ്ട്. അവസ്ഥാവിശകലനത്തിൽ നമ്മുടെ ശക്തികളെയും ദൗർലബ്യങ്ങളെയും എടുത്തു പറഞ്ഞിട്ടുണ്ട്. കേരളത്തിലെ യുവജനങ്ങളിലുള്ള ഉയർന്ന സാക്ഷരത, സാമൂഹിക – രാഷ്ട്രീയ ബോധം, സംഘടനാ ബോധം, കലാകായിക മേഖലയിലുള്ള മികവ്, തൊഴിലിനുവേണ്ടി പുറം നാടുകളിൽ പോകുന്നതിനുള്ള സന്നദ്ധത, പുതിയ അറിവുകളും സാങ്കേതിക വിദ്യകളും ഉൾക്കൊള്ളുവാനുള്ള മനോഭാവം തുടങ്ങിയ ശക്തികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ ശക്തികളെയെല്ലാം പരിപോഷിപ്പിക്കുകയും പ്രചോദിപ്പിക്കുകയു

മാണ് നമ്മുടെ സർക്കാർ സംവിധാനങ്ങൾ ചെയ്യേണ്ടത്. ഈ ശക്തികളെ പ്രചോദിപ്പിക്കാൻ ഇന്ന് നിലവിൽ ഒരുപാട് പ്രഖ്യാപനങ്ങൾ നടക്കുന്നുണ്ട്. ആ പ്രഖ്യാപനങ്ങൾ എന്തെങ്കിലും ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള ഒരു സംവിധാനവും ഇന്നില്ല. യഥാർത്ഥത്തിൽ ഒരു യുവജന കമ്മീഷൻ മുന്നോട്ടു വയ്ക്കുമ്പോൾ ഈ പറയുന്ന ശക്തികളെ യെല്ലാം പ്രചോദിപ്പിക്കാൻ ഇവിടെയുള്ള സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനും അതിലൊരു ഓഡിറ്റിംഗ് നടത്താനും നമുക്ക് കഴിയണം. അങ്ങനെ സർക്കാർ സംവിധാന ങ്ങൾ യുവജനങ്ങൾക്കുവേണ്ടി പ്രഖ്യാപിക്കുന്ന പദ്ധതികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനും ഓഡിറ്റിംഗ് നടത്തുന്നതിനും ഇടപെടാൻ കഴിയുന്ന ഒരു സംവിധാനമായി മാറുകയാണ് യുവജന കമ്മീഷൻകൊണ്ട് ആദ്യം സാധിക്കുന്നത്. ഈ കാര്യങ്ങളൊന്നും ഈ ബില്ലിൽ ലക്ഷ്യം വയ്ക്കുന്നില്ല. യുവജനങ്ങളുടെ ദൗർബല്യങ്ങളെക്കുറിച്ചും, ദിശാബോധമില്ലാത്ത വിദ്യാഭ്യാ സത്തെക്കുറിച്ചും ഗവൺമെന്റ് പ്രസിദ്ധീകരിച്ച യുവജനനയത്തിൽ പറയു ന്നുണ്ട്. ഇവിടെയുള്ള വിദ്യാഭ്യാസത്തിനുള്ള ദിശാബോധമില്ലായ്മ, അപര്യാ പ്തമായ തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വത്തിനുള്ള വൈമുഖ്യം, കാർഷിക വൃത്തിയോടുള്ള അകൽച്ച തുടങ്ങിയ കുറെ കാര്യങ്ങളെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ ദിശാബോധമില്ലാത്ത വിദ്യാഭ്യാസത്തെയും അപര്യാപ്തമായ തൊഴിൽ പരിശീലനങ്ങളെയും അഭിസംബോധന ചെയ്യാനും ഈ യുവജന കമ്മീഷൻ ബില്ലിൽ കാര്യമായിട്ടൊന്നും കാണുന്നി ല്ല. അഡ്രസ് ചെയ്യേണ്ട വിവിധ യുവവിഭാഗങ്ങളെ സംബന്ധിച്ച് യുവജനനയ ത്തിൽ പറയുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അഭിമുഖീകരി ക്കുന്ന പ്രത്യേക പ്രശ്നങ്ങളെ എങ്ങനെയാണ് കൈകാര്യം ചെയ്യാൻ പോകു

ന്നതെന്നും ബില്ലിൽ പറയുന്നില്ല. കേരളത്തിന്റെ സമ്പദ് ഘടനയെ വലിയ തോതിൽ സഹായിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് പ്രവാസി സമൂഹം. നമ്മുടെ സമ്പദ്ഘടനയ്ക്ക് വലിയ തോതിൽ സഹായം ചെയ്തു കൊണ്ടിരിക്കുന്നവരിൽ 80 ശതമാനം ആളുകളും യുവജനങ്ങളാണ്. പ്രവാസികളെക്കുറിച്ച് യുവജനനയത്തിൽ പറയുന്നുണ്ടെങ്കിലും പ്രവാസികളെ എങ്ങനെയാണ് നമ്മൾ സഹായിക്കാൻ പോകുന്നത്? ഏത് നിയമപരമായ പരിരക്ഷയാണ് അവർക്ക് ഉറപ്പുവരുത്താൻ പോകുന്നത്. പ്രവാസിയായ ഒരു യുവാവിനോ ഒരു യുവതിക്കോ നിയമപരമായി ലഭിക്കേണ്ട പരിരക്ഷ ലഭിച്ചിട്ടില്ലെങ്കിൽ യുവജന കമ്മീഷൻ എങ്ങനെയാണ് ഇടപെടാൻ പോകുന്നത് തുടങ്ങിയ കാര്യങ്ങളൊന്നും ഈ ബില്ലിൽ എടുത്തു പറഞ്ഞിട്ടില്ല. യുവജന നയത്തിൽ എടുത്തു പറയുന്ന ഒരു വിഭാഗമാണ് പ്രൊഫഷണലായിട്ടുള്ള യുവജനങ്ങൾ. വിവര സാങ്കേതിക രംഗത്തും എഞ്ചിനീയറിംഗ് മെഡിക്കൽ രംഗത്തും ഇതര സേവന രംഗങ്ങളിലെല്ലാം വർദ്ധിച്ചുവരുന്ന പ്രൊഫഷണലുകളുടെ എണ്ണം കൊണ്ട് കേരളത്തിൽ അധികൃം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവരെ സാമൂഹികമായ വിഷയങ്ങളിൽ ഇടപെട്ട് ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല എന്ന് യുവജന നയം പറയുന്നുണ്ട്. അങ്ങനെയുള്ള അവസരം ലഭിക്കുന്നില്ലെങ്കിൽ അതെങ്ങനെയാണ് അഡ്രസ് ചെയ്യാൻ പോകുന്നത്? സഹകരണ മേഖലയിലെ യുവജന വികസനം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. അത് ഇതിൽ അഡ്രസ് ചെയ്തിട്ടില്ല. പരിസ്ഥിതിസംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ മുഖ്യ പങ്കാളികളാക്കുമെന്ന് യുവജനനയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പരിസ്ഥിതിയുടെ ചൂഷണത്തിന്റെ പ്രധാനപ്പെട്ട ഇരകൾ യുവ

ജനങ്ങളാണ്. എങ്ങനെയാണ് അവർക്ക് ഈ പ്രശ്നത്തിൽ ഈ കമ്മീഷനുപ യോഗപ്പെടുത്തി ഇടപെടാൻ സാധിക്കുകയെന്നുള്ളതിനെ സംബന്ധിച്ചും ഈ ബില്ലിൽ പറഞ്ഞിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതി ഉറപ്പാ ക്കുന്ന കർമ്മ പരിപാടി ആവിഷ്കരിക്കുന്നു. യഥാർത്ഥത്തിൽ യുവജന കമ്മീ ഷന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കർമ്മമണ്ഡലമായി മാറേണ്ടത് വിദ്യാഭ്യാസ രംഗവും തൊഴിൽ മണ്ഡലവുമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതി എന്നു പറയുന്ന പ്രഖ്യാപിത നയം എങ്ങനെ ഈ കമ്മീഷ നിൽ നടപ്പാക്കാൻ സാധിക്കുമെന്നുള്ളതാണ് പരിശോധിക്കേണ്ടത്. ഒരുപാട് അനുഭവങ്ങൾ ഇന്ന് നമ്മുടെ മുന്നിൽ വരികയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ചൂഷണങ്ങളുടെ അവിശ്വസനീയമായ നിലയിലുള്ള അനുഭവങ്ങ ളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെ യുവത്വം അഭിമുഖീകിരി ക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിൽ, അവർക്ക് നിയമപര മായ പരിരക്ഷ കൊടുക്കുന്നതിൽ കൃത്യമായ നിലപാടുകൾ ഈ ആക്റ്റ് മുന്നോട്ടുവയ്ക്കുന്നില്ല. സർഗ്ഗാത്മകമായ ഒരു യൗവ്വനമാണ് ശരിക്കും നാടിന്റെ സ്വത്ത് എന്നു പറയുന്നത്. നാടിന്റെ അഭിമാനമെന്ന് പറയുന്നത്. അതിനെ തടസ്സപ്പെടുത്തുന്ന ഒരുപാട് ഘടകങ്ങൾ വരുന്ന കാലമാണിത്. യുവത്വത്തെ ഒരു ചരക്കായി കാണുന്ന ഒരു ആഗോള സാഹചര്യം വന്നിട്ടു ണ്ട്. ഉപയോഗിച്ചു തള്ളുന്ന പാഴ്വസ്തുക്കളായി യുവത്വത്തെ ഉപയോഗിക്കു ന്നു. അങ്ങനെയുള്ള യുവത്വത്തെ കൈകാര്യം ചെയ്യുന്ന രീതിയെ നമ്മൾ എങ്ങനയാണ് പരിഹരിക്കേണ്ടത്? യുവത്വത്തിന്റെ അവകാശങ്ങൾ സംരക്ഷി ക്കപ്പെടണം. എന്താണ് യുവത്വത്തിന്റെ അവകാശം? അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ആ അവകാശങ്ങളുമായി ബന്ധപ്പെട്ട് കുറെ നിലപാടുകൾ യുവജനനയം മുന്നോട്ടുവയ്ക്കുന്നുണ്ട്. ആ നിലപാടുകൾ സഹായകര

മായും നിയമപരമായും ഉറപ്പുകൊടുക്കുവാനുള്ള ഒരു പദ്ധതിയെക്കുറിച്ചൊന്നും ഈ ബില്ലിൽ പരാമർശിച്ചിട്ടില്ല. യഥാർത്ഥത്തിൽ യുവത്വത്തെ പ്രചോദിപ്പിക്കേണ്ടത് ഐഡിയോളജികൊണ്ടാണ്. സോക്രട്ടീസിന്റെ കുറ്റപത്രത്തിൽ പറയുന്നത് നിങ്ങൾ യുവാക്കളെ വഴിതെറ്റിച്ചവനാണ്, നിങ്ങൾ തത്വചിന്തയുടെ ആകാശങ്ങിലേയ്ക്ക് യുവസമൂഹത്തെ നയിച്ചവനാണ് എന്നാണ്. യുവസമൂഹത്തെ പ്രചോദിപ്പിച്ചത് ലോകത്ത് എല്ലായിടത്തും നല്ല ഐഡിയോളജിയും ആശയങ്ങളുംകൊണ്ടാണ്. ആശയങ്ങൾ കൊണ്ട് യുവസമൂഹത്തെ പ്രചോദിപ്പിക്കുവാനുള്ള പദ്ധതികൾക്കുവേണ്ടി ധാരാളം സർക്കാർ സംവിധാനങ്ങളുണ്ട്. അങ്ങനെയുള്ള സർക്കാർ സംവിധാനങ്ങളെല്ലാം എങ്ങനെയാണ് ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഇതിനെക്കുറിച്ചൊന്നും ഒരു പരിശോധനയും നമ്മുടെ നാട്ടിലില്ല. ഇന്ന് തികച്ചും ചവിട്ടി മെതിക്കുന്ന ഒരു സാഹചര്യം യുവത്വത്തെ സംബന്ധിച്ച് വരികയാണ്. അതിനെ പ്രോത്സാഹിപ്പിക്കുകയല്ല ഈ യുവത്വത്തിന്റെ വാസനകളെ സർഗ്ഗവാസനകളെ പ്രചോദിപ്പിക്കുവാനുള്ള ഒരു സംവിധാനമുണ്ടാക്കാൻ നമുക്ക് സാധിക്കുന്നില്ല. വിദ്യാഭ്യാസം ലഭിക്കുവാനുള്ള അവകാശം ഇന്ന് ചൂഷണം നടക്കുന്ന മേഖലകളാകാൻ പാടില്ല. വിദ്യാഭ്യാസ രംഗത്തെ ചൂഷണം ഈ കമ്മീഷൻ അഡ്രസ്സ് ചെയ്യുന്നില്ല. കഴിവിനും അഭിരുചിക്കുമനുസരിച്ച് വിദ്യാഭ്യാസം ലഭിക്കുവാനുള്ള അവകാശം യുവത്വത്തിന് ആവശ്യമായ പ്രധാനപ്പെട്ട കാര്യമാണ്. രണ്ടാമതായി തൊഴിൽ ചെയ്യാനുള്ള അവകാശം, മാന്യമായ വേതനം ലഭിക്കാനുള്ള അവകാശം എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് നമ്മുടെ നാട്ടിൽ ഉയർന്നു വരുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം തൊഴിലില്ലായ്മ മാത്രമല്ല തൊഴിലല്ലായ്മ കൂടിയാണ്. അൺഎംപ്ലോയ്മെന്റ് പോലുള്ള ഒരു പരമ പ്രധാനമായ പ്രശ്നമാണ് അണ്ടർ എംപ്ലോയ്മെന്റ്. ജോലിയുണ്ടെങ്കിലും മാന്യമായ വേത

നമില്ല. സംരക്ഷണമില്ല, എപ്പോൾ വേണമെങ്കിലും പിരിച്ചു വിടാം. അണ്ടർ എംപ്ലോയ്മെന്റ് എന്നു പറയുന്ന പ്രശ്നം അൺ എംപ്ലോയ്മെന്റിനെക്കാൾ രൂക്ഷമായി നമ്മുടെ രാജ്യത്തും സമൂഹത്തും വരികയാണ്. അതിനെ യൊന്നും ഇതിൽ അഡ്രസ് ചെയ്യുന്നില്ല. മൂന്നാമതായി സർഗ്ഗ വാസനകൾ പരിപോഷിപ്പിക്കാനുള്ള അവകാശം, അത് ഭരണഘടനയനുസരിച്ചുള്ള മൗലി കമായ ഒരു ഒരവകാശമാണ്. ഭരണഘടനാപരമായ നിയമപരമായ അവകാ ശത്തെ, സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാൻ ഒരു സർക്കാർ പ്രവർത്തിക്കു ന്നുണ്ടോ? അതിനുവേണ്ടി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ട സംഗതിയാണ്. കായിക ക്ഷമത വർദ്ധിപ്പിക്കാ നുള്ള അവകാശം, നിയമം അനുശാസിക്കുന്ന സംരക്ഷണം എല്ലാ മേഖല യിലും ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള അവകാശം, സാംസ്കാരിക ഔന്നത്യത്തിനുവേണ്ടി നിലകൊള്ളാനുള്ള അവകാശം, പുരോഗമന ചിന്ത കൾ മുന്നോട്ടുവയ്ക്കാനുള്ള അവകാശം, സമൂഹത്തെ മുന്നോട്ടു നയി ക്കാനുള്ള ചിന്തകൾ, ചിന്താപരമായ പ്രകോപനം സൃഷ്ടിക്കേണ്ടത് യുവത്വ മാണ്. അങ്ങനെ ഔന്നത്യത്തിൽ നയിക്കാൻ, നിലാപടുകൾ സ്വീകരിക്കാ നുള്ള യുവത്വത്തിന്റെ അവകാശത്തെ സംരക്ഷിക്കേണ്ടതുണ്ട്. മതേതരത്വം അടിസ്ഥാനപ്രമാണമായി അംഗീകരിച്ചൊരു സമൂഹമാണ് നമ്മുടേത്. യുവജ നനയത്തിൽ പറയുന്നത് മതമൗലിക വാദത്തിനും വർഗ്ഗീയവാദത്തിനുമെതി രായി മതേതരത്വത്തെ ഉയർത്തി പിടിക്കാനുള്ള സാമൂഹത്തെ വളർത്തിയെടു ക്കാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം എന്നാണ്. യുവജനനയ ത്തിന്റെ വക്താക്കളായി ജീവിക്കാനുള്ള അവകാശം, മദ്യം, മയക്കുമരുന്ന്, ലഹരി തുങ്ങിയവയിൽ നിന്ന് മോചനം നേടുവാനുള്ള അവകാശം,

പ്രവാസികൾ ഉൾപ്പെടുന്ന, കുടിയേറ്റക്കാർ ഉൾപ്പെടുന്ന സമൂഹത്തിന്റെ അവകാശങ്ങൾക്കുവേണ്ടിയുള്ള നിയമബാധ്യതകൾ.

ഇങ്ങനെയുള്ള 10 പ്രധാന മണ്ഡലങ്ങൾ പരിശോധിക്കുമ്പോൾ ഇതിനെ യൊന്നും ഇതിൽ അഡ്രസ്സ് ചെയ്യുന്നില്ല. നമ്മുടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന കൊള്ളയ്ക്കുനേരെ ഈ കമ്മീഷൻ മുഖംതിരിച്ചി രിക്കുകയാണ്. ഒരു ഉദാഹരണം പറയാം– സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ എങ്ങനെയാണ് ഫീസ് ഘടന നിശ്ചയിക്കുന്നത്; ആരാണ് അവിടെ കാര്യങ്ങൾക്കുമേൽ അന്തിമ തീരുമാനമെടുക്കുന്നത് എന്നതിനെക്കുറിച്ചറി യില്ല. ഒരു കല്ലുവെട്ട് തൊഴിലാളിയുടെ മകൻ പ്ലസ്ടൂ പാസ്സായിക്കഴിഞ്ഞ പ്പോൾ ആ കുട്ടിക്കുണ്ടായ അനുഭവം എന്നോട് പറയുകയുണ്ടായി. പ്ലസ്ടൂ– വിന് ഉന്നത മാർക്ക് നേടിയ ആ കുട്ടി എഞ്ചിനീയറിംഗ് കോളേജു കളെക്കുറിച്ച് കേട്ടറിഞ്ഞ് തൃശ്ശൂരിലെ ഒരു എഞ്ചിനീയറിംഗ് കോളേജിന്റെ ഓഫീസിൽപോയി പ്രോസ്പെക്ടസിനുവേണ്ടി ഒരു അന്വേഷണം നടത്തി. അവർ പറഞ്ഞു ഇവിടെ ചേരണമെന്ന് താൽപര്യമുണ്ടെങ്കിൽ അപേക്ഷ കൊടുക്കണമെന്ന്. അപേക്ഷ ഫോറത്തിന് 500 രൂപ അടയ്ക്കാനാവശ്യപ്പെട്ടു. ആ കുട്ടിയുടെ കയ്യിലുണ്ടായിരുന്ന 500 രൂപ കൊടുത്ത് അപേക്ഷാഫോറം വാങ്ങി. അപേക്ഷാ ഫോറം വാങ്ങി വയ്ക്കുമ്പോൾ അവർ പറഞ്ഞു, നിങ്ങൾ ഒരു വെള്ളക്കടലാസിൽ 'എനിക്ക് ഇവിടെ അപേക്ഷിക്കാൻ ആഗ്രഹമുണ്ട്' എന്നുകാണിച്ച് അപേക്ഷ നൽകണമെന്ന്. അങ്ങനെ 'ഞാൻ ഇവിടെ അപേ ക്ഷിക്കാൻ ആഗ്രഹിക്കുന്നു' എന്നുപറഞ്ഞ് വെള്ളക്കടലാസിൽ അപേക്ഷ കൊടുത്തപ്പോൾ, നിങ്ങൾ എല്ലാ സർട്ടിഫിക്കറ്റുകളും ഇവിടെ വച്ചിട്ട് പോക

ണമെന്ന് പറഞ്ഞു. അങ്ങനെ ഈ കുട്ടിയുടെ സർട്ടിഫിക്കറ്റുകൾ അവിടെ വാങ്ങിവച്ചു. രാത്രിയിൽ വീട്ടിൽ തിരിച്ചുവന്ന ഈ കുട്ടി അച്ഛനമ്മമാരോട് കൂടിയാലോചിച്ചപ്പോൾ കല്ലുവെട്ട് തൊഴിലാളിയുടെ കുട്ടിക്ക് നാലര ലക്ഷം രൂപ കൊടുത്ത് എഞ്ചിനീയറിംഗിന് പഠിക്കാൻ കഴിയില്ല എന്നുതീരുമാനിച്ചു. പിറ്റേദിവസം രാവിലെ അച്ഛനും മകനുംകൂടി സർട്ടിഫിക്കറ്റുകൾ തിരിച്ചുവാങ്ങാൻ ചെന്നപ്പോൾ 4 ലക്ഷം രൂപ അടച്ചാൽ മാത്രമേ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുകയുള്ളൂവെന്ന് അവർ പറഞ്ഞു. കേരളത്തിലെ ഒരു സ്വാശ്രയ കോളേജിൽ നടന്ന സംഭവമാണ്. ഒന്നര വർഷം ഈ കുട്ടിയെ സർട്ടിഫിക്കറ്റ് തിരിച്ചുകൊടുക്കാതെ നടത്തിയതിനുശേഷമാണ് ഈ കുട്ടി എന്റടുത്ത് വന്നത്. അവിടത്തെ ജനപ്രതിനിധികളുൾപ്പെടെയുള്ളവർ ഇടപെട്ടതിനുശേഷം പിന്നീട് സർട്ടിഫിക്കറ്റ് തിരിച്ചുകൊടുക്കുന്ന സ്ഥിതിയുണ്ടായി. ഈ നിലയിൽ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന യുവത്വത്തിന്റെ ........

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഒരു ചെറുപ്പക്കാരന് ഇത്രയധികം ദുരനുഭവം നേരിടേണ്ടി വന്നിട്ട് ആ സംഭവത്തിന്റെ പേരിൽ ഒരു ക്രിമിനൽ കേസ്സെടുത്ത് നടപടി സ്വീകരിക്കാൻ തയ്യാറാകണ്ടേ; ഒരു വിദ്യാർത്ഥിയോട് ചെയ്ത ക്രൂരതയല്ലേ ഇത്. ഇതിൽ രാഷ്ട്രീയം നോക്കേണ്ട കാര്യമെന്താണ്; അതുപോലെ ഞാൻ ചോദിക്കട്ടെ, നിരാകരണ പ്രമേയമാണല്ലോ അങ്ങിവിടെ അവതരിപ്പിക്കുന്നത്; യുവജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനുംവേണ്ടി ഒരു യുവതി പൈലറ്റ് ചെയ്ത നിയമത്തെ യുവാവായ അങ്ങ് നിരാകരിക്കുന്നത് ഓർഡറിലാണ് എന്ന തോന്നൽ എനിക്കില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഈ ഓർഡിനൻസിനെ നിരാകരിക്കാനുള്ള കാരണം ഈ നിയമത്തിനോടുള്ള എതിർപ്പല്ല. അകാലത്തിൽ വാർദ്ധക്യം ബാധിച്ച ഒരു യുവാവിനെപ്പോലെ ശേഷിയില്ലാത്ത പല്ലൊക്കെ കൊഴിഞ്ഞുപോയ ഓർണമെന്റലായ ഒരു നിയമമായതുകൊണ്ടാണ്. ഈ നിയമത്തിന് ഈ പ്രശ്നങ്ങളെയൊന്നും അഡ്രസ് ചെയ്യാൻ കഴിയുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു യുവാവോ യുവതിയോ ഞാൻ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് ഒരു പരിഹാരം വേണമെന്നുപറഞ്ഞ് ഈ യുവജന കമ്മീഷനെ സമീപിച്ചാൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും; ഒരു നടപടിയും സ്വീകരിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ ഈ നിയമത്തിന്റെ ഭാഗമായി കഴിയുകയില്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന ചൂഷണങ്ങളുടെ സ്ഥിതി ചെറിയ തോതിലല്ല. അത് പ്രാഥമിക വിദ്യാലയങ്ങളിൽനിന്ന് ആരംഭിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ചൂഷണവും തൊഴിൽ മേഖലയിൽ നടക്കുന്ന ചൂഷണവും ഗൗരവമായിട്ട് അഡ്രസ് ചെയ്യാൻ കഴിയണം. അത് പരിഹരിക്കാനാവശ്യമായ സംവിധാനമായിട്ട് ഇത് മാറണം. ഇതിന് സമാനമായ സ്ഥിതി അൺ-എയിഡഡ് സ്കൂളുകളിലും വരികയാണ്. അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വല്ല നിബന്ധനകളും കേരളത്തിൽ ബാധകമാണോ; രണ്ടര ലക്ഷം അധ്യാപകർ കേരളത്തിലെ അൺ-എയിഡഡ് സകൂളുകളിൽ ജോലി ചെയ്യുന്നുണ്ട്. അവരെല്ലാം മറ്റ് എയിഡഡ് സ്കൂളുകളിലേയോ സർക്കാർ സ്കൂളുകളിലേയോ പോലെതന്നെ ഉന്നത വിദ്യാഭ്യാസം നേടിയശേഷം ജോലി ചെയ്യുന്നവരാണ്. 15 കൊല്ലം ആയാലും 3000 അല്ലെങ്കിൽ 4000 രൂപയ്ക്ക് ജോലി ചെയ്യേണ്ടി വരുന്ന സ്ഥിതിയാണ് അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ളത്. 1957-ന് മുമ്പുള്ള അധ്യാപകന്റെ

അവസ്ഥയിലാണ് അൺ-എയിഡഡ് സ്ഥാപനങ്ങൾ. വരേണ്യരായ വിദ്യാർത്ഥികളും അവർണ്ണരായ അധ്യാപകരും- പല അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യുവതീ-യുവാക്കളായിട്ടുള്ള ചെറുപ്പക്കാർക്ക് നിൽക്കാൻ പാടില്ല. ഉച്ചയ്ക്ക് 10 മിനിറ്റാണ് ഒഴിവുള്ളത്. 10 മിനിറ്റ് കഴിഞ്ഞാൽ അവർക്ക് പട്ടാളക്കാരന്റെ പണിയാണ്. വടിയുമായിട്ട് കുട്ടികളെ നേരിടണം. സ്കൂൾ ബസ്സുകളിൽ യാത്ര ചെയ്യാൻ പാടില്ല. രണ്ടര ലക്ഷ ത്തോളം വരുന്ന കേരളത്തിലെ അൺ-എയിഡഡ് അധ്യാപകരിൽ 95 ശത മാനംപേരും ചെറുപ്പക്കാരാണ്. ഈ ചെറുപ്പക്കാരുടെ തൊഴിൽ ചൂഷണം ഉന്നയിക്കാൻ നമുക്ക് യാതൊരു സാധ്യതയുമില്ല. അൺ-എയിഡഡ് വിദ്യാ ഭ്യാസ സ്ഥാപനങ്ങളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടക്കുന്ന തൊഴിൽ ചൂഷണങ്ങ ളുടെ ഭാഗമായിട്ടാണ് വലിയ തോതിലുള്ള പ്രതികരണങ്ങൾ രാജ്യത്തുയർന്നു വരുന്നത്. ഡൽഹിയിൽ ഒരു ചൂലിന്റെ രാഷ്ട്രീയ പാർട്ടിയുണ്ടായി. കുറ്റിച്ചൂ ലുപയോഗിച്ച് കോൺഗ്രസ്സിനെ ആട്ടിയോടിച്ച ഒരു രാഷ്ട്രീയ പാർട്ടിയായി അത് മാറി. ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസ്സിന്റെ പിന്തുണ സ്വീകരിക്കണമെങ്കിൽ 18 ഉപാധികൾ അംഗീകരിക്കണം എന്ന നിബന്ധന മുന്നോട്ടുവച്ചു. ഞാൻ അതിനെക്കുറിച്ചുള്ള രാഷ്ട്രീയ കാര്യങ്ങളല്ല പറയു ന്നത്. ഈ 18 ഉപാധികളിൽ ഒരുപാധി വളരെ പ്രത്യേകമായി ശ്രദ്ധിക്കേ ണ്ടതാണ്- 68 കൊല്ലം ഇന്ത്യ ഭരിച്ച കോൺഗ്രസ്സിന്റെ മൂക്കിനുതാഴെയുള്ള ഡൽഹി സംസ്ഥാനത്ത് കുറച്ച് സർക്കാർ സ്കൂളുകൾ അനുവദിക്കാൻ ഞങ്ങൾക്ക് അനുവാദം നൽകണമെന്നാണ്. 500 സർക്കാർ സ്കൂളുകൾ അനുവദിക്കാൻ ഞങ്ങൾക്ക് അനുവാദം നൽകുമെങ്കിൽ മാത്രമെ കോൺഗ്രസ്സ് ഞങ്ങളെ പിന്തുണയ്ക്കാൻ പാടുള്ളൂവെന്നാണ് ശ്രീ. അരവിന്ദ്

കേജ്രിവാൾ പറഞ്ഞത്. അതായത് സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 7 പതിറ്റാണ്ട് കോൺഗ്രസ് ഭരണം നടത്തിയിട്ടും എ.ഐ.സി.സി.-യുടെ ആസ്ഥാനത്തിന്റേയും ശ്രീമതി സോണിയാ ഗാന്ധിയുടെയും മൂക്കിനുതാഴെയുള്ള ഡൽഹി നഗരത്തിൽ, സാധാരണക്കാരന്റെ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന സർക്കാർ സ്കൂളുകളുടെ അഭാവത്തെ സംബന്ധിച്ച് പുറത്തുവരുന്ന വാർത്തയാണിത്.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: അങ്ങ് ബില്ലിന്മേലുള്ള നിരാകരണത്തിനുള്ള കാരണങ്ങൾ അവതരിപ്പിക്കുകയാണ്. ഉപാധികളെക്കുറിച്ച് നമ്മളെല്ലാം വായിച്ചതാണ്. പക്ഷെ ഡൽഹി ഇന്ത്യയിലേയും ലോകത്തേയും വിദ്യാർത്ഥികൾ വിദ്യാഭ്യാസം നേടുന്നതിനുവേണ്ടി തെരഞ്ഞെടുക്കുന്ന ഒരു സംസ്ഥാനവും നഗരവുമാണ് എന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങ് ആം ആദ്മി പാർട്ടിയെക്കുറിച്ച് പറഞ്ഞതുകൊണ്ട്, ഞാൻ വളരെ താൽപര്യപൂർവ്വം വിവാദമൊന്നുമില്ലാത്ത ഒരു ചോദ്യം ചോദിക്കുകയാണ്- സോഷ്യൽ മീഡിയയിലൊക്കെ സജീവമാകുന്ന അവരുടെ ഒരു പരാമർശമുണ്ട്- നമ്മുടെ നാട്ടിൽനിന്ന് അഭ്യസ്ഥവിദ്യരായ ഒരുപാട് സഹോദരിമാർ ഡൽഹിയിലടക്കം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട് അവരുടെ നേതാവായ കുമാർ ബിശ്വാസ് മലയാളികളായ നഴ്സുമാരെക്കുറിച്ച് നടത്തിയ വംശീയമായ ഹീനമായ പരാമർശത്തെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം അറിയാൻ താൽപര്യമുണ്ട്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഡൽഹിയിലെ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി കേരളത്തിൽനിന്ന് ഒത്തിരി എം.എൽ.എ.-മാർ അവിടെ പോയിരുന്നു. മലയാളി എം.എൽ.എ.-മാരും നമ്മുടെ മുഖ്യമന്ത്രിയും പോയ

ഡൽഹിയിലെ മണ്ഡലങ്ങളിലൊന്നും കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥികൾക്ക് കെട്ടിവച്ച കാശ് പോലും കിട്ടിയില്ല. അതിന്റെ കാരണം ഇവരുടെ ഹിന്ദി അവർക്ക് മനസ്സിലായില്ല, കേജ്രിവാളിന് വോട്ട് ചെയ്യണം എന്ന രൂപത്തിലാണ് ഇവർ ഹിന്ദിയിൽ പറഞ്ഞത് എന്നുള്ള വിവരമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. അതിനെപ്പറ്റി അങ്ങേയ്ക്ക് എന്തെങ്കിലും അറിയാമോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഇവർ പ്രചരണം നടത്തിയ മൂന്ന് മണ്ഡലങ്ങളിലാണ് മലയാളികളുടെ കേന്ദ്രീകരണമുണ്ടായിരുന്നത്. ആ മൂന്ന് മണ്ഡലങ്ങളിലും കോൺഗ്രസ്സ് മൂന്നാം സ്ഥാനത്തേക്ക് പോയി. ഒരു സ്ഥലത്ത് കെട്ടിവച്ച് കാശ് പോയി. ഹിന്ദി മനസ്സിലാകാത്തതുകൊണ്ടല്ല, ഇവർ പറഞ്ഞത് മനസ്സിലായതുകൊണ്ടാണ് എന്നാണ് എനിക്ക് തോന്നുന്നത്. ആം ആദ്മി പാർട്ടി വിദ്യാഭ്യാസത്തെക്കുറിച്ച് പറയുമ്പോൾ, യഥാർത്ഥത്തിൽ 1957–ൽ തന്നെ കേരളത്തിൽ നടപ്പാക്കിയിരുന്നു എന്നാണ് ഇവർ പറയേണ്ടിയിരുന്നത്. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭൂപരിഷ്ക്കരണത്തിന്റേയും വിദ്യാഭ്യാസ നയത്തിന്റേയും കാലത്ത് നമ്മൾ അഭിസംബോധന ചെയ്ത പ്രാഥമിക വിദ്യാലയങ്ങളുടെ പ്രശ്നമാണ് ഇന്ന് കേജ്രിവാൾ പറയുന്നിടത്തേയ്ക്ക് എത്തിച്ചത്. ഇപ്പോൾ ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞു, ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും പഠിക്കാൻ വരുന്ന ധാരാളം കുട്ടികൾ ഡൽഹിയിലുണ്ടെന്ന്. തീർച്ചയായിട്ടും ഉണ്ട്. JNNU–ൽ പലതരത്തിലുള്ള വിദ്യാഭ്യാസ സമൂഹം തന്നെയുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളുടെ പരിച്ഛേദം തന്നെയാണ്. പക്ഷെ പ്രാഥമിക വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കാൻ 25000 രൂപയ്ക്കു മുകളിൽ ക്യാപിറ്റേഷൻ ഫീസ് കൊടുത്താലേ അച്ഛനമ്മമാരുടെ ഇന്റർവ്യൂവും കഴിഞ്ഞ്

ഒന്നാം ക്ലാസിലേയ്ക്ക് പ്രവേശനം കിട്ടൂ എന്ന് പേടിച്ച്, നമ്മുടെ V.P.O's ഉൾപ്പെടെയുള്ള എം.പി. ക്വാർട്ടേഴ്സുകളിൽ എം.പി..-മാരുടെ ശുപാർശ യ്ക്കുവേണ്ടി നടക്കുന്ന രക്ഷിതാക്കളുടെ ഒരു ക്യൂ എല്ലാ ഏപ്രിൽ മാസം ആരംഭിക്കുമ്പോഴും ഡൽഹിയിൽ കാണാം. രാജ്യം ഭരിക്കുന്ന കോൺഗ്രസ്സ് ഏഴ് പതിറ്റാണ്ട് ഭരിച്ചിട്ട് ഡൽഹിയിൽ പ്രാഥമിക വിദ്യാലയങ്ങൾ ഉണ്ടായില്ല എന്നുള്ളതുകൊണ്ടാണ് കുറ്റിച്ചൂലുകൊണ്ടുള്ള മർദ്ദനം ഏൽക്കേണ്ടി വന്നത് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ചെരിപ്പൂരി അടിച്ചു എന്നു പറഞ്ഞാൽ ചെരിപ്പുകൊണ്ട് ഒരടി കൊടുത്തു എന്ന് സമാധാനിക്കാൻ മാത്രമേ കഴിയൂ, പ്രശ്നം പരിഹരിക്കാൻ കഴിയില്ല. അതുപോലെ യന്ത്രത്തോ ക്കിനോട് കുറ്റിച്ചൂലിന്റെ പരിപാടി പറ്റില്ല. ഇവിടെ കോർപ്പറേറ്റുകളുടെ യന്ത്ര ത്തോക്കുപയോഗിച്ച് ഈ രാജ്യത്തെ ജനങ്ങളെ അടിച്ചമർത്തുന്ന കോൺഗ്ര സ്സിനെ മർദ്ദിക്കാൻ കുറ്റിച്ചൂലുപയോഗിച്ചാൽ മതി എന്നുകരുതുന്നത് തെറ്റായ ധാരണയാണ്. അത് കേവലമായ വൈകാരിക പ്രതികരണമാണ്. അതു കൊണ്ട് കുറ്റിച്ചൂലുകൊണ്ട് അടിച്ചവരോട് ഞങ്ങൾക്ക് പരാതിയില്ല. പക്ഷെ കുറ്റിച്ചൂലിൽ അത് അവസാനിപ്പിക്കാൻ പാടില്ല. അതാണ് നമ്മൾ മനസ്സിലാ ക്കേണ്ടത്.

ശ്രീ. പാലോട് രവി: താങ്കളിവിടെ സംസാരിക്കുമ്പോഴാണ് വൈരാഗ്യം കുറഞ്ഞുപോകുന്ന ഒരു യുവാവായി തോന്നിപ്പോകുന്നത്. കാരണം എല്ലാ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടേയും തലസ്ഥാനമാണ് ഡൽഹി. ഇവിടെ ബി.ജെ.പി.-ക്കും കോൺഗ്രസ്സിനുമെതിരായി ഒരു ബദലുണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് പ്രവർത്തിച്ച പാർട്ടിയാണ് അങ്ങയുടെ പാർട്ടി. അങ്ങയുടെ പാർട്ടിക്ക് ഇക്കാര്യത്തിൽ

എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇവിടെ കോൺഗ്രസ്സിനെ കുറ്റം പറഞ്ഞു....... ഞങ്ങൾ ഏൽക്കുന്നു. കോൺഗ്രസ്സ് ഇന്ത്യ ഭരിക്കുന്ന പാർട്ടി യാണ് അല്ലെങ്കിൽ പ്രതിപക്ഷത്തിരിക്കുന്ന പാർട്ടിയാണ്. ഇതിന് ബദലായി, അങ്ങ് യുവാവായതുകൊണ്ട് ഞാൻ ചോദിക്കുകയാണ്. അങ്ങേയ്ക്കിവിടെ വന്ന് കോൺഗ്രസ്സിനെയും മറ്റേതൊരു പാർട്ടിയേയും കുറ്റപ്പെടുത്താനുള്ള ധാർമ്മികതയുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ആദ്യം നിങ്ങൾ സമ്മതിക്കേണ്ടത് ഞങ്ങൾക്ക് കുറ്റിച്ചൂലുകൊണ്ടുള്ള അടി കിട്ടി എന്നതാണ്. ആ ചൂല് ആരുടേ തായിരുന്നു എന്നുള്ളതാണ് ഇപ്പോഴുള്ള തർക്കം. ആ ചൂല് ഞങ്ങളുടെ ചൂല് തന്നെ ആകണമെന്ന് നിങ്ങൾ വാശിപിടിക്കരുത്. സി.പി.ഐ(എം)-ന്റെ ചൂലുകൊണ്ടുള്ള അടിതന്നെ കിട്ടണമെന്ന് നിങ്ങൾ വാശിപിടിക്കരുത്. ഏത് ചൂലുമാകട്ടെ, ആ ചൂല് കിട്ടിയത് നിങ്ങൾക്കാണല്ലോ. സി.പി.ഐ(എം)-ന്റെ ചൂലാണോ ജനതാദളിന്റെ ചൂലാണോ കുറ്റിച്ചൂലാണോ മായാവതിയുടെ ചൂലാണോ ബി.ജെ.പി.-യുടെ ചൂലാണോ എന്ന് നോക്കണ്ട. നിങ്ങൾക്ക് കിട്ടിയ ചൂലാണ്. ഈ ചൂലിന് അർഹതപ്പെട്ടവരാണ് നിങ്ങൾ. ശ്രീ. പാലോട് രവി മനസ്സിലാക്കണം, അദ്ദേഹം ചരിത്ര ബോധമുള്ള ആളാണല്ലോ, ലക്ഷ്യം ഒന്നാകുമ്പോൾ പലതരത്തിലുള്ള പ്രവാഹങ്ങളുണ്ടാകാറുണ്ട്. നമ്മുടെ രാജ്യ ത്തിന്റെ ചരിത്രത്തിൽ ഇതൊന്നും പുതിയ കാര്യമല്ല. ഇന്ത്യാക്കാരന്റെ ലക്ഷ്യം ഇന്ന് കോൺഗ്രസ്സിന്റെ കോർപ്പറേറ്റ് രാഷ്ട്രീയത്തെ തകർക്കുക എന്നുള്ളതാണ്.

ഗാന്ധിജി അഹിംസാ സിദ്ധാന്തം വഴി രാജ്യത്ത് ദേശീയ സ്വാതന്ത്ര്യസ മര പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തു. അദ്ദേഹം കടൽ തീരങ്ങളിലെല്ലാം

ഉപ്പ് കുറുക്കി സത്യഗ്രഹങ്ങൾ നടത്താൻ പറഞ്ഞു. നിരാഹാരസമരവും ഹർത്താലും ഇന്ത്യക്കാരെ അദ്ദേഹം പഠിപ്പിച്ചു. ശ്രീ. എം.എം. ഹസ്സന് ഇപ്പോൾ അതിനെക്കുറിച്ച് മനസ്സിലായിട്ടില്ല. ശ്രീ. എം.എം. ഹസ്സൻ ഹർത്താലിനെതിരെ സമരം നടത്തുകയാണ്. ഹർത്താൽ ഇന്ത്യയിൽ ആദ്യം പഠിപ്പിച്ചത് ഗാന്ധിജിയാണ്. നിങ്ങൾ എല്ലാവരും സ്വന്തം വീടുകളിൽ നിശബ്ദമായിരുന്ന് നിശബ്ദമായ പ്രതിഷേധം നടത്തണമന്ന് പറഞ്ഞത് ഗാന്ധിജിയാണ്. ഗാന്ധിജി പഠിപ്പിച്ച സമരരൂപമാണ് ഹർത്താൽ എന്ന് പറയുന്നത്. പക്ഷെ ഗാന്ധിജിയുടെ ഹർത്താൽ കൊണ്ടോ നിരാഹാരസമരം കൊണ്ടോ ഉപ്പുകുറുക്കൽ സത്യഗ്രഹം കൊണ്ടോ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചില്ല എന്ന് കരുതുകയും ഒരു സൈന്യം തന്നെ രൂപീകരിച്ച് ഐ.എൻ.എ. ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്ത സുബാഷ് ചന്ദ്ര ബോസ് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. മനസ്സിലായിട്ടുണ്ടോ? ഗറില്ലാ പോരാട്ടത്തിലൂടെ ഇന്ത്യ സ്വാതന്ത്ര്യം നേടണമെന്ന് ആഗ്രഹിച്ച ഭഗത് സിംഗും സുഖ്ദേവ് സിംഗും രാജ്ഗുരുവും ലാലാ ലജ്പത് റായിയും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്ത്യയെ കെട്ടിപ്പടുക്കണമെന്ന് ആഗ്രഹിച്ച സോഷ്യലിസ്റ്റുകൾ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. സ്വാതന്ത്ര്യത്തിന്റെ അജണ്ടയിൽ രാഷ്ട്രീയ സ്വാതന്ത്ര്യം പോര, ജന്മിത്വത്തിന്റെ അടിവേരറുക്കലും അയിത്തം അവസാനിപ്പിക്കലും കാർഷിക പരിഷ്കരണവും വിദ്യാഭ്യാസ പരിഷ്കരണവുമെല്ലാം ഉൾച്ചേർക്കണമെന്ന നിലപാട് സ്വീകരിച്ച കമ്മ്യൂണിസ്റ്റുകാർ സ്വാതന്ത്ര്യത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ട് പലതരത്തിലുള്ള അരുവികൾ ഇങ്ങനെ ഒഴുകി ഒരു മഹാനദിയായി കുത്തിയൊലിച്ച് സമുദ്രത്തിലേയ്ക്ക് പോകുന്നതുപോലെയുള്ള ഒരു അനുഭവമായിരുന്നു സ്വാതന്ത്ര്യസമരം. ആ സ്വാതന്ത്ര്യസമരത്തിന്

സമാനയൊരു അനുഭവമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് പല തരത്തിലുള്ള കുറ്റിച്ചൂലുകളും ചെരുപ്പുകളും നിങ്ങൾക്കെതിരായി ഒഴുകിവരികയാണ്. നിങ്ങൾ അതിനെ ഏറ്റുവാങ്ങുക. അപ്പോൾ നിങ്ങൾ ആരുടെയെങ്കിലും ചൂൽ തന്നെ കിട്ടണമെന്ന് വാശിപിടിക്കരുത്. സി.പി.എം.-ന്റെ ചൂൽ കൊണ്ട് ഞങ്ങൾ ഇവിടെ പരമാവധി നിങ്ങളെ മർദ്ദിച്ചുകൊള്ളാം. ഡൽഹിയിൽ നിങ്ങൾക്ക് കിട്ടിയ ചൂലിന്റെ കാരണമന്വേഷിക്കുക. ഇവിടെ ഞാൻ പറഞ്ഞത് 500 പ്രാഥമിക വിദ്യാലയങ്ങളുണ്ടാക്കാൻ ഞങ്ങൾക്ക് അനുവാദം വേണമെന്ന് 6 മാസം പ്രായമുള്ള ഒരു രാഷ്ട്രീയപാർട്ടിയെക്കൊണ്ട് നിങ്ങളോട് എഴുതി നൽകുന്ന അവസ്ഥയിലേയ്ക്ക് ഈ രാജ്യത്തെ എത്തിച്ചത് നിങ്ങളാണ്. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അഡ്രസ് ചെയ്യാൻ എന്തെങ്കിലും രീതികളുണ്ടാകണം. ഈ നിയമത്തിൽ അതിന് നിയമപരമായ പരിരക്ഷയില്ല. പിൻവാതിൽ നിയമനങ്ങൾ, നിയമനനിരോധനം എന്നിവ വലിയ തോതിൽ ഇന്ന് നമ്മുടെ സംസ്ഥാനത്ത് വരികയാണ്. ഒരു ഭാഗത്ത് പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ഉൾപ്പെടെയുള്ള നിയമന സംവിധാനങ്ങൾ നിലനിൽക്കുമ്പോൾ അതിനെ മറികടന്നുകൊണ്ട് വലിയ തോതിൽ പിൻവാതിൽ നിയമനം നടക്കുമ്പോൾ അർഹതപ്പെട്ട ഒരു യുവാവിനോ യുവതിക്കോ യുവനജന കമ്മീഷനിൽ പോയി പരാതി പറയാൻ കഴിയുമോ? ആ യുവജന കമ്മീഷന് അങ്ങനെ തെറ്റായ ഒരു സമീപനം സ്വീകരിച്ച ഒരു നിയമന അതോറിറ്റിയെ സമൺ ചെയ്ത് നടപടി സ്വീകരിക്കാൻ കഴിയുമോ? അതിന് കഴിയണ്ടേ. ഇവിടെ ഉന്നത വിദ്യാഭ്യാസം നേടിയിട്ട് സർക്കാരിന്റെ നിയമന സംവിധാനങ്ങളെല്ലാം നിലനിൽക്കുമ്പോൾ അതിനെ മറികട

ന്നുകൊണ്ട് പിൻവാതിലിലൂടെ കോഴപ്പണം കൊടുത്ത് നിയമനം നടത്തുന്നത് ശരിയല്ല, എനിക്ക് സംരക്ഷണം വേണമെന്ന് പറഞ്ഞ ഒരു യുവാവിനോ യുവതിക്കോ ഒരു പരാതി നൽകാൻ ഈ യുവജന കമ്മീഷനിൽ വകുപ്പുണ്ടോ? അതാണ് ഞാൻ പറയുന്നത് ദുർബലമായ ഒന്നാണെന്ന്. അഡ്വൈസ് മെമ്മോ കൊടുത്തിട്ട് നിയമനം നടത്താതിരിക്കൽ, പിരിച്ചുവിടൽ ഉൾപ്പെടെയുള്ള...... ഓപ്പൺ സ്കൂളിൽ 14 വർഷമായി ജോലി ചെയ്യുന്ന ആളുകളെ ഇപ്പോൾ പിരിച്ചു വിട്ടു. തൊഴിൽപരമായ സംരക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പരാതികൊടുക്കാൻ സംവിധാനമുണ്ടോ? സർക്കാർ സംവിധാനങ്ങളുടെ ഒരു ഓഡിറ്റിംഗ് ഇതിന്റെ ഭാഗമായി നടക്കണം. ഇല്ലാത്ത നിയമപരമായ പരിരക്ഷ കൊടുക്കാൻ യുവജന കമ്മീഷൻ വേണമെന്ന് പറയുന്നതിൽ യുക്തിയില്ല. എന്നാൽ ഉള്ള പരിരക്ഷ പ്രഖ്യാപിക്കപ്പെട്ട ക്ഷേമ പദ്ധതികളിൽ സർക്കാരിന്റെ തീരുമാനങ്ങൾ, സർക്കാർ ഉത്തരവ് ഇറങ്ങിയ പദ്ധതികൾ ഇതൊക്കെ യുവജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇതിതൊരു ഓഡിറ്റിംഗ് സംവിധാനം ആവശ്യമാണ്. പ്രവാസികളെ സഹായിക്കാൻ പല കാര്യങ്ങളും ഇവിടെ പ്രഖ്യാപിച്ചു. നോർക്കയുടെ നേതൃത്വത്തിൽ എന്താണ് നടക്കുന്നത്? ഗവൺമെന്റ് ആഗ്രഹിച്ചത്, പ്രഖ്യാപിച്ചത് നടക്കുന്നുണ്ടോ? ആരാണ് അതിന് ഉത്തരവാദി? പരിശോധിക്കാൻ ഇവർക്ക് അധികാരമണ്ടോ? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു കാലഘട്ടത്തിൽ യുവജനക്ഷേമ ബോർഡ് കേരളത്തിൽ ആയിരം പഞ്ചായത്തുകളിൽ യൂത്ത് സെന്റുകൾ ആരംഭിക്കണമെന്ന് തീരുമാനിച്ചു. ചില പഞ്ചായത്തുകൾ ആരംഭിച്ചു, ചില പഞ്ചായത്തുകൾ ആരംഭിച്ചില്ല. ആരാണ് ഇതിനുത്തരവാദി എന്നുള്ളത് പരിശോധിച്ച് വിലയിരുത്താനുള്ള

ഒരു സമീപനം സാധ്യമാണോ? കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 40 ശതമാനം കൊടുത്തപ്പോൾ യുവജന സമൂഹത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി ഒരു ശതമാനം നീക്കിവയ്ക്കണമെന്നൊരു കത്ത് കൊടുത്തു. ആ കത്ത് സർക്കാർ ഉത്തരവായി ഇറങ്ങിയാൽപ്പോലും പരിഗണിക്കാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരോട് ഇത് ശരിയാണോയെന്ന് ചോദിക്കാൻ ഇവർക്ക് അധികാരമുണ്ടാകണ്ടേ? ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികൾ, നിയമന നിരോധനം ഇല്ല എന്ന് ഒരു ഭാഗത്ത് പറയുകയും ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്യാതെ വച്ച് താമസിപ്പിച്ച് ആരുടെയെങ്കിലും പ്രൊമോഷൻ സൗകര്യങ്ങൾക്കുവേണ്ടി ഇല്ലാത്ത സമയം നീട്ടികൊണ്ടു പോകുന്ന വകുപ്പു മേധാവികളെ സംബന്ധിച്ച് പരിശോധിക്കാൻ അവസരം വേണ്ടേ? സർക്കാർ ഫണ്ട് ചെലവഴിക്കാതെ അടയിരുന്ന് യുവജനങ്ങളെ വിഷമിപ്പിക്കുന്നു. ഒരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u>: സർ, നമ്മുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള കമ്മീഷനെക്കുറിച്ചുള്ള നിരാകരണപ്രമേയത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് നിൽക്കുകയാണല്ലോ. ഒരു പ്രശ്നം എനിക്ക് സൂചിപ്പിക്കാനുണ്ട്. നമ്മുടെ ചെറുപ്പക്കാർ ഇപ്പോൾ തെരുവുകളിൽ വേട്ടയാടപ്പെടുന്ന സ്ഥിതിയുണ്ടാവുന്നുണ്ട്. ഹെൽമറ്റ് ഇല്ലാത്തതിന്റെ പേരിൽ, ഹെൽമറ്റ് വയ്ക്കണമെന്നുള്ളത് നിയമമാണ്. ആ നിയമം പാലിക്കേണ്ടത് അനിവാര്യമാണ്. പലപ്പോഴും നമ്മുടെ ചെറുപ്പക്കാരെ പോലീസുകാർ ഓടിച്ചിട്ട് പിടിക്കുകയും മോട്ടോർ ബൈക്കിൽ നിന്നും വീഴുകയും പരിക്കുപറ്റുകയും ചെയ്യുന്ന സ്ഥിതിയാണ് ഉണ്ടാകുന്നത്. ഞാൻ ഇന്നലെ കേട്ട ഒരു പരാതി, ഹെൽമറ്റ് ധരി

ക്കാത്തതിന് 400 രൂപ പോലീസ് ചാർജ് ചെയ്തു. അതിന്റെ റെസീപ്റ്റും കൊടുത്തു. ആ യുവാവിനോട് പോലീസ് സ്റ്റേഷനിൽ വച്ച് ഒരു പോലീസ് ഉദ്യോഗസ്ഥൻ 3000 രൂപ അടയ്ക്കണമെന്ന് പറയുകയാണ്. യുവാക്കൾക്കെതിരെ പല രീതിയിലുള്ള ചൂഷണങ്ങൾ തുടരുകയാണ്. ഇങ്ങനെ വേട്ടയാടപ്പെടുന്ന ചെറുപ്പക്കാർ യുവജനക്ഷേമ കമ്മീഷനിൽ പരാതി സമർപ്പിച്ചാൽ അതിന് പരിഹാരമുണ്ടാക്കാൻ ഈ നിയമത്തിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഇതിനൊരു അഡ്വൈസറി സ്വഭാവം ഉണ്ട്. ഒരു ഉപദേശക സ്വഭാവത്തോടുകൂടി കുറേ കാര്യങ്ങൾ ഇതിൽ പറഞ്ഞിരിക്കുകയാണ്. ഈ നിയമത്തിൽ ഏറ്റവും അവസാനം പറയുന്നത് ‘ഈ ആക്ടിൻ കീഴിൽ നടത്തിയ ഏതൊരു അന്വേഷണത്തിലെയും കമ്മീഷന്റെ തീരുമാനങ്ങൾ അതിന്റെ ശുപാർശയോടുകൂടി ഉചിതമായ നടപടിക്കോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്’ എന്നാണ്. ഇത് എല്ലാം കഴിഞ്ഞ് അവസാനം ബലൂണിന്റെ കാറ്റ് അഴിച്ചുവിടുന്നതുപോലെയാണ്. ഇവർക്ക് സിവിൽ കോടതിയുടെ അധികാരങ്ങളെല്ലാം ഉണ്ടെന്ന് പറയുന്നു. അവർക്ക് തെളിവെടുപ്പ് നടത്താം, അന്വേഷണം നടത്താം, വിശദീകരണം ചോദിക്കാം, എല്ലാം കഴിഞ്ഞ് സർക്കാരിലേയ്ക്ക് ഒരു കത്തും കൊടുക്കാം. എന്നാൽ മറ്റു കമ്മീഷനുകളൊന്നും ഈ നിലയിലല്ല. അതുകൊണ്ട് ഞാൻ സൂചിപ്പിക്കുന്നത്, നാഷണൽ ഗെയിംസിൽ പങ്കെടുക്കാനായി കുറച്ചു കുട്ടികൾ ഇവിടെനിന്നും പോയിരുന്നു. അവർക്ക് ട്രെയിനിൽ ഇരിക്കാൻ ഒരു സീറ്റ് സംഘടിപ്പിച്ചു കൊടുക്കാൻ കഴിയാത്ത ഒരു സ്പോർട്സ് മന്ത്രാലയമാണ് ഇത്. മുഖ്യമന്ത്രി

നേതൃത്വം കൊടുക്കുന്ന ഒരു വകുപ്പാണിത്. അവർ കളിച്ച് ഇന്ത്യയിൽ ഒന്നാം സ്ഥാനം വാങ്ങി തിരിച്ചു വരികയും ചെയ്തു. അങ്ങോട്ട് പോകുമ്പോൾ കുട്ടികൾക്ക് സീറ്റ് കൊടുക്കാൻ കഴിഞ്ഞില്ല. എന്നാൽ തിരിച്ച് വരുമ്പോൾ അവർക്ക് ഒരു ബോഗി കൊടുക്കണമെന്ന് തോന്നണ്ടേ. പാലക്കാട് എം.പി. ആയ ശ്രീ. എം.ബി. രാജേഷ് ഇടപ്പെട്ടിട്ടാണ് കുട്ടികൾക്ക് അങ്ങോട്ട് പോയപ്പോൾ സീറ്റിനുള്ള സംവിധാനമുണ്ടാക്കികൊടുത്തത്. എന്നാൽ തിരിച്ചുവരുമ്പോഴും സീറ്റ് ഉറപ്പുവരുത്താൻ കഴിയണ്ടേ? ഇത്രയും നിരുത്തരവാദപരമായ ഒരു സമീപനം സ്വീകരിച്ച സ്പോർട്സ് വകുപ്പിന്റെ ഉത്തരവാദപ്പെട്ട ആളുകൾ ആരൊക്കെയാണ്. യുവജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ആ ഉദ്യോഗസ്ഥരെ വിളിച്ച് ഒരു പരിശോധന നടത്താൻ അധികാരം വേണ്ടേ? ഇങ്ങനെ കായിക രംഗത്ത് സാംസ്കാരിക ഉത്സവങ്ങളുടെ രംഗത്ത് ഒക്കെ നിരുത്തരവാദപരമായൊരു സമീപനം സ്വീകരിക്കുമ്പോൾ.......... എന്ത് സമീപനമാണ് സ്വീകരിക്കാൻ കഴിഞ്ഞത്? ഗവൺമെന്റ് കൊട്ടിഘോഷിച്ച് നടത്തിയ ഒരു പദ്ധതിയാണ് സ്വയം സംരംഭകത്വ മിഷൻ എന്ന പദ്ധതി.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഗൗരവമായി പറയുകയാണ്. സ്വന്തം അനുയായികളിൽ നിന്നും മർദ്ദനവും ചവിട്ടും കൊള്ളാതിരിക്കാൻ ഒരു സാധാരണ പോലീസുകാരന്റെ ജീപ്പിന്റെ മുകളിൽ കയറി രാജ്യത്തെ നയിക്കുന്ന ഒരു യുവജന നേതാവിനെപ്പറ്റി അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: അദ്ദേഹം ഒരിക്കലും ഇന്ത്യയിലെ യുവത്വത്തിന് മാതൃകയല്ല. അദ്ദേഹം ഒരു യുവജന നേതാവ് എന്ന് പറയാതിരിക്കുകയാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. എ.കെ. ബാലൻ: സർ, കഴിഞ്ഞ നന്ദിപ്രമേയ ചർച്ചയിൽ ഒരു സ്കൂൾ ലീഡർ പോലും ആകാൻ പറ്റാത്ത ഒരു ആളാണെന്നാണ് പറഞ്ഞത്. അത് ഇപ്പോൾ തെളിയിക്കുകയും ചെയ്തു. ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രി ഒപ്പിട്ട ഒരു ഓർഡിനൻസ് പ്രകടമായി പറിച്ചുചീന്തിയ ഒരു ആളാണ് നിയുക്ത പ്രധാനമന്ത്രിയും പിന്നീട് വേണ്ട എന്ന് വച്ച ശ്രീ. രാഹുൽ ഗാന്ധിയെന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, അഖിലേന്ത്യാ പ്രസിഡന്റ് ആയിരുന്ന നോതക്കന്മാർക്ക്.................... എനിക്ക് ആ പ്രസ്താനത്തോട് ബഹുമാനമുണ്ട്. പക്ഷെ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുമ്പോൾ, ഞങ്ങളുടെ പാർട്ടിയുടെ ദേശീയ ഉപാദ്ധ്യക്ഷനെക്കുറിച്ച് പരാമർശിക്കുമ്പോൾ പരസ്പരം കാണി ക്കുന്ന ഒരു മര്യാദ കാണിക്കാത്തതുകൊണ്ടുമാത്രമാണ് ഞാൻ പറയുന്നത്. നിങ്ങളുടെ സെക്രട്ടറിമാരായിരുന്നവർ ആ സ്ഥാനത്ത് ഇരിക്കുമ്പോൾ ഉണ്ടാ യിരുന്ന അത്രയും പ്രായം എ.ഐ.സി.സി. –യുടെ വൈസ് പ്രസിഡന്റിന് ഇപ്പോൾ ഇല്ല എന്ന കാര്യത്തിൽ നിങ്ങൾ മനസ്സിലാക്കിയാൽ മാത്രം മതി. അങ്ങയെ യുവാവായി പരിഗണിക്കാമോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: എന്നെ പരിഗണിക്കണ്ട, എന്നെ പരിഗണിക്കണമെന്ന് ഞാൻ പറഞ്ഞില്ലല്ലോ. ഞാൻ ഭാരവാഹിയല്ലല്ലോ. ഞാൻ പറയുന്നത് ഒരാളുടെ യുവത്വം കഴിഞ്ഞ് പോയി എന്നുള്ളത് പരിഹാസ്യമാ ണെന്ന് ഞാൻ ആദ്യമായി കേൾക്കുകയാണ്. യുവത്വം കഴിഞ്ഞുപോയി എന്ന് പറയുന്നത് പരിഹാസമാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീരാമകൃഷ്ണൻ, ഇന്ന് രണ്ട് ബിൽ കൂടിയുണ്ട്, ഈ ബില്ലിൽ തന്നെ ഇനിയും ആറ് പേർ സംസാരിക്കാനുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ശ്രീ. രാഹുൽ ഗാന്ധിയുടെ പേര് രാജ്യത്തിന്റെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് പറയാൻ ഇവർക്ക് പറ്റാത്തതുകൊണ്ടാണല്ലോ ഇത് പിൻവലിച്ചത്. ഇവിടെ സഞ്ചരിക്കുന്ന എൻസൈക്ലോപീഡിയ എന്ന് അവർ തന്നെ പറയുന്ന ശ്രീ. പ്രണബ് കുമാർ മുഖർജി തൊട്ട് കരുത്തിന്റെ പ്രതീകമായ ശ്രീ. വീരപ്പ മൊയ്‌ലി വരെയുള്ള പണ്ഡിതന്മാരായ ആളുകൾ ഉണ്ടെന്നൊക്കെ അവർ പറയും. അവരെയാക്കെ മാറ്റിനിർത്തി എന്ത് നേട്ടത്തിന്റെ പേരിലാണ് രാഹുൽ ഗാന്ധിയെ ഇങ്ങനെ അവർ കൊട്ടിഘോഷിക്കുന്നത്. ജന്മത്തിന്റെ ഒരു ആനുകൂല്യമല്ലാതെ വംശീയതയുടെ ആനുകൂല്യമല്ലാതെ എന്ത് ആനുകൂല്യമാണുള്ളത്. ആ ആനുകൂല്യത്തിൽ ഇന്ത്യയിൽ പിടിച്ചുനിൽക്കാൻ പറ്റില്ലായെന്ന് അവർക്ക് തന്നെ ബോദ്ധ്യം വന്നതുകൊണ്ടാണ്.......പ്രധാനമന്ത്രി സ്ഥാനാർത്ഥിയുടെ പേര് പറയാൻ പാടില്ലയെന്ന് ശ്രീമതി സോണിയാ ഗാന്ധി പറഞ്ഞത്. ശ്രീമതി സോണിയാ ഗാന്ധിക്ക് രാഷ്ട്രീയ ഉപദേശം കൊടുക്കുന്ന ആളുകൾക്ക് മനസ്സിലായി ആ പേര് പറഞ്ഞാൽ ഇനി രക്ഷയില്ലയെന്ന്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു സംവാദത്തിന് സാധ്യതയില്ലെന്ന് തോന്നുന്നു. ഇവിടെ തൊഴിൽ സംരക്ഷണം, വിദ്യാഭ്യാസ വായ്പ കൊടുക്കാത്തത്, സ്വയം സംരംഭകത്വ മിഷൻ തുടങ്ങിയ കാര്യങ്ങളിലൊന്നും ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത പദ്ധതികൾ നിർവ്വഹിക്കാൻ കഴിയാത്ത ഉദ്യോഗസ്ഥരോട്, ഉത്തരവാദപ്പെട്ടവരോട് പരിശോധിക്കാനോ ഓഡിറ്റിംഗ് നടത്താനോ സംവിധാനമുണ്ടാകുന്ന നിലയിലേയ്ക്ക് ഇതിനെ മാറ്റണം. മറ്റെല്ലാ കമ്മീഷനുകൾക്കും ഒരു പ്രോസിക്യൂഷൻ അനുവാദം വേണം. ഒരു സിവിൽ കോടതിയുടെ ആനുകൂല്യമെന്ന് പറയുന്ന കൂട്ടത്തിൽ ഇതിനെ മാത്രം ഒഴിവാക്കിയിരിക്കുകയാണ്. ഉദാഹരണത്തിന് വനിതാ

കമ്മീഷൻ 18, Initiation of prosecution എന്ന് പറയുന്ന ഖണ്ഡികയിലെ അവസാന ഭാഗത്ത് പറയുന്നത്, such sanctions shall be granted by that authority. അതായത് വിവിധ അതോറിറ്റികളോട് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടുകൊണ്ട് 30 ദിവസത്തിനുള്ളിൽ മറുപടി ചോദിക്കണം. ...........within 30 days of the request by the Commission and if such sanction is not granted.. അങ്ങനെ കമ്മീഷന് കൃത്യ സമയത്ത് മറുപടി ലഭിച്ചില്ലെങ്കിൽ .............within the said period such sanctions shall be deemed to have been granted by that authority. അതായത് സ്വയം പ്രോസിക്യൂട്ട് ചെയ്യാനുള്ള അധികാരം കൊടുക്കേണ്ടത് ഇത് മനുഷ്യാവകാശ കമ്മീഷനും വനിതാ കമ്മീഷനും ബാധകമാണ്. യുവജനങ്ങളെ പ്രത്യേകമായി പരിഗണിക്കുന്നുവെന്ന് പറയുന്ന ഒരു ബിൽ വരുമ്പോൾ ആ കമ്മീഷനിൽ നിന്നുമാത്രം എന്തുകൊണ്ട് ഈ അധികാരം എടുത്തുകളഞ്ഞു. എന്തുകൊണ്ട് പ്രോസിക്യൂഷന് അധികാരമില്ല. യുവജനങ്ങളുടെ അധികാരത്തേയും അവകാശത്തേയും ലംഘിക്കുന്ന നിയമപരമായി നിലവിലുള്ള സംരക്ഷണം ഇല്ലാതാക്കുന്ന നടപടികൾ സ്വീകരിക്കുന്ന ആളുകളെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അധികാരം കട്ട് ചെയ്ത് എന്തിനാണ് ഇത് കൊണ്ടുവന്നത്? അതുകൊണ്ടാണ് ഇത് പറയുന്നത്. ആ പ്രോസിക്യൂഷന് അധികാരമില്ലാത്തിടത്തോളം കാലം ഇത് പല്ലുകൊഴിഞ്ഞ, അകാല വാർദ്ധക്യം ബാധിച്ച ദുർബലനായ ഒരു യുവാവിന് സമാനമായൊരു ബില്ലാണ്. ആ നിലയിൽ ഈ ബില്ലിനെ മുന്നോട്ടുകൊണ്ടുപോകാൻ അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഈ ബില്ലിലെ

നിരാകരണ പ്രമേയം ഞാൻ ഒരിക്കൽ കൂടി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാന യുവജന കമ്മീഷൻ ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്ന കാര്യങ്ങളിൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചൂണ്ടി ക്കാണിച്ചതുപോലെ ഒട്ടേറെ പോരായ്മകൾ ഉള്ളതുകൊണ്ടാണ് ഇതിനെ നിരാ കരിക്കേണ്ടി വരുന്നത്. യുവജനങ്ങൾക്ക് ആശ്വാസം നൽകുകയും സഹായി ക്കുകയും കൂടുതൽ ദിശാബോധം നൽകുകയും ചെയ്യുന്ന ഒരു സംവിധാന ത്തെക്കുറിച്ചാണ് ചിന്തിച്ചിരുന്നതെങ്കിൽ അത് ഏറെ സഹായകരമാകുമായി രുന്നു എന്നതിൽ സംശയമില്ല. ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ഈ ബിൽ കൊണ്ട് സാധ്യമല്ല എന്നതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. യുവാക്കൾ നേരിടുന്ന വെല്ലുവിളികൾ നേരിടാൻ ജുഡീഷ്യൽ അധികാര ത്തോടുകൂടിയ ഇടപെടൽ നടത്താൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല എന്നത് ഇതിന്റെ ഏറ്റവും വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കേ ണ്ടതാണ്. വനിതാ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും അത്യാവശ്യ സന്ദർഭങ്ങളിൽ പ്രോസിക്യുഷൻ നടപടികളിലേക്ക് നീങ്ങാൻ അധികാ രമുള്ളതുപോലെ പ്രശ്നങ്ങൾ പരിഹരിക്കാനും ഉത്തരവുകൾ പുറപ്പെടുവി ക്കാനും ആവശ്യമായ സന്ദർഭങ്ങളിൽ പ്രോസിക്യൂഷൻ നടപടികളിലേയ്ക്ക് കടക്കാനും അധികാരമുള്ള ഒരു കമ്മീഷനാണ് ആവശ്യമെന്നുള്ളതാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. കേരളത്തിലെ യുവ ജനങ്ങളുടെ ശാക്തീകരണ പ്രവർത്തനത്തിന് യുവജനക്ഷേമ ബോർഡും യുവജനക്ഷേമ വകുപ്പുമെല്ലാം നിലവിലുണ്ടെന്നത് നമുക്ക് അറിയാവുന്ന താണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യുവജനക്ഷേമ ബോർഡിന്റെ

ആഭിമുഖ്യത്തിൽ പഞ്ചായത്ത്തലം വരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായ ഒരു സംസ്ഥാന യുവജന കമ്മീഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നിലവിലുള്ള സംവിധാനങ്ങൾക്കപ്പുറത്ത് ചെറുപ്പക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സംസ്ഥാനത്തിന്റെയും പൊതുസമൂഹത്തിന്റെയും മുന്നിൽ ഉയർന്നുവരുന്ന യുവജന പ്രശ്നങ്ങൾക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിക്കാനും കഴിയുന്ന സംവിധാനത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ദേശീയ തലത്തിൽ ഇത്തരമൊരു കമ്മീഷനുണ്ടാക്കുകയും സംസ്ഥാനങ്ങൾ ഇത്തരം കമ്മീഷനുകൾ രൂപീകരിക്കണമെന്ന് ശുപാർശ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതെന്നാണ് നേരത്തെ സൂചിപ്പിച്ചത്. സംസ്ഥാനങ്ങൾ ഇത്തരം കമ്മീഷനുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലല്ലാതെ വിദ്യാഭ്യാസപരമായ ഉയർച്ചയും നിലവാരവുമുള്ള കേരളത്തിൽ യുവാക്കൾക്കിടയിൽ ഒട്ടേറെ അസ്വസ്ഥതകളും പ്രശ്നങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ അതിനെല്ലാം പരിഹാരമുണ്ടാക്കാൻ കഴിയുന്ന നിർദ്ദേശങ്ങളടങ്ങിയ ഒരു കമ്മീഷന്റെ രൂപീകരണമാണ് യഥാർത്ഥത്തിൽ ആവശ്യമായുള്ളത്. അത്തരമൊരു കമ്മീഷൻ രൂപീകരിക്കുകയാണെങ്കിൽ അത് സ്വാഗതാർഹമായ കാര്യമായിരിക്കുമെന്നതിൽ സംശയമില്ല. കലാ–സാഹിത്യ–സാംസ്കാരിക മേഖലകളിൽ ധാരാളം പ്രവർത്തനങ്ങൾ യുവജനക്ഷേമബോർഡും വകുപ്പും മുൻകയ്യെടുത്ത് നടത്തുന്നുണ്ട്. അതിനുപുറമെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിവിധ മേഖലകളിലെ യുവജനങ്ങളുമായി ബന്ധപ്പെട്ട് ത്രിതല പഞ്ചായത്തുകൾ ഏകോപിപ്പിക്കാനും യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനംകൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതെല്ലാം നട

ത്തിക്കൊണ്ടിരിക്കുമ്പോൾ അതിൽ നിന്ന് വ്യത്യസ്തമായി എന്തെങ്കിലും പുതിയ കാര്യങ്ങൾ നടപ്പാക്കാൻ യുവജന കമ്മീഷന് കഴിയുമെങ്കിൽ നന്നായിരുന്നു. എന്നാൽ അത്തരമൊരു കാഴ്ചപ്പാടും ഈ കമ്മീഷന്റെ ബില്ലുമായി ബന്ധപ്പെട്ട ഓർഡിനൻസിലോ ബില്ലിലോ ഉൾപ്പെടുന്നില്ല എന്നതുകൊണ്ടാണ് ഇതിനെതിരായ നിലപാട് സ്വീകരിക്കേണ്ടി വരുന്നത്. ഈ കമ്മീഷനിൽ പത്തിൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും അതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ട ആളുമായിരിക്കണം എന്നുമാണ് പറയുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ വനിതകളുടെ സംവരണം 50 ശതമാനമാണ്. മൂന്നിൽ ഒന്നാണെങ്കിൽപ്പോലും ഇത്തരം കമ്മിറ്റികളിൽ മൂന്നുപേരെയെങ്കിലും ഉൾപ്പെടുത്തുന്നതിന് എന്തായിരുന്നു തടസമെന്ന് മനസിലാകുന്നില്ല. ഇവിടെ കേവലം ഒരു വനിതയുണ്ടാകണമെന്നും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ട ഒരാൾ മതിയെന്നും നിർദ്ദേശിക്കുന്നതിൽ വലിയ കാര്യമില്ല .........

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ദേവസ്വം നിയമങ്ങളിൽ രണ്ട് വനിതകളെ ഉൾപ്പെടുത്തിയാണ് തിരുവിതാംകൂർ, കൊച്ചി, മലബാർ നിയമങ്ങൾ പാസാക്കിയത്. പ്രസിഡന്റുതന്നെ തിരുവിതാംകൂർ നിയമത്തിന് ഒപ്പിട്ടുതരികയും അത് പാസാക്കി അതിന്റെ ഗുണഫലങ്ങൾ അനുഭവിച്ചശേഷം ഇപ്പോൾ കൊണ്ടുവന്ന ഓർഡിനൻസിൽ സ്ത്രീകളെ മാറ്റിനിർത്തിയിരിക്കുന്നു എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ത്രീകളോടുള്ള ഇവരുടെ സമീപനം ഇവിടെയും വന്നു എന്നതാണ് അങ്ങ് ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. അവരെന്താണ് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് എന്നത് സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് വിശകലനം ചെയ്യാനുള്ളത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ദേവസ്വം ബോർഡിന്റെ കാര്യത്തിൽ വനിതകളുടെ പ്രാതിനിധ്യംതന്നെ വേണ്ടെന്ന് തീരുമാനിച്ചാണ് പിന്നീട് നിയമമുണ്ടായത്. എന്നാൽ യുവജനക്ഷേമ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാന്യയായ മന്ത്രി കുമാരി പി.കെ ജയലക്ഷ്മി ഈ ബിൽ കൊണ്ടുവരുമ്പോഴെങ്കിലും വ്യത്യസ്തമായ നിലപാട് സ്വീകരിക്കുമെന്നാണ് കരുതിയത്. അങ്ങനെ സ്വീകരിക്കാതിരിക്കുന്നത് ഭരണകക്ഷിയുടെയും കോൺഗ്രസിന്റെയും സമീപനത്തിന്റെ ഭാഗമാണെന്ന് മാത്രമേ കാണാൻ കഴിയൂ.

ശ്രീ. ജി. സുധാകരൻ: സർ, കോൺഗ്രസിന്റെ പ്രസിഡന്റ് ബഹുമാന്യയായ ശ്രീമതി സോണിയാ ഗാന്ധിയാണ്. പിന്നെന്തിനാണ് അവർ സ്ത്രീകളോടിങ്ങനെ കാണിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: കോൺഗ്രസിന്റെ പ്രസിഡന്റും സ്ത്രീയാണ് ഇവിടെ മന്ത്രിയും സ്ത്രീയാണ്. പക്ഷേ ഇവിടെ ബിൽ കൊണ്ടുവരുമ്പോൾ അതിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം വേണ്ടതുപോലെയില്ലെന്നതാണ് പ്രശ്നം.

ശ്രീ. എ.കെ. ബാലൻ: സർ, നാളിതുവരെ ദേവസ്വം ബോർഡിനാണ് ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം കൊടുത്തത്. ഈ നിയമത്തിന്റെ ഭാഗമായി ചട്ടമുണ്ടാക്കാനുള്ള അധികാരം ഗവൺമെന്റിനാണ്. അതുപോലെ ദേവസ്വം ബോർഡ് നിയമനങ്ങൾ എൽ.ഡി.എഫ് ഗവൺമെന്റ് പി.എസ്.സി ക്ക് വിട്ടുകൊടുത്തതാണ്. ആ നിയമനങ്ങൾ പൂർണ്ണമായി ദേവസ്വം ബോർഡ് തിരിച്ചെടുക്കുകയാണ്. ഈ ബിൽ വ്യക്തമായ സ്വജനപക്ഷപാതത്തിനും അഴിമതിക്കും ഇട നൽകുമെന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ ചന്ദ്രശേഖരൻ: സർ, അത്തരം കാര്യങ്ങൾകൂടി പരിശോധിക്കപ്പെടേണ്ടതാണെന്നാണ് ഈ സന്ദർഭത്തിൽ പറയാനാഗ്രഹിക്കുന്നത്. സ്വാശ്രയ കോളേജുകൾ, ഐ.റ്റി. മേഖല, ബോണ്ട് നൽകി ജോലിക്ക് ചേരുന്ന സ്വകാര്യ മേഖലയിലെ നഴ്സിംഗ് ഉൾപ്പെടെയുള്ള മേഖലകളിൽ കൂടുതലും ജോലി ചെയ്യുന്നത് യുവാക്കളും യുവതികളുമാണെങ്കിലും അവർക്ക് അവിടെ യാതൊരു വിധത്തിലുമുള്ള നീതിയും ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. അത്തരം സാഹചര്യത്തിൽ ഇതുപോലൊരു കമ്മീഷന് യുവാക്കളുടെ പ്രശ്ന പരിഹാര നിവൃത്തിക്കുവേണ്ടി ഇടപെടാനോ ആവശ്യമെങ്കിൽ നിയമനടപടിയുമായി മുന്നോട്ടുപോകാനോ ഉത്തരവ് പുറപ്പെടുവിക്കാനോ അവകാശമില്ലാതെ ഇതൊക്കെ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തുകൊള്ളണമെന്ന് മാത്രം പറയുന്നതുകൊണ്ട് പ്രത്യേകിച്ച് ഒരു നേട്ടവുമുണ്ടാക്കാൻ കഴിയില്ലെന്നാണ് മനസിലാക്കാൻ കഴിയുന്നത്. അൺ എയ്ഡഡ് സ്ക്കൂൾ ടീച്ചേഴ്സിന്റെ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതാണ്. അൺഎയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ട്. ആ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭയിൽ പലപ്പോഴും ചർച്ച ചെയ്യപ്പെട്ടതാണെങ്കിലും അതിന് പരിഹാരമുണ്ടാകുന്നില്ലെന്ന് മാത്രമല്ല ന്യായമായ ആവശ്യങ്ങളും വേതന വർദ്ധനവിന് വേണ്ടിയുള്ള അഭിപ്രായങ്ങളും മുന്നോട്ട് വച്ചാൽ അവരെ പിരിച്ചുവിടുക എന്ന സമീപനമാണ് മാനേജ്മെന്റ് പലപ്പോഴും സ്വീകരിക്കുന്നത്. അവരെ തിരിഞ്ഞുനോക്കാനോ ആവശ്യമായ ഇടപെടൽ നടത്താനോ ഈ കമ്മീഷന് കഴിയുമെന്നോ അത്തരം സാഹചര്യങ്ങളിൽ ഇടപെടുമെന്നോ അതിന് സമാശ്വാസ നടപടികൾ സ്വീകരിക്കുമെന്നോ ഉള്ള യാതൊരു ലക്ഷണവും ഈ കമ്മീഷന്റെ വരവോടുകൂടി ഉണ്ടാകില്ല

എന്നത് തീർച്ചയാണ്. നമ്മുടെ നാട്ടിൽ ടെക്സൈറ്റൽ ഷോപ്പുകളിലുൾപ്പെടെ ധാരാളം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന യുവതീ യുവാക്കൾക്ക് ഭക്ഷണം കഴിക്കാൻപോലും സമയമില്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. യുവാക്കളുടെ മാനദണ്ഡമായി കണക്കാക്കിയിരിക്കുന്ന 18−40 വയസ്സിനിടയിൽ വരുന്ന ആളുകളാണ് ഇത്തരം സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും ജോലിചെയ്യുന്നത്. അവരുടെ പ്രശ്നം പരിഹരിക്കാനോ അവർക്കുണ്ടാകുന്ന വിഷയങ്ങൾ കേൾക്കാനോ വനിതാ കമ്മീഷൻ പോലെയോ മനുഷ്യാവകാശ കമ്മീഷൻപോലെയോ ..........

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, അങ്ങ് ഇവിടെ സംസ്ഥാന യുവജന കമ്മീഷൻ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ, ഒരു വനിതാ അംഗത്തെ ഉൾപ്പെടുത്തുന്നത് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും അത് പോരെന്നും പറഞ്ഞതിനോട് നൂറ് ശതമാനം യോജിക്കുകയാണ്. കേരളത്തിലെ ത്രിതല പഞ്ചായത്തുകളിൽ 50 ശതമാനം സംവരണം നൽകിക്കൊണ്ട് സ്ത്രീകൾക്ക് അധികാര സ്ഥാനങ്ങളായ ചെയർപേഴ്സൺ സ്ഥാനവും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചാർജ്ജുകളും ഉൾപ്പെടെ റൊട്ടേറ്റ് ചെയ്ത് കൊടുക്കുന്ന സമ്പ്രദായമുണ്ട്. യുവജന കമ്മീഷൻ പോലുള്ള ഒരു കമ്മീഷൻ വരുമ്പോൾ, ഇവിടെ സൂചിപ്പിച്ചതുപോലെ തുണിക്കടകളിലും മറ്റേത് മേഖലയെടുത്തുനോക്കിയാലും യുവാക്കളെക്കാൾ കൂടുതൽ യുവതികളാണ് പ്രവർത്തിക്കുന്നത്. തീർച്ചയായും 50 ശതമാനം സംവരണം കൊണ്ടുവന്ന് റൊട്ടേറ്റ് ചെയ്ത് ചെയർപേഴ്സൺ സ്ഥാനവും ബന്ധപ്പെട്ട

സ്ഥാനങ്ങളും കൊടുക്കുകയെന്നുള്ളതിനെപ്പറ്റി അങ്ങേയ്ക്ക് എന്താണ് അഭിപ്രായം?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞ നിർദ്ദേശം സ്വീകാര്യമാണ്. ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് മൂന്നിലൊന്ന് വനിതാപ്രിതിനധികളെക്കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കപ്പെടേണ്ടതാണെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ഇവിടെ പറയുന്ന ഏതെങ്കിലും കാര്യങ്ങൾ കേട്ട് നടപ്പിലാക്കുന്ന  ഇംപ്ലിമെന്റിംഗ് ഏജൻസി എന്നതിൽ കവിഞ്ഞ് അപ്പുറത്തേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. നമ്മുടെ യുവാക്കൾക്കിടയിലാണ് തീവ്രവാദവും മയക്കുമരുന്നിന്റെ ഉപയോഗവും വിൽപ്പനയും ഉൾപ്പെടെയുള്ള ഒട്ടേറെ കാര്യങ്ങൾ നടക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ ആ മേഖലകളിലെല്ലാം ഇടപെടുന്നതോടൊപ്പം പ്രശ്നങ്ങൾക്ക് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകാനും ആവശ്യമായവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടുന്നതിനുകൂടി ഇത്തരം ഒരു കമ്മീഷന്റെ വരവോടെ സാദ്ധ്യമാകുമെങ്കിൽ അതേറെ നന്നായിരുന്നു. എന്നാൽ അത്തരമൊരു നിർദ്ദേശം  ഇവിടെ കാണാൻ കഴിയുന്നില്ല. പ്രത്യേകിച്ച് ഇത്തരം മേഖലകളിലേയ്ക്ക് യുവാക്കളെ കൂടുതൽ ആകർഷിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ സമൂഹത്തിൽ നടക്കുന്നത്. തീവ്രവാദ പ്രവർത്തനത്തിന് സന്നദ്ധരാവുകയും അതിന്റെ ഭാഗമായി  നമ്മുടെ നാട്ടിൽ സംഘർഷങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഇത്തരം കമ്മീഷനുകൾക്ക് എങ്ങനെ ഇടപെടാനും യുവാക്കളെ ബോധവാന്മാരാക്കി മാറ്റാൻ കഴിയുമെന്നും അതിനുള്ള സാദ്ധ്യതകൾ എന്തെല്ലാമാണെന്നുമുള്ള കാര്യങ്ങൾ ബില്ലിന്റെ പരിഗണനയിൽ

വരേണ്ട വിഷയമാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലിന്റെ 10–ാം ഖണ്ഡികയിൽ പറയുന്ന കാര്യം, നിയമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവകാശ സംരക്ഷണത്തിന് എന്തെല്ലാം ഉത്തരവുകളും ഇടപെടലുകളും നടത്താൻ കഴിയുമെന്നുള്ളതാണ്. ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ആവശ്യമായ നടപടിയൊന്നും തന്നെ ചൂണ്ടിക്കാണിക്കപ്പെടുന്നില്ലെന്നുള്ളത് ഏറ്റവും വലിയ പോരായ്മയായിട്ടേ കാണാൻ കഴിയൂ. അധികാര പരിധി ഉയർത്തുന്നതിനും കമ്മീഷന്റെ പരിധിക്കകത്ത് നേരത്തെ ചൂണ്ടിക്കാണിച്ചതുപോലുള്ള പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമെല്ലാം തയ്യാറാകേണ്ടതായിട്ടുണ്ട്. അതല്ലാതെ ഇങ്ങനെയൊരു നിയമത്തിന്റെയും കമ്മീഷന്റെയും അടിസ്ഥാനത്തിൽ ബിൽ അവതരിപ്പിച്ച് നിയമമാക്കുന്നത് തീർച്ചയായും യുവാക്കളുടെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമല്ലെന്നാണ് എന്റെ അഭിപ്രായം. മനുഷ്യാവകാശ കമ്മീഷനായാലും വനിതാ കമ്മീഷനായാലും ഉത്തരവുകൾ പുറപ്പെടുവിച്ചാൽ അപ്പലേറ്റ് അതോറിറ്റി ഹൈക്കോടതിയെന്ന് പറയുന്നതുപോലെ, അത്തരം അധികാരങ്ങൾ നൽകുമ്പോൾ, ഈ കമ്മീഷന്റെ പരിധിയിലും തീരുമാനങ്ങളെടുക്കാൻ ജുഡീഷ്യൽ അധികാരങ്ങൾ ഉള്ളപ്പോൾ, അതിനെ അടിസ്ഥാനമാക്കി എടുക്കുന്ന തീരുമാനങ്ങൾക്ക് അപ്പലേറ്റ് അതോറിറ്റി എന്ന നിലയിൽ ഹൈക്കോടതിയെ മാത്രം സമീപിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരാത്തിടത്തോളം കാലം ഇങ്ങനെയൊരു ഓർഡിനൻസും ബില്ലും കൊണ്ട് പ്രശ്നത്തിന് പരിഹാരമാകില്ല എന്നുതന്നെയാണ് എന്റെ അഭിപ്രായം. കമ്മീഷന്റെ അന്ത:സത്ത യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്ന

രീതിയിൽ പ്രാവർത്തികമാകാത്ത രീതിയിലാണെന്നുള്ളതാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. സംഭാവനകൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ബില്ലിൽ പറയുന്നുണ്ട്. ഇങ്ങനെയൊരു കമ്മീഷന് സംഭാവന സ്വീകരിക്കാനേ പാടില്ലാ ത്തതാണ്. നിലവിലുള്ള ഏജൻസികൾക്കൊന്നുമില്ലാത്ത വിധത്തിൽ യുവ ജന കമ്മീഷനുകൾക്ക് ആവശ്യമാണെങ്കിൽ സംഭാവന സംഭരിക്കുന്നതി നുള്ള അധികാരം കൂടി നൽകിയാൽ പല വഴിയിലും ദുരുപയോഗം ചെയ്യ പ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിൽ അത്തരം നില പാട് യാതൊരു കാരണവശാലും സ്വീകരിക്കാവുന്നതല്ല. ദേശീയ തലത്തിൽ ഒരു കമ്മീഷൻ രൂപീകരിക്കുകയും ദേശീയാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കമ്മീഷൻ സംസ്ഥാനങ്ങളിലൊക്കെ രൂപീകരിക്കണമെന്ന നിർദ്ദേശം നൽകു കയും ചെയ്തതിന്റെ വെളിച്ചത്തിൽ വളരെ പെട്ടെന്ന് ഒരു ധാരണയുമി ല്ലാതെ, യുവാക്കളുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാതെ, കേരളം പോലുള്ള ഒരു സംസ്ഥാനത്തിന്റെ യുവജനരംഗത്തെ സങ്കീർണ്ണമായ സംഭവ ങ്ങളിലേയ്ക്ക് ശ്രദ്ധതിരിക്കാതെ വളരെ പെട്ടെന്ന് തട്ടിക്കൂട്ടി നിയമനിർമ്മാണ ത്തിനൊരുങ്ങുന്നുവെന്നത് തീർച്ചയായും ഗുണം ചെയ്യാത്തതായതുകൊണ്ട് ഈ ഓർഡിനൻസിനെ നിരാകരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട നിരാകണ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഇത്രയും കാര്യങ്ങളാണ് ചൂണ്ടിക്കാണി ക്കാനുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ന് ലോകം മുഴുവൻ ഇൻഡ്യയെ ഉറ്റുനോക്കുമ്പോൾ രാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷതയായി എടുത്തുപറയേണ്ട കാര്യം ഇൻഡ്യ ചെറുപ്പമായിക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. സ്വാതന്ത്ര്യം നേടി ആറര പതിറ്റാണ്ട് പൂർത്തീകരിക്കുന്ന രാജ്യം എന്ന നിലയ്ക്ക് ലോകത്തെ മുഴുവൻ രാജ്യങ്ങളുമായി താരതമ്യ പഠനം നടത്തുമ്പോൾ, ലോകത്തിന്റെ മറ്റെല്ലാ ഭാഗങ്ങളിലും പ്രായം ചെന്ന ആളുകളാണ് കൂടുതലെങ്കിലും ഏറ്റവും കൂടുതൽ ചെറുപ്പക്കാർ ജീവിക്കുന്ന രാജ്യമായി ഇൻഡ്യ മാറാൻ പോവുകയാണെന്ന വസ്തുത നമുക്കെല്ലാവർക്കും പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. ഇൻഡ്യയ്ക്ക് തന്നെ മാതൃകയായി ഇത്തരത്തിലൊരു യുവജന കമ്മീഷന്റെ നിയമനിർമ്മാണത്തിന് തയ്യാറാകുകയും അസംബ്ലി പാസ്സാക്കാനൊരുങ്ങുകയും ചെയ്യുമ്പോൾ ഈ ഗവൺമെന്റിനെയും ഇതിന് നേതൃത്വം നൽകുന്ന വകുപ്പുമന്ത്രിയെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. രാജ്യത്തെ യുവാക്കളെ സംബന്ധിച്ചിടത്തോളം മാതൃകാപരമായ നടപടികളുമായി യുവജന കമ്മീഷൻ സൃഷ്ടിക്കാൻ ഗവൺമെന്റ് എടുത്ത തീരുമാനം ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമെന്നുള്ളത് നമുക്കെല്ലാവർക്കും പ്രതീക്ഷയേകുന്ന കാര്യമാണ്. ഫുൾഫ്ളെഡ്ജ്ഡായി തുടങ്ങിയിട്ടില്ലെങ്കിൽപ്പോലും രൂപീകരിച്ച് ഏതാനും മാസങ്ങൾ മാത്രമാണ് ആയതെങ്കിലും ഈ ചുരുങ്ങിയ സമയംകൊണ്ട് ഗവൺമെന്റിനെ സഹായിക്കുന്ന രണ്ടുമൂന്ന് ഇടപെടലുകൾ നടത്താൻ കഴിഞ്ഞതിനേയും പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ നടത്തിയ ഇടപെടലുകളേയും ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 30 വയസ്സിന് താഴെ പ്രായമുള്ള ഒരു

കോടി 47 ലക്ഷം ആളുകൾ ജീവിക്കുന്നുണ്ടെന്നുള്ളത് പോസിറ്റീവായി എടുക്കാവുന്ന കാര്യമാണ്. പ്രായപരിധി 40 വയസ്സാകുമ്പോൾ സ്വാഭാവികമായും അതിലും കൂടുതൽ ആളുകൾ, അതായത് മൊത്തം പോപ്പുലേഷന്റെ 50–60 ശതമാനം ആളുകൾ ഈ സംസ്ഥാനത്തും 60 ശതമാനത്തിനു മുകളിൽ 70–ഓളം ശതമാനം ആളുകൾ ഈ രാജ്യത്തും യുവാക്കളാണെന്നുള്ളതുകൊണ്ട് ഏറ്റവും പ്രൊഡക്റ്റീവായ സമയമായി ഇതിനെ നമുക്ക് കാണാൻ കഴിയും. ഇവിടെ ഈ ബിൽ അവതരിപ്പിക്കുമ്പോൾ പറയുന്ന പ്രധാനപ്പെട്ട കാര്യം വിദ്യാസമ്പന്നരായ യുവാക്കളെ സൃഷ്ടിക്കുകയെന്നുളളതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാസമ്പന്നരായ യുവാക്കളെ സൃഷ്ടിക്കുകയെന്നുള്ളത് ഇനിയൊരു പ്രധാനപ്പെട്ട അജണ്ടയാക്കാമോ എന്നുള്ള സംശയം എനിക്കുണ്ട്. മറ്റൊന്നും കൊണ്ടല്ല. കേരളത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമായി കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. ഈ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടെ ഡ്രോപ്–ഔട്ട്സ് കുറവാണ്. എൻറോൾമെന്റ് റേഷ്യോയും സാക്ഷരതയും രാജ്യത്തിന്റെ അവറേജിനേക്കാൾ എത്രയോ മുകളിലാണ് കേരളത്തിലുള്ളത്. ഈ രാജ്യത്തെ ചെറുപ്പക്കാരുടെ ശക്തി രാജ്യത്തിന് ഗുണപരമായി ഉപയോഗിക്കാവുന്ന നിലയിൽ അവരെ ഷെയ്പ് ചെയ്യാനും മൗൾഡ് ചെയ്യാനും ഈ കമ്മീഷന്റെ ഇടപെടലുകൾ കൊണ്ട് സാധിക്കേണ്ടതാണ്. അതിനുവേണ്ടി രാജ്യത്ത് ഒരു യുവജന നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് യുവജന കമ്മീഷന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോൾ സ്വാഭാവികമായും കേരളത്തിലെ ചെറുപ്പക്കാരുടെ ശബ്ദമായി മാറാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരം കണ്ടെത്താനും അതിനേക്കാളുപരി

അവർക്ക് പുതിയ വഴികൾ വെട്ടിക്കൊടുക്കാനും തയ്യാറാകുന്ന തരത്തിൽ എല്ലാ വകുപ്പുകളിലെ പ്രോഗ്രാമുകളിലും നിർദ്ദേശങ്ങൾ നൽകി ഇടപെടലുകൾ നടത്താൻ കഴിയാവുന്നതായി മാറ്റിയെടുക്കാനാണ് ഈ കമ്മീഷൻ കൊണ്ട് ഞങ്ങളെല്ലാവരും ആഗ്രഹിക്കുന്നത്.

നമ്മുടെ നാട്ടിൽ ചർച്ചയായിക്കൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം ചെറുപ്പക്കാർക്ക് തൊഴിലില്ലെന്നുള്ളതാണ്. ഈ അസംബ്ലിതന്നെ ചർച്ചചെയ്ത കണക്കുകൾ നമുക്കറിയാം. 42 ലക്ഷം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നുവെന്നുള്ളതാണ് യുവജനസംഘടനകളുടെ മുഴുവൻ നേതാക്കന്മാരും തങ്ങൾക്ക് കിട്ടുന്ന അവസരിങ്ങളിലെല്ലാം പ്രസംഗിക്കാറുള്ളത്. ഈ അംസംബ്ലിയിൽത്തന്നെ ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞത്, അന്യ സംസ്ഥാനത്തുനിന്ന് ഇവിടെവന്ന് തൊഴിലെടുക്കുന്ന ആളുകളുടെ എണ്ണം ഏറ്റവും ചുരുങ്ങിയത് 30 ലക്ഷമെങ്കിലും ഉണ്ടെന്നാണ്. Unemployment ആണോ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അതോ employability ആണോ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്നത് ഗൗരവമായി ചിന്തിക്കേണ്ട സമയമാണ്. തൊഴിലില്ലായ്മയാണോ തൊഴിൽ അറിയായ്മയാണോ പ്രധാനപ്പെട്ട പ്രശ്നം. നമ്മൾ തൊഴിലെടുക്കാൻ തയ്യാറാവാത്തതാണോ, തൊഴിലില്ലാത്തതാണോ പ്രശ്നം. ജോലിയുടെ dignity ആണോ നമ്മുടെ പ്രശ്നം, അതല്ല white color job - നുവേണ്ടി പുറകേ പോകുന്ന ആളുകൾ, അല്ലെങ്കിൽ ഞാനാരെയും വിമർശന ബുദ്ധിയാൽ കാണുകയല്ല,

അപ്പോൾ തൊഴിലവസരങ്ങളില്ലെന്നതുമാത്രമല്ല ഇവിടത്തെ പ്രശ്നം. നമ്മുടെ ASAP ഉൾപ്പെടെയുള്ള skill development പ്രോഗ്രാമുകൾക്ക് ഗവൺമെന്റ് നേതൃത്വം നൽകിയിട്ടുണ്ട്. ബോസ്റ്റൺ കൺസൾട്ടന്റ് ഗ്രൂപ്പും ഓൾ ഇൻഡ്യാ മാനേജ്മെന്റ് അസോസിയേഷനും ഈ അടുത്ത കാലത്ത് നടത്തിയ സർവ്വെയിൽ പറയുന്നത്, 2020 ആകുമ്പോഴേയ്ക്കും 4 കോടി skilled employees –നെ നമ്മുടെ രാജ്യത്തിനാവശ്യമുണ്ട് എന്നാണ്. വെറും 6 വർഷം കഴിയുമ്പോൾ requirement വരാൻ പോകുന്നത് 4 കോടി ആളുകളെയാണ്. ഈ അവസരം ഉപയോഗപ്പെടുത്തണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിൽ കാര്യമായ അഴിച്ചുപണികൾ വേണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. സർട്ടിഫിക്കറ്റും മാർക്കും ഓറിയന്റഡായിട്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം തന്നെയാണ് കാലാകാലങ്ങളിൽ നിലനിർത്തേണ്ടതെന്ന അഭിപ്രായം എനിക്കില്ല. കുറച്ചുകൂടെ ജോലിക്ക് അനുയോജ്യരായിട്ടുള്ള ചെറുപ്പക്കാരെ നമ്മുടെ ക്യാമ്പസിൽനിന്ന് വാർത്തെടുക്കാൻ കഴിയാവുന്ന തരത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് മാറ്റം വരുത്തേണ്ടിവരും. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പഠനത്തോടൊപ്പം ജോലിയെന്ന സംവിധാനത്തിലേയ്ക്ക് വരണമെന്നതാണ് ഞാനാദ്യമായി ആഗ്രഹിക്കുന്ന മാറ്റം. പല രാജ്യങ്ങളിലും ഈ സമ്പ്രദായം വിജയകരമായി നടപ്പിലാക്കുന്നുണ്ട്. രാവിലെ മുതൽ വൈകുന്നേരം വരെ വ്യത്യസ്ത പിരീഡുകളിലായി നമ്മുടെ കുട്ടികളെ പഠിപ്പിച്ച് മൂന്നുവർഷത്തിനുള്ളിൽ ഡിഗ്രി പൂർത്തീകരിച്ച് പുറത്തിറങ്ങി വന്ന് ജോലിക്കുവേണ്ടി അവർ നടത്തുന്ന കാത്തിരിപ്പ് എത്ര വലുതാണെന്നുള്ളത് നമ്മുക്കെല്ലാവർക്കുമറിയാം. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ടൈംഷെഡ്യൂളുപോലും ഇതിനനുസരിച്ച് മാറ്റം വരുത്തണം. കുട്ടികൾക്ക് രാവിലെ

പഠനമാണെങ്കിൽ ഉച്ചയ്ക്ക് ആ പഠനത്തോടൊപ്പം ഏറ്റെടുക്കാൻ കഴിയാവുന്ന ജോലികളെ കണ്ടെത്തി അതിനെ പ്രൊമോട്ട് ചെയ്യുന്ന തരത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ കലണ്ടർ മാറ്റം വരുത്തേണ്ടതായി വരും. ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി പഠനം പൂർത്തീകരിച്ചുകഴിഞ്ഞാൽ ജോലിയിൽ കയറണമെങ്കിൽ വീണ്ടും ഒരുവർഷത്തെ ട്രെയിനിംഗ് ആവശ്യമാണ്. കാരണം, അവർക്ക് അവിടെ ഓൺ ദി ജോബ് ട്രെയിനിംഗ് നൽകുന്നില്ല. Bookish knowledge-നും theoretical knowledge-നും അപ്പുറത്തേയ്ക്ക് ജോലിക്ക് അനുയോജ്യരാക്കുന്ന തരത്തിൽത്തന്നെ മാറ്റിയെടുക്കാൻ കഴിയാവുന്ന അവസരങ്ങൾ ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ കാലഘട്ടത്തിൽ കിട്ടാത്തതുകൊണ്ടാണ് അവർക്ക് ജോലി ലഭിക്കാൻവേണ്ടി ഇത്രയും കാത്തിരിക്കേണ്ടി വരുന്നത്. എന്തുകൊണ്ട് കൂടുതൽ അവസരങ്ങൾ ഈ പഠന സമയത്തുത്തന്നെ കുട്ടികൾക്ക് നൽകാൻ കഴിയാവുന്ന തരത്തിൽ വിദ്യാഭ്യാസ സമ്പ്രദായത്തെ നമുക്കൊന്ന് റീ-ഡിസൈൻ ചെയ്തുകൂടാ? നമ്മുടെ വിദ്യാഭ്യാസത്തിൽ രാവിലെ 8.30 മണിക്ക് കോളേജ് ആരംഭിച്ച് 9.30 വരെ ഒരു പിരീഡ്, 10.30 വരെ ഒരു പിരീഡ്, 11.30 വരെ ഒരു പിരീഡ്, 12.30-ക്ക് ലഞ്ച് ബ്രേക്കിന് പിരിഞ്ഞ് 1.30-ക്ക് വീണ്ടും പിരീഡ് പിന്നെ 3.30-ന് വീട്ടിലേയ്ക്കു പോകുന്നു, തിരിച്ചുവരുന്നു. നമുക്കിതിനകത്ത് ചെറിയ വ്യത്യാസം വരുത്താവുന്നതാണ്. കുട്ടികൾക്ക് പഠനത്തോടൊപ്പം ജോലികൊടുക്കുമ്പോൾ അവർക്ക് വലിയ ശമ്പളം കിട്ടേണ്ടതില്ല. പഠനത്തോടൊപ്പം ജോലിയെടുക്കുമ്പോൾ മാസം 15,000 രൂപ കിട്ടണമെന്ന് അവരുമാഗ്രഹിക്കുന്നില്ല. അവരുടെ സ്കുളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും പോയിവരാനുള്ള ചെലവിനുവേണ്ടിയെങ്കിലും പഠനത്തോടൊപ്പം അവരുടെ പഠന വിഷയങ്ങളുമായി

ബന്ധപ്പെട്ട ഒരു ജോലി നൽകാൻ നമുക്ക് കഴിഞ്ഞാൽ പഠനമവസാനിക്കുമ്പോൾ വലിയ അർത്ഥത്തിൽ അവരുടെ കരിയർ മെച്ചപ്പെടുന്ന തരത്തിൽ നമുക്ക് മാറ്റിയെടുക്കാൻ കഴിയും. അവിടെയാണ് സ്കിൽ ഡവലപ്പ്മെന്റ്പോലുള്ള കാര്യങ്ങൾ നമ്മുടെ മുന്നിൽ ഒരു പ്രധാനപ്പെട്ട വെല്ലുവിളിയായി വരുന്നത്. നമ്മുടെ കുട്ടികളുടെ സ്കിൽ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വളരെ ശക്തമായ ഇടപെടലുകൾ നടത്തിയേ മതിയാകൂ. അവർ ബുദ്ധിയും കഴിവുമുള്ളവരാണ്. പക്ഷേ, അതിനെ പ്രോത്സാഹിപ്പിക്കാൻ അവസരങ്ങൾ നൽകി അവരെ വാർത്തെടുക്കാനുള്ള ശ്രമങ്ങൾക്കാണ് ഗവൺമെന്റ് നേതൃത്വം നൽകേണ്ടത്. ഈ കമ്മീഷന്റെ പ്രവർത്തനങ്ങളും ആ ദിശയിലേയ്ക്ക് ഗവൺമെന്റിനെ നയിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്താൻ കഴിയാവുന്ന തരത്തിൽ നമുക്ക് റീ-ഡിസൈൻ ചെയ്യേണ്ടിവരും. ലോകത്തിന്റെ HR Factory ആയി നമ്മുടെ സംസ്ഥാനത്തെ നമുക്ക് മാറ്റിയെടുക്കാൻ കഴിയുന്നതാണ്. ലോകത്തിന്റെ എല്ലാ കോണിലും മലയാളികളുണ്ട്. ലോകത്തിന്റെ എത്ര ഉന്നത സ്ഥാനങ്ങളിലിരിക്കുന്ന ആളുകളായാലും ശരി, ചായക്കട നടത്തുന്ന ആളുകളായാലും ശരി, ഏതു തരത്തിലും മലയാളികളുടെ സാന്നിദ്ധ്യം ലോകത്തിന്റെ ഏത് മേഖലയിലും നമുക്ക് കാണാൻ സാധിക്കും. നമ്മുടെ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ലിങ്കേജാണ് അടുത്ത പ്രധാനപ്പെട്ട കാര്യം. ഞാൻ നേരത്തെപറഞ്ഞതുപോലെ വിദ്യാർത്ഥികൾക്ക് ഒരു ജോലി കൂടി കൊടുക്കുകയെന്നുപറയുമ്പോൾ, ഈ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ലിങ്കേജിനെ ശക്തിപ്പെടുത്തിയിട്ടില്ലെങ്കിൽ നമുക്ക് അവിടെ അവസരങ്ങൾ നൽകാൻ കഴിയില്ല. ഇൻസ്റ്റിറ്റ്യൂട്ട് വേറൊരു വഴിക്ക് പോകുന്നു, ഇൻഡസ്ട്രി വേറൊരു വഴിക്ക് പോകുന്നു, വ്യവസായ സ്ഥാപനങ്ങൾ അവർക്ക് അവസരങ്ങൾ വരു

മ്പോൾ ആളുകളെ എടുക്കാൻ ക്യാമ്പസ് പ്ലെയ്സ്മെന്റിന് വരുന്നു. തങ്ങളുടെ requirement-ന് അനുസരിച്ച് സ്കില്ലുള്ള, ജോലിക്ക് അനുയോജ്യരായ ആളുകളെ പല ക്യാമ്പസ്സുകളിൽനിന്നും കണ്ടെത്താൻ കഴിയുന്നില്ലായെന്നും ഒന്നോ ഒന്നരയോ വർഷത്തെ ട്രെയിനിംഗ് അവർക്ക് നൽകേണ്ടിവരുന്നുവെന്നും പലരും പറയുന്നു. അതിനുശേഷം അവരിൽ കുറച്ചാളുകളെ പ്ലേസ് ചെയ്യുന്നതിനുപകരം നമ്മുടെ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായങ്ങൾ എന്നിവയുമായി ഈ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ലിങ്കേജ് ശക്തിപ്പെടുത്തി അവർക്ക് പഠനത്തോടൊപ്പംതന്നെ ഓൺ ദി ജോബ് ട്രെയിനിംഗ് അവിടെ നൽകാൻ കഴിഞ്ഞാൽ, ജോലിക്ക് അനുയോജ്യരായ ആളുകളായി നമ്മുടെ ചെറുപ്പക്കാരെ മാറ്റിയെടുക്കാൻ സാധിക്കും. നമ്മുടെ ലാംഗ്വേജിന്റെ കാര്യം, ഈ ഗവൺമെന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകുന്നു. നമ്മൾ നമ്മുടെ മലയാളത്തെ എത്ര മാത്രം ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതിന് ഈ അസംബ്ലിയിൽ ഞാനൊരു പ്രസംഗം നടത്തേണ്ടകാര്യമില്ല, എല്ലാപേർക്കും അത് വളരെ വ്യക്തമായി അറിവുള്ളതാണ്. ചൈനപോലുള്ള ഒരു രാജ്യത്തിപ്പോൾ കുട്ടികളെ കൂടുതലായി ഇംഗ്ലീഷ് പഠിപ്പിച്ചുക്കൊണ്ടിരിക്കുകയാണ്. അവരുടെ നാട്ടിലെ ജോലി അവസരങ്ങളെന്നതിനുപ്പുറത്തേയ്ക്ക് പുറംരാജ്യത്തേയ്ക്ക് തൊഴിലവസരങ്ങൾതേടി അവിടത്തെ കുട്ടികൾ പോകുമ്പോൾ, അവർക്ക് ലാംഗ്വേജ് ബാരിയർ ഒരു പ്രധാനപ്പെട്ട പ്രശ്നമാണെന്നുള്ളത് തിരിച്ചറിയുമ്പോൾ കൂടുതൽ ആളുകളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ അവിടെ ശ്രമം നടന്നുക്കൊണ്ടിരിക്കുകയാണ്. മറ്റ് പ്രദേശങ്ങളു

മായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ആളുകൾക്ക് ഇംഗ്ലീഷ് അറിയാം. പക്ഷെ ഇന്നത്തെ നിലനിൽപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് കമ്മ്യൂണിക്കേഷൻ സ്കിൽ. കമ്മ്യൂണിക്കേറ്റ് ചെയ്യാനും അതോടൊപ്പം കൺവിൻസിംഗായി കമ്മ്യൂണിക്കേറ്റ് ചെയ്യാനും കഴിവുള്ള ആളുകൾക്ക് ഏറ്റവും കൂടുതൽ സ്കോപ്പുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന ഒരു കാലഘട്ടത്തിൽ കുട്ടികളെ ആ അർത്ഥത്തിൽ, നമ്മൾ ആഗ്രഹിക്കുന്ന തരത്തിൽ, പുറംലോകവുമായി ആശയവിനിമയം നടത്താൻ കഴിയാവുന്ന തരത്തിൽ നമ്മുടെ ഓരോ ഇൻസ്റ്റിറ്റ്യൂട്ടിനോടും കോഴ്സിനോടും ചേർന്ന് അവരുടെ ലാംഗ്വേജ് സ്കിൽ വർദ്ധിപ്പിക്കാനുള്ള ഇടപെടലുകൾ തീർച്ചയായിട്ടും നടത്തേണ്ടതാണ്. അതോടൊപ്പംതന്നെ നമുക്കെല്ലാപേർക്കു മറിയാം, തൊഴിലില്ലായെന്നുപറയുമ്പോഴും വീട്ടിലെ ഒരു പൈപ്പ് കേടു വന്നാൽ ഫോൺ വിളിച്ചുപറഞ്ഞാൽ അന്നുതന്നെ ശരിയാക്കാമെന്ന് ഉറപ്പുള്ള എത്ര സ്ഥാപനങ്ങൾ നമ്മുടെ കേരളത്തിലുണ്ട്. അതിനാളെ കിട്ടാൻ വലിയ പ്രയാസമാണ്. ഒരു ഇലക്ട്രീഷ്യനെ കിട്ടാൻ പ്രയാസമാണ്. ഒരു കാർപ്പെന്ററെപ്പോലും ചെറുതും വലുതുമായ ആവശ്യങ്ങൾക്ക് കിട്ടാൻ പ്രയാസമാണ്. സ്കിൽഡ് ജോബിന് നമ്മുടെ നാട്ടിൽത്തന്നെ ധാരാളം ഒഴിവുകളുണ്ട്. അതു പോലെതന്നെ നമ്മുടെ നാട്ടിൽത്തന്നെ ഇഷ്ടംപോലെ ഡിമാന്റുമുണ്ട്. ആ ജോലിയുടെ dignity–യെ സംബന്ധിച്ചാണ് ആളുകൾക്കിടയിൽ തർക്കമുള്ളത്. ഇവിടെപ്പറയുന്നു പല തസ്തികകളിലും ആളുകൾ ജോലി ചെയ്യുന്ന ശമ്പളം, ഗവൺമെന്റിൽ തന്നെ ഡെയിലി വേജസ്സായി ചിലപ്പോൾ വർഷങ്ങളോളം ശമ്പളമില്ലാതെ ജോലി ചെയ്യേണ്ടിവരുമ്പോൾ ദിവസം ആയിരം രൂപവരെ കൂലി ലഭിക്കുന്ന ജോലിക്ക് ആളുകളെ കിട്ടാൻ നമ്മുടെ

നാട്ടിൽ വലിയ പ്രയാസമാണ്. ഞാൻ പറയുന്നത് എല്ലാം കൂലിപ്പണിയെന്നുള്ള അർത്ഥത്തിലല്ല. പക്ഷെ, ഇതുപോലെ സ്കിൽ വേണ്ട ജോലികൾ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്ലംബിംഗ് ജോലി, ഇലക്ട്രീഷ്യൻ ജോലി എന്നിവ നടത്താൻ ആളുകളെ ആ ജോലിയുടെ അന്തസ്സ് ബോദ്ധ്യപ്പെടുത്തുന്ന തരത്തിൽ യുവജനനയം മാറ്റേണ്ടതാണ്. അത്തരത്തിൽ ആളുകളെ ട്രെയിൻ ചെയ്ത് എടുക്കാവുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാകണം. ആ ജോലിയുടെ dignity-യും അതിന്റെ അവസരങ്ങളും ആളുകളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്താനും ശ്രമിക്കണം. സംരംഭക മിഷൻ നമ്മൾ നടപ്പിലാക്കുന്നു. അതിനെ സർവ്വീസ് മേഖലയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ജോലിക്കാർ എന്നതിനപ്പുറത്തേയ്ക്ക് നാല് ചെറുപ്പക്കാർകൂടി പ്ലംബിംഗ് അല്ലെങ്കിൽ ഇലക്ട്രീഷ്യൻ പണി നടത്താവുന്ന ഇത്തരത്തിലൊരു സ്ഥാപനം നാട്ടിൽ ഒരു ഹെൽപ്പ്ലൈൻ നമ്പരും വച്ച് ആരംഭിക്കുമ്പോൾ ആ നാട്ടിൽ നിന്ന് ഇഷ്ടംപോലെ അവസരങ്ങൾ അവരുടെ മുമ്പാകെ വരികയാണ്. അത്തരത്തിൽ നമ്മുടെ ചെറുപ്പക്കാരെ മോൾഡ് ചെയ്തെടുക്കാൻ കഴിയണം. അതോടൊപ്പംതന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, നമ്മുടെ നാട്ടിലിന്ന് യുവജനങ്ങളെ സംബന്ധിച്ചിടത്തോളം നടക്കുന്ന സമരങ്ങളുടെ ഏറിയ പങ്കും പി.എസ്.സി. ജോലിക്കുള്ള പ്രായവും നിയമനവുമായി ബന്ധപ്പെട്ടതാണ്. അവിടെയാണ് യുവജന പ്രസ്ഥാനങ്ങൾക്ക് സമരവും, ശബ്ദവുമുള്ളത്. യുവജന പ്രസ്ഥാനങ്ങൾ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യമായി അതേറ്റെടുക്കുന്ന കാഴ്ച നിരന്തരം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ആ മേഖലയിൽ നമ്മളൊന്ന് ഇരുത്തിച്ചിന്തിക്കേണ്ടതാണ്. ചെറുപ്പക്കാർ സർക്കാർ ജോലിയിലേയ്ക്ക് കടന്നുവരുന്നതിന് ഞാൻ എതിരല്ല. സർക്കാർ ജോലി

യിൽ പരാമവധി ചെറുപ്പക്കാർ കടന്നുവരണമെന്നുതന്നെയാണ് എന്റെ ആഗ്രഹം.

പക്ഷെ ഈ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഏക ആശ്രയം ഇതാണെന്ന തരത്തൽ നമ്മുടെ നാട്ടിൽ എല്ലാപേരും നിലപാടെടുക്കുന്നത് ശരിയാണോ? രണ്ടരവർഷം കൊണ്ട് 85314 ആളുകൾക്ക് ഗവൺമെന്റ് ജോലി കൊടുത്തു. അങ്ങനെവരുമ്പോൾ നമ്മൾ കൊടുക്കുന്ന ജോലിയുടെ എണ്ണമെത്രയാണ്? കഴിഞ്ഞ രണ്ടര വർഷക്കാലങ്ങൾ ഏറ്റവും കൂടുതൽ നിയമനങ്ങൾ നടന്ന ഒരു കാലഘട്ടമാണ്. ഈ സമയത്ത് നമ്മൾ ഇത്രയും ജോലി കൊടുക്കുമ്പോഴും രണ്ടര വർഷം കൊണ്ട് 85000 അല്ലെങ്കിൽ പരമാവധി 90000 ആളുകൾക്കാണ് ജോലി കൊടുക്കാൻ കഴിയുന്നതെങ്കിൽ ഒരു വർഷം 30000 ആളുകൾക്കാണ് തൊഴിൽ കൊടുക്കാൻ കഴിയുന്നത്. ഈ ഗവൺമെന്റ് നിരവധി സൂപ്പർന്യൂമററി തസ്തികൾ സൃഷ്ടിച്ചു, പതിനായിരത്തി അഞ്ഞൂറിലധികം അധ്യാപകർക്ക് ജോലി കൊടുത്തു, നേരത്തെ സൂചിപ്പിച്ചതുപോലെ എൺപത്തി അയ്യാരത്തിലധികം ചെറുപ്പക്കാരെ സർക്കാർ സർവ്വീസിന്റെ ഭാഗമാക്കി. നിരവധി നടപടികളെടുത്ത് ചെറുപ്പക്കാർക്ക് ഒപ്പം നിൽക്കാൻ ശ്രമിക്കുമ്പോൾപോലും നമുക്ക് ജോലി കൊടുക്കാൻ കഴിയുന്നത് 30000 ആളുകൾക്കാണ്. ഇനിയും 42 ലക്ഷം ആളുകൾ തൊഴിലില്ലാതെ കാത്തിരിക്കുന്നുവെന്നു പറയുമ്പോൾ അവർക്കുമുഴുവൻ ജോലി കൊടുക്കാൻ ഒരു ഗവൺമെന്റ് എത്ര കഠിനാദ്ധ്വാനം നടത്തിയാലും പത്തിരുന്നൂറ് വർഷമെങ്കിലും കഴിയുമെന്നുള്ളതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അവരുടെ മുന്നിലുള്ള ഏക പ്രതീക്ഷ ഈ പി.എസ്.സി. ജോലി മാത്രമാണ്. അവ

രുടെ മുന്നിലുള്ള ഏക പ്രതീക്ഷ സർക്കാർ സർവ്വീസ് മാത്രമാണ്. അവരെ മറ്റൊരുതരത്തിൽ ചിന്തിപ്പിക്കേണ്ട സമയമായി. അവരെല്ലാപേരും ജോലി അന്വേഷിച്ചുനടന്ന് കാലംകഴിക്കേണ്ട ആളുകളാണോ? പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ ലിസ്റ്റുണ്ടാക്കി ലെറ്റർഹെഡ് അടിച്ച് നിയമനം പെട്ടന്നുണ്ടാകാൻ വേണ്ടി കാത്തിരിക്കുന്ന ഏറെ ചെറുപ്പക്കാരുടെ ജനപ്രതി നിധി എന്ന നിലയ്ക്ക് നിരന്തരം പരിചയപ്പെടുന്ന ആളുകളാണ് നമ്മളെല്ലാ പേരും. അങ്ങനെ പരിചയപ്പെടുമ്പോഴും അവരുടെ ജീവിതത്തിലെ ഒരേ യൊരു പ്രതീക്ഷ സർക്കാർ ജോലി മാത്രമാണെന്ന് കരുതി ഒരുവർഷം 30000 ആളുകളെ നമ്മുടെ ഗവൺമെന്റ് അപ്പോയിന്റ് ചെയ്യുമ്പോൾ അതിനു വേണ്ടി ലക്ഷക്കണക്കിന് ആളുകൾ പുറത്ത് ഒരോ വർഷവും കാത്തിരുന്ന് വീണ്ടുംവീണ്ടും പരീക്ഷകളെഴുതി റാങ്കിലിസ്റ്റിൽ വരാൻ കാത്തിരിക്കുന്ന ഒരവസ്ഥ നമുക്ക് ചുറ്റുപാടുമുണ്ട്. അവർ ജോലി അന്വേഷിച്ചുമാത്രം നടക്കേണ്ട ആളുകളാണോ? അവരിൽ കുറച്ചുപേരെയെങ്കിലും ജോലി കയ്യി ലുള്ള ജോബ് ഹോൾഡേഴ്സായി മാറ്റാൻ നമ്മൾ ശ്രമിക്കേണ്ടതല്ലേ? നമുക്കിട യിൽ സംരംഭകർ ഉണ്ടാകേണ്ടത് അനിവാര്യമാണ്. സംരംഭക മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ നിന്ന് ഏകദേശം 500 കോടിയോളം രൂപ ഈ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിന് മാറ്റി വയ്ക്കുമെന്ന് പ്രഖ്യാപിക്കുന്ന ഒരു ഗവൺമെന്റിന്റെ തീരുമാനത്തെ നിറഞ്ഞ അഭിമാന ബോധത്തോടുകൂടിയാണ് ഞങ്ങളെപ്പോലെയുള്ള ആളുകൾ സ്വീകരിക്കുന്നത്. അങ്ങേയ്ക്കും അക്കാര്യത്തിൽ വ്യത്യസ്തമായ അഭിപ്രായമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. നമ്മുടെ നാട്ടിലെ ചെറുപ്പ ക്കാരെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഈ സൂചിപ്പിച്ചതുപോലെ അവരിൽ

കുറച്ചുപേരെ സംരംഭകരാക്കണം. സ്റ്റാർട്ട് അപ്പ് വില്ലേജ് നമ്മുടെ ഗവൺമെന്റ് ആരംഭിക്കാൻ തീരുമാനിച്ചു. 1000 സ്റ്റാർട്ട് അപ്പ് കമ്പനികൾ തുടങ്ങുകയാണ്. ഗൂഗിൾ വലിയൊരു firm ആയിട്ടല്ല തുടങ്ങിയത്. മൈക്രോസോഫ്റ്റ് വലിയൊരു കുത്തകയായിട്ടല്ല തുടങ്ങിയത്. ആപ്പിൾ എന്ന കമ്പനിയുടെ ചരിത്രം പരിശോധിക്കുമ്പോൾത്തന്നെ അറിയാം അത് ഷെഡ്ഡിലായി, പൂട്ടിപ്പോയി, നിറുത്തി. അവസാനം സ്റ്റീൽ ജോസിന്റെ അച്ചനും അമ്മയും മകനെ വേറെ ജോലിക്കു പറഞ്ഞയച്ചു. അദ്ദേഹം പത്തു വർഷം പുറത്തെവിടേയോ ജോലി ചെയ്ത് തിരിച്ചുവന്ന് ആ കമ്പനി വീണ്ടെടുത്തു. ഇന്ന് ലോകത്ത് അമേരിക്കയുടെ ജി.ഡി.പി.യെപ്പോലും വെല്ലുന്ന തരത്തിൽ അവരുടെ ഒരു പ്രോഡക്ട് മാർക്കറ്റിലെത്തിക്കുമ്പോൾ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന ഒരു കമ്പനിയായി അത് മാറുകയാണ്. അതൊന്നും കുത്തക കമ്പനിയായിട്ടല്ല തുടങ്ങുന്നത്. ഇതുപോലെ സ്റ്റാർട്ട് അപ്പ് കമ്പനികളായിട്ടാണ് തുടങ്ങുന്നത്. നമ്മുടെ ചെറുപ്പക്കാർക്ക് ആശയങ്ങളുണ്ട്. നമ്മൾ അവരോട് ചോദിക്കുന്നത് അവരുടെ ജാതിയല്ല, മതമല്ല, ഉപവിഭാഗവുമല്ല. അവർക്ക് ആശയങ്ങളുണ്ടോയെന്നുള്ളതാണ് നമ്മൾ അവരോട് ചോദിക്കുന്നത്. അവർക്ക് ആശയങ്ങളുണ്ടെങ്കിൽ ഗവൺമെന്റ്തന്നെ തയ്യാറെടുത്ത് നടത്തുന്ന ഇങ്ക്യൂബേറ്റേഴ്സിലൂടെ അവരുടെ സ്റ്റാർട്ട് അപ്പ് കമ്പനികൾ തുടങ്ങി അവർ ജോലിയുള്ള ആളുകളായി മാറുന്നുവെന്നു മാത്രമല്ല, ജോലി കയ്യിലുള്ള ആളുകളായി, മറ്റു ചെറുപ്പക്കാർക്ക് ജോലി നൽകാൻ കഴിവുള്ള ആളുകളായി, ജോബ് ഹോൾഡേഴ്സായി നമ്മുടെ ചെറുപ്പക്കാർ മാറുമ്പോൾ പുതിയ സംരംഭങ്ങളിലൂടെ മാത്രമേ നമുക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. തൊഴിലില്ലായ്മ എന്ന പ്രശ്നത്തെ നമ്മൾ അഡ്രസ്സ്

ചെയ്യേണ്ടത് രണ്ടു കോണിൽ നിന്നാണ്. ഒന്ന്, അവരുടെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കണം. തൊഴിലില്ലാത്തതുമാത്രമല്ല പ്രശ്നം, ഉള്ള തൊഴിലിലേയ്ക്ക് ഫിറ്റായ ആളുകൾ ഇല്ലാത്തതും പ്രശ്നമാണ്. തൊഴിലില്ലാത്ത ആളുകളുടെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കാൻ ASAP (Additional Skill Acquisition Programme) പോലുള്ള സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാമുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നു. രണ്ടാമത്തെ കാര്യം, ഗവൺമെന്റ് പ്രൊവൈഡ് ചെയ്യുന്ന ജോലികൾ മാത്രമല്ല ജോലിസാധ്യത. പി.എസ്.സി. സർവ്വീസും ഗവൺമെന്റ് സർവ്വീസും മാത്രമല്ല ജോലി സാധ്യത. അവിടെ വേറെ സംരംഭങ്ങളുണ്ടാകണം. അതിലേയ്ക്ക് ഈടില്ലാതെ 20 ലക്ഷം രൂപ വരെ നമ്മുടെ ഗവൺമെന്റ് പലിശരഹിത വായ്പയായി കൊടുക്കുന്നു. യുവജന കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട അജണ്ട യായി, നമ്മുടെ ചെറുപ്പക്കാരിൽ സംരംഭകരെ ഉണ്ടാക്കിയെടുക്കണമെന്ന കാര്യത്തിൽ ഒരു കോംപ്രമൈസ് ഇല്ലാത്ത അജണ്ടയായി യുവജന കമ്മീഷൻ ഏറ്റെടുക്കേണ്ടതാണ്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ ഫ്രെസ്സ്ട്രേറ്റഡാണ്. അവരുടെ അസ്വസ്ഥതകൾക്ക് പലതരത്തിലുള്ള കാരണങ്ങളുണ്ട്. അഴിമതി യുൾപ്പെടെയുള്ള കാര്യങ്ങൾ അതിനകത്ത് ഏറ്റവും പ്രധാനമായി വരുന്നു. ഒരു കാര്യം നമ്മളെല്ലാപേരും ചിന്തിക്കേണ്ടതും സമൂഹം മൊത്തത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്. അഴിമതി തുടങ്ങുന്നതും അവസാനിക്കുന്നതും രാഷ്ട്രീയ ക്കാരനിൽ നിന്നാണെന്ന പ്രചരണത്തിലേയ്ക്ക് കാര്യങ്ങൾ മാറിപ്പോകു ന്നുണ്ട്. അത് ശരിയാണോയെന്ന് ഓർക്കണം. ഒരു കുഞ്ഞിനേയുംകൊണ്ട് ബസ്സിൽ യാത്ര ചെയ്യുമ്പോൾ 5 വയസ്സായ കുഞ്ഞിന്റെ മുഖത്തുനോക്കി എന്റെ കുഞ്ഞിന് 3 വയസ്സേ ആയിട്ടുള്ളൂ അതുകൊണ്ട് ടിക്കറ്റ് വേണ്ട

അല്ലെങ്കിൽ ഹാഫ് ടിക്കറ്റ് മതി എന്നുപറയുന്ന രക്ഷിതാവും സിനിമയ്ക്ക് ടിക്കറ്റെടുക്കുമ്പോൾപ്പോലും ഈയൊരു സമീപനം വച്ചുപുലർത്തുന്ന സാധാരണക്കാരനും അറിഞ്ഞോ അറിയാതെയോ ഇതിന്റെയൊരു ഭാഗമായി മാറുകയാണ്. അവിടെ നമ്മുടെ ചെറുപ്പക്കാരെ രാജ്യത്ത്യന്റെ ടോട്ടൽ ഡവലപ്മെന്റിനുവേണ്ടി, പ്രോഗ്രസ്സിനുവേണ്ടി ഉപയോഗപ്പെടുത്തുമ്പോൾ, അവരോട് പൊതു പ്രവർത്തനത്തിന്റെ ഭാഗമാകാൻ അഭ്യർത്ഥിക്കുമ്പോൾ, അവരോടും പൊതു സമൂഹത്തോടും നമുക്ക് കമ്മ്യൂണിക്കേറ്റ് ചെയ്യേണ്ട കാര്യം അഴിമതി തുടങ്ങുന്നതും അവസാനിക്കുന്നതും രാഷ്ട്രീയക്കാരിൽനിന്നല്ല എന്നുള്ളതാണ്. അത് സമൂഹത്തിനെ മൊത്തം ബാധിക്കുന്ന ഒരു പ്രശ്നമാണ്. അക്കാര്യത്തിൽ ഒരു കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാൻ ചുറ്റുപാടും എന്തു നടക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ച് മിനിമം നോളഡ്ജെങ്കിലുമുള്ള ആളുകളായി നമ്മുടെ ചെറുപ്പക്കാരെ നമുക്ക് മാറ്റിയെടുക്കേണ്ടിവരും. ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം കൃഷിയിലേയ്ക്ക് നമ്മുടെ ചെറുപ്പക്കാരെ ആകർഷിക്കുന്ന കാര്യമാണ്. അത് വളരെ സുപ്രധാനമാണ്. എന്റർപ്രെണേഴ്സ് എന്നു പറയുന്നതുപോലെ നമ്മുടെ ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രിയിൽ അഗ്രിപ്രെണേഴ്സ് എന്നൊരു പുതിയ വാക്ക് ഇപ്പോൾ പ്രചരണത്തിലുണ്ട്. നമ്മുടെ കാർഷിക മേഖലയിലെ ചെറുപ്പക്കാരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാൻ വ്യക്തമായ നടപടികളെടുത്തേതീരു. നമ്മുടേത് ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. അരിയും പച്ചക്കറിയും ഉൾപ്പെടെ എല്ലാ ഭക്ഷ്യപദാർത്ഥങ്ങളും നമ്മൾ പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്നു. നമുക്കുള്ള ഉത്പന്നങ്ങളുടെ പ്രോസസ്സിംഗിലും നമ്മൾ വളരെ പുറകിലാണ്. ഡയറി പ്രോഡക്ടിന്റെ കുറച്ചു പ്രോസസ്സിംഗ് നടക്കുന്നതൊഴിച്ചുനിറുത്തിയാൽ മറ്റൊരു മേഖലയിലും കാര്യമായ പ്രോസസ്സിംഗ് നടക്കു

ന്നില്ല. ശ്രീലങ്കയിൽ തെങ്ങിൽ നിന്ന് മാത്രം ഏകദേശം 121 ഉല്പന്നങ്ങൾ സൃഷ്ടിക്കുന്നുവെന്നാണ് പറയുന്നത്. ഇവിടെ തെങ്ങിൽ നിന്നും ഏകദേശം 18-ഓളം ഉല്പന്നങ്ങൾ മാത്രമാണ് നമ്മുടെ പ്രോസസ്സിംഗ് ഇൻഡസ്ട്രി ഉല്പാദിപ്പിക്കുന്നത്. ഇത്രയും വിശാലമായ സാധ്യതയുള്ള ഒരു ഇൻഡസ്ട്രി ഇവിടെയുള്ളപ്പോൾ നമ്മുടെ ചെറുപ്പക്കാർ കൃഷിയിൽ നിന്നും അകന്നുപോകുന്നത് അവരോടും സമൂഹത്തോടും കാർഷിക മേഖലയോടും പ്രകൃതിയോടും നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ അനീതിയാകും. അത്തരം അവസരങ്ങളെ തുറന്നുകാണിക്കാൻ ഗവൺമെന്റ് നടപടിയെടുക്കണം. വികസിത രാജ്യങ്ങളിൽ ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രിയുടെ പ്രോസസ്സിം ഗിന്റെ റേറ്റ് എന്നുപറയുന്നത് 70 മുതൽ 80 ശതമാനമാണെങ്കിൽ നമ്മുടെ പല മേഖലകളിലും വെറും രണ്ടോ മൂന്നോ ശതമാനമാണ് പ്രോസസ്സിംഗ് നടക്കു ന്നത്. എന്നാൽ നമുക്ക് ചുറ്റുപാടും ഒരുപാട് അവസരങ്ങൾ അത്തരം കാര്യ ങ്ങളിലുണ്ട്. അതിന്റെ ഇനിഷ്യേറ്റീവ് എടുക്കേണ്ടത് തീർച്ചയായും ഗവൺമെന്റ് തന്നെയാണ്. കായികാദ്ധ്വാനവുമായി ബന്ധപ്പെട്ട് ഈ അടുത്ത കാലത്ത് ശ്രീ. കെ. വേണു എഴുതിയ ലേഖനത്തിൽ വായിച്ച ഒരു കാര്യം നമ്മളെ അത്ഭുതപ്പെടുത്തുന്നതാണ്. തീവ്രവാദത്തിലേയ്ക്ക് ചെറുപ്പക്കാർ പോകുന്നു, മാവോയിസ്റ്റുകളായി ചെറുപ്പക്കാർ മാറുന്നുവെന്നൊക്കെ നമ്മൾ പറയുന്നു. കുറച്ച് ആളുകൾ അതിലേയ്ക്ക് പോകുന്നുവെന്നുള്ളത് വസ്തുത യാണ്. പക്ഷെ വേറെ കുറേ ആളുകളെ അതിനുപോലും കിട്ടുന്നില്ല എന്നത് കായികാദ്ധ്വാനം നടത്താൻ നമ്മുടെ നാട്ടിലെ ചെറുപ്പക്കാരിൽ പലരും തയ്യാറല്ല എന്നുള്ളതാണ് ഒരു പ്രത്യേക നിരീക്ഷണമായി കാണുന്നത്. മദ്യപാനം നമ്മുടെ ചെറുപ്പക്കാരുടെയിടയിൽ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്.

ഓരോ വർഷവും റെക്കോർഡ് ഭേദിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുന്നതിനിട യിൽ മൊത്തം മദ്യ ഉപയോഗത്തിന്റെ കാര്യത്തിൽ ഒരു കുറവു വരുത്താൻകഴിഞ്ഞ ഈ ഗവൺമെന്റിന്റെ നടപടികളേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാരണം, കഴിഞ്ഞ വർഷങ്ങളിലെല്ലാം സാധാരണ നമ്മൾ കേൾക്കാറുള്ളത് കഴിഞ്ഞ വർഷത്തെക്കാൾ ഇത്ര കോടി അധിക മായി, ഈ വർഷം ആ റെക്കോർഡ് ഭേദിച്ചു, ഒരു തവണ ചാലക്കുടി, ഒരു തവണ തിരൂർ എന്നുപറഞ്ഞ് റെക്കോർഡുകളുടെ കണക്കാണ് വ്യക്തമാക്കാ റുള്ളതെങ്കിൽ ഇപ്രാവശ്യം അക്കാര്യത്തിൽ ചെറിയ രീതിയിലെങ്കിലും കുറവു വരുത്താൻ നമുക്ക് കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. പണ്ടുകാലത്ത് ആളുകൾ പുകവലി ഒരു ഫാഷനായി കരുതി സമൂഹത്തിൽ നമുക്ക് ചുറ്റും നിന്ന് പുകവലിച്ചിരുന്നു. എന്നാൽ ഇന്ന് പൊതുസ്ഥലങ്ങളിൽ പുകവലി ഒരു പരിധിവരെ കുറവു വരുത്താൻ സാധിച്ചിട്ടുണ്ട്. ‘കഞ്ചാവ് പുകയരുത് മക്കളേ’ എന്നുപറഞ്ഞ് നമ്മുടെ മലയാള മനോരമ ഒരു പരമ്പര നടത്തുക യാണ്. ഇന്ന് നമ്മുടെ സ്കൂളുകളിൽ പോലും കഞ്ചാവ് അവയിലബിളാകുന്ന സാഹചര്യമാണ്. ഇതൊക്കെ നിയമനിർമ്മാണം കൊണ്ടുമാത്രം തടയാൻ കഴിയുന്ന കാര്യമല്ല. ജാഗ്രതയോടുകൂടിയുള്ള സമീപനം നമ്മുടെ യുവജന സമൂഹത്തിന്റെ മൊത്തത്തിലുള്ള ഭാഗത്തുനിന്നും ഉണ്ടാകണമെങ്കിൽ അതിന നുസരിച്ച് അവരെക്കൂടി വിശ്വാസത്തിലെടുത്ത് അവരെ ചേർത്തുനിറുത്തി മുന്നോട്ടു പോകുന്നതരത്തിൽ ഈ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ മാറ്റിയെടുക്കണം. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്കിടയിൽ കായിക രംഗത്ത് ഇഷ്ടംപോലെ പ്രതിഭകളുണ്ട്. മരിയൻ ജോൺസിന്റെ 16 വയസിൽ അവരുടെ ടൈമിംഗും പി.ടി. ഉഷയുടെ

ടൈമിംഗും വച്ചുനോക്കുമ്പോൾ പി.ടി. ഉഷയുടേതായിരുന്നു ബെറ്റർ എന്നുള്ളത് ചരിത്രം രേഖപ്പെടുത്തും.

ശ്രീ. ആർ. രാജേഷ്: സർ, 16-ാം വയസ്സിൽ ഇന്ത്യൻ ക്രിക്കറ്റിൽ വന്നയാളാണ് സച്ചിൻ. ലയണൽ മെസ്സി ഇന്ന് ലോകത്തിലെ ഏറ്റവും പ്രശസ്തനായ ഫുട്ബോൾ താരമാണ്. ആറാമത്തെ വയസ്സിൽ കാലിന് രോഗം ബാധിച്ച ലയണൽ മെസ്സി ബാഴ്സലോണയുടെ യൂത്ത് അക്കാഡമിയിലൂടെയാണ് ലോകത്തെ വലിയ പ്രതിഭയായി വളർന്നത്. കൗമാരത്തിൽത്തന്നെ പ്രതിഭകളെ കണ്ടുപിടിച്ച് വളർത്തിക്കൊണ്ടുവന്നാലേ പ്രശസ്തരായ കായിക താരങ്ങളായി മാറ്റാൻ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനത്തുനിന്ന് ഭാവിയിൽ ഒളിമ്പിക്സിനെ പ്രതിനിധാനം ചെയ്യേണ്ട കായിക താരങ്ങൾക്ക് ഇപ്പോൾ റാഞ്ചിയിലേക്കുപോകാനാവശ്യമായ സൗകര്യങ്ങൾപോലും ഈ ഗവൺമെന്റ് ചെയ്തുകൊടുത്തില്ല. ഇങ്ങനെയാണ് കായിക താരങ്ങളോട് ഗവൺമെന്റ് പെരുമാറുന്നതെങ്കിൽ എങ്ങനെയാണ് കായിക മേഖലയിലേക്ക് ചെറുപ്പക്കാർ കടന്നുവരുന്നത്; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, തീർച്ചയായും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ അക്കാര്യത്തിൽ ഇടപെട്ടത് പത്രത്തിൽ വാർത്തയായില്ലെങ്കിലും അതിൽ ഇടപെട്ടില്ലെന്നുള്ള കുറ്റബോധം എനിക്കില്ല. അക്കാര്യത്തിൽ ചെറുതായിട്ടെങ്കിലും ഇടപെടൽ നടത്താൻ ശ്രമിച്ചിട്ടുള്ള ഒരാളാണ് ഞാൻ. ഞാൻ അക്കാര്യത്തിലേക്കാണ് വരുന്നത്.

മി. ചെയർമാൻ: അങ്ങേയ്ക്ക് ഇനി എത്ര മിനിട്ടുകൂടി വേണം; മൂന്ന് മിനിട്ടുകൂടി മതിയാവുമല്ലോ.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞങ്ങളുടെ പ്രതിനിധിയായാണ് അങ്ങ് ആ ചെയറിൽ ഇരിക്കുന്നത്. യുവജന നയം ചർച്ച ചെയ്യുമ്പോൾത്തന്നെ അങ്ങ് എന്നോട് സമയം ചോദിക്കരുത്. ഞാൻ അവസാനിപ്പിക്കാം. ഇവിടെ ശ്രീ.ആർ. രാജേഷ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യംതന്നെയാണ്. ഞാൻ അക്കാര്യത്തിലേക്കാണ് കടന്നുവരുന്നത്. നമ്മുടെ കുട്ടികൾക്ക് എല്ലാ വർഷവും ഇത്തരത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കാൻ പോകണമെന്ന് നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ 17 വർഷമായി നമ്മുടെ സംസ്ഥാനമാണ് ഇന്ത്യാ രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തുന്നതെന്ന് നമുക്കെല്ലാവർക്കും ബോധ്യമുണ്ട്. അവരുടെ റിസർവ്വേഷനുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾപോലും എല്ലാ വർഷങ്ങളിലും ഇങ്ങനെ ആവർത്തിച്ചുവരുന്നത് അവരോട് ചെയ്യുന്ന വലിയൊരു അനീതിയാണ്. വളരെ സാധാരണക്കാരായ കുട്ടികൾ, കൂലിപ്പണി എടുക്കുന്ന അച്ഛന്റെയും അമ്മയുടെയും മക്കളായ കുട്ടികളാണ് ഈ സമ്മാനങ്ങൾ മുഴുവനും നേടുന്നത്. ചിത്ര ഉൾപ്പെടെയുള്ള കുട്ടികളുടെ വീട്ടിലെ അവസ്ഥ നമുക്കെല്ലാവർക്കുമറിയാം. ആ കുട്ടിയുടെ വീട്ടിലേക്ക് റോഡുപോലുമുണ്ടായിരുന്നില്ല. അങ്ങനെയുള്ള കുട്ടിയാണ് തുടർച്ചയായി മൂന്നും നാലും സ്വർണ്ണ മെഡൽ നേടി ഒരു പരാതിയും പരിഭവവുമില്ലാതെ ചിരിച്ച മുഖവുമായി നമ്മുടെ മുന്നിൽ നിൽക്കുന്നത്. ഈയൊരു സംഭവം അവസാനത്തേതാക്കി മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായേ പറ്റൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, കുട്ടികൾ പോകുന്നതിനെക്കുറിച്ചാണ് അങ്ങിവിടെ പറഞ്ഞത്. സ്പോർട്സുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അസോസിയേഷനുകളാണ് ചെയ്യേണ്ടത്. പലപ്പോഴും ഇത്തരം കാര്യങ്ങളൊന്നും അസോസിയേഷനുകൾ ഗവൺമെന്റിനെ അറിയിക്കാറില്ല.

പലപ്പോഴും പത്രങ്ങളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും അറിഞ്ഞാണ് ഗവൺമെന്റ് ഇടപെടുന്നത്. ഇവിടെയും സംഭവിച്ചത് അതാണെന്ന് എനിക്ക് തോന്നുന്നു. ഇവർക്ക് റിസർവ്വേഷൻ ലഭിച്ചില്ലെങ്കിൽ അക്കാര്യം ഗവൺമെന്റിനെ അറിയിക്കേണ്ടതായിരുന്നു. ഗവൺമെന്റ് ഇടപെടുമായിരുന്നു. പലപ്പോഴും അത് ചെയ്യാത്തത് നമ്മുടെ അസോസിയേഷനുകളാണെന്നത് എന്റെ അനുഭവത്തിൽ നിന്ന് പറയുകയാണ്. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, നമ്മുടെ അസോസിയേഷനുകളിൽ പലതിന്റെയും തലപ്പത്തിരിക്കുന്ന ആളുകൾ ആ ഗെയിം എന്താണെന്ന് അറിയാത്തവരാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന് നേരിട്ട് ഇടപെടലുകൾ നടത്താവുന്നതാണ്. ഇവിടെ വിദ്യാഭ്യാസ വകുപ്പാണ് വിദ്യാർത്ഥികളെ സ്പോർട്സിനും സ്കൂൾ മീറ്റിനും കൊണ്ടുപോകുന്നത്. അസോസിയേഷനും വകുപ്പും തമ്മിലുള്ള കോ-ഓർഡിനേഷൻ മെച്ചപ്പെടുത്തണം. അതുകൊണ്ടുതന്നെ അവർക്കുവേണ്ടി, ഈ സഭയിൽത്തന്നെ മുമ്പ് ചർച്ച ചെയ്ത് കേട്ടിട്ടുള്ളതുപോലെ, സ്പോർട്സ് വകുപ്പിന് എന്തുകൊണ്ട് രണ്ടുബോഗി ലീസിന് എടുത്തുകൂടാ? നല്ല സൗകര്യങ്ങളുള്ള ഒന്നോ രണ്ടോ ബോഗി സ്പോർട്സ് വകുപ്പ് ലീസിനെടുത്തശേഷം കായിക മേളകൾ വരുന്ന സമയത്ത് ഓടുന്ന ട്രെയിനിൽ ഇതുകൂടി അറ്റാച്ച് ചെയ്യുന്നതിനുവേണ്ടിയുള്ള പെർമിഷനുവേണ്ടി എഴുതിക്കൊടുത്താൽ ആ ബോഗികളിൽ നമ്മുടെ കുട്ടികൾക്ക് സുഖമായി പോയിട്ടുവരാവുന്നതേയുള്ളൂ. വേണമെന്നുവച്ചാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാവുന്നതേയുള്ളൂ. അക്കാര്യത്തിൽ ഈ സമ്മേളനത്തിൽത്തന്നെ വ്യക്തമായ ഒരു തീരുമാനമുണ്ടാകണമെന്നുള്ളതാണ് എന്റെ വിനീതമായ അഭ്യർത്ഥന. എന്തിനാണ് 120 കുട്ടികൾ

സഞ്ചരിക്കുമ്പോൾ 20 കുട്ടികൾക്ക് റിസർവ്വേഷനും ബാക്കി 100 പേർക്ക്........, ഞാണിന്മേൽക്കളിപോലെ റാഞ്ചി വരെ പോയി തിരിച്ചുവരുമ്പോഴും അവരുടെ കയ്യിൽ മുഴുവനും സ്വർണ്ണമാണ്. 17 വർഷമായി സംസ്ഥാനത്തെ കുട്ടികൾ ഒന്നാം സ്ഥാനത്തെത്തുന്നു. ഇത്തവണ അവർ റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ അവരെ സ്വീകരിക്കാൻവേണ്ടി ഞാൻ പോയില്ല. വേറൊന്നും കൊണ്ടല്ല, എല്ലാ വർഷവും അവർ പോയിവരുമ്പോൾ ഞങ്ങളെപ്പോലെയുള്ള ആളുകൾ അവരെ സ്വീകരിക്കാൻവേണ്ടി റെയിൽവേ സ്റ്റേഷനിൽ പോകാറുണ്ട്. അവർക്ക് മാലയിടുന്ന ഞങ്ങളുടെ ഫോട്ടോ അവരോടൊപ്പം പത്രത്തിലും ദൃശ്യ മാധ്യമങ്ങളിലും വരാറുണ്ട്. അവനവനോടുതന്നെ തോന്നിയ ഒരു അവജ്ഞയുടെ ഭാഗമായിട്ടാണ് ഇത്തവണ അവർ റെയിൽവേ സ്റ്റേഷനിൽ വന്നപ്പോൾ ഞാൻ സ്വീകരിക്കാൻ പോകാതിരുന്നത്. അക്കാര്യത്തിൽ വലിയ വേദനയുണ്ട്. അവർക്ക് പോയി വരാനുള്ള സൗകര്യമില്ല. ഇത് മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജാണ് – "*റാഞ്ചിയിൽ റേഞ്ച് പിടിച്ച് പാലക്കാട്*". (മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചു). ഈ ദേശീയ മീറ്റിൽ ഏറ്റവും കൂടുതൽ മെഡലുകൾ നേടിയ ജില്ല പാലക്കാടാണ്. ആ കുട്ടികൾക്ക് പരിശീലനത്തിന് ഒരു സിന്തറ്റിക് ട്രാക്ക് പാലക്കാടില്ല. കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി അവിടെ നിലനിൽക്കുന്ന ആവശ്യമാണ്. ഈ മേളയിലെ ഏറ്റവും നല്ല താരമായി തെരഞ്ഞെടുക്കപ്പെട്ട കുട്ടിക്ക് പ്രാക്ടീസ് ചെയ്യണമെങ്കിൽ കോയമ്പത്തൂർ പോകണം. അല്ലെങ്കിൽ എറണാകുളത്തേക്ക് വരണം. ഇതിനുവേണ്ടി കഴിഞ്ഞ കുറേ കാലങ്ങളായി ഞങ്ങൾ റിക്വസ്റ്റ് ചെയ്തു കൊണ്ടിരിക്കുകയാണ്. ഈ ബഡ്ജറ്റിലെങ്കിലും പാലക്കാടിന് ഒരു സിന്തറ്റിക്

ട്രാക്ക് അനുവദിച്ചുതരുന്ന കാര്യത്തിൽ തീരുമാനമാകണമെന്നുള്ളത് ഞങ്ങളുടെ ഒരു അഭ്യർത്ഥനയാണ്. ശ്രീ. ആർ. രാജേഷ് പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യംകൂടി പറഞ്ഞോട്ടെ. ആറാം വയസ്സിൽ കാലിന് അസുഖമായി അർജന്റീനയിൽ നിന്നും കുടിയേറിയ ഒരു കുട്ടിയിലെ പ്രതിഭയെ കണ്ടെത്തി ഇന്ന് ലോകമറിയുന്ന താരമായി വളർത്തിയ ബാഴ്സിലോണയുടെ ലയണൽ മെസ്സിയുടെ കഥ നമുക്കറിയാം. നമ്മുടെ നാട്ടിലും അതുപോലെയുള്ള പ്രതിഭകൾ ഇല്ലാഞ്ഞിട്ടാണോ. പോർച്ചുഗലിന്റെ വിശ്വവിഖ്യാതനായ നായകൻ ലൂയി ഫിഗോ ഗോവയിൽ ഒരു പരിപാടിയിൽ പങ്കെടുക്കുന്നതിനുവേണ്ടി വന്നപ്പോൾ പറഞ്ഞത്, I want to see the Football Nurseries, എനിക്ക് ഇവിടത്തെ ഫുട്ബോൾ നഴ്സറി കാണണമെന്നാണ്. അപ്പോൾ നമ്മുടെ അസോസിയേഷനിലെ ആളുകൾ പറഞ്ഞത് ഇവിടെ ഗവൺമെന്റ് നടത്തുന്ന അത്തരം നഴ്സറികളില്ല, ഇവിടെ പ്രൊഫഷണൽ ക്ലബ്ബുകൾ നടത്തുന്ന അത്തരം നഴ്സറികളില്ല എന്നാണ്. ഇതുകേട്ടപ്പോൾ അദ്ദേഹം അത്ഭുതത്തോടെ ചോദിച്ചത് ഇന്ത്യ പോലെയുള്ള 120 കോടി ജനങ്ങൾ ജീവിക്കുന്ന ഒരു രാജ്യത്ത് ഫുട്ബോൾ നഴ്സറികൾ നടത്തുന്നി ല്ലെങ്കിൽ പിന്നെ എങ്ങനെയാണ് പ്രതിഭകളെ വാർത്തെടുക്കുന്നത് എന്നാണ്. കോഴിക്കോട് ആസ്ഥാനമാക്കി ഫുട്ബോളിനോട് താൽപ്പര്യമുള്ള ഒരുപറ്റം ആളുകൾ നടത്തിക്കൊണ്ടിരിക്കുന്ന സെഫ്റ്റ് എന്നുപറയുന്ന ഒരു നഴ്സറിയെ സംബന്ധിച്ച് ഞാൻ ഈ അസംബ്ലിയിൽ സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. എ. പ്രദീപ് കുമാറിന് അതിന്റെ കാര്യങ്ങളെക്കുറിച്ച് അറിയാവുന്നതാണ്. അവരുടെ സ്വന്തം ഇനിഷ്യേറ്റീവ് കൊണ്ടും സന്മനസ്സുള്ള ആളുകളിൽ നിന്നും പണം പിരിച്ചും അവർ ചെറിയ പ്രായത്തിലേതന്നെ കുട്ടികളെ വളർത്തി

എടുക്കുകയാണ്. കഴിവുള്ള കുട്ടികളെ വളർത്തിയെടുക്കേണ്ട സമയത്ത് അത് ചെയ്യാതെ ഇന്ത്യ ഫുഡ്ബോൾ ലോകകപ്പ് കളിക്കുന്നത് എന്നാണെന്ന് ചോദിച്ചിട്ട് കാര്യമുണ്ടോ? അതുകൊണ്ട് ഗവൺമെന്റ് അത്തരം നഴ്സറികൾ തുടങ്ങാൻ തയ്യാറാകണം. ശ്രീ. ആർ. രാജേഷ് പറഞ്ഞ കാര്യം വളരെ ശരിയാണ്. ഏറ്റവും ചെറിയ പ്രായത്തിലാണ് പ്രതിഭകളെ കണ്ടെത്തേണ്ടത്. ആ പ്രായംതൊട്ട് അവരുടെ ഭക്ഷണ ക്രമത്തിൽ, ജീവിത രീതിയിൽ, അവർക്ക് നൽകുന്ന ട്രെയിനിംഗിൽ തുടങ്ങിയ എല്ലാത്തിലും പ്രൊഫഷണലായിട്ടുള്ള ട്രെയിനിംഗ് കൊടുത്തെങ്കിൽ മാത്രമേ നമുക്ക് ഇത്തരം കാര്യങ്ങളുമായി മുന്നോട്ട് പോകാൻ സാധിക്കൂ.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സാധാരണ കുട്ടികളുടെ ബുദ്ധിമുട്ടുകളെ ക്കുറിച്ച് അങ്ങിവിടെ ചൂണ്ടിക്കാണിച്ചു. വളരെ പ്രസക്തമായ കാര്യങ്ങളാണ് ഈ ബില്ലിന്റെ ഭാഗമായി ചർച്ച ചെയ്യുന്നത്. അതോടൊപ്പംതന്നെ ബഹുമാന പ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഒരു കാര്യം, നമ്മുടെ സംസ്ഥാനത്തുനിന്നുള്ള മാനസിക വൈകല്യമുള്ള കുട്ടികളെ സ്പെഷ്യൽ സ്കൂൾ ഒളിമ്പിക്സിൽ പങ്കെടുക്കുന്നതിനായി ഇപ്രാവശ്യം ആസ്ത്രേലിയ യിൽ കൊണ്ടുപോകുകയുണ്ടായി. കഴിഞ്ഞ വർഷവും അവർ അതുപോലെ തന്നെ സ്പെഷ്യൽ ഒളിമ്പിക്സിൽ പോയി. ഇന്ത്യക്ക് ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങൾ കേരളത്തിൽ നിന്നുള്ള കുട്ടികൾ നേടിക്കൊടുക്കുകയുണ്ടായി. ഗവൺമെന്റ് സാധ്യമായ പരിഗണന ഇവർക്ക് ചെയ്തുകൊടുത്തുവെന്ന കാര്യം ഞാൻ ഓർക്കുകയാണ്. മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയുമെല്ലാം ഇടപെട്ട് ഈ വർഷവും ആ കുട്ടികൾക്ക് യാത്ര ചെയ്യാനുള്ള പണം കൊടുത്തു. ഇപ്പോൾ അവർ തിരികെ വന്നപ്പോൾ മന്ത്രിസഭാ യോഗം അവരെ ക്യാഷ് അവാർഡുകൾ നൽകി അനുമോദിക്കുകയുണ്ടായി.

സാധാരണ കുട്ടികളെപ്പോലെ, ഒരു പക്ഷെ അതിനെക്കാൾ കൂടുതൽ പരിഗണിക്കപ്പെടേണ്ട മാനസിക വൈകല്യമുള്ള കുട്ടികൾ, അവരുടെ പ്രശ്നങ്ങൾക്കുവേണ്ടി........, ഒളിമ്പിക്സിൽ ജയിച്ചുവരുന്നുവെന്ന് പറഞ്ഞാൽ കേരളം കൊടുക്കുന്ന വരവേൽപ്പ് എത്ര വലുതാണ്. സ്പെഷ്യൽ സ്കൂൾ ഒളിമ്പിക്സ് വിജയിച്ചുവന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിൽ കുട്ടികളെ സ്വീകരിച്ചു. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ അവർക്കുള്ള സ്വീകരണം നടക്കുകയാണ്. അവരെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി മാനസിക വൈകല്യമുള്ള കുട്ടികൾക്ക് കായികമായ പ്രോത്സാഹനം കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സ്ഥിരം സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ടാകേണ്ടത് സത്യത്തിൽ നീതിപൂർവ്വമായി ചെയ്യേണ്ട ഒരു കാര്യമാണ്. ഇത് വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. ഈ വിഷയത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത കുട്ടികൾക്ക് കേന്ദ്ര ഗവൺമെന്റ് ഒരു ലക്ഷം രൂപയും സംസ്ഥാന ഗവൺമെന്റ് ഓരോരുത്തർക്കും 65,000 രൂപ വീതവും നൽകിയിരുന്നു. അതിനുപുറമേ കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ ഗോൾഡ് മെഡൽ നേടിയ കുട്ടികൾക്ക് 50,000 രൂപ വീതവും വെള്ളി മെഡൽ വാങ്ങിയ കുട്ടികൾക്ക് 30,000 രൂപ വീതവും വെങ്കല മെഡൽ നേടിയ കുട്ടികൾക്ക് 20,000 രൂപ വീതവും കോച്ചിനും മാനേജർക്കും 25,000 രൂപ വീതവും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ഓരോ വർഷവും ഇതിനുവേണ്ടി ആവശ്യം ഉന്നയിക്കുകയും അതിൽ ഗവൺമെന്റ് ഇടപെടുകയുമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് നല്ല കാര്യമാണ്. ഇതിനുവേണ്ടി

ഒരു സ്ഥിരം സംവിധാനം, മാനസിക വൈകല്യമുള്ള കേരളത്തിലെ കുട്ടികളുടെ പ്രോത്സാഹനത്തിനുവേണ്ടി, അവർക്ക് പ്രത്യേക പരിഗണന കൊടുക്കാൻവേണ്ടി, അവരെ പരിശീലിപ്പിക്കുവാൻവേണ്ടി ഒരു സ്ഥിരം സംവിധാനം നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കുന്നതിനെക്കുറിച്ച് ഗൗരവ മായി ആലോചിക്കേണ്ടതാണ്.

മി. ചെയർമാൻ: അടുത്ത പോയിന്റ് പറഞ്ഞുകൊണ്ട് കൺക്ലൂഡ് ചെയ്യണം. ഒരു ബില്ലുകൂടി ഇന്ന് പരിഗണിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, നാച്വറൽ ടാലന്റും ബോൺ ടാലന്റും ധാരാളമുള്ള സംസ്ഥാനമാണിത്. കുട്ടികളുടെ പ്രതിഭകൊണ്ട് അവർ ജയിച്ചു വരുന്നു. അവർ വിജയിച്ചുവരുമ്പോൾ നേരത്തേ പറഞ്ഞതുപോലെയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. പക്ഷെ ഒരു പ്രൊഫഷണലായി അവരെ മാറ്റിയെടുക്കാൻ, 120 കോടി ജനങ്ങളുള്ള ഒരു രാജ്യത്തുനിന്ന് ഒരു ഒളിമ്പിക്സ് സ്വർണ്ണ മെഡൽ ജേതാവിനെ കാണാൻ നമ്മൾ എത്രകാലമായി കാത്തിരിക്കുന്നു? നമ്മുടെ നൂറിലൊന്ന് വലുപ്പമില്ലാത്ത രാജ്യങ്ങൾ, ഉസൈൻ ബോൾട്ടിന്റെ രാജ്യം – ഇന്ത്യയുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ചെറിയ രാജ്യമാണത്. വളരെ ചെറിയ രാജ്യത്തുനിന്ന് അത്തരം പ്രതിഭകൾ ഉണ്ടാവുകയാണ്. അതിന്റെ അർത്ഥം നമ്മുടെ കായിക രംഗത്തെ ഭരണം പ്രൊഫഷണലായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല എന്നതാണ്. യുവജന നയത്തിന്റെ ഭാഗമായി ചെറുപ്പക്കാർ തീവ്രവാദത്തി ലേക്ക് പോകരുത്, മദ്യപാനികളാകരുത്, കഞ്ചാവ് ഉപയോഗിക്കരുത് എന്നുപറഞ്ഞ് ഉപദേശിക്കുന്നതിനുപകരം അവരുടെ പ്രതിഭകളെ കണ്ടെത്തി ആ പ്രതിഭകൾക്ക് തിളങ്ങാൻ അവസരമുണ്ടാക്കിക്കൊടുക്കുമ്പോഴാണ് ഇതിൽ നിന്നെല്ലാം അവർ അകന്നുനിൽക്കുന്നത്. അതിലൂടെ അവർക്ക്

ഓപ്പർച്ച്യൂണിറ്റീസ് ഉണ്ടാക്കിക്കൊടുക്കുമ്പോഴാണ് ഇതിൽ നിന്നും അവർ അകലം പാലിക്കുന്നത്. തീവ്രവാദ പ്രസ്ഥാനങ്ങളിലേക്കും മാവോയിസ്റ്റ് സംഘടനകളിലേക്കും ചെറുപ്പക്കാർ പോകുന്നതിനെ സംബന്ധിച്ച് നമുക്ക് ആശങ്കകളുണ്ടെങ്കിൽ അവരിലെ കായിക പ്രതിഭകളെ തിരിച്ചറിയണം, അവരിലെ സംരംഭകരെ തിരിച്ചറിയണം, അവർക്ക് അവസരങ്ങൾ ഒരുക്കി ക്കൊടുക്കണം, അവർ പഠനത്തോടൊപ്പം ജോലി ചെയ്യണം. ജോലി അന്വേഷിച്ചുനടക്കുന്ന ചെറുപ്പക്കാരായി അവർ കാലം കഴിക്കുന്നവരാവരുത്, അവർ ജോലി കൈയിലുള്ള ജോബ് ഹോൾഡേഴ്സായി നമ്മുടെ കാലഘട്ട ങ്ങളിൽ മാറണം. ലോകത്ത് ഏറ്റവും കൂടുതൽ ചെറുപ്പക്കാർ ജീവിക്കുന്ന രാജ്യം ലോകത്തെ വൻശക്തിയായി മാറാൻ പോകുമ്പോൾ അതിന് കരുത്ത് പകരേണ്ടത്.......

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. ഷാഫി പറമ്പിൽ ഇപ്പോൾ പറഞ്ഞത് സ്പോർട്സ് മേഖലയിലെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പി ക്കേണ്ടതിലെ അനിവാര്യതയെക്കുറിച്ചാണ്. യുവജന കമ്മീഷൻ ബില്ലാ ണല്ലോ നമ്മൾ ഇന്നിവിടെ ചർച്ച ചെയ്യുന്നത്. നമ്മുടെ സ്പോർട്സ് നയവും യുവജന നയവും ക്ലബ് ചെയ്ത് ഒരു നയമായി, സ്ഥിരം സംവിധാനം വേണ മെന്ന് ശ്രീ. മോൻസ് ജോസഫും പറഞ്ഞല്ലോ. അങ്ങനെ ക്ലബ് ചെയ്ത ഒരു നയം ഉണ്ടാകുമെങ്കിലല്ലേ ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളിലെല്ലാം ഫലപ്രദ മായ രീതിയിൽ മുന്നോട്ടുപോകാൻ കഴിയൂ. അതേക്കുറിച്ച് താങ്കളുടെ അഭി പ്രായമെന്താണ്?

ശ്രീ. ഷാഫി പറമ്പിൽ: സർ, നമുക്ക് എല്ലാവർക്കും ഈ കാര്യത്തിൽ ഒരേ അഭിപ്രായമാണ്. ഇത് കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്നും നന്നായി കൊണ്ടുനടക്കണമെന്നുമുള്ള ആഗ്രഹം നമുക്കെല്ലാവർക്കുമുണ്ട്. പക്ഷെ

അത് സാധ്യമാകുന്നില്ല. അത് സാധ്യമാകാത്തതിന് നമ്മൾ ആരെയാണ് കുറ്റം പറയേണ്ടത്? മാറിമാറി വരുന്ന നമ്മളെ സ്വയം കുറ്റപ്പെടുത്തിയാൽ മതിയോ അതോ പരസ്പരം കുറ്റപ്പെടുത്തി കാലം കഴിച്ചാൽ മതിയോ? സ്പോർട്സ് നിർബന്ധമായും ഗവൺമെന്റിന്റെ പ്രയോരിറ്റിയായേ പറ്റൂ. കായികരംഗം ഗവൺമെന്റിന്റെ മറ്റെല്ലാ മുൻഗണനാ ക്രമങ്ങളും കഴിഞ്ഞ് ഏറ്റവും താഴേത്തട്ടിൽ കിടക്കേണ്ട ഒരു പ്രയോരിറ്റിയല്ല. അതിനെ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഒരു അജണ്ടയായി ഇനിയെങ്കിലും മാറ്റിയേ പറ്റൂ. അത് പല പ്രശ്നങ്ങൾക്കുമുള്ള മരുന്നാണ്.

എല്ലാകാലത്തും ക്രോസ്സിൻ കഴിച്ചതുകൊണ്ടു മാത്രം നമ്മുടെ രോഗ ങ്ങൾക്ക് ശാന്തിയുണ്ടാകില്ല. ചില സമയത്ത് നമ്മൾ ആന്റി ബയോട്ടിക്സ് ഉപ യോഗിക്കേണ്ടി വരും. യുവാക്കളെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യുന്ന മറ്റ് പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുന്നത് ഇത്തരത്തിൽ പോസിറ്റീവായ സമീപനം കായികരംഗത്തും മറ്റു മേഖലകളിലും എടുക്കു മ്പോഴാണ്. ഇവിടെ എല്ലാവരും ശ്രീ. രാഹുൽ ഗാന്ധിയെപ്പറ്റി പറഞ്ഞ് ഏറെ അപഹസിക്കുന്നുണ്ട്. ഒറ്റ കാര്യം ഞാൻ ചോദിച്ചോട്ടെ. ഇന്ത്യൻ രാഷ്ട്രീയ ത്തിൽ ഇതുപോലെ എത്ര വിമർശനങ്ങൾ കേട്ടാലും ചെറുപ്പക്കാർക്കുവേണ്ടി ജാഗ്രതയോടെയുള്ള സമീപനം എന്നും എടുത്തിട്ടുള്ള, അവർക്ക് അവസരം കൊടുത്തിട്ടുള്ള മറ്റ് എത്ര നേതാക്കൻമാരുണ്ട്. ഞാൻ ഉൾപ്പെടെയുള്ള ആളു കൾക്ക് പാർട്ടിയുടെ ഭാഗമായി അസംബ്ലിയിലേക്ക് വരാനും ചെറുപ്പക്കാരെ ഭരണക്രമത്തിന്റെ ഭാഗമാക്കാനും അവരുടെ ശബ്ദം നിയമസഭകളിലും പാർലമെന്റിലും കേൾക്കുമെന്ന് ഉറപ്പുവരുത്താനും നിരന്തരം ശ്രമം നടത്തി ക്കൊണ്ടിരിക്കുമ്പോൾ രാഷ്ട്രീയമായി എന്ത് കുറ്റപ്പെടുത്തൽ നടത്തുമ്പോഴും ആ ഒരു ഇനിഷിയേറ്റീവിനെയെങ്കിലും ഇവിടുത്തെ ചെറുപ്പക്കാർ അഭിനന്ദി

ക്കേണ്ടതല്ലേ? ഒരേ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. ശ്രീ. സച്ചിൻ രമേഷ് ടെൻഡുൽക്കർ. നമ്മുടെ കായിക ലോകത്തിന് രാജ്യത്തിന് തന്നെ ഒരു അംബാസിഡറായി മാറിയിട്ടുള്ള അഭിമാനകരമായ നേട്ടങ്ങൾ ഉണ്ടാക്കി യിട്ടുള്ള ഒരു താരമാണെന്ന് ഇവിടെ പറഞ്ഞു. അദ്ദേഹത്തെ സംബന്ധിച്ചുള്ള പാഠഭാഗങ്ങൾ നമ്മുടെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം എന്ന അഭി പ്രായം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. എത്ര പ്രശസ്തിയിലേക്ക് ഉയർന്നു വരുമ്പോഴും എത്ര കോടികണക്കിന് രൂപ ഉണ്ടാകുമ്പോഴും ലോകം മുഴുവൻ ആരാധിക്കപ്പെടുമ്പോഴും രാജ്യസ്നേഹത്തിന്റെ കാര്യത്തിൽ ഒരു വിട്ടു വീഴ്ചയ്ക്കും ഇതുവരെ തയ്യാറായിട്ടില്ല. ഗെയിമിനോടുള്ള കമ്മിറ്റ്മെന്റിന്റെ കാര്യത്തിൽ. ഗെയിമിനോടുള്ള ഫോക്കസിന്റെ കാര്യത്തിൽ, കുടുംബത്തെ ഒപ്പം നിർത്തേണ്ട കാര്യത്തിൽ, ഗുരുവിനോടും മാതാവിനോടും പിതാവി നോടും സഹോദരനോടുപോലും ആ കരിയറിലുടനീളം കാണിച്ചിട്ടുള്ള മര്യാദ, കളിലോകത്തോട് വിടപറയുമ്പോൾ അദ്ദേഹം അവസാനം നടത്തിയ പ്രസംഗത്തിൽ പോലും നമ്മുടെ ചെറുപ്പക്കാർക്ക് പഠിക്കാൻ ഒരുപാട് കാര്യ ങ്ങളുണ്ട്. പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്ക് വരുമ്പോഴേയ്ക്കും കായിക താരങ്ങൾ ഉൾപ്പെടെയുള്ള ആളുകൾ പെട്ടന്ന് മറ്റ് മേഖലകളിലേക്ക് പോകുന്നതിന്റെ ഉദാഹരണങ്ങൾ നമ്മുടെ സംസ്ഥാനത്ത് തന്നെ ഉണ്ടെന്നി രിക്കെ ഇത്രയും നീണ്ട കരിയറിൽ ഒരു തവണപോലും ഇന്ത്യയുടെ ത്രിവർണ്ണ മുദ്രയില്ലാതെ ഹെൽമറ്റണിയാതെ ഈ ക്രീസിലേക്ക് വരില്ലെന്ന് തീരുമാനിച്ച രാജ്യസ്നേഹിയാണ് അദ്ദേഹം. കമിറ്റ്മെന്റ് എന്താണ് എന്ന് പഠിപ്പിക്കാൻ ഫോക്കസ് എന്താണെന്ന് പഠിപ്പിക്കാൻ കാശ്മീരിക്കും മലയാളിക്കും തമി ഴനും ഇന്ത്യാ രാജ്യത്തെ മുഴുവൻ ആളുകൾക്കും ഒരേ വികാരമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ നമ്മെ ഒരുമിച്ച് നിർത്താൻ സഹായച്ചിട്ടുള്ള പ്രതിഭ, ആ

പ്രതിഭയെ സംബന്ധിച്ച് നമ്മുടെ കുട്ടികൾ പഠിച്ചു വരേണ്ട സമയമാണ്. യുവജനകമ്മീഷൻ രൂപീകരിക്കാൻ എടുത്ത തീരുമാനം സംസ്ഥാനത്തെ നൂറ് ശതമാനം ചെറുപ്പക്കാരും പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. ചെറുപ്പക്കാർക്ക് ഒപ്പം നിന്ന് അവരുടെ വികാരങ്ങളെ പ്രതിഫലിപ്പിക്കുന്ന, അവർക്ക് അവസരങ്ങൾ ഉണ്ടാക്കികൊടുക്കുന്ന, രാജ്യത്തിന്റെ ഭാഗമാകുന്ന, രാജ്യസേവനത്തിന്റെ ഭാഗമായി സ്വയം മാറാൻ ആഗ്രഹിക്കുന്ന തരത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മാറ്റിയെടുക്കാൻ കഴിയുന്ന ഒരു ബില്ലായി ഇത് മാറട്ടെ എന്നാശംസിച്ച് ഈ ബിൽ കൊണ്ടു വരുന്ന പ്രിയപ്പെട്ട മന്ത്രിയെ ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാന യുവജന കമ്മീഷൻ ബിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ദേശീയ യുവജന കമ്മീഷൻ രാജ്യത്തെ യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി ശുപാർശ ചെയ്തതിൽ പ്രധാനപ്പെട്ട ഒരു ശുപാർശ എന്ന നിലയിലും ഇന്ത്യ ഒരു വികസിത രാഷ്ട്രമായി രൂപാന്തരപ്പെടുത്തുന്നതിന് യുവജന സമ്പത്ത് ഒരു അവിഭാജ്യ ഘടകമായതിനാലുമാണ് എന്നൊക്കെയാണ് ഇതിൽ പറയുന്നത്. പല ആളുകളും ഇതിൽ പങ്കെടുത്തുകൊണ്ട് പല പ്രധാനകാര്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ രാജ്യം ഒരു വികസിത രാജ്യമായി വളരണമെങ്കിൽ ഇന്നത്തെ നിലയിൽ മാത്രം പോയാൽ മതിയോ എന്ന് ചിന്തിക്കേണ്ടതാണ്. ലോകത്തിലെ ഏറ്റവുമധികം ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് നമ്മുടെ രാജ്യം. ചൈന കഴിഞ്ഞാൽ ഏറ്റവുമ

ധികം ആളുകൾ ജീവിക്കുന്നത് ഇന്ത്യയിലാണ്. അതിൽ മഹാഭൂരിപക്ഷവും ചെറുപ്പക്കാരാണ്. കേന്ദ്ര ഗവൺമെന്റ് നമ്മുടെ രാജ്യം മുന്നോട്ട് കുതിക്കുകയാണ് എന്ന് അവകാശപ്പെടുന്നുണ്ട്. ചന്ദ്രനിലേക്ക് പോകുന്നു. ചൊവ്വ ഗ്രഹത്തിലേക്ക് നമ്മൾ പുറപ്പെട്ടിരിക്കുന്നു. അങ്ങനെ ഒരുപാട് നേട്ടങ്ങൾ നമ്മൾ കൈവരിച്ചു എന്ന് പറയുന്നു. സ്വാതന്ത്ര്യം കിട്ടി 65 വർഷത്തിലധികം കഴിഞ്ഞിരിക്കുകയാണ്. ഇന്ത്യയുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് ചോദിച്ചാൽ, നാം വികസിത രാജ്യമായി വളരാൻ ആഗ്രഹിക്കുന്നു എന്നത് നല്ല ഒരു കാര്യമാണ്. അതിൽ ആർക്കും വ്യത്യസ്ത അഭിപ്രായമുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. വികസിത രാജ്യമായി വളരാൻ ആഗ്രഹിക്കുമ്പോഴും നമ്മുടെ രാജ്യത്തിന്റെ സ്ഥിതി പരിശോധിച്ചാൽ 1971 ൽ ഇന്ത്യയുടെ സഹായത്തോടുകൂടി പാകിസ്ഥാന്റെ ആധിപത്യത്തിൽ നിന്ന് നമ്മൾ മോചിപ്പിച്ച രാജ്യമാണ് ബംഗ്ലാദേശ്. പക്ഷെ, സാമൂഹ്യ സമത്വത്തിന്റെ കാര്യത്തിൽ നമ്മൾ ബംഗ്ലാദേശിനെക്കാൾ വളരെ പുറകിലാണെന്നാണ് പുതിയ കണക്കുകൾ വെളിച്ചത്ത് കൊണ്ടു വന്നിരിക്കുന്നത്. അതുപോല തന്നെ സബ്സഹാറൻ ആഫ്രിക്കയ്ക്ക് പുറത്തുള്ള ഇന്ത്യ അടക്കമുള്ള ദരിദ്രമായ 16 രാജ്യങ്ങളുടെ സ്ഥിതി വിശേഷം തരതമ്യം ചെയ്ത് ഐക്യരാഷ്ട്ര സഭയുടെ പഠനം വെളിപ്പെടുത്തുന്ന കാര്യം, ആളോഹരി വരുമാനത്തിൽ ഇന്ത്യക്ക് ഒന്നാം സ്ഥാനം– 3203 ഡോളറുണ്ടെന്നാണ് അവകാശപ്പെടുന്നത്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ഒൻപതാമത്തെ രാജ്യമാണ് ഇന്ത്യ. ശിശുമരണ നിരക്കിൽ പത്താം സ്ഥാനവും സാനിട്ടേഷൻ സൗകര്യങ്ങളുടെ കാര്യത്തിൽ പതിമൂന്നാമതും സ്ത്രീ സാക്ഷരതയിൽ പതിനൊന്നാമതും പുരുഷൻമാരുടെ സാക്ഷരതയിൽ ഒൻപതാമതുമാണ്. പോഷകാഹാരക്കുറവ് മൂലം അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികൾ മരിക്കുന്നതിൽ പതിനഞ്ചാം സ്ഥാനത്താണ്. ഇതി

ലെല്ലാം തന്നെ നമ്മുടെ തൊട്ട് അയൽ രാജ്യമായ ബംഗ്ലാദേശ്, നേപ്പാൾ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളുടെയെല്ലാം പുറകിലാണ് നമ്മുടെ രാജ്യം. വികസിത രാജ്യമായി വളരാൻ വേണ്ടി ഒരു നിയമം കൊണ്ടു വരുന്നു. ഐക്യരാഷ്ട്ര സഭയുടെ കണക്കാണ് ഞാൻ ഇവിടെ പറഞ്ഞത്. ഈ കണക്ക് ഞാൻ വയ്ക്കുന്നത് ഗവൺമെന്റിനെ, രാജ്യത്തെ അപഹസിക്കാൻ വേണ്ടിയല്ല. നമ്മുടെ രാജ്യത്തിന്റെ സ്ഥിതി വിശേഷമാണ്. അരിമണിയൊന്ന് കൊറിക്കാനില്ല, തരിവളയിട്ട് കിലുക്കാൻ മോഹം എന്നു പറയുന്നതുപോലെ വികസിത രാജ്യമാകാൻ നമ്മൾ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ നമ്മുടെ സ്ഥിതി ഇതാണ്. നേരത്തെ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞു യുവജനങ്ങൾക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്ത ആളാണ് ശ്രീ. രാഹുൽ ഗാന്ധിയെന്ന്. ഇന്ന് കോൺഗ്രസ്സുകാരൊക്കെ പ്രതീക്ഷ അർപ്പിച്ചിരിക്കുന്നത് ശ്രീ. രാഹുൽ ഗാന്ധി യിലാണ്. രാജ്യത്തെ ജനങ്ങളുടെ കാര്യമല്ല ഞാൻ പറയുന്നത്. അതിന് കാരണം ശ്രീ. ഷാഫി പറഞ്ഞു. കോൺഗ്രസ്സിന്റെ ആളുകൾ എപ്പോഴും കാണുന്നത് അവർക്ക് എന്ത് നേട്ടം കിട്ടിയെന്നാണ്. ശ്രീ. ഷാഫിക്ക് നല്ല പരിഗ ണന കിട്ടി. അതുകൊണ്ട് നല്ല നേതാവാണ്. കോൺഗ്രസ്സിലെ ചെറുപ്പക്കാർക്ക് കിട്ടിയ പരിഗണന വച്ചുകൊണ്ടു മാത്രം ഒരു നേതാവിനെ നേതാവായി അംഗീ കരിക്കാൻ കഴിയില്ല. അദ്ദേഹത്തെ വ്യക്തിപരമായി പറയുന്നതല്ല. ആ ആറ്റി റ്റ്യൂഡിനെപ്പറ്റി പറയുന്നതാണ്. കോൺഗ്രസ്സിനകത്ത് ചെറുപ്പക്കാർക്ക് ധാരാളം അവസരം കിട്ടിയിരിക്കുന്നു. അവർക്ക് കൂടുതൽ സീറ്റ് കിട്ടണം. ഇതൊക്കെ പറയാൻ കാരണം ശ്രീ. ഉമ്മൻ ചാണ്ടി ഇപ്പോഴും ചെറുപ്പക്കാരനാ ണ്. കോൺഗ്രസ്സിന്റെ യുവജന നേതാവായി ഇപ്പോഴും പറയുന്നത് ശ്രീ. ഉമ്മൻ ചാണ്ടിയെയാണ്. അങ്ങനെയൊരു സ്ഥിതിവിശേഷത്തിൽ ശ്രീ. ഷാഫി യെപ്പോലുള്ള ആളുകൾ ശ്രീ. രാഹുൽ ഗാന്ധി ചെറുപ്പക്കാർക്ക് അവസരം

കൊടുക്കുന്നു എന്ന് പറയുമ്പോൾ അതിൽ ഊറ്റം കൊള്ളാം. പക്ഷെ അതല്ല പ്രശ്നം, 120 കോടി ജനങ്ങളുള്ള, ചെറുപ്പക്കാരായ ഇത്രയധികം ആളുകളുള്ള, മാനവ വിഭവശേഷിയുടെ കാര്യത്തിൽ വളരെ മുന്നിൽ നിൽക്കുന്ന നമ്മുടെ രാജ്യം ഒളിമ്പിക്സ് മെഡലിന്റെ കാര്യത്തിൽ എത്രാം സ്ഥാനത്താണ്? ഒളി മ്പിക്സ് ആരംഭിച്ച് പത്ത് ദിവസം കഴിയുമ്പോഴാണ് മെഡൽ നിലയിൽ നമ്മുടെ പേര് വരുന്നത്. ചിലപ്പോൾ പേര് കാണില്ല. നമ്മെക്കാളും ചെറിയ രാജ്യങ്ങൾ നമ്മുടെ ഒരു സംസ്ഥാനത്തിന്റെ അത്ര പോലും ജനസംഖ്യയി ല്ലാത്ത രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ അഞ്ചും പത്തും പതിനഞ്ചും സ്വർണ്ണമെഡൽ നേടിയെടുക്കുമ്പോൾ ഇന്ത്യ എന്തുകൊണ്ട് ഇത് നേടിയെടു ക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് സഖാവ് എം. വിജയകുമാർ ഇവിടെ സ്പോർട്സ് മന്ത്രിയായിരുന്ന സമയത്ത് ഒരു പഠന റിപ്പോർട്ട് നിയമ സഭയിൽ വയ്ക്കുകയുണ്ടായി. അതിൽ പറയുന്ന കാര്യം നമ്മുടെ വിദ്യർത്ഥി കളിൽ കേവലം പതിനൊന്ന് ശതമാനം കുട്ടികൾ മാത്രമാണ് ഫിസിക്കലി ഫിറ്റ്നസ് ഉള്ള കുട്ടികളെന്നാണ്. ബാക്കി 89 ശതമാനം കുട്ടികളും കായിക ക്ഷമതയുടെ കാര്യത്തിൽ വളരെ പിറകിലാണ്. ഇത് സൂചിപ്പിക്കുന്നത് എന്താണ്? ഒരു വികസിത രാഷ്ട്രത്തിലേക്കുള്ള മുന്നേറ്റമാണോ? ഇന്ത്യയുടെ കാര്യം മൊത്തത്തിൽ എടുത്തു പരിശോധിച്ചാൽ കേരളത്തെക്കാളും മോശമാ യിരിക്കും. കേരളം പോഷകാഹാരത്തിന്റെ കാര്യത്തിലും സ്പോർട്സിന്റെ കാര്യത്തിലും ശിശുമരണത്തിന്റെ കാര്യത്തിലും ലോകത്തിന്റെ പല രാജ്യങ്ങ ളുമായി കിടപിടിക്കുന്ന ഒരു സാമൂഹ്യ സ്ഥിതി വിശേഷമുള്ള സംസ്ഥാ നമാണ്. ആ സംസ്ഥാനത്തുപോലും കായിക ക്ഷമതയുടെ കാര്യത്തിൽ ഇരു പത് ശതമാനത്തിൽ താഴെയാണ് നമ്മുടെ കുട്ടികളുടെ സ്ഥിതി എന്നു പറ ഞ്ഞാൽ മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി എന്താകും. പച്ചമരം നിന്നു കത്തു

മ്പോൾ ഉണക്കമരത്തിന്റെ സ്ഥിതി എന്താകും എന്ന് പറഞ്ഞതുപോലെ. മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതി ഇതിനെക്കാളും മോശമാണ്. നമ്മുടെ രാജ്യത്തിന്റെ സ്ഥിതി ഇതാണ്. ഇവിടെ നിന്നുകൊണ്ടുവേണം തുടങ്ങാൻ. പക്ഷെ ഇവിടെ നമ്മൾ ആ കാര്യങ്ങൾ അഡ്രസ്സ് ചെയ്യാൻ തയ്യാറല്ല. നേരത്തെ സ്പോർട്സ് മന്ത്രിയായിരുന്ന അദ്ദേഹം സൂചിപ്പിച്ചത് അവിടെ കായിക താരങ്ങൾക്ക് ടിക്കറ്റ് റിസർവ് ചെയ്യാൻ സമ്മതിക്കാത്തത് അസോസിയേഷൻകാരാണെന്നാണ്. സത്യത്തിൽ അതാണോ കാര്യം. ഗവൺമെന്റിന്റെ നയം എന്താണ്. നമ്മുടെ സ്കൂളുകളിൽ നല്ല ഒരു ഗ്രൗണ്ടുണ്ടോ; അവിടെ പഠിപ്പിക്കാൻ കായികാദ്ധ്യാപകരുണ്ടോ; നല്ല മൂത്രപ്പുരയുണ്ടോ? സർഗ്ഗതാത്മകതയെക്കുറിച്ച് പറയുന്നുണ്ട്. ഉദ്ദേശകാര്യത്തിനകത്ത് പറയുന്നു, യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നതനിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഒരു പാട്ട് പഠിപ്പിക്കാൻ ടീച്ചറുണ്ടോ; എവിടെയെങ്കിലും ഒരു നല്ല പാട്ട് ടീച്ചറെ വച്ചിട്ടുണ്ടോ? പണ്ട് അതുണ്ടായിരുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങ് നല്ല ഉദ്ദേശ്യത്തിലാണ് പറഞ്ഞത്, രാഷ്ട്രീയമൊന്നും മനസ്സിൽ വയ്ക്കാതെ നിഷ്ക്കളങ്കമായ വിമർശനമായാണ് ഞാനിതെടുക്കുന്നത്. അതിനെ ഞാൻ അംഗീകരിക്കുകയാണ്. പാട്ട് പഠിപ്പിക്കാൻ ടീച്ചറുണ്ടോ എന്ന് ചോദിക്കുമ്പോൾ കഴിഞ്ഞ അഞ്ചു കൊല്ലക്കാലവുമില്ലായിരുന്നു. 500 കുട്ടികൾക്ക് മുകളിലുണ്ടെങ്കിൽ മാത്രമേ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അദ്ധ്യാപക പാക്കേജ് നടപ്പിലാക്കി.

അതിന്റെ അടിസ്ഥാനത്തിൽ പാട്ടു പഠിപ്പിക്കുന്നവരുടെയും ചിത്രം വരപ്പിക്കുന്ന അദ്ധ്യാപകരുടെയും ഓട്ടം പഠിപ്പിക്കുന്ന അദ്ധ്യാപകരുടെയും ഒരു പൂൾ ഉണ്ടാക്കി. അമ്പതു കുട്ടികൾ പഠിക്കുന്ന സ്കൂളിലും ഇത്തരം അദ്ധ്യാപകരെ നിയമിക്കാനുള്ള സംവിധാനം ഈ ഗവൺമെന്റ് കൊണ്ടുവന്നുവെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇതാണ് കുഴപ്പം. പാക്കേജ്, പൂൾ എന്ന രീതിയിലുള്ള പരിപാടി നിർത്തണം. എല്ലാ കാര്യത്തിനും ഒരു പാക്കേജ്, കാര്യങ്ങൾ നടക്കേണ്ടേ. ഏട്ടിലെ പശു പുല്ല് തിന്നുമോ? ശ്രീ. പി. സി. വിഷ്ണുനാഥിന്റെ മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അദ്ധ്യാപകരുണ്ട്? 500 കുട്ടികൾക്ക് ഇത്ര ടീച്ചർ എന്ന പാക്കേജ് കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഇതൊക്കെ എവിടെയെങ്കിലും നടക്കുമോ? ഒരു ബിൽ ചർച്ച ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് പറയണം. പൊങ്ങച്ചം പറഞ്ഞിട്ട് കാര്യമുണ്ടോ? നമ്മുടെ നാട്ടിലെ സ്ഥിതിവിശേഷം ഇതാണ്. സത്യത്തിൽ ഗ്രേസ് മാർക്ക് എന്നുള്ള പരിപാടിയില്ലെങ്കിൽ യുവജനോത്സവത്തിന് കുട്ടികളെ കിട്ടുമോ? രക്ഷകർത്താക്കൾ കുട്ടികളെ അയയ്ക്കില്ല. ഗ്രേസ് മാർക്ക് കൊടുക്കേണ്ടെന്ന് സർക്കാർ തീരുമാനിച്ചാൽ യുവജനോത്സവങ്ങളൊക്കെ കെട്ടിപ്പൂട്ടേണ്ട സ്ഥിതി വരും. സ്പോർട്സിന്റെ കാര്യത്തിൽ അതല്ല സ്ഥിതി, ജൂഡോ പഠിപ്പിക്കുന്നുണ്ട്. ജൂഡോയ്ക്ക് കൂടി ഗ്രേസ് മാർക്ക് വന്നപ്പോൾ ജൂഡോയും വന്നു.

ശ്രീ. ജി. സുധാകരൻ: സർ, 54-ാം സ്കൂൾ കലോത്സവം ഇപ്പോൾ പാലക്കാട് നടക്കുകയാണ്. ജഡ്ജസ് വലിയ തോതിൽ പണം വാങ്ങിച്ചുകൊണ്ട് അതിഗുരുതരമായ അഴിമതിയാണ് നടത്തുന്നത്. ആലപ്പുഴയിലെ റവന്യൂ

ജില്ലാ കലോത്സവം, ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു മുമ്പിലാണ് നടന്നത്. ശ്രീ. കെ. സി. വേണുഗോപാലും ഞാനും പങ്കെടുത്തതാണ്. അവസാനം അവിടെ അടിയാണ് നടന്നത്. കാരണം അതീവ ഗുരുതരമായ അഴിമതിയാണ് അവർ കാണിക്കുന്നത്. അത് ഒഴിവാക്കേണ്ടതാണ്. സർഗ്ഗശേഷിയെ പ്രതിഫ ലിപ്പിക്കുകയല്ല മറിച്ച് പണം വാങ്ങി അവാർഡ് കൊടുക്കുന്ന രീതി വ്യാപകമാ യി സംസ്ഥാന യുവജനോത്സവത്തിലും വന്നിരിക്കുകയാണ്. ഇതിനെപ്പറ്റി അങ്ങേയ്ക്കുമറിയാം. ഇതുമായി ബന്ധപ്പെടുത്തി ആ പ്രശ്നം ഉന്നയിക്കേണ്ട തായിരുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. ജി. സുധാകരൻ പറഞ്ഞതി നോട് ഞാൻ നൂറു ശതമാനവും യോജിക്കുകയാണ്. ഇത്തവണത്തെ റവന്യൂ ജില്ലാ യുവജനോത്സവം അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ അമ്പലപ്പുഴ യിലായിരുന്നു. ഒരു റവന്യൂ ജില്ലാ യുവജനോത്സവം എന്റെ മണ്ഡലത്തിൽ വച്ച് നടത്തിയപ്പോഴാണ് എനിക്ക് കാര്യങ്ങൾ കുറച്ചുകൂടി മനസ്സിലാക്കിയത്. വളരെ നീതിരാഹിത്യമാണ് അവിടെ നടക്കുന്നത്. ഇതിന്റെ നടത്തിപ്പുകാരാ യി പ്രവർത്തിക്കുന്നയാളുകൾ, സംഘടനക്കാർ, എല്ലാ സംഘടനക്കാരു മുൾപ്പെടെയുള്ളവർ പുനർവിചിന്തനം നടത്തണം. ജഡ്ജസ് നൽകുന്ന മാർക്ക് ടാബുലേറ്റ് ചെയ്ത് വരുമ്പോഴേക്കും ജഡ്ജസ് കൊടുത്ത ആളായിരി ക്കില്ല ഒന്നാം സ്ഥാനത്തേയ്ക്ക് എത്തുന്നത്. ആ രൂപത്തിൽ യുവജനോത്സ വങ്ങളിലെ വിധി നിർണ്ണയത്തിൽ വലിയ സാമ്പത്തിക അഴിമതി, തട്ടിപ്പ്, ക്രമ ക്കേട് തുടങ്ങിയവ നടക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞ അഭിപ്രായത്തോട് ഞാൻ നൂറു ശതമാനവും യോജിക്കുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഗ്രേസ് മാർക്കാണ് ഇതിന്റെ ആകർഷണീയത എന്ന് നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചു. അത് വളരെ ശരിയാണ്. കാശ് കൊടുത്ത് ഒന്നാം സ്ഥാനത്ത് എത്തുന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം കാശ് കൊടുത്ത് സമ്മാനം നേടുന്നുവെന്നു മാത്രമല്ല, കാശ് കൊടുത്ത് മാർക്ക് വാങ്ങുന്നു എന്നതാണ് വസ്തുത.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അതാണ് പറഞ്ഞത്, പണത്തിന്റെ മുകളിൽ പരുന്ത് പറക്കില്ല എന്നൊരു സിദ്ധാന്തമാണ് കുട്ടികളെ പഠിപ്പിക്കുന്നത്. നേരത്തെ ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ച ഒരു കാര്യം, കലയുടെ കാര്യത്തിൽ പോലും പണം കൊടുത്താണ് അവിടെ ജഡ്ജസിനെ നിയമിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ ഒരു കാര്യം, അദ്ധ്യാപക സംഘടനയ്ക്ക് ഇതിനകത്ത് എന്താണ് കാര്യമെന്ന് എനിക്കറിയില്ല. സംഘടനകളൊക്കെ നല്ലതാണ്, പക്ഷേ പലപ്പോഴും അവരാണ് എല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെയകത്തുള്ള നല്ല കാര്യങ്ങളെ നമ്മൾ അംഗീകരിക്കുന്നു. അത് ഇപ്പോൾ മോശപ്പെട്ട പ്രവണതയിലേയ്ക്ക് വരികയാണ്. വിഷയം അതല്ലാത്തതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. ഗ്രേസ് മാർക്കിന് ക്രേസ് വരാൻ കാരണമെന്താണ്? വാസ്തവത്തിൽ അതിനു കാരണം അഡ്മിഷൻ മെറിറ്റോറിയസായി പോയതാണ്. ഇവിടെ അൺ-എയ്ഡഡ് സ്കൂളുകളും അൺ-എയ്ഡഡ് കോളേജുകളും സെൽഫ് ഫൈനാൻസിംഗ് കോളേജുകളും വന്നു. അവിടെയെല്ലാം പ്രവേശനം കിട്ടണമെങ്കിൽ കോടികൾ കൊടുക്കണം. ഒരു എം.ബി.ബി.എസ്. സീറ്റ് കിട്ടണമെങ്കിൽ ഒരു കോടി രൂപ കൊടുക്കണം. അത് കഴിഞ്ഞ് പി.ജി.-ക്ക് പോകണമെങ്കിൽ അതിനേക്കാൾ കൂടുതൽ പണം നൽകണം. അപ്പോൾ സ്വാഭാവികമായും ഒരു മാർക്കെങ്കിൽ ഒരു മാർക്ക് എന്റെ കുട്ടിക്ക് കിട്ടിയാൽ, ജഡ്ജ

സിനെ സ്വാധീനിച്ചാണെങ്കിലും ഒരു മാർക്ക് കിട്ടിയാൽ പത്താം ക്ലാസിൽ ആ മാർക്ക് അവന് കൗണ്ട് ചെയ്യപ്പെടുകയാണെങ്കിൽ, പിന്നീടുള്ള ഓരോ ഹയർ സ്റ്റഡീസിനു പോകുമ്പോഴും ഈ രൂപത്തിൽ നേടിയെടുക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. അപ്പോൾ കല എന്ന നിലയിലുള്ള ഔന്നത്യത്തേക്കാളുപരിയായി അവനെ പഠിപ്പിക്കുന്നത് കച്ചവടമാണ്. അതുകൊണ്ട് എന്തുനേട്ടമുണ്ടാക്കും എന്നുള്ളതാണ്. അപ്പോൾ വാസ്തവത്തിൽ അവനവനിസം പഠിപ്പിക്കുകയാണ്. അതെല്ലാം ചെയ്യുന്നത് ഒരു നയത്തിന്റെ ഭാഗമായിട്ടാണ്.

സ്പോർട്സിന്റെ കാര്യത്തിൽ, സ്പോർട്സ് എന്നു പറഞ്ഞാൽ അത് കുത്തഴിഞ്ഞ മേഖലയാണ്. ഡൽഹിയിൽ കോമൺവെൽത്ത് ഗെയിംസ് നടത്തി. ആ ഗെയിംസിൽ എന്തു സംഭവിച്ചു? നമ്മുടെ രാജ്യത്തിന്റെ കായിക മേഖലയെ പ്രചോദിപ്പിക്കാൻ വേണ്ടി നടത്തിയ പരിപാടി അഴിമതിയെ പ്രചോദിപ്പിക്കുകയായിരുന്നില്ലേ? കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തി. ആരാണ് നടത്തിയത്? നമ്മളാണോ? അപ്പോൾ ഭരണ സംവിധാനത്തിന്റെ ഒരു നയം അതിനകത്തുണ്ടാകേണ്ടേ? നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടി ഇത്രയും നാളായിട്ടും നമുക്ക് പല കാര്യങ്ങളിലും, മൊത്തം ആളോഹരി വരുമാനം (ജി.ഡി.പി.) 3206 ഡോളറാണെന്ന് അവകാശപ്പെടാം. സ്പോർട്സിന്റെ കാര്യത്തിൽ, ഇപ്പോൾ ക്രിക്കറ്റിൽ നമ്മൾ മുമ്പിൽ നിൽക്കുന്നു. സച്ചിൻ ടെണ്ടുൽക്കറോട് നമുക്ക് വിരോധമൊന്നുമില്ല, നല്ല മനുഷ്യനാണ്, നല്ല സ്പോർട്സ് താരമൊക്കെയാണ്. പക്ഷേ ക്രിക്കറ്റെന്താണ്. ഒരു വിലയുമില്ലാത്ത ഒരു കളി. വാസ്തവം പറഞ്ഞാൽ അതും സാമ്പത്തികമല്ലേ? അവിടെയും കോടികൾ മാത്രമാണ്. അവിടെ പ്രധാനപ്പെട്ട ആകർഷണീയത സാമ്പത്തികമായ ലാഭം മാത്രമാണ്. സ്പോർട്സിനെപ്പറ്റിയും കലയെപ്പറ്റിയും

ഈ ബില്ലിൽ പരാമർശിക്കുന്നു. നമ്മുടെ രാജ്യത്തിലെ ചെറുപ്പക്കാർക്കിട യിലുണ്ടാകേണ്ട ബോധമെന്താണ്? ആ ബോധനിലവാരത്തിലേയ്ക്ക് പോകാ നല്ല നമ്മുടെ രാജ്യത്തിന്റെ ഓരോ നയങ്ങളും നമ്മളെ പഠിപ്പിക്കുന്നത്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഇവിടെ ആരോഗ്യകരമായ ഒരു ചർച്ച നടന്നു. ശ്രീ. പി. സി. വിഷ്ണുനാഥും ബഹുമാനപ്പെട്ട Comrade ജി. സുധാകരനുമൊക്കെ നടത്തിയത് ആരോഗ്യകരമായ ചർച്ചയാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇവിടെ ചർച്ച ചെയ്യപ്പെട്ട ഒരു കാര്യം, യുവജ നോത്സവമാണ്. ഇന്ന് ലോകത്തിൽ ഏറ്റവും വലിയ യുവജനോത്സവമാണ്. നിഷേധിച്ചിട്ട് കാര്യമില്ല. മാർക്കിനു വേണ്ടി മാത്രമല്ല ഈ ചാക്കിട്ടുപിടിത്തം നടത്തുന്നത്. ഡാൻസ് മത്സരം നടക്കുന്നു, രണ്ട് ഡാൻസുകൾ തമ്മിൽ ഒരു വ്യത്യാസവുമില്ലെങ്കിൽ ആർക്ക് സമ്മാനം കൊടുക്കും? അതിൽ മുതലാക്കു കയാണ്. അതിലാണ് ഈ ജഡ്ജസ് വശം മാറുന്നത്. ഇത് യോജിക്കാൻ പറ്റിയ പ്രവണതയല്ല. തീർച്ചയായും മാറ്റമുണ്ടാകണം. പക്ഷേ എനിക്ക് പറ യാനുള്ളത്, അദ്ധ്യാപക നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് പറഞ്ഞ ഒരു കാര്യമാണ്. വലിയ ഒരു പുരോഗമനം നമ്മുടെ മന്ത്രി ചെയ്തു, അദ്ധ്യാപക പാക്കേജ്. പക്ഷേ ആ പാക്കേജിൽ വന്നിരി ക്കുന്ന ഒരു അപകടം, 50 കുട്ടികൾക്ക് ഒരു സ്പോർട്സ് അദ്ധ്യാപകൻ എന്നു പറഞ്ഞതൊക്കെ ശരിയാണ്. ഒരു സ്പോർട്സ് അദ്ധ്യാപകനെ അഞ്ചു മാറും സ്കൂളുകളിൽ ഒരുമിച്ച് കൊടുക്കാൻ തീരുമാനിച്ച് അത് നടപ്പാക്കാൻ ഉത്തരവിട്ട ഡി.പി.ഐ. ഇപ്പോൾ അത് സ്റ്റേ ചെയ്തിരിക്കുകയാണ്. അത് വലിയ അപകടകരമായ സ്ഥിതിയാണ്. ഒരു സ്പോർട്സ് അദ്ധ്യാപകന് അഞ്ചു സ്കൂളുകളിൽ എങ്ങനെ പോകാൻ സാധിക്കും? പത്തും പന്ത്രണ്ടും

കുട്ടികൾ പഠിക്കുന്ന സ്കൂളുകളുണ്ട്, എനിക്കറിയാം മുണ്ടക്കയത്തെ ഒരു സ്കൂളിൽ പന്ത്രണ്ടു കുട്ടികൾ മാത്രമാണുള്ളത്. അവിടെ അദ്ധ്യാപകനെ കൊടുക്കാൻ കഴിയില്ല. ഇത് എം.എൽ.എ.-മാർ ചർച്ച ചെയ്യേണ്ട ഒരു വിഷയമാണെന്നാണ് എന്റെ അഭിപ്രായം. കാരണം അവിടെ ചെയ്യാൻ സാധിക്കുന്നത് ആ കുട്ടികളെ മറ്റു സ്കൂളുകളിൽ നൽകാൻ കഴിയുമോയെന്ന് പരിശോധിക്കുകയാണ് നല്ലതെന്ന് എനിക്ക് തോന്നുന്നു. ഏതായാലും യുവജന കമ്മീഷൻ വരുമ്പോൾ ഇത്തരം കാര്യങ്ങളൊക്കെ അതിനകത്ത് ചർച്ച ചെയ്യപ്പെടണം. ഇത്രയും പേർ ഇടപ്പെട്ട് സമയം കളഞ്ഞതുകൊണ്ട് ശ്രീ. വി. എസ്. സുനിൽ കുമാറിന് അങ്ങ് അല്പസമയം കൂടി നൽകണം എന്ന അഭിപ്രായം കൂടി രേഖപ്പെടുത്തുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് രണ്ട് ബില്ലുണ്ട്. ഇത് കഴിഞ്ഞ് ഒരു ബിൽ കൂടി എടുക്കാനുണ്ട്. ഈ ബില്ലിൽ രണ്ടുപേർ കൂടി സംസാരിക്കാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുണ്ട്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ ഇതിൽ ഇടപെടണമെന്ന് വിചാരിച്ചതല്ല. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞപ്പോൾ ഞാനൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഇടപെട്ടപ്പോഴാണ് ഒന്ന് ഇടപെടാൻ തോന്നിയത്. ഇതിനകത്ത് ആരോഗ്യകരമായ ചർച്ചയാണ് നടന്നതെന്ന് അങ്ങ് പറഞ്ഞു. ആരോഗ്യകരമായ ചർച്ചയ്ക്കകത്ത് വസ്തുതകളും സത്യവുമൊക്കെയാണ് വരേണ്ടത്. നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചത് വസ്തുതാവിരുദ്ധമായ കാര്യമാണ്. 50 കുട്ടികളുള്ള സ്കൂളിൽ പോലും കായികാദ്ധ്യാപകരെയും മ്യൂസിക് ടീച്ചർമാരെയും ഗവൺമെന്റ് അദ്ധ്യാപകരുടെ ഒരു പൂളിംഗ് നടത്തി അവരെ ആവശ്യത്തിന് സപ്ലൈ

ചെയ്തുവെന്ന് പറഞ്ഞു. ഇത് തികച്ചും വസ്തുതാവിരുദ്ധമായ കാര്യമാണ്. 2500 കുട്ടികൾ പഠിക്കുന്ന സ്കൂളിലുള്ള മ്യൂസിക് ടീച്ചറെ ട്രാൻസ്ഫർ ചെയ്ത് രണ്ടരക്കൊല്ലമായി. ഇന്നുവരെ തിരിച്ചുതരാത്ത അനുഭവമാണുള്ളത്. ഞാൻ തെളിവു സഹിതം തരാം. 800 കുട്ടികളുള്ള മറ്റൊരു സ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷനോ മ്യൂസികിനോ ടീച്ചർ ഇല്ല. ഇത് എന്റെ അനുഭവം മാത്രമല്ല, കേരളത്തിൽ അങ്ങോളമിങ്ങോളമുള്ളതാണ്. ഇത് വസ്തുതാവിരുദ്ധമായിട്ടുള്ള കാര്യമാണ്. സ്കൂൾ കലോത്സവുമായി ബന്ധപ്പെട്ട് നടക്കുന്ന അഴിമതി സംബന്ധിച്ച് ഇവിടെ എല്ലാവരും ആശങ്ക പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോഴെങ്കിലും തെളിവു സഹിതം ഈ അപ്പീലൊക്കെ പരിഗണിച്ച് ആളുകൾക്ക് അഡ്മിഷൻ കൊടുക്കുന്ന കാര്യത്തിൽ അഴിമതി നടന്നതായി തെളിവു സഹിതം നൽകിയാൽ നടപടി സ്വീകരിക്കുമോ എന്നുള്ളത് കൂടി വ്യക്തമാക്കണം.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഇന്നത്തെ സ്പോർട്സിനെ സംബന്ധിച്ചും അത്ലറ്റിക്സിനെ സംബന്ധിച്ചുമാണ് പറയുന്നത്. എന്റെ ചെറുപ്പകാലത്ത്, ഫുട്ബോളിൽ ഇന്ത്യ ഏഷ്യയിലെ ചാമ്പ്യൻമാരായിരുന്നു. ഒരു ജോലിയില്ലാതെ എവിടെ നിന്നെങ്കിലും കഷ്ടപ്പെട്ട് ജീവിച്ച സാധാരണക്കാരായ ആളുകൾ കളിച്ചാണ് ചാമ്പ്യൻമാരായത്. കോഴിക്കോട് അബ്ദുറഹിമാനെപ്പോലെയും കണ്ണൂരിലെ പ്രധാനപ്പെട്ട കളിക്കാരെയും എനിക്കറിയാം. അവരെല്ലാം കളിച്ചിട്ടാണ് ഫുട്ബോളിൽ ഇന്ത്യ ഏഷ്യയിലെ ചാമ്പ്യൻമാരായത്. ഇന്ന് ആ നിലവാരത്തിൽ കളിക്കുന്നവരില്ല. ബാസ്ക്കറ്റ്ബോളിലും വോളിബോളിലും ഇന്ത്യ നാഷണൽ ചാമ്പ്യൻമാരായി. ഒരുപാടുകാലം

വോളിബോൾ നാഷണൽ ടീമിൽ കളിച്ച ഒരാൾക്ക് അർജ്ജുന അവാർഡിന് ശുപാർശ ചെയ്യുകയും പിന്നീട് നിഷേധിക്കുകയും ചെയ്തിട്ടും അതുപോലും ഫൈറ്റ് ചെയ്ത് മേടിക്കാൻ കേരളത്തിന് സാധിച്ചിട്ടില്ല. സ്പോർട്സിന്റെ വലിയ പത്രാസ് പറയുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ അരിവയ്പ്പ് മാന്യമായ തൊഴിലാണ്. ചിലപ്പോൾ അരിവയ്പ്പുകാരാണ് ജഡ്ജസായി വരുന്നത്. ഈ പറയുന്നത് അതിശയോക്തിയാണ്. പക്ഷേ നിലവാരമില്ലാത്ത ആളുകൾ, കലയുമായും ഡാൻസുമായും ബന്ധമില്ലാത്ത ആളുകൾ ഡാൻസിന്റെ ജഡ്ജായി വരുന്നു. ഇതാണ് വിവിധ മാധ്യമങ്ങളിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട ആരോപണം. പട്ടിപിടുത്തം മാന്യമായ തൊഴിലാണ്. പക്ഷേ പട്ടിപ്പിടിത്തക്കാർ ജഡ്ജായി വന്നാൽ... ഇതാണ് ഇവിടത്തെ പ്രധാന പ്രശ്നം.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, എന്റെ അഭിപ്രായം ഇതിനൊക്കെ എതിരാണ്. ഇവിടെ ശ്രീ. സി. കെ. നാണുവേട്ടൻ പറഞ്ഞ വിഷയത്തിൽ, പണ്ട് ഇന്ത്യ ഏഷ്യൻ ചാംമ്പ്യൻഷിപ്പ് നേടുമ്പോൾ മത്സരിച്ച രാജ്യങ്ങളൊക്കെ നമ്മളെക്കാൾ പിറകിലായിരുന്നു. പിന്നീട് അവരൊക്കെ വളരെ മുമ്പിൽ പോവുകയും നമ്മൾ പിറകിൽ നിൽക്കുകയുമാണ് ചെയ്യുന്നത്. സത്യത്തിൽ ഗവൺമെന്റല്ല സ്പോർട്സ് താരങ്ങളെ വളർത്തുന്നത്. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ, അവർ സ്വയം വളർന്നുവരുമ്പോൾ മാലയിട്ടുകൊടുക്കുക മാത്രമാണ് സർക്കാരിന്റെ ജോലി. അവർക്ക് വളരാനാവശ്യമായ ഒരു നടപടിയും നമ്മൾ എടുക്കുന്നില്ല. വികസിത രാജ്യമാകാൻ വേണ്ടിയുള്ള പ്രയത്നത്തിന്റെ ഭാഗമായതുകൊണ്ട് പറയുകയാണ്. ഏത് രാജ്യത്തിന്റെയും സമ്പത്ത് എന്ന് പറയുന്നത് യുവജനങ്ങളാണ്. യുവജനങ്ങളെന്ന് പറയുമ്പോൾ 18 വയ

സ്സായ ആളുകൾ മാത്രമല്ല. ജനിച്ച അന്നുമുതൽ ഒരു കുട്ടിയെ എങ്ങനെയായിരിക്കണം വളർത്തിയെടുക്കേണ്ടത് അവർ വളർന്നുവരുമ്പോൾ എന്തായിരിക്കണമെന്ന കാഴ്ചപ്പാട് സർക്കാരിനും രാഷ്ട്രത്തിനും ഉണ്ടാകണം. ആ രൂപത്തിലുള്ള കാഴ്ചപ്പാടോടുകൂടി നമ്മുടെ നാട്ടിൽ എന്തു കാര്യങ്ങളാണ് ചെയ്യുന്നത്. സ്പോർട്സ് രംഗത്തിനുവേണ്ടി നമ്മുടെ ബഡ്ജറ്റിൽ എത്ര തുക മാറ്റിവയ്ക്കുന്നുണ്ട്. നമ്മുടെ ജി.ഡി.പി.യുടെ എത്ര ശതമാനം ഉണ്ട്. സാംസ്കാരിക മേഖലയ്ക്കുവേണ്ടി എന്താണ് മാറ്റിവയ്ക്കുന്നത്? ഒന്നും മാറ്റിവയ്ക്കുന്നില്ല. നമ്മൾ വളരെ ചെറിയ തുക മാത്രമാണ് മാറ്റിവയ്ക്കുന്നത്. മന്ത്രിമാരെ ആരെയും കളിയാക്കുന്ന വിധത്തിലല്ല ഞാൻ പറയുന്നത്. പലപ്പോഴും നമ്മുടെ രാജ്യം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്, വികസിത രാജ്യമായി മാറണമെന്ന് പറയുമ്പോൾ കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മാത്രം വികസിത രാജ്യമാകില്ല. കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിച്ച് വിദേശ രാജ്യങ്ങളിൽ നിന്ന് കുറേ ഇൻവെസ്റ്റുമെന്റുകൾ വന്നാൽ മാത്രമേ കോർപ്പറേറ്റുകളാകൂവെന്ന തെറ്റിദ്ധാരണയാണ് ഇന്നത്തെ ഗവൺമെന്റുകളെ നയിച്ചുകൊണ്ടിരിക്കുന്ന നയം. ദാരിദ്ര്യം പോലുള്ള അടിസ്ഥാനപരമായ വിഷയങ്ങളെ അഡ്രസ് ചെയ്യുന്നില്ല. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എന്താണ് സാർ ചുരുക്കാൻ പറഞ്ഞാൽ. ഇത് ബിൽ അല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇരുപത് മിനിട്ട് കഴിഞ്ഞു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇരുപത് മിനിട്ടല്ല ഞാൻ ഇനിയും സംസാരിക്കും. ഇത് എന്റെ അവകാശമാണ്. ഈ ബില്ലുമായി ബന്ധ

പ്പെട്ട് സംസാരിക്കാൻ എനിക്ക് അവകാശമുണ്ട്. അതുകൊണ്ട് അങ്ങനെ പറയരുത്. ഇടയ്ക്ക് ഡിസ്റ്റർബ് ചെയ്യുമ്പോൾ എനിക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: നിർത്താനല്ലല്ലോ ചുരുക്കണമെന്നല്ലേ പറഞ്ഞത്.

ഡോ. കെ.ടി. ജലീൽ: സർ, സർക്കാരിന് ബഡ്ജറ്റിൽ സ്പോർട്സിനു വേണ്ട തുക നീക്കിവയ്ക്കാൻ കഴിയുന്നില്ലായെന്നുള്ളത് സത്യമാണ്. ഇതിനെ മറികടക്കാൻ വേണ്ടിയാണ് കായിക പ്രതിഭകൾക്ക് പ്രോത്സാഹനം നൽകാൻ വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പോർട്സ് ലോട്ടറി സ്കൂളുകളിൽ നടപ്പിലാക്കാൻ വേണ്ടി തീരുമാനിച്ചത്. അന്ന് അതിനെതിരായി, അത് നിഷിദ്ധമാണ്, ചൂതാട്ടമാണെന്ന് പറഞ്ഞുകൊണ്ട് മുസ്ലീം ലീഗിന്റെ വിദ്യാർത്ഥി സംഘടന ശക്തമായി എതിർത്തു രംഗത്ത് വന്നതും മത വികാരത്തിന് തീ കൊളുത്തിയതിന്റെ പശ്ചാത്തലത്തിൽ ആ സ്പോർട്സ് ലോട്ടറി സ്കൂളുകളിൽ നടപ്പിലാക്കാൻ സാധ്യമാകാതെ പോയതിനെക്കുറിച്ചും അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എനിക്കറിയാം. ഞാൻ പറഞ്ഞത്, നമ്മുടെ നാട്ടിൽ ഒരു യുവാവിനെ വളർത്തിയെടുക്കുന്ന കാര്യത്തെ സംബന്ധിച്ചാണ്. ഒരു ചെറിയ കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ 25000 രൂപയാണ് അവന്റെ ഫീസ്. പത്താം ക്ലാസ് വരെ അൺ എയ്ഡഡ് സൂകൂളിൽ പഠിച്ച വിദ്യാർത്ഥിക്ക് നല്ല സ്കൂളാണെങ്കിൽ ഏകദേശം 8–9 ലക്ഷം രൂപ ചെലവാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകഴിഞ്ഞ് പ്ലസ് ടൂവിനും എൻട്രൻസ് കോച്ചിങ്ങിനും എം.ബി.ബി.എസ്. കോഴ്സിനും വിടുന്നു. ഇതെല്ലാം കഴിഞ്ഞുവരുമ്പോൾ മാക്സിമം മൂന്ന് മൂന്നര കോടി രൂപയില്ലാതെ

ഒരു കുട്ടിക്ക് ഇന്നത്തെ കാലഘട്ടത്തിൽ ഡോക്ടറാകാൻ കഴിയില്ല. അങ്ങനെ വരുന്ന ഒരു കുട്ടി നമ്മുടെ സമൂഹത്തിന് നൽകാൻ പോകുന്ന സംഭാവന എന്താണ്; അവരുടെ ആറ്റിറ്റ്യൂഡ് എന്തായിരിക്കും? അവൻ വാസ്തവത്തിൽ ഈ രാജ്യത്തെ സേവിക്കുകയാണോ വരുന്ന ആളുകളെ ചൂഷണം ചെയ്യുക യാണോ ചെയ്യുന്നത്. ഈ ബില്ലിൽ പറയുന്നത് എന്താണ്? ഇത് നടപ്പിലാക്ക ണമെങ്കിൽ ആളുകളിൽ നിന്ന് സംഭാവന വാങ്ങിക്കേണ്ട കാര്യത്തെക്കുറി ച്ചാണ് പറയുന്നത്. ഈ ബിൽ തന്നെ സംഭാവന വാങ്ങിക്കാൻ ആളുകളെ പ്രേരിപ്പിക്കുകയാണ്. ഇവിടെ ആളുകളിൽ നിന്ന് കാശ് വാങ്ങിക്കേണ്ട കാര്യ മാണ് പറയുന്നത്. ഒന്നാം ക്ലാസ് മുതൽ എം.ബി.ബി.എസ്. വരെ പഠിച്ചു കഴിഞ്ഞ ഡോക്ടറുടെ അടുത്ത് ആരും പോകില്ല. പി.ജി. കൂടി എടുക്കണം. പി.ജി.കൂടി പഠിച്ച് കഴിയുമ്പോൾ അഞ്ച് കോടി രൂപയാകും. അഞ്ച് കോടി രൂപ ചെലവാക്കി പി.ജി. ഡോക്ടറായി കഴിഞ്ഞാൽ അവന്റെ ചിന്ത എന്താണ്? എങ്ങനെ അഞ്ചുകോടി രൂപ ആളുകളിൽ നിന്ന് ഈടാക്കുന്ന കാര്യത്തെക്കുറിച്ചായിരിക്കും. ആ കാഴ്ചപ്പാട് ചെറുപ്പക്കാരിൽ വളർത്തിയെടു ക്കുകയല്ലേ ചെയ്യുന്നത്. മൂന്നു ദിവസം കൊണ്ട് ചെറുപ്പക്കാർക്ക് പണം ഉണ്ടാ ക്കാനുള്ള മോഹം ഉണ്ടാക്കുന്നതാരാണ്? ഇതെല്ലാം സർക്കാരിന്റെ നയത്തിന്റെ കൂടി ഭാഗമാണ്. ദേശീയ യുവജന കമ്മീഷൻ ഒരു യുവജന നയം രൂപീകരിക്കുമ്പോൾ ആ യുവജന നയത്തിലുണ്ടാകേണ്ടത് ആദർശസുരഭിലമായ ചെറുപ്പക്കാരുടെ സമൂഹത്തെ വളർത്തിയെടുക്കലാണ്. ആദർശസുരഭിലമായ ചെറുപ്പക്കാരുടെ സമൂഹത്തെ വളർത്തിയെടു ക്കലാണോ നമ്മുടെ സമൂഹത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാര്യ ങ്ങൾ. അതിനപ്പുറത്തേയ്ക്ക് പണമാണ് എല്ലാത്തിനും വലുതെന്ന തോന്നലുണ്ടാക്കുന്ന നയം രൂപീകരിക്കുന്നു. ഇവിടെ തൊഴിലാളികളെക്കുറിച്ച്

പറയുന്നുണ്ട്. തൊഴിലിടങ്ങളിലെ ഡിഗ്നിറ്റിയെക്കുറിച്ചും അവന്റെ അന്തസ്സിനെക്കുറിച്ചും പറയുന്നുണ്ട്. തൊഴിലിന്റെ അന്തസ്സിനെപ്പറ്റി യുവാക്കളിൽ അറിവുണ്ടാക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുകയെന്നത് വളരെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. നല്ല കാര്യമാണ്. പക്ഷേ സ്പെഷ്യൽ ഇക്കണോമിക് സോൺ ഉണ്ടാക്കിയത് ഈ ഗവൺമെന്റല്ലേ. അവിടെ എന്താണ് ഡിഗ്നിറ്റി? ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന ചെറുപ്പക്കാരും ചെറുപ്പക്കാരികളും നേരിടുന്ന പ്രശ്നം എന്താണെന്ന് ഗവൺമെന്റുകൾ അഡ്രസ് ചെയ്തിട്ടുണ്ടോ? അവിടെ സംഘടിതമായി അവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ പറ്റുമോ? ചെറുപ്പക്കാരെ രാജ്യത്തിനുവേണ്ടി ചൂഷണം ചെയ്യാം. അവരുടെ അദ്ധ്വാനത്തെ രാജ്യത്തിന്റെ ഉത്പാദനപരമായ മേഖലയിലേയ്ക്ക് ഉപയോഗപ്പെടുത്താൻ ആവശ്യമായി അവനെ വളർത്തിയെടുക്കുന്നതിനുപകരം കോർപ്പറേറ്റുകൾക്ക് ചെറുപ്പക്കാരന്റെ ബുദ്ധിയെ അവന്റെ അദ്ധ്വാനത്തെ എങ്ങനെ കുത്തി ചോർത്തിയെടുക്കാം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടിയുള്ള എല്ലാ നിയമങ്ങളും ഉണ്ടാക്കിയെടുത്തതിനുശേഷം അവരെ അങ്ങോട്ട് വിട്ടുകൊടുത്തിരിക്കുകയല്ലേ ഗവൺമെന്റ്. അതിന്റ ഭാഗമായി ഐ.ടി. മേഖലയിൽ ചെറുപ്പക്കാരുടെ സ്ഥിതി എന്താണ്? അവന്റെ അദ്ധ്വാനം മാക്സിമം യൂട്ടിലൈസ് ചെയ്യുകയെന്നതാണ്. നിങ്ങളുടെ വീടിനടുത്ത് ടെക്നോപാർക്കിൽ ജോലി ചെയ്യുന്ന ആളുകളോട് കാര്യങ്ങൾ അന്വേഷിച്ചാൽ മതി. മിക്കവാറും ആളുകളുടെ ജീവിതം തകരാറിലായിരിക്കുകയാണ്. നമ്മൾ പഠിക്കേണ്ട വിഷയമാണിത്. ചെറുപ്പക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. വലിയ ഡിപ്രഷൻ നേരിട്ടുകൊണ്ടിരിക്കുകയാണ് ചെറുപ്പക്കാർ. തൊഴിലിന്റെ സമ്മർദ്ധം, അവരുടെ യജമാനൻമാർ അവർക്ക് മേൽ ചെലുത്തികൊണ്ടിരിക്കുന്ന സമ്മർദ്ധം മൂലം പല ചെറുപ്പക്കാരും മയക്കുമരുന്നിന് അടിമകളാകുന്നു. ചെറുപ്പക്കാർ മദ്യപാ

നത്തെ ആശ്ലേഷിക്കുന്നു. അവർക്ക് ഒറ്റ ലക്ഷ്യം മാത്രമേയുള്ളൂ. അവന്റെ ആനുകൂല്യം എങ്ങനെ കൊടുക്കാതിരിക്കാം. ഒരു ദിവസം അവിടെ ചെല്ലുമ്പോൾ അവനെ ജോലി സ്ഥലത്തുനിന്ന് മാറ്റി പകരം വേറെ ആൾ ഇരിക്കുകയായിരിക്കും. ഇതൊന്നും ആരും ചോദിക്കാനില്ല. സംഘടിതമായി നേടിയെടുക്കാനുള്ള അവകാശബോധം അവനിൽനിന്ന് തട്ടിയെടുത്ത് കളഞ്ഞിരിക്കുകയാണ്. സമരം ചെയ്യുന്നത് ഒരു അശ്ലീലമാണെന്ന് പഠിപ്പിക്കുകയാണ്. പക്ഷേ, പ്രതീക്ഷാനിർഭരമാണ് ചെറുപ്പക്കാരുടെ മനസ്സ്. ചെറുപ്പക്കാർ ഇപ്പോൾ അഴിമതിക്ക് എതിരാണ്. ഇപ്പോഴും പ്രതികരിക്കാൻ തയ്യാറുള്ള ചെറുപ്പക്കാരുണ്ട്. പക്ഷേ അവരെ ആസൂത്രിതമായി സമരത്തിനെതിരാക്കി മാറ്റുകയും സംഘടനകളിൽ നിന്ന് അവരെ ആട്ടിയകറ്റുകയും ചെയ്യുകയാണ്. ഇവിടെയിരിക്കുന്നവരെല്ലാം രാഷ്ട്രീയക്കാരായ ആളുകളാണ്. നമ്മൾതന്നെ ആലോചിക്കണം. പൊതുകാര്യങ്ങളിൽ താൽപ്പര്യമുള്ള എത്ര ചെറുപ്പക്കാർ വളർന്നു വരുന്നുണ്ട്. അതിനുള്ള കാരണം എന്താണ്; സമൂഹത്തിൽ അവരുടെ സംഭാവന എന്താണ്? യുവജന നയം രൂപീകരിക്കുമ്പോൾ നമ്മുടെ ചെറുപ്പക്കാരെ ഈ രാജ്യത്തോട് സ്നേഹവും കൂറുമുള്ളവരാക്കി വളർത്തിയെടുക്കുന്നതിനും അവരുടെ ഉള്ളിലുള്ള സംഘടിത ബോധത്തെ വളർത്തിയെടുക്കാനും കഴിയുന്നുണ്ടോ? എന്നാൽ അതേസമയത്ത് വളരെ പ്രതിലോമകരമായിട്ടുള്ള സ്ഫോടനാത്മകത ചെറുപ്പക്കാരിൽ ഉണ്ടാകാം. അതേസമയം തന്നെ ക്രിയാത്മകമായ സ്ഫോടനാത്മകത സമീപനവും ചെറുപ്പക്കാരുടെ ഉള്ളിലുണ്ട്. അതിലവരുടെ ക്രിയാത്മകത വളർത്തിയെടുക്കാൻ ആവശ്യമായ വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നയങ്ങളും നടപ്പിലാക്കാൻ ഗവൺമെന്റുകൾക്ക് സാധിക്കുന്നുണ്ടോ? അതേസമയത്ത് വളരെ സ്ഫോടനാത്മകമായ നിലയിൽ യുവാക്കളുടെ ബോധത്തെയും സിദ്ധികളെയും ഉപയോ

ഗപ്പെടുത്തുന്നത് ആരാണ്? ഇന്ന് വർഗ്ഗീയ സംഘടനകൾ വളരെ ഫലപ്രദമായി ചെയ്തുകൊണ്ടിരിക്കുകയാണിത്.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ ഒരു ദേശീയ പ്രശ്നമാണ് ഉന്നയിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ ഇന്ത്യയിലെ യുവാക്കൾക്ക് പൊതുസമ്മതനായ ഒരു നേതാവില്ല എന്നതിനാലാണ് ഞാൻ ഈ വസ്തുത പറയുന്നത്. ഞാൻ ഓർക്കുകയാണ്, ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്താണ് നെഹ്റു ആദ്യമായി ആലപ്പുഴയിൽ വന്നത്. കായംകുളത്തും അടൂരുമൊക്കെ അദ്ദേഹം പോവുകയാണ്. ഞാൻ വള്ളിക്കുന്നം സ്കൂളിലാണ് പഠിച്ചിരുന്നത്. ഹൈസ്കൂൾ വിഭാഗത്തിനു താഴെയുള്ള കൊച്ചുകുട്ടികളെയെല്ലാം അവിടന്ന് ചാരുംമൂട് എന്ന ജംഗ്ഷനിൽ കൊണ്ടുവന്ന് മുളവേലിയുടെ വെളിയിൽ ഇരുത്തിയിരിക്കുകയായിരുന്നു. കായംകുളം മുതൽ അടൂർ വരെ രണ്ടും ഭാഗത്തും മുളവേലി കെട്ടിയിരുന്നു. ലക്ഷക്കണക്കിന് ജനങ്ങളാണ് അവിടെ വന്ന് നിന്നിരുന്നത്. ഞങ്ങൾ അവിടെ ഇരുന്നുകൊണ്ട് നെഹ്റു ജീപ്പിൽ കൈകാണിച്ചു പോകുന്നത് കണ്ടു. നെഹ്റു അന്ന് ദേശീയ ഐക്യത്തിന്റെയും മാനവികതയുടെയും ലോകത്തിന്റെയും പ്രതീകമാണ്. അന്ന് സ്കൂളിലും കോളജേജിലും പഠിച്ചവരും ആ നാട്ടിൽ ജീവിച്ചവരെല്ലാം ഇതുപോലെയുള്ള നേതാക്കന്മാരെ കണ്ടാണ് വളർന്നത്. ഞാൻ രാഹുൽ ഗാന്ധിയെ വിമർശിച്ചതല്ല. അതേ ചാരുംമൂട്ടിലാണ്, നെഹ്റുവിനെ കാണാൻവേണ്ടി ഞാനിരുന്ന അതേ സ്ഥലത്തുകൂടിയാണ് ശ്രീ. രാഹുൽഗാന്ധി ജീപ്പിന്റെ മുകളിൽ കയറി സഞ്ചരിച്ചത്. ഞാൻ അദ്ദേഹത്തെ വിമർശിക്കുന്നില്ല. അദ്ദേഹം സെക്യുലറിസത്തെക്കുറിച്ച് സംസാരിക്കുന്നതിൽ യോജിക്കുന്ന ആളാണ് ഞാൻ. ഔന്നത്യം നമ്മൾ ആർജ്ജിക്കണ്ടേ; അവസരം ഉണ്ടായിട്ടും ആർജ്ജിക്കുന്നുണ്ടോ? എനിക്ക് ഈ അവസരം ഇല്ല.

ഇവിടെ ഇരിക്കുന്ന ആർക്കും ഈ അവസരമില്ല. പക്ഷേ ഇവിടെയൊക്കെ അവസരമുണ്ട്. അതിനുപകരം ഒരു ബലിഷ്ഠകായനായ ഒരു ഗുസ്തിക്കാരനെ പ്പോലെ ഒരു കൊലയാളി വന്ന് ഞാൻ പ്രധാനമന്ത്രിയാണെന്നുപറഞ്ഞ് അങ്ങനെ നിന്ന് ആടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി.എസ്. സുനിൽ കുമാർ അങ്ങയുടെ സമയം പോയി.

ശ്രീ. ജി. സുധാകരൻ: അങ്ങ് ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. പാനൽ ഓഫ് ചെയർമാൻമാർ ഒരുപാടുപേരുണ്ട്. അവരെ വച്ചിട്ട് അങ്ങേയ്ക്ക് പോകാമല്ലോ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സുധാകരൻ ഞാൻ ദേഷ്യപ്പെ ടുകയല്ല. അങ്ങ് പ്രസംഗിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: ഞാൻ പ്രസംഗിക്കുകയല്ല. ഞാൻ കാര്യം പറയുകയാണ്. ഇത് സഭയിൽ സർവ്വസാധാരണമാണ്. പുതിയ കാര്യമൊ ന്നുമല്ല. ഇതിനേക്കാൾ കൂടുതൽ ഞാൻ സംസാരിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത്രയും ദീർഘമായിട്ട് സംസാരിക്കാമോ? ചോദ്യം ചോദിക്കൂ

ശ്രീ. ജി. സുധാകരൻ : ഞാൻ പറഞ്ഞതിൽ എന്താ തെറ്റ്? നിങ്ങൾക്കി ഷ്ടപ്പെടാത്ത എന്തു കാര്യമാണ് ഞാൻ ഇവിടെ പറഞ്ഞത്. സമുദായ–ജാതി–കോമരങ്ങളുടെ പ്രതിയോഗികളായി വന്ന് രാജ്യത്തെ യുവാക്കളെ സ്വാധീനിക്കാമെന്ന് ധരിക്കരുത്.

ശ്രീ. വി. എസ്. സുനിൽകുമാർ: അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ രാജ്യത്തിന്റെ നേതാവായി രുന്ന കാലഘട്ടത്തിൽ, ഇപ്പോൾ രാഹുൽ ഗാന്ധി ജീപ്പിന്റെ മുകളിൽ കയറിയ വിഷയം മാത്രമല്ല, പണ്ഡിറ്റ് ജവഹൽലാൽ നെഹ്റു പ്രധാനമന്ത്രിയായി

രുന്ന സമയത്ത് ഡൽഹിയിലെ വർഗ്ഗീയ ലഹളയുടെ ഭാഗമായി അക്രമാസക്തമായ ജനക്കൂട്ടത്തിനെ നേരിടാൻ അദ്ദേഹം തന്റെ വണ്ടിയിൽ നിന്ന് ഇറങ്ങി പോലീസുകാരന്റെ കയ്യിൽ നിന്നും ലാത്തി വാങ്ങി അക്രമാസക്തമായ ജനക്കൂട്ടത്തെ നേരിട്ടത് ഞങ്ങൾക്ക് ഓർമ്മയുണ്ട്. അദ്ദേഹത്തെ നമ്മൾ ആരും അപഹസിച്ചിട്ടില്ല. അതിന് കാരണമുണ്ടായിരുന്നു. ഇപ്പോൾ എല്ലാം കോർപ്പറേറ്റുകൾ തീരുമാനിക്കുകയാണ്. ഇത് പ്രീ-ഡിസൈൻഡ് ആണ്. ശ്രീ. നരേന്ദ്രമോദി ചെയ്യുന്നതെന്താണ്; നരേന്ദ്രമോദിയുടെ വാക്കുകളും മൂവ്മെന്റ്സും കോസ്റ്റ്യൂംസും തീരുമാനിക്കുന്നതാരാണ്? അമേരിക്കൻ കമ്പനിയാണ് അതൊക്കെ നിശ്ചയിക്കുന്നത്. തമിഴ്നാട്ടിൽ അദ്ദേഹം ചെറുപ്പക്കാരെ ആകർഷിക്കുന്നതിനായി ഇളം താമരൈ ഇശൈക്കം എന്ന ഒരു പരിപാടിയുടെ ഭാഗമായി എല്ലാ സ്ഥലത്തും കൗണ്ടർ തുടങ്ങി. ചെറുപ്പക്കാർക്ക് വേണ്ടി അദ്ദേഹം വർഗ്ഗീയത കുത്തിച്ചെലുത്തുന്ന പ്രസംഗങ്ങൾ നടത്തി. ലക്ഷക്കണക്കിന് ചെറുപ്പക്കാരെയാണ് രജിസ്റ്റർ ചെയ്യിപ്പിച്ചത്. ബീഹാറിൽ ഹൂങ്കാർ റാലിക്കായി നൂറ് കോടി രൂപയാണ് നരേന്ദ്രമോഡി ചെലവഴിച്ചത്. അവിടേയും ചെറുപ്പക്കാരെയാണ് കൊണ്ടുവന്നത്. ഇന്ത്യയിലെ ചെറുപ്പക്കാരെ വർഗ്ഗീയതയിലേയ്ക്ക് ആകർഷിക്കാൻ വേണ്ടി ശക്തമായ ഇടപെടൽ നടത്തുകയാണ് അവർ. നമ്മുടെ രാജ്യത്തിന്റെ തത്വശാസ്ത്രം അവർ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യൻ തത്വചിന്ത എന്നുപറയുന്ന പാരമ്പര്യം ബി.ജെ.പി-ക്കും ആർ.എസ്.എസ്-നും വിട്ടുകൊടുക്കയല്ലേ ഞങ്ങൾ ചെയ്യുന്നത്. മഹാത്മാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഇന്ത്യൻ ഫിലോസഫിയെക്കുറിച്ച് പഠിച്ചിരുന്നു. അവർ എഴുതിയ പുസ്തകങ്ങൾ ഞങ്ങൾക്ക് പ്രചോദനമായിരുന്നു. എന്നാൽ ഇപ്പോൾ അതെല്ലാം ബി.ജെ.പി-ക്ക് വിട്ടുകൊടുത്തിരിക്കുകയാണ്.

കമ്മ്യൂണിസ്റ്റ് പാർട്ടി എൻ.ഇ. ബൽറാമിന്റെ പേരിൽ ഭാരതീയം എന്ന പരിപാടി നടത്തിയപ്പോൾ കോൺഗ്രസ്സുകാർ കയറി ഭയങ്കര പ്രശ്നമുണ്ടാക്കി. കമ്മ്യൂണിസ്റ്റുകാരൻ എഴുതിയ പുസ്തകമാണ് കെ. ദാമോദരന്റെ ഭാരതീയ ചിന്ത. ഇന്ന് എല്ലാ യൂണിവേഴ്സിറ്റികളിലും പഠിക്കുന്ന ഭാരതീയ തത്വചിന്തയെപ്പറ്റിയുള്ള ആധികാരിക ഗ്രന്ഥമാണ്. രാഹുൽ സംഹൃദ്യായിന്റെ ചാതുർവർണ്ണ്യത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ, ഇന്ത്യൻ ഫിലോസഫി, ചാർവാക, എൻ. ഇ. ബൽറാമിന്റെ മൂന്ന് പുസ്തകങ്ങൾ ഇവയെല്ലാം ഇന്ത്യയിലെ എല്ലാ യൂണിവേഴ്സികളിലും പഠിക്കുന്ന പുസ്തകങ്ങളാണ്. മാത്രമല്ല കമ്മ്യൂണിസ്റ്റുകാരായ ആളുകളും കോൺഗ്രസ്സുകാരായ എത്രയോ നേതാക്കന്മാരും പുസ്തകങ്ങൾ എഴുതിയിരിക്കുന്നു. ആ ഫിലോസഫി പഠിച്ചു വളരുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഇവിടെ വളരെ സൂക്ഷ്മമായി വിലയിരുത്തേണ്ട ഒരു കാര്യം ചെറുപ്പക്കാർ എങ്ങോട്ടുപോകുന്നു; ആരുടെ പുറകിലേയ്ക്ക് പോകുന്നു; വർഗ്ഗീയതയുടെ പുറകിൽ ചെറുപ്പക്കാരെ നയിക്കാൻ വേണ്ടി ആസൂത്രിതമായ നീക്കം നടത്തുമ്പോൾ ജീപ്പിന്റെ മുകളിൽ കയറിയിട്ട് കാര്യമുണ്ടോ; അവിടെയാണ് പ്രചോദനമാകേണ്ടത്. നമുടെ രാജ്യത്തിന്റെ സ്ഥിതിയെന്താണെന്നതിനെക്കുറിച്ച് പഠിക്കണം. അല്ലാതെ ചെറുപ്പക്കാരെ ആകർഷിക്കാൻ വേണ്ടി, ഹൈടെക് യുഗമാണെന്ന് കരുതി കുറെ പ്രത്യേകമായ പാക്കേജുകൾ പ്രഖ്യാപിച്ചിട്ട് കാര്യമില്ല. യൂത്ത് കോൺഗ്രസ്സിലേയ്ക്ക് ലോക്സഭാടിസ്ഥാനത്തിൽ ആളുകളെ എടുക്കുന്നു. നല്ലകാര്യമാണ്. യൂത്ത്കോൺഗ്രസ്സിന്റെ ജില്ലാപ്രസിഡന്റ് ആരാണെന്നുചോദിച്ചാൽ ആർക്കും അറിയില്ല. ജില്ലാപ്രസിഡന്റ് ഇപ്പോൾ ഇല്ല. പ്രകടനപരതയിൽ ഒരാൾ അത് ചെയ്യുന്നു. അതിനുപകരം വേറെ കോർപ്പറേറ്റുകളെക്കൊണ്ട് ചെയ്യിക്കുന്നു. കോർപ്പറേറ്റുകൾ കെട്ടിപ്പൊക്കുന്ന നേതാക്കന്മാരെയല്ല നമുക്ക്

വേണ്ടത്. യുവാക്കളെ ആകർഷിക്കാൻ വേണ്ടി കൃത്രിമമായി പല കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, നരേന്ദ്രമോദിയെ ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് ഉയർത്താൻ ശ്രീ. അദ്വാനിയെപ്പോലും തഴഞ്ഞുകൊണ്ട് വലിയ നടപടി സ്വീകരിക്കുന്നത് ഏറ്റവും വലിയ വർഗ്ഗീയപ്രസ്ഥാനമായ ആർ.എസ്.എസ്. ആണ്. ഭാരതത്തിന് ഒരു വലിയ സംസ്ക്കാരമുണ്ട്. ഈ ബില്ലിനകത്ത് അത് സൂചിപ്പിക്കുന്നുണ്ട്. അന്ത:വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഭാരതത്തിന്റെ ദർശനങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ചെറുപ്പക്കാരെ പ്രമോട്ട് ചെയ്യണം. അത് ശരിയായ രൂപത്തിൽ ഉയർത്തിക്കൊണ്ടുവന്നാൽ എല്ലാ മതങ്ങൾക്കും ഈ രാജ്യത്ത് സ്ഥാനമുണ്ട് എന്ന് പ്രഖ്യാപിച്ച മഹാനായിരുന്ന സ്വാമി വിവേകാനന്ദന്റെ 150-ാം ജന്മവാർഷികാഘോഷങ്ങൾ കേരളത്തിൽ സംഘടിപ്പിക്കുമ്പോൾ അതു സംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി, അങ്ങയുടെ വകുപ്പിന്റെ കീഴിലുള്ള യുവജനക്ഷേമവകുപ്പ് ചുമതല കൊടുത്തത് ആർ.എസ്.എസ്.-ന്റെ സാംസ്ക്കാരിക സംഘടനയായ തപസ്യയ്ക്കാണ്. സ്വാമി വിവേകാനന്ദന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കാൻ അങ്ങയുടെ കീഴിലുള്ള യുവദർശ വകുപ്പ് തപസ്യ എന്ന ആർ.എസ്.എസ്സിന്റെ സാംസ്ക്കാരിക സംഘടനയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അത് ശരിയായ സമീപനമാണോ?

ശ്രീ. വി. എസ്. സുനിൽകുമാർ: ശ്രീ. രാജേഷ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ ഒരു യുവജനക്ഷേമബോർഡ് ഉണ്ടായിരുന്നല്ലോ. ആർ.എസ്.എസ്.-നെ ഏൽപ്പിക്കാൻ ഇവരെ ചുമതലപ്പെടുത്തിയത് ആരാണ്; സ്വാമി വിവേകാനന്ദൻ 33-ാമത്തെ വയസ്സിൽ മരണമടഞ്ഞ ചെറുപ്പക്കാരനാണ്. ഇവിടെ തപസ്യ എന്നുമാത്രമല്ല ബാലഗോകുലം പോലെയുള്ള പരി

പാടികൾക്ക് ആർ.എസ്.എസ് – കാർ ഞങ്ങളെ വിളിക്കുമ്പോൾ സത്യത്തിൽ ഞങ്ങൾ തന്നെ ഞെട്ടിപ്പോയി. സ്വാമിവിവേകാനന്ദന്റെ പരിപാടി ഈ രാജ്യത്തിലെ ചെറുപ്പക്കാരായ ആളുകളെ മുഴുവൻ ദേശാഭിമാന പ്രചോദിതമാക്കി അതിലേയ്ക്ക് അണിനിരത്തുന്നതിനുപകരം ഹൈന്ദവാധിഷ്ഠിത നിലയിലേയ്ക്ക് അതിനെ വളർത്തിയെടുക്കാൻ ആർ.എസ്.എസ്–ന് ഒരു ചാനൽ ഒരുക്കിക്കൊടുക്കാൻ യുവജനക്ഷേമ ബോർഡ് ശ്രമിച്ചിട്ടില്ലേ? ഇല്ലെങ്കിൽ ഇല്ല എന്നു പറയണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): തെറ്റിദ്ധരിക്കരുത്. യുവജനക്ഷേമ ബോർഡല്ല. പി.ആർ.ഡി. ആണ് ആ പരിപാടി സംഘടിപ്പിച്ചത്. എല്ലാ ജില്ലകളിലേയും ആളുകളെ വിളിച്ചുകൂട്ടി, നിർഭാഗ്യവശാൽ നമ്മുടെ സംഘടനകളൊന്നും സഹകരിക്കുകയോ പങ്കെടുക്കുകയോ ചെയ്തില്ല. ആർ.എസ്.എസ്. വിഭാഗക്കാർ സജീവമായി മുന്നോട്ടുവന്നു. അവരുടെ പങ്കാളിത്തമുണ്ടായി എന്നത് യാഥാർത്ഥ്യമാണ്. ഇത്തരം പരിപാടികൾ അവർക്ക് വിട്ടുകൊടുക്കാൻ നമ്മളും തയ്യാറാകണം

ശ്രീ. വി. എസ്. സുനിൽകുമാർ: അത് ശരിയല്ല. അത് തൊടുംന്യായമെന്നാണ് പറയുന്നത്. ഏത് സർക്കാരാണെങ്കിലും ആ സർക്കാരിന് ഒരു കാഴ്ചപ്പാടുണ്ടാകണം. എ.ഐ.വൈ.എഫ്. പ്രവർത്തകരും ഡി.വൈ.എഫ്.ഐ–പ്രവർത്തകരും വരാത്തതുകൊണ്ടാണോ അത് ആർ.എസ്എസ്.–ന് വിട്ടുകൊടുത്തത്. സർക്കാരിന് യൂത്ത് കോൺഗ്രസ്സുണ്ടായിരുന്നില്ലേ നിങ്ങൾ എല്ലാ സ്ഥലത്തും യൂത്ത് കോൺഗ്രസ്സുകാരെ അണിനിരത്തുമല്ലോ? സ്പോർട്ട്സ് പരിപാടി വയ്ക്കുമ്പോൾ ആർ.എസ്.എസ്–കാരെ വയ്ക്കുമോ? ഇപ്പോൾ യുവജനോത്സവം നടക്കുമ്പോൾ അവിടെ ആർ.എസ്.എസ്

പ്രവർത്തകർ വരുന്നുണ്ടോ? നിങ്ങൾ നാഷണൽ ഗെയിംസ് നടത്തുമ്പോൾ ബി.ജെ.പി ക്കാരെയോ ആർ.എസ്.എസ്.-കാരെയോ വച്ചാണോ നടത്തുന്നത്. ഇതുമാത്രം അവരെ ഏൽപ്പിച്ചുകൊടുത്ത് അവർ മാത്രമേ വന്നുള്ളൂ എന്ന് പറയുന്നത് കാഴ്ചപ്പാടിന്റെ പ്രശ്നമാണ്. ഇന്ത്യയുമായി ബന്ധപ്പെട്ടുവരുന്ന കാഴ്ചപ്പാടുകളെല്ലാം തന്നെ ആർ.എസ്.എസ്.-ന് വിട്ടുകൊടുക്കുന്ന സമീപനം നിങ്ങളെടുക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ശ്രീ. കെ.സി. ജോസഫ് പറഞ്ഞതിൽ അടിസ്ഥാനപരമായ ഒരു കുഴപ്പമുണ്ട്. ആർ.എസ്.എസും നരേന്ദ്രമോഡിയുടെ ഗവൺമെന്റും ഗുജറാത്തിൽ പ്ലാൻ ചെയ്ത് നടപ്പിലാക്കുന്ന ഒരു പരിപാടിയുടെ ഭാഗമായി ഒരു സംഘം ഇവിടെ വന്ന് മുഖ്യമന്ത്രിയെ അടക്കം കണ്ടു, അതിന്റെ ഭാഗമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത് അതല്ലാതെ ഗവൺമെന്റ് മുൻകൈ എടുത്ത് സംഘടിപ്പിച്ച ഒരു പരിപാടിയല്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : ആ സംഘത്തിന് ആ പരിപാടിയുമായി ഒരു ബന്ധവുമില്ല; പി.ആർ.ഡി. സംസ്ഥാനത്തു സംഘടിപ്പിച്ച പരിപാടിയാണ് ഇത് എന്നതാണ് യാഥാർത്ഥ്യം. ഇടതുപക്ഷസംഘടനകളും മറ്റുസംഘടനകളും സഹകരിക്കാതെ വിട്ടുനിന്നപ്പോൾ ആർ.എസ്.എസ്-ന്റെ സജീവമായ ഇടപെടൽ ഉണ്ടായി എന്നത് യാഥാർത്ഥ്യമാണ്. അത് അംഗീകരിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന പാവങ്ങളായ തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി സംസാരിച്ച ഈ രാജ്യത്തിലെ വൻകിടക്കാരോട് നിന്റെ കാലം അവസാനിച്ചിരിക്കുന്നു, ഇനിയുള്ള കാലം പാവപ്പെട്ടവരുടെയും തൊഴിലാളികളുടെയുമാണ് എന്നുപറഞ്ഞ സ്വാമി വിവേകാനന്ദനെ നമ്മുടെ ഗവൺമെന്റ് കേരള സമൂഹത്തിനുമുമ്പിൽ എങ്ങ

നെയാണ് അവതരിപ്പിക്കുന്നത്; അവർ വിശദീകരിക്കണം. സ്വാമി വിവേകാന ന്ദന്റെ അന്ത:സത്തയ്ക്ക് വിരുദ്ധമായി സംസാരിക്കുന്നവരുടെ കയ്യിലേക്ക് വിവേകാനന്ദനെ എറിഞ്ഞുകൊടുത്തവർ ആരാണ്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സ്വാമി വിവേകാനന്ദൻ സോഷ്യ ലിസത്തെക്കുറിച്ചും തൊഴിലാളികളുടെ സർവ്വാധിപത്യത്തെക്കുറിച്ചും പറഞ്ഞ ആളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, 37 മിനിട്ടായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ചുരുക്കി പറയുകയാണ്. സ്വാമി വിവേകാനന്ദൻ ആരാണ്; സ്വാമി വിവേകാനന്ദന്റെ തത്വശാസ്ത്രം എന്തായിരുന്നു; യുവാക്കളെക്കുറിച്ച് അദ്ദേഹത്തിന്റെ ബോധമെന്തായിരുന്നു? ആ വസ്തുത ചെറുപ്പക്കാരിലേക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് ശ്രമിക്കേണ്ടിയിരുന്നത്. പ്രത്യേകിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും മഹാത്മാഗാന്ധിയുടെയും പാരമ്പര്യമുള്ള ഗവൺമെന്റ് എന്ന് അവകാശപ്പെടുന്ന കോൺഗ്രസ് ഭരിക്കുന്ന ഗവൺമെന്റാണിത്. സഖാവ് കെ. കെ. ജയചന്ദ്രൻ സൂചിപ്പിച്ചതുപോലെ ആർ.എസ്.എസ്.-ന്റെ ചിലയാളുകൾ വന്ന് സംസാരിച്ചപ്പോൾ അവർക്ക് ഏർപ്പിച്ചുകൊടുക്കുകയാ ണുണ്ടായത്. അതൊരു പ്രീണനനയമാണ്. അതുപോലെ ശ്രീ. സി. കെ. നാണു സൂചിപ്പിച്ചതിൽ ഒരു പ്രധാനപ്രശ്നമുണ്ട്. ഇന്ത്യയിലെ ചെറുപ്പക്കാ രുടെ പ്രതീകമാണ് സ്വാമി വിവേകാനന്ദനും ഭഗത്സിംഗും. സ്വാമി വിവേകാ നന്ദന്റെ തത്വചിന്ത ജനങ്ങളിലേക്ക് എത്തിക്കുന്നതിനുപകരം നിങ്ങൾ ചെയ്തത് മറ്റുള്ള കാര്യങ്ങളാണ്. ചിന്തയുടെ കാര്യത്തിൽ മാത്രമല്ല, എല്ലാ ക്കാര്യത്തിലും കോർപ്പറേറ്റുകൾക്കുവേണ്ടി എല്ലാവരും ലക്ഷ്യമിടുന്നൊരു കാര്യം ചെറുപ്പക്കാരുടെ സ്വാധീനമാണ്. ചെറുപ്പക്കാരാണ് ശക്തി എന്നതു

കൊണ്ടാണ് രാഹുൽഗാന്ധി ചെറുപ്പക്കാരെക്കുറിച്ച് പറയുന്നത്. ശ്രീ. പി.സി. ജോർജിന്റെ മകൻ യുവജനക്ഷേമ ബോർഡിന്റെ മെമ്പറായിരുന്നു. അവരടക്കം ഇരുന്നാണ് സ്വാമി വിവേകാനന്ദന്റെ കാര്യം തീരുമാനിച്ചത്. ശ്രീ. പി.സി. ജോർജ് വന്നതുകൊണ്ട് പറയുകയാണ്. അദ്ദേഹം ഇല്ലാത്തപ്പോൾ പറയാൻ പാടില്ലാത്തതുകൊണ്ട് പറയാതിരുന്നതാണ്. ചെറുപ്പക്കാരിലാണ് ഇവരെല്ലാം ലക്ഷ്യമിടുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. രാഹുൽഗാന്ധി ലക്ഷ്യം വയ്ക്കുന്നത് ചെറുപ്പക്കാരുടെ ആകർഷണീയത കോൺഗ്രസിലേക്ക് വരണം. ബി.ജെ.പി. ലക്ഷ്യമിടുന്നത് ചെറുപ്പക്കാർ അവരി ലേയ്ക്ക് വരണം. കോർപ്പറേറ്റുകൾ ലക്ഷ്യമിടുന്നത് ചെറുപ്പക്കാർ അവരി ലേക്ക് വരണം. മാതാ അമൃതാനന്ദമയി വിചാരിക്കുന്നത് എല്ലാ ചെറുപ്പക്കാര ന്മാരും ചെറുപ്പക്കാരികളും അവരുടെ ഭക്ത-ശിഷ്യന്മാരായി നിൽക്കണം. ശ്രീ ശ്രീ രവിശങ്കർ വിചാരിക്കുന്നതെന്താണ്; ചെറുപ്പക്കാർ അവരോടൊപ്പം നിൽക്കണം. ഇവരെല്ലാം ചേർന്നുകൊണ്ടുള്ള ഒരു മത്സരമാണ്. ചെറുപ്പ ക്കാരെ അവരുടെ വരുതിയിലാക്കാൻ വേണ്ടിയുള്ള ഒരു മത്സരം. ആ മത്സര ത്തിൽ അവർ വിജയിക്കുകയാണ്. ആൾ ദൈവങ്ങളുടെ പുറകെ പോകുന്ന ചെറുപ്പക്കാർ റാഡിക്കലായി ചിന്തിക്കുന്നില്ല. അവർ അതിന്റെ പുറകിൽ പോകുന്നു. എന്നാൽ ശാസ്ത്രീയമായി ഒരു സമൂഹത്തെ മുന്നോട്ടു നയിക്കാൻ ആവശ്യമായ എന്തെങ്കിലും പരിപാടി നിങ്ങളുടെ ഈ ബില്ലിലു ണ്ടോ; ഈ ബില്ലിൽ അങ്ങനെയൊരു പരിപാടിയുമില്ല. ചെറുപ്പക്കാരെ വഴിതെ റ്റിക്കാനുള്ള എല്ലാ പരിപാടികളും നിയമപ്രകാരം നിങ്ങൾ നടപ്പിലാക്കിക്കൊ ണ്ടിരിക്കുകയാണ്. സ്പെഷ്യൽ എക്കണോമിക് സോൺ, ഐ.ടി. മേഖല, സ്വാശ്രയ കോളേജുകൾ എന്നിവിടങ്ങളിൽ ചെറുപ്പക്കാർക്ക് അവകാശമില്ല. എല്ലാ സ്ഥലത്തും പണത്തിന്റെ ആധിപത്യമാണ്. നമ്മുടെ ചെറുപ്പക്കാർ

എവിടെപ്പോകും; നിങ്ങൾ ന്യൂജനറേഷൻ ബഡ്ജറ്റ് അവതരിപ്പിക്കുന്നു. ന്യൂജനറേഷൻ നയപ്രഖ്യാപനം, ന്യൂജനറേഷൻ ബാങ്കുകൾ, ന്യൂജനററേഷൻ സിനിമകൾ ഇവയെല്ലാം നടത്തുന്നു. ന്യൂജനറേഷൻ സിനിമകളെക്കുറിച്ച് പറയുകയാണെങ്കിൽ, നല്ലസിനിമകളുണ്ട്. ഇല്ല എന്നു പറയുന്നില്ല. മയക്കുമരുന്നിനേയും മദ്യത്തെയും പോലുള്ള പ്രവണതകളെ മഹത്വവൽക്കരിക്കുന്ന ന്യൂജനറേഷൻ സിനിമകൾ വരികയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അദ്ദേഹം പറഞ്ഞത് വളരെ കറക്ടാണ്. സിനിമ കാണുന്ന പലരും നമ്മുടെ സഭയ്ക്കകത്തുണ്ട്. ന്യൂജനറേഷൻ സിനിമയെ അടച്ചാക്ഷേപിക്കേണ്ട കാര്യമില്ല. അതേ സമയം ന്യൂജനറേഷൻ എന്ന പേരിൽ വരുന്ന ചില സിനിമകൾ മയക്കുമരുന്നിനേയും മദ്യത്തെയും സാധൂകരിക്കുകയും ഗ്ലോറിഫൈ ചെയ്യുകയും ചെയ്യുകയാണ്. അത് നമ്മുടെ യുവസമൂഹത്തെ വഴിതെറ്റിക്കുന്നതിന് സഹായകരമാണ് എന്ന് കാണുന്നുണ്ടല്ലോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബഹുമാന്യരായ അംഗങ്ങൾ സംസാരിച്ചപ്പോൾ സിനിമകളിലൂടെ യുവജനങ്ങളെ വഴിതെറ്റിക്കുന്ന കാര്യം പറഞ്ഞു. ഇപ്പോൾ നടക്കുന്നത് സന്ധ്യാസമയം മുതൽ പാതിരാത്രി വരെയുള്ള സീരിയലുകളിൽ സമൂഹത്തെ തെറ്റായ വഴികളിലേക്ക് നയിക്കുന്ന കാര്യങ്ങൾ മാത്രമാണ് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മാറ്റാൻ സർക്കാരിൽ നിന്ന് ശക്തമായ ഇടപെടൽ നടത്താൻ തോന്നിയിട്ടുണ്ടോ;

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സിനിമയെക്കുറിച്ച് പറയുമ്പോൾ യുവാക്കളുടെ കാര്യമാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ന്യൂജനറേഷൻ സിനിമ പറയുന്നത് നി–കൊ–ഞാ–ചാ (നിന്നേം കൊല്ലും ഞാനും

ചാവും) എന്നാണ്. ഇപ്പോൾ യൂത്ത് കോൺഗ്രസിന്റെ ജാഥ നടത്തിയപ്പോൾ ബഹുമാന്യനായ രാഹുൽഗാന്ധി അവിടെ വന്നു. രാഹുൽ ഗാന്ധി പുറകിൽ കൂടെയാണ് വന്നുകയറിയത്. യൂത്ത് കോൺഗ്രസ്സിന്റെ ജാഥയുടെ ലക്ഷ്യം എന്നു പറയുന്നത്, അക്രമത്തിനെതിരെ യുവാക്കൾ – മതസൗഹാർദ്ദം എന്നു ളളതാണ്. പക്ഷേ അദ്ദേഹം അവിടെ വന്നപ്പോൾ ബഹുമാനപ്പെട്ട കേന്ദ്രസഹമന്ത്രിയെ ആക്രമിച്ചു നിലത്തിട്ടു ചവിട്ടി അദ്ദേഹത്തിന് മൂത്രം പോലും പോകാൻ കഴിയാതെ മെഡിക്കൽ കോളേജിലാണെന്ന കാര്യം അങ്ങ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങനെ കുറേക്കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാരെ കുറിച്ചാണ് ചർച്ച. ഇവിടെ മൂത്രം പോകാത്ത കാര്യം ഞാൻ ചർച്ച ചെയ്യുന്നില്ല. ഏതാ യാലും ടെലിവിഷൻ ചാനലുകളുടെ കാര്യം ശ്രീമതി പി. അയിഷാ പോറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മാധ്യമങ്ങൾ വാസ്തവം പറയുമ്പോൾ കോർപ്പറേറ്റുകളുടെ കാര്യത്തെക്കുറിച്ച് പറയുകയാണെന്ന് കോൺഗ്രസുകാർ പറയും. കോർപ്പറേറ്റ്വൽക്കരിക്കപ്പെട്ടിരിക്കുന്നു. അരാഷ്ട്രീയവൽക്കരണം ചെറുപ്പക്കാരിൽ വ്യാപിപ്പിക്കുന്നതിനായി വ്യാപകമായി നിങ്ങൾ എൻ.ജി.ഒ. കളെ പ്രോൽസാഹിപ്പിക്കുകയല്ലേ; നിങ്ങളുടെ ഗവൺമെന്റിന്റെ നയം എൻ.ജി.ഒ.കളെ പ്രോൽസാഹിപ്പിക്കുക എന്നതാണ്. കഴിഞ്ഞ നിയമസഭാസ മ്മേളനത്തിൽ ഞാൻ ചോദിച്ചു നോൺ ഗവൺമെന്റൽ ഓർഗനൈസേഷന് കൊടുത്തുകൊണ്ടിരിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന്; ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളെ സഹായിക്കുന്നത് ഇന്ത്യയിലാണ്. ബഹുഭൂരിപക്ഷം നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളും ലക്ഷ്യമിടുന്നത് അരാഷ്ട്രീയവൽക്കരണമാണ്.

അതിനുവേണ്ടി അവർ കാണുന്ന ലക്ഷ്യം ചെറുപ്പക്കാരാണ്. ആ ചെറുപ്പക്കാരിലൂടെ അരാഷ്ട്രീയ ബോധം വളർത്തിയെടുക്കാനും പലരൂപേണ വർഗീയതയും മറ്റു പല രൂപത്തിലുള്ള അവരുടെ വികാരങ്ങളും പൊലിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. സർക്കാർ ഇതൊന്നും കാണുന്നില്ല. ഈ പറയുന്ന രൂപത്തിലേക്ക് ഇവിടെ പൊയ്ക്കൊണ്ടിരിക്കുകയാണ്. ടെലിവിഷൻ ചാനലുകൾ ഉൾപ്പെടെ എല്ലാ മാധ്യമങ്ങളും മർഡോക്കിനെപ്പോലെയുള്ള ആളുകൾ വാങ്ങിയിരിക്കുന്നു. അവർ നിശ്ചയിക്കുന്ന അജണ്ടകളും അവരുടെ രീതികളും മാറുന്നു. കൺസ്യൂമർ സംസ്കാരം ശക്തമായി ഉണ്ടാകുന്നു. ഇതെല്ലാം ഉണ്ടാക്കിയത് നയത്തിന്റെ ഭാഗമായിട്ടാണ്. അതാണ് രാഷ്ട്രീയം. ആ നയത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന കാര്യം വരുമ്പോഴാണ് സമരം അശ്ലീലമാകുന്നത്. അത് ചെറുപ്പക്കാരെ പഠിപ്പിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. വി.എസ്. സുനിൽകുമാറിന് അല്പ സമയം കൂട്ടികൊടുക്കണമെന്ന് ഒരു അഭ്യർത്ഥന ഞാനിവിടെ നടത്തിയിരുന്നു. അഭ്യർത്ഥന ഞാൻ പിൻവലിക്കുന്നു. ശ്രീ. വി.എസ്. സുനിൽകുമാർ ഒന്നു നിർത്തണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ശ്രീ. പി.സി. ജോർജ് പറയുകയാണെങ്കിൽ നിർത്താം. ചീഫ് വിപ്പാണ് പറയുന്നത്. ശ്രീ. പി.സി. ജോർജ് പറയുന്നത് ചീഫ് വിപ്പ് എന്ന നിലയിൽ കോൺഗ്രസുകാർ ആരും കേൾക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾ എന്തായാലും കേൾക്കാൻ തീരുമാനിച്ചു. ഞാൻ നിർത്തുകയാണ്. ശ്രീമതി പി. അയിഷാപോറ്റി നേരത്തേ സൂചിപ്പിച്ചതുപോലെ മാധ്യമങ്ങളെല്ലാം ഇങ്ങനെയാണ്. വായുവിൽ വിഷം നിറഞ്ഞു നിൽക്കുമ്പോൾ ശ്വസിക്കാനുള്ള സ്വാതന്ത്ര്യം എന്തിനുള്ള സ്വാതന്ത്ര്യമാണ്;

നമുക്ക് ശ്വസിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്നു പറഞ്ഞാൽ അതിനർത്ഥം മരിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട് എന്നുള്ളതാണ്. ഇന്ന് ചെറുപ്പക്കാർ നേരിടുന്ന പ്രധാന പ്രശ്നം അതാണ്. അവനൊരുപാട് സ്വാതന്ത്ര്യമുണ്ട്, അവൻ സ്വതന്ത്രനാണ് അവന്റെ ചിറകുകൾ വിഹായസിലേക്ക് വിടർത്താമെന്നുമൊക്കെ പറയുന്നുവെങ്കിലും ഒരു ചിറകുപോലും വിടർത്താൻ പറ്റാത്ത വിധത്തിൽ കുരുക്കിക്കിടക്കുന്ന നയങ്ങൾ നടപ്പിലാക്കുന്ന നിങ്ങൾ ഇങ്ങനെയൊരു ബില്ലിലൂടെ ചെറുപ്പക്കാരെയെല്ലാം ഇതാ രക്ഷിക്കാൻ പോകുന്നുവെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ മാത്രം മൂഢന്മാരല്ല ഈ രാജ്യത്തെ ചെറുപ്പക്കാർ എന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഭേദഗതിയെ അനുകൂലിക്കുന്നു. യുവജന കമ്മീഷൻ രൂപീകരിക്കുന്നതിനെ സ്വാഗതം ചെയ്യുകയാണ്. നാഷണൽ യൂത്ത് പോളിസി 2012-ലെ നിർദ്ദേശപ്രകാരമാണ് ഇങ്ങനെയൊരു കമ്മീഷൻ രൂപീകരണത്തിലേക്ക് വന്നത്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നത്, 2012-ൽ ഇന്ത്യയിലെ യുവാക്കളെ സംബന്ധിച്ച് ഒരുപാട് പ്രതിപാദ്യങ്ങളുള്ള നാഷണൽ യൂത്ത് പോളിസി വന്നപ്പോൾ ഇത്തരം യുവജനപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്റ്റാറ്റ്യൂട്ടറി സംവിധാനത്തോടുകൂടിയും ക്വാസി ജുഡീഷ്യൽ സംവിധാനത്തോടുകൂടിയും ഒരു കമ്മീഷൻ വേണമെന്ന പരാമർശം ഉണ്ടായി. ഞാൻ പറയുന്നത് അങ്ങനെയൊരു നിർദ്ദേശമുണ്ടായപ്പോൾ ആദ്യം ഓർഡിനൻസ് കൊണ്ടുവന്ന് അതിനനുസരിച്ച് ഒരു ബിൽ രൂപകല്പന ചെയ്ത് ഒരു നിയമമാക്കുന്നതിന് ഈ നിയമസഭയുടെ മുമ്പിൽ കൊണ്ടുവരാൻ പരിശ്രമിച്ച മന്ത്രിയുടെ നന്മയെ കാണാതെ ഈ ബില്ലിലെ ന്യൂനതകൾ മാത്രം ചൂണ്ടിക്കാണിക്കുന്നതിൽ അർത്ഥമില്ല.

ബില്ലിലെ ന്യൂനതകൾ നമ്മൾ പറയണം. ബില്ലിന്റെ ഡിസ്ക്കഷനാണിത്. അതിലെ പോരായ്മകളും വൈരുദ്ധ്യങ്ങളും പറയണം. അത് എത്തിച്ചേരേണ്ട തലത്തെക്കുറിച്ച് പറയണം. ഈ നന്മ നമ്മൾ വിസ്മരിച്ചുകൂടാ. യുവജനനയം എന്നുള്ള നിലയിൽ യൂത്ത് കമ്മീഷൻ ഇന്ത്യയിലാദ്യമായി രൂപീകരിക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. അതിന് നേതൃത്വം കൊടുത്ത യുവജനക്ഷേമ വകുപ്പുമന്ത്രിയെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്.

അത് ചരിത്രത്തിന്റെ ഭാഗമാണ്. ഇതിനെ ആരൊക്കെ എത്ര ചെറുതാക്കിയും മോശമാക്കിയും പറഞ്ഞാലും, പോരായ്മകളുണ്ട്; ഞാനും അതിലേയ്ക്കുതന്നെ വരുന്നു. ഈ ഒരു തുടക്കം, ഇന്ത്യയിൽ നിയമനിർമ്മാണ രംഗത്ത് ഒരുപാട് കാര്യങ്ങളിൽ കേരളത്തിന് പ്രശംസനീയമായ കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളത് നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തുമുണ്ട്. കേരളത്തിന്റെ നിയമനിർമ്മാണ ചരിത്രത്തെക്കുറിച്ചും 125 വർത്തെക്കുറിച്ചുമൊക്കെ നമ്മൾ ഇതിനുമുമ്പ് ചർച്ച ചെയ്തതാണ്. അങ്ങനെ വരുമ്പോൾ ഇന്ത്യയിലാദ്യമായി ഒരു യുവജന കമ്മീഷനെ നിയമിച്ചു എന്നുള്ളതിന്റെ ക്രെഡിറ്റ് കേരളത്തിനുള്ളതാണ്. ആ നിയമ നിർമ്മാണത്തിന്റെ ചർച്ചയിലാണ് നമ്മൾ പങ്കെടുക്കുന്നത് എന്നുകൂടി ഓർക്കേണ്ടതുണ്ട്. ഇന്ത്യയിലെ ജനസംഖ്യയിൽ മൂന്നിൽ രണ്ട് ഭാഗവും 30 വയസ്സിനുതാഴെയാണ്. യുവജനങ്ങൾക്ക് കമ്മീഷനുണ്ടാകേണ്ടതിന്റെ ഒരു കാര്യമാണ് ഇവിടെ പറയുന്നത്. അതിൽത്തന്നെ കുട്ടികളെ മാറ്റിനിർത്തിയാൽ ഇപ്പോഴും നമ്മുടെ ജനസംഖ്യയുടെ മൂന്നിലൊരു ഭാഗവും യുവാക്കളായിരിക്കും. കേരളത്തിലെ ചെറുപ്പക്കാർ വിദ്യാഭ്യാസപരമായി

കൂടുതൽ ശാക്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ഇവിടത്തെ കണക്കെടുത്ത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ പ്രൊഫഷണലുകളെ നമ്മൾ പുറത്തിറക്കിയത് കഴിഞ്ഞ പത്ത് വർഷം കൊണ്ടാണ്. അതിനുമുമ്പുള്ള അമ്പത് വർഷം കൊണ്ടുണ്ടായ ഉന്നത ബിരുദം നേടിയ പ്രൊഫഷണലുകളെ കവച്ചുവയ്ക്കുന്ന വിധത്തിൽ കഴിഞ്ഞ പത്ത് വർഷം കൊണ്ട് കേരളത്തിലെ ചെറുപ്പക്കാർ വ്യത്യസ്ത മേഖലകളിൽ കഴിവുകൾ നേടിയതും പ്രൊഫഷണലുകളായി തീർന്നതും നമുക്കറിയാവുന്നതാണ്. കേരളത്തിലെ യുവാക്കളിൽ നല്ലൊരു വിഭാഗം ഇന്ന് വിദേശങ്ങളിലാണ് ജോലി ചെയ്യുന്നത്. ഞാൻ പഠിച്ച കോളേജിൽ ഒരു Alumni meet ഉണ്ടായിരുന്നു. ആ പൂർവ്വവിദ്യാർത്ഥി സംഗമത്തിന് അവർ പേരിട്ടിരുന്നത് അന്താരാഷ്ട്ര പൂർവ്വ വിദ്യാർത്ഥി സംഗമം (International Alumni meet) എന്നാണ്. ഡോ. കെ.ടി. ജലീൽ ആ കോളേജിൽ പഠിച്ചതാണ്. ഇതിന് ഇന്റർനാഷണൽ അലുമ്നി മീറ്റ് എന്ന് പേരിടാൻ എന്താണ് കാരണമെന്ന് നോക്കിയപ്പോൾ, എല്ലാവർക്കും വരാനുള്ള സൗകര്യത്തിനുവേണ്ടി ഒരു വർഷം മുമ്പ് നിശ്ചയിച്ചതാണ് തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിലെ ആ അലുമ്നി മീറ്റ്. ഈ കാലഘട്ടത്തിലെ ഫേയ്സ് ബുക്കും ട്വിറ്ററും നവമാധ്യമങ്ങളുമെല്ലാം ഉപയോഗിച്ച് ഇവരൊക്കെ പരസ്പരം ഈ വിഷയങ്ങൾ കമ്മ്യൂണിക്കേറ്റ് ചെയ്തത് കഴിഞ്ഞ ആഗസ്റ്റ് മാസം 18-ാം തീയതിയാണ്. ഇന്റർനാഷണൽ എന്നുപറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു. ലോകത്തിന്റെ അഷ്ടദിക്കുകളിൽ നിന്നും പൂർവ്വ വിദ്യാർത്ഥികൾ അന്ന് അവിടെ എത്തിപ്പെട്ടു. ജർമ്മനിയിലും യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിലും ഗൾഫിലും അമേരിക്കയിലും ജോലി

ചെയ്യുന്നവർ ആ കോളേജിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ഇങ്ങനെ നാട്ടിൻപുറത്തുള്ള വലിയ സൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കോളേജിൽ പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം ചേരുമ്പോൾ കേരളത്തിന്റെ ഒരു പരിച്ഛേദമായിട്ടാണ് ഞാൻ അതിനെ കാണുന്നത്. കേവലം ഒരു തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ മാത്രം ഇത് സംഭവിച്ചു എന്നല്ല. നിങ്ങളൊക്കെ പഠിച്ച വിദ്യാലയങ്ങളിലും പൂർവ്വ വിദ്യാർത്ഥി സംഗമം ചേരുമ്പോഴും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി നമ്മുടെ ആളുകളുടെ മനുഷ്യശേഷിയും മാനവ വിഭവശേഷിയും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതയാണ് ഇതിലൂടെ തെളിഞ്ഞുവരുന്നത്. ഈ പൂർവ്വ വിദ്യാർത്ഥി സംഗമം ഞങ്ങൾക്ക് അന്ന് ആശ്ചര്യജനകമായിട്ടുതന്നെ കാണാൻ സാധിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിവിധ ജോലികളിലേർപ്പെട്ടിട്ടുള്ള ആളുകൾ അവിടെ ഒത്തുകൂടിയത് നമുക്ക് കാണാൻ സാധിച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ പ്രധാന വരുമാന മാർഗ്ഗവും ഇതുതന്നെയാണ്. വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്ത് കിട്ടുന്ന ഒരു വലിയ വരുമാനമാണ് നമ്മുടെ രാജ്യത്തേയ്ക്ക് വരുന്നത്. പ്രതിവർഷം അമ്പതിനായിരം കോടിയിൽപ്പരം രൂപയാണ് നമ്മുടെ ആളുകൾ വിദേശങ്ങളിൽപ്പോയി ജോലി ചെയ്ത് നേടിക്കൊണ്ടുവരുന്നത് എന്നുകൂടി നമ്മൾ കാണണം. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഇത് വളരെ വലിയ ഒരു സംഭാവനയാണ്. ഈ മേഖലയിലുള്ള ചെറുപ്പക്കാർക്ക് ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവർക്ക് നൈപുണ്യമുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിലും അവരുടെ ക്വാളിറ്റി വർദ്ധിപ്പിക്കുന്ന കാര്യത്തിലും യൂത്ത് കമ്മീഷന് ഇടപെടാൻ സാധിക്കണം. യൂത്ത് കമ്മീഷനെ സംബന്ധിച്ച് ഇതിന്റെ മുഖവുരയിൽത്തന്നെ പറയുന്നത്

യൂത്ത് കമ്മീഷൻ എന്തിനുവേണ്ടിയാണ് എന്നാണ്. ഈ നിയമ നിർമ്മാണത്തിന്റെ ഉദ്ദേശം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ യുവജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനുംവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കാം. വിദ്യാ സമ്പന്നരാക്കുക എന്നുപറഞ്ഞാൽ നമ്മളിപ്പോൾ വിദ്യാസമ്പന്നരാണ്; ആ വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി വർദ്ധിപ്പിച്ച് വിദേശ രാജ്യങ്ങളിൽ നമുക്ക് കുറേക്കൂടി ഡിമാന്റ് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽ ഇടപെടാൻ ഈ കമ്മീഷന് സാധിക്കേണ്ടതുണ്ട്. ശാക്തീകരണമെന്നും എംപവർ ചെയ്യുക എന്നും പറയുന്നതുകൊണ്ട് അതുതന്നെയാണ് ഉദ്ദേശിക്കേണ്ടത്. ആ രീതിയിൽ ഇടപെടാൻ ഈ കമ്മീഷന് സാധിക്കണമെന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഗൾഫിൽ നിന്നും മടങ്ങിവരുന്ന ചെറുപ്പക്കാരുടെ പുനരധിവാസത്തെക്കുറിച്ച് നമ്മൾ ആലോചിക്കേണ്ടതുണ്ട്. അതിന് നോർക്ക റൂട്ട്സും മറ്റുമൊക്കെ നടത്തുന്ന ശ്രമങ്ങളുണ്ടെങ്കിലും നമ്മൾ കാണേണ്ട ഒരു കാര്യം 2007–നുശേഷം ഗൾഫ് രാജ്യങ്ങളിലുണ്ടായിട്ടുള്ള റസിഷനെ (സാമ്പത്തിക മുരടിപ്പിനെ) തുടർന്ന് ധാരാളം ചെറുപ്പക്കാർ ജോലി നഷ്ടപ്പെട്ട് നമ്മുടെ നാടുകളിലേയ്ക്ക് തിരിച്ചുവന്നിട്ടുണ്ട്. അവരുടെ പുനരധിവാസം കൂടി നമ്മൾ കാണേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് പുതിയ സംരംഭങ്ങളും അവസരങ്ങളും ഉണ്ടാകണം. ആ രംഗത്ത് ഇടപെടാൻ യൂത്ത് കമ്മീഷന് കഴിയണം. ഇതൊക്കെയാണ് യൂത്ത് കമ്മീഷൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരാനുള്ള പരിശ്രമങ്ങളുണ്ടാകണം. സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലകളിൽ

പരമാവധി തൊഴിലവസരങ്ങൾ ഉണ്ടാകണം. ഇതിനൊക്കെ യൂത്ത് കമ്മീഷന് ഇടപെടാൻ കഴിയണം. ഈ രംഗത്തും യൂത്ത് കമ്മീഷന് ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ ചില ശ്രമങ്ങൾ ഈ ഗവൺമെന്റ് ഉണ്ടാക്കി. എമർജിംഗ് കേരള ഇക്കാര്യത്തിൽ ചെറുപ്പക്കാർക്ക് വലിയ പ്രതീക്ഷ നൽകിയ ഒരു സംഗതിയാണ്. ഇനിയും ധാരാളം ആളുകൾ ഇവിടെ നിക്ഷേപിക്കാനും അതുവഴി തൊഴിൽ സംരംഭങ്ങളുണ്ടാകാനും ഒക്കെയുള്ള ഒരു പരിശ്രമമായിട്ടാണ് വളരെയേറെ പ്രതീക്ഷയോടുകൂടി എമർജിംഗ് കേരള ഉണ്ടായത്. എമർജിംഗ് കേരളയിൽ ഉണ്ടായിട്ടുള്ള പരിശ്രമങ്ങൾ നമുക്ക് ആവർത്തിക്കേണ്ടതുണ്ട്. ഈ ദിശയിലുള്ള ശ്രമങ്ങൾ വീണ്ടും തുടരേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് പ്രവർത്തിക്കാൻ കമ്മീഷന് സാധിക്കണം. ബില്ലിനെക്കുറിച്ച് പറയുമ്പോൾ ഇവിടെ പറഞ്ഞത് യുവജന കമ്മീഷൻ ഒരു കടലാസ് പുലി ആകരുത് എന്നാണ്. ബില്ലിനെക്കുറിച്ചുള്ള ചർച്ച എന്നുപറയുമ്പോൾ അക്കാഡമിക് താൽപ്പര്യത്തോടുകൂടി രാഷ്ട്രീയത്തിനും അപ്പുറത്തുള്ള ആരോപണ പ്രത്യാരോപണങ്ങൾക്ക് വിധേയമായി തന്നെ കാര്യങ്ങൾ പറയേണ്ടതുണ്ട്. യുവജന കമ്മീഷൻ ഒരു കടലാസ് പുലി ആകരുത്; അധികാരങ്ങൾ നൽകണം. യുവജനങ്ങളുടെ കലാകായികപരമായ കഴിവുകളെ നോക്കുന്നതിനുവേണ്ടി ഒരു യുവജന ക്ഷേമബോർഡ് ഉണ്ട്. ആ യുവജന ക്ഷേമബോർഡുള്ള സമയത്താണ് ഒരു യൂത്ത് കമ്മീഷൻ വരുന്നത്. അപ്പോൾ തീർച്ചയായും ആ യൂത്ത് കമ്മീഷന് അധികാരങ്ങളുണ്ടാകണം. അതൊരു കടലാസ് പുലി ആകരുത്. കമ്മീഷന് ഇടപെടാനുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും അവർക്ക്

ഇടപെടാനുള്ള അവസരങ്ങളുണ്ടാക്കുകയും അതിന് നിയമപരമായ പിൻബലമുണ്ടാക്കിക്കൊടുക്കുകയും ചെയ്യണം. ആവശ്യത്തിന് സ്റ്റാഫും ഉദ്യോഗസ്ഥൻമാരും മറ്റ് സൗകര്യങ്ങളും ഒന്നുമില്ലാതെ ഒരു കമ്മീഷന് യുവജന വിഷയങ്ങളിൽ ഇടപെടാൻ സാധിക്കില്ല. അതുകൊണ്ട് അതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണമെന്ന് ഞാൻ പറയുകയാണ്. ബഹുമാന്യനായ എ.ഐ.സി.സി. വൈസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയെ സംബന്ധിച്ച് ഈ ചർച്ചകളിലൊക്കെ ധാരാളം പരാമർശിക്കപ്പെട്ടു. എന്തൊക്കെ ആയിരുന്നാലും ചെറുപ്പക്കാരെക്കുറിച്ചുള്ള ഒരു ചർച്ച എന്നുള്ള നിലയിൽ സത്യസന്ധമായി നമ്മൾ വിലയിരുത്തിയാൽ ധാരാളം ചെറുപ്പക്കാരെ രാഷ്ട്രീയത്തിലും ഭരണ രംഗത്തുമൊക്കെ കൊണ്ടുവരുന്നതിന് സാധിക്കും. പുതിയ തലമുറയ്ക്കുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ചിട്ടുള്ള ആളാണ് ശ്രീ. രാഹുൽ ഗാന്ധി. ഒരു തെരഞ്ഞെടുപ്പിന് ശേഷമാണെങ്കിലും ഒരു മാറ്റത്തിന്റെ ഭാഗമാണെങ്കിലും രാജസ്ഥാനിലും മദ്ധ്യപ്രദേശിലുമൊക്കെ പുതിയ പി.സി.സി. പ്രസിഡന്റുമാരെ നിയമിച്ചു. കോൺഗ്രസ്സിന് വളരെ പാരമ്പര്യമുള്ള വലിയ സംസ്ഥാനത്ത് 36–ഉം 38–ഉം വയസ്സുള്ള ചെറുപ്പക്കാരെ പി.സി.സി. അദ്ധ്യക്ഷൻമാരായി കൊണ്ടുവന്നത് ശ്രീ. രാഹുൽ ഗാന്ധിയുടെ ഇടപെടൽ കൊണ്ടുതന്നെയാണ്. തങ്ങളുടെയൊക്കെ പാർട്ടികളിൽ എത്രമാത്രം ചെറുപ്പക്കാർക്ക് ഇത്രയും വലിയ ഉത്തരവാദിത്തങ്ങൾ കിട്ടിയിട്ടുണ്ട് എന്നുള്ളത് ആലോചിക്കുന്നത് നന്നായിരിക്കും. പോളിറ്റ് ബ്യൂറോയിൽ 60 വയസ്സിനുതാഴെയുള്ള ആരെങ്കിലുമുണ്ടോ? അതൊക്കെ ഇത്തരം വിമർശനങ്ങൾ ഉന്നയിക്കുമ്പോൾ നമ്മൾ കാണേണ്ടതുണ്ട്. യുഗപ്രഭാവനായ പണ്ഡിറ്റ് ജവഹർലാൽ

നെഹ്റുവിന്റെ ധാരാളം സ്തുതി ഗീതങ്ങൾ അപ്പുറത്തുനിന്നും ഞങ്ങൾക്ക് കേൾക്കാൻ സാധിച്ചു. അത് അങ്ങനെതന്നെയാണ്. നെഹ്റുവിന്റെ കാലത്ത് അന്നത്തെ കമ്മ്യൂണിസ്റ്റുകൾ നെഹ്റുവിനെ അംഗീകരിച്ചിട്ടില്ല. ഏതായാലും പ്രായശ്ചിത്തമായിട്ടെങ്കിലും ഇന്ന് ധാരാളം നെഹ്റു സ്തുതി ഗീതങ്ങൾ ഇവിടെ കേട്ടു. വർഷങ്ങൾ പിന്നിടുമ്പോൾ രാഹുൽ ഗാന്ധിയുടെ നന്മയേയും നിങ്ങൾക്ക് കാണാൻ സാധിക്കുമെന്ന് ഞാൻ പറയുകയാണ്. രാഹുൽ ഗാന്ധിയുടെ സ്തുതിയും വരാനിരിക്കുന്ന കമ്മ്യൂണിസ്റ്റുകാർക്ക് പറയേണ്ടിവരും എന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. സി. കെ. നാണു: ബഹുമാനപ്പെട്ട അംഗം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ പ്രകീർത്തിച്ചുപറഞ്ഞതിൽ വളരെയേറെ സന്തോഷമുണ്ട്. പക്ഷേ, വിമോചന സമരം കഴിഞ്ഞതിനുശേഷം കേരളത്തിൽ ലീഗും കോൺഗ്രസ്സും ചേർന്നുകൊണ്ട് ഒരു മന്ത്രിസഭയുണ്ടാക്കിയപ്പോൾ ദേശീയ മായി ഇന്ത്യയ്ക്കത് മോശമാണെന്ന് അദ്ദേഹം പറയുകയും കേരളത്തിലെ കോൺഗ്രസ്സുകാരോട് മുസ്ലീം ലീഗുമായുള്ള ബന്ധം വേർപെടുത്താൻ പറയു കയും ചെയ്തു. അതിന്റെ ഫലമായി മുസ്ലീം ലീഗിൽപ്പെട്ട സ്പീക്കറെ മാറ്റിയ തുൾപ്പെടെയുള്ള പല കാര്യങ്ങളും നടന്നു. അതേത്തുടർന്ന് അന്നത്തെ മുസ്ലീം ലീഗ് നേതൃത്വം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപ്പറ്റി പറഞ്ഞൊരു അഭിപ്രായമുണ്ട്. അതേ അഭിപ്രായം തന്നെയല്ലേ താങ്കൾക്ക് ഇപ്പോഴുള്ളത്?

ശ്രീ. എൻ. ഷംസുദ്ദീൻ: ബഹുമാനപ്പെട്ട സി. കെ. നാണുവിനെ പ്പോലുള്ള ഉന്നതനും പരിപക്വമതിയുമായ നേതാവിന്റെ വിമർശനത്തെ അതേ അർത്ഥത്തിൽത്തന്നെ ഉൾക്കൊള്ളുന്നു. രാഷ്ട്രീയത്തിൽ അങ്ങോട്ടുമിങ്ങോട്ടു

മൊക്കെ പല മാറ്റങ്ങളുമുണ്ടാകാം. പക്ഷേ, ഒരുകാലത്തും അദ്ദേഹത്തിനെതി രായിട്ടുള്ള പരാമർശങ്ങളോ വിമർശനങ്ങളോ നടത്തിയിട്ടില്ല. കോൺഗ്രസ്സു മായി സൗഹൃദം പങ്കുവച്ച, കൂടുതൽ കാലം ഒരു മുന്നണി നിലനിർത്തി പോന്ന, ഏകദേശം അരനൂറ്റാണ്ടാകാൻ പോകുന്നൊരു പ്രസ്ഥാനമാണിത്. ഇതൊക്കെ മുമ്പ് നടന്നിട്ടുള്ള സംഗതിയാണ്. അതിനുശേഷം ഭാരതപ്പുഴയി ലൂടെ ഒരുപാട് വെള്ളം ഒഴുകിപ്പോയിയെന്നുള്ളത് ബഹുമാനപ്പെട്ട നാണു വേട്ടനെ അറിയിക്കുകയാണ്. ഏതായാലും ഈ ബില്ലിൽ യുവജന കമ്മീഷന് കുറച്ചുകൂടി അധികാരങ്ങൾ കൊടുക്കേണ്ടതുണ്ടെന്ന കാര്യത്തിൽ ഭരണ പ്രതിപക്ഷ കക്ഷികൾ ഒറ്റക്കെട്ടാണ്. കുറേക്കൂടി കാര്യക്ഷമമായി യുവജന കാര്യങ്ങളിൽ ഇടപെടാൻ കഴിയുംവിധം ഈ ബില്ലിൽ ഒരു മാറ്റം വരുത്തേ ണ്ടതുണ്ട്. ഇവിടെ വകുപ്പുതലത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടത് അത്യാവ ശ്യമാണ്. 3(5)-ൽ 'ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുകയോ വഹിച്ചിരുന്നതോ ആയ ഒരാളെ കമ്മീഷന്റെ സെക്രട്ടറിയായി സർക്കാർ നിയമിക്കേണ്ടതാണ്;' എന്നാണ് പറ യുന്നത്. അപ്പോൾ ഇതിന്റെ ചെയർമാനും കമ്മീഷൻ അംഗങ്ങളും യുവജന ങ്ങൾ ആയിരിക്കണമെന്ന് കൃത്യമായി പറയുന്നുണ്ട്. യുവജനത്തിന്റെ നിർവ്വ ചനമെന്താണ്? പ്രായപരിധി 18 നും 40 വയസ്സിനുമിടയിൽ ആയിരിക്കണം. 40 വയസ്സ് കഴിഞ്ഞാൽ യുവജനമല്ലെന്നാണ് പറയുന്നത്. അങ്ങനെവരു മ്പോൾ കമ്മീഷന്റെ എക്സിക്യൂഷന് നേതൃത്വം കൊടുക്കുന്നത് പ്രധാന മായും അതിന്റെ സെക്രട്ടറിയായിരിക്കും. ആ സെക്രട്ടറിക്കും ഈ യുവജനമെ ന്നത് ബാധകമാകും. വയസ്സനായൊരാൾക്ക് യുവാക്കളുടെയോ കമ്മീഷ ന്റെയോ കാഴ്ചപ്പാടിനൊപ്പം പോകാൻ കഴിയാതെ പോകുമ്പോൾ അത്

വലിയ പ്രയാസങ്ങളുണ്ടാക്കും. ഇതൊരു യൂത്ത് കമ്മീഷനായതുകൊണ്ട് സെക്രട്ടറിക്കും പ്രായപരിധി നിശ്ചയിക്കാവുന്നതാണ് എന്നൊരു നിർദ്ദേശംകൂടി സമർപ്പിക്കുകയാണ്.

ശ്രീ. സാജു പോൾ: ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ, യൂത്ത് കമ്മീഷന്റെ ചെയർമാനെക്കുറിച്ച് പറയുകയുണ്ടായി. സി.പി.ഐ(എം)-ൽ നിന്ന് കോൺഗ്രസ്സിൽ ചേക്കേറിയ ഒരു മാന്യമഹതിയെ ഇതേ യൂത്ത് കമ്മീഷന്റെ ചെയർപേഴ്സണായി നിയമിക്കുകയും പിന്നീട് അവരെ മലയാളി ഹൗസ് എന്നൊരു കോമാളി ഹൗസിലാണ് പിന്നീട് കാണാൻ സാധിച്ചത്. അവരുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ഇപ്പോൾ ആരാണ് അതിന്റെ ചെയർപേഴ്സണെന്ന് പറയാമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: ഇപ്പോഴും യൂത്ത് കമ്മീഷന് ചെയർമാനുണ്ട്. ബഹുമാനപ്പെട്ട അംഗം ഇപ്പോൾ ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ഈ ചർച്ചയിൽ പ്രസക്തമായ വിഷയമല്ല. ശ്രീ. സാജുപോൾ പറഞ്ഞതുപോലെ ഒരാളെ കമ്മീഷന്റെ ചെയർമാനായി നിയമിക്കുകയും പിന്നീട് മറ്റൊരാൾ അവിടേയ്ക്ക് വന്നതൊന്നുമല്ലല്ലോ ഇവിടെത്ത പ്രശ്നം. ചിലപ്പോൾ ഇനിയും ആളുകൾ മാറിവന്നേക്കാം. ഇപ്പോൾ യൂത്ത് കമ്മീഷന്റെ ചെയർമാൻ ആരാണ് എന്നൊക്കെയുള്ള കാര്യങ്ങൾക്ക് ഇപ്പോൾ ഇവിടെ പ്രസക്തിയില്ല. ശ്രീ. ആർ. വി. രാജേഷ് എന്ന ചെറുപ്പക്കാരനാണ് ഇപ്പോൾ യുവജന കമ്മീഷന്റെ ചെയർമാനായി പ്രവർത്തിക്കുന്നത്. അതിനുമുമ്പുള്ള കാര്യങ്ങളെപ്പറ്റിയൊന്നും ഇപ്പോൾ ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. ഒരുകാലത്ത് അവരെ ഉയർത്തിക്കൊണ്ടുവന്നത് ആരാണെന്ന കാര്യമൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് അക്കാര്യങ്ങളെപ്പറ്റി കൂടുതൽ പറയേണ്ടതില്ലെന്ന

അഭിപ്രായമാണുള്ളത്. ഈ ബില്ലിലെ 4(5)–ൽ 'ചെയർപേഴ്സണോ ഒരംഗമോ അയാൾ യുവജനം അല്ലാതായി തീരുന്നപക്ഷം ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് അവസാനിക്കുന്നതാണ്'– എന്നുപറയുമ്പോൾ ഇത് വലിയ കോംപ്ലിക്കേഷനിടയാക്കും. ഇവിടെയിപ്പോൾ യൂത്ത് കോൺഗ്രസ്സും, ഡി. വൈ.എഫ്.ഐ.യും യൂത്ത് ലീഗുമൊക്കെയുണ്ടല്ലോ; എന്തെന്നാൽ ഈ കമ്മി റ്റിയുടെ തെരഞ്ഞെടുപ്പ് സമയത്ത് ബില്ലിൽ പറഞ്ഞിരിക്കുന്ന പ്രായപരിധി കവിയാൻ പാടില്ല. അങ്ങനെ പ്രായപരിധിക്കുള്ളിൽ നിന്നുകൊണ്ട് കമ്മീ ഷന്റെ പ്രസിഡന്റായോ സെക്രട്ടറിയായോ ഭാരവാഹിയായോ തെരഞ്ഞെ ടുത്തതിനുശേഷം നാൽപ്പത് വയസ്സെന്ന പ്രായപരിധി കഴിഞ്ഞ് ആ സ്ഥാന ത്തുനിന്ന് മാറിക്കൊടുക്കാൻ പറഞ്ഞാൽ അത് ആ സംഘടനയ്ക്കുതന്നെ പ്രശ്നമുണ്ടാക്കും എന്നതുപോലെ തന്നെയാണ് യൂത്ത് കമ്മീഷനിലെ ഭാരവാ ഹികളുടെ പ്രായപരിധി നാൽപ്പത് വയസ്സിൽ കവിയാൻ പാടില്ല എന്ന് പറയു ന്നതും. പിന്നെ ഈ കമ്മീഷന്റെ കാലാവധി മൂന്നുകൊല്ലമാണ്. അപ്പോൾ ഒരാൾ 39–ാമത്തെ വയസ്സിൽ യുവജനകമ്മീഷൻ അംഗമോ ചെയർമാനോ ആയാൽ അയാൾക്ക് മൂന്നുകൊല്ലത്തെ കാലാവധിയുണ്ട്. പക്ഷേ, അയാൾക്ക് നാൽപ്പത് വയസ്സ് പൂർത്തിയാകുമ്പോൾ അയാൾ യുവജനമല്ലാതാവുകയും അതോടുകൂടി അദ്ദേഹത്തിന്റെ പദവിയും നഷ്ടമാകുമെന്നാണ് ബില്ലിൽ പറ ഞ്ഞിട്ടുള്ളത്. ഭരണരംഗത്ത് വലിയ പ്രതിസന്ധിയുണ്ടാകും. അതുകൊണ്ട് ഭാരവാഹിയാകുന്ന സമയത്തെ പ്രായമാണ് പരിഗണിക്കേണ്ടത്. മൂന്നുകൊല്ലം കഴിയുമ്പോൾ അയാൾക്ക് പ്രായം കൂടിയിട്ടുണ്ടാകും. അയാൾക്ക് ഭാരവാഹി ത്വം വഹിക്കാൻ കഴിയില്ല. പ്രായപരിധി കഴിയുമ്പോൾ സർക്കാർ ജോലി പോലെ റിട്ടയർ ചെയ്യണമെന്നൊരു വ്യവസ്ഥ ഇതിന്റെ ഭണപരമായ പ്രയാണ

ത്തിന് വലിയ തടസ്സമായിരിക്കും. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ 4(5)– എന്ന ക്ലോസ് ശരിയല്ല. തെരഞ്ഞെടുക്കപ്പെടുന്ന സമയത്താണ് അയാൾ യുവജനമാകേണ്ടത്. പിന്നീട് അയാൾക്ക് ആ കാലാവധി പൂർത്തീകരിക്കാൻ സാധിക്കണമെന്ന രീതിയിലേയ്ക്ക് ഇതിലൊരു മാറ്റം വരണമെന്നൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. ആ ഉപവകുപ്പിൽ മാറ്റം വരുത്തണം. അതുപോലെതന്നെ ഏഴാം വകുപ്പ് 'ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികൾ അസാധുവാക്കുന്നതല്ലെന്നുള്ളതാണ്. കമ്മീഷന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നോ അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.' എന്നത് നിയമവിരുദ്ധമായൊരു ക്ലോസാണ്. അപ്പോൾ കമ്മീഷന്റെ രൂപീകരണത്തിൽ നിയമവിരുദ്ധമായൊരു സംഗതിയുണ്ടെങ്കിൽ ആ നിയമവിരുദ്ധമായ കമ്മീഷനെടുക്കുന്ന എല്ലാ തീരുമാനങ്ങളും അസാധുവാണ്. അതുകൊണ്ടുതന്നെ അത് അസാധുവല്ലെന്ന് ഈ ക്ലോസിൽ എഴുതിവച്ചതുകൊണ്ട് നിയമവിരുദ്ധമായൊരു കാര്യം നിയമപ്രകാരമാകുന്നില്ല. അതുകൊണ്ട് ഈ ക്ലോസിനെ സംബന്ധിച്ച് ഒരു പുനരാലോചന വേണമെന്നുള്ളതാണ് അതുസംബന്ധിച്ച് ഈ സന്ദർഭത്തിൽ പറയാനുള്ളത്. അതുപോലെതന്നെ എട്ടാം വകുപ്പ് പരിശോധിക്കുന്നത് നന്നായിരിക്കും. കാരണം, ഇവിടെ യോഗങ്ങൾ കൂടുന്നതിനുള്ള കാലാവധി പറയണം. 'കമ്മീഷന്റെ യോഗങ്ങൾ.– (1) ചെയർപേഴ്സണ് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള സമയങ്ങളിലും കമ്മീഷൻ യോഗം ചേരേണ്ടതും കമ്മീഷന് അതിന്റെ തന്നെ നടപടിക്രമം നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാ

ണ്.' എന്നുപറയുമ്പോൾ ഇതിൽ കാലാവധിപ്പറ്റി പറയുന്നില്ല. ഒരുകൊല്ലത്തിനുള്ളിൽ ചെയർമാന് യുക്തമെന്ന് തോന്നിയില്ലെങ്കിൽ ഈ കമ്മീഷന് യോഗം ചേരണ്ടേ? അതുകൊണ്ട് വളരെ പ്രധാനപ്പെട്ടൊരു ന്യൂനതയായി, പോരായ്മയായി ഈ വകുപ്പിനെ കാണുകയാണ്. മൂന്നുമാസത്തിലൊരിക്കലോ ഒരുമാസത്തിലൊരിക്കലോ യോഗം ചേരണമെന്ന് എല്ലാ ക്ലോസുകളിലും നിബന്ധന വയ്ക്കാറുണ്ട്. ഇവിടെ വളരെ അവ്യക്തമായി മാത്രമേ അതിനെപ്പറ്റി പറഞ്ഞിട്ടുള്ളൂ. കമ്മീഷന്റെ യോഗങ്ങൾ ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള സമയങ്ങളിലും കമ്മീഷൻ യോഗം ചേരേണ്ടതും കമ്മീഷന് അതിന്റെ തന്നെ നടപടിക്രമങ്ങൾ നിയന്ത്രിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതുമാണെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. അത് ശരിയല്ല. ഇവിടെ കൃത്യമായി സമയം പറയണം. എന്റെ അഭിപ്രായത്തിൽ മാസത്തിലൊരിക്കലെങ്കിലും കമ്മീഷൻ യോഗം ചേരണമെന്ന് ഈ ബില്ലിൽ കൃത്യമായി പറയണമെന്നൊരു നിർദ്ദേശമുണ്ട്. സാധാരണ ഏത് നിയമത്തിനും അത് പറയാറുണ്ട്. പരമാവധി മൂന്നുമാസത്തിലൊരിക്കലെന്നാണ് പറയാറുള്ളത്. അതുകൊണ്ട് മാസത്തിലൊരിക്കലെങ്കിലും എന്നുള്ളൊരു നിർദ്ദേശം ഈ ബില്ലിൽ വയ്ക്കണമെന്നുകൂടി പറയുകയാണ്. അതുപോലെ തന്നെ വകുപ്പ് 9(2)-ലെ 'കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും' എന്നതിൽ ഉൾപ്പെടുത്തിയിട്ടുള്ള 'എ' മുതൽ 'ജെ' വരെയുള്ള ക്ലോസുകളിൽ വളരെ നല്ല കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ഇക്കാര്യങ്ങളിൽ കുറേക്കൂടി കൃത്യത വേണം. സമയപരിമിതിമൂലം അതൊന്നും ആവർത്തിക്കുന്നില്ല. '(2) കമ്മീഷന് അതിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, എന്നു തുടങ്ങുന്ന

ക്ലോസുകൾ വളരെ അവ്യക്തമായൊരു സ്റ്റേറ്റ്മെന്റാണ്. അതുകൊണ്ടാണ് നിയമം ഒരു കടലാസുപുലിയാകരുത്, അതിന് കരുത്ത് കൊടുക്കണമെന്ന് പറയുന്നത്. അതിനൊരു അധികാരമുണ്ടായെങ്കിൽ മാത്രമേ ഇങ്ങനെയൊരു നിയനിർമ്മാണം നടത്തുന്നതുകൊണ്ട് യുവാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാനും കേരളത്തിലെ യുവസമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാനും ഇത്തരമൊരു കമ്മീഷന് സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് അക്കാര്യങ്ങൾ ആവർത്തിക്കുന്നില്ല. അതുപോലെതന്നെ 'സംസ്ഥാനത്തെ യുവജനകാര്യങ്ങളുടെ സംരക്ഷകനായി വർത്തിക്കുക; തൊഴിലിന്റെ അന്തസ്സിനെപ്പറ്റി യുവാക്കളിൽ അറിവുണ്ടാക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുക;. എന്നൊക്കെ പറയുമ്പോൾ ഇതിനൊരു വ്യക്തതയും ലക്ഷ്യവുമില്ല. അതുകൊണ്ട് ആ രീതിയിൽ നിന്നും മാറി ഇതിനെ കുറേക്കൂടി വ്യക്തതയും ലക്ഷ്യബോധവുമുള്ള ക്ലോസുകളാക്കി മാറ്റേണ്ടതുണ്ട്. അധികാരങ്ങളെക്കുറിച്ച് പറയുമ്പോൾ, സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകുന്നുവെന്നത് കമ്മീഷന് ഗൗരവസ്വഭാവമുണ്ടാക്കും. അതോടൊപ്പം തന്നെ ആവശ്യമുള്ള ഘട്ടത്തിൽ പ്രോസിക്യൂഷൻ നടപടികൾക്കും കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്കുമുള്ള വകുപ്പുകൾ ഉണ്ടാകണം. ഒരു കാര്യത്തെക്കുറിച്ചോ, ഒരു യുവാവിനെതിരെയോ, ഒരു യുവസമൂഹത്തിനെതിരെയോ നടന്ന കാര്യത്തെക്കുറിച്ച് സ്വമേധയാ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ ഇതിൽ യാതൊരു വകുപ്പുമില്ല. അതുകൊണ്ട് കമ്മീഷന് സ്വമേധയാ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ കഴിയണം. ഏതെങ്കിലും ഉദ്യോഗസ്ഥർ വനിതാ കമ്മീഷനും ന്യൂനപക്ഷ കമ്മീഷനും പ്രതിനിധാനം ചെയ്യുന്ന വിഭാഗങ്ങൾക്കെതിരെ എന്തെങ്കിലും തെറ്റ് ചെയ്താൽ ആ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാൻ കമ്മീഷനു

കൾക്ക് അധികാരം കൊടുക്കാറുണ്ട്. അത് അവശ്യം വേണ്ടൊരു കാര്യമാണ്. അതുകൊണ്ടുതന്നെ അതിനുള്ള അധികാരം ഈ കമ്മീഷനും കൊടുക്കണം. ഈ കമ്മീഷൻ വന്നതിനുശേഷം കുറെയൊക്കെ ഇടപെടലുകൾ നടത്തിയിട്ടുണ്ട്, ഒന്നുരണ്ട് മാസമേ ആയിട്ടുള്ളൂ. എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിൽ കമ്മീഷൻ വന്നിരുന്നു. അവർ ഊരുകളിലൊക്കെ പോയി ആദിവാസി യുവാക്കളുടെ പ്രശ്നങ്ങളറിഞ്ഞു, മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗങ്ങൾക്കെതിരായ നടപടികൾക്ക് ശുപാർശകളുണ്ടാക്കി. ഒരു അഡ്വൈസറി നേച്ചറാണെങ്കിലും, ഒരു കമ്മീഷൻ വന്ന് കുറെ കാര്യങ്ങൾ അവരിൽ നിന്നും മനസ്സിലാക്കി ഗവൺമെന്റിന് ശുപാർശ കൊടുത്തിട്ടുണ്ടെന്നാണ് എനിക്ക് അറിയാൻ സാധിച്ചത്. ഏതായിരുന്നാലും ഇവിടെ അപ്പുറത്തും ഇപ്പുറത്തുമൊക്കെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഉപദേശകന്റെ റോളിൽ നിന്ന് ഇടപെടുന്ന തരത്തിലേയ്ക്ക് വരുന്ന നിയമപരമായ മാറ്റം ഈ കമ്മീഷനിൽ ആവശ്യമാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഏതായാലും ഒരു നല്ല കാൽവയ്പ്പാണിത്. ഇൻഡ്യയിലെ പത്തുമുപ്പത് സംസ്ഥാനങ്ങളിൽ തങ്ങളുടെ സംസ്ഥാനത്തിലെ യു.ഡി.എഫ്. സർക്കാരാണ് 2012-ലെ യുവജന നയത്തിന് അനുകൂലമായി ഒരു കമ്മീഷൻ രൂപീകരിക്കാൻ മുന്നോട്ടുവന്നതെന്ന കാര്യത്തിൽ കേരളത്തിലെ ചെറുപ്പക്കാർക്ക് അഭിമാനിക്കാൻ ഇത് നല്ലൊരു കാൽവയ്പ്പാണ്. യുവജനങ്ങളുടെ അവകാശ സംരക്ഷണത്തിന് ഒന്നുമില്ലാത്തിടത്ത് ഒരു കമ്മീഷൻ പിറവിയെടുക്കുന്നുവെന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. ഒന്നുമില്ലാത്തിടത്ത് എന്തെങ്കിലും ഉണ്ടാകുകയെന്നുള്ളത് ഒരു വലിയ നന്മ തന്നെയാണ്. ആ നന്മ കണ്ടുകൊണ്ട് ഈ പറഞ്ഞ ഭേദഗതികളിൽ ചർച്ചകൾ നടത്തുന്നതിനായി സബ്ജക്ട് കമ്മിറ്റിയിൽ പോകുന്ന സമയത്ത് ഇവിടെ പറഞ്ഞ മാറ്റങ്ങൾ കൂടി നോട്ട് ചെയ്തുകൊണ്ട്

ഈ പരസ്പരവിരുദ്ധവും നിയമവിരുദ്ധവുമായ പരാമർശങ്ങൾ......... അൾട്രാവയേഴ്സ്.........ഒരു നിയമം നിർമ്മിക്കുമ്പോൾ അതും കൂടി ശ്രദ്ധിക്കണം. നിലവിലുള്ള പ്രകൃതിനിയമങ്ങൾക്ക് വിരുദ്ധമായ, നാച്വറൽ ജസ്റ്റിസിന് വിരുദ്ധമായ കാര്യങ്ങൾക്ക് നിയമപരമായ നിലനിൽപ്പുണ്ടാകില്ല. അത്തരം ക്ലോസ്സുകൾ മാറ്റി ഇവിടെ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളിലെ നന്മകളെ ഉൾക്കൊണ്ടുകൊണ്ട് യൂവജന കമ്മീഷൻ ബില്ല് ഒരു കുറ്റമറ്റ ബില്ലാക്കി നമുക്ക് മാറ്റാൻ സാധിക്കണമെന്ന് മാത്രം അഭിപ്രായപ്പെട്ടുകൊണ്ട് ഇതിന് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. റ്റി.വി. രാജേഷ്</u>: സർ, ഞാൻ ഈ ഭേദഗതിയെ പിന്തുണയ്ക്കുകയാണ്. യുവജന കമ്മീഷനെ പല്ലും നഖവുമുള്ള ഒരു കമ്മീഷനാക്കി യുവാക്കൾക്ക് പ്രതീക്ഷ അർപ്പിക്കാൻ കഴിയാവുന്ന, നീതി ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന ഇഫക്റ്റീവായ ഒരു സംവിധാനമാക്കി മാറ്റണമെന്നാണ് എനിക്ക് ഇവിടെ ആദ്യമായി സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റിന്റെ 2012 –ലെ യുവജന നയം, ആ യുവജന നയത്തിൽ 'സാമൂഹ്യധർമ്മം' എന്ന തലവാചകത്തിൽ പറയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, നമ്മുടെ നാടിന്റെ സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിക്കുവാനും സാംസ്ക്കാരിക അധിനിവേശം ചെറുക്കാനും യുവജനങ്ങളെ സജ്ജരാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുമെന്നാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും മതമൗലികവാദങ്ങൾക്കുമെതിരെ ശാസ്ത്രബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ പ്രത്യേകമായ പരിപാടി ആവിഷ്ക്കരിക്കുമെന്നാണ്

ഇതിനകത്ത് സൂചിപ്പിച്ചിരിക്കുന്നത്. നമ്മുടെ ഇന്നത്തെ സാംസ്ക്കാരികമായ ഒരു അപചയം, നമുക്ക് എങ്ങനെയാണ് ഇന്നത്തെ തലമുറയെ ഈ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിയുക; അതിനെ സംബന്ധിച്ച് എന്ത് ക്രിയാത്മകമായ നിർദ്ദേശമാണ്, എന്ത് വ്യവസ്ഥയാണ്, എന്ത് വകുപ്പാണ് ഈ യൂത്ത് കമ്മീഷന്റെ ഭാഗമായുള്ള കരട് ബില്ലിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്? സ്വാമി വിവേകാനന്ദനെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. സ്വാമി വിവേകാനന്ദൻ ഒരിക്കൽ യുവത്വത്തെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി 'യുവത്വം കുലാലന്റെ കയ്യിലെ നനുനനുത്തതും മൃദുലവുമായ ചെളിപോലെയാണ്'. കുലാലൻ തന്റെ ഭാവനയ്ക്കും കാഴ്ചപ്പാടിനുമനുസരിച്ച് അതിന് ആകൃതി നൽകുന്നു. അതുപോലെ യുവത്വത്തെ എങ്ങനെ രൂപപ്പെടുത്തിയെടുക്കാം എന്നതാണ് പ്രധാനം. നമ്മുടെ നാട്ടിൽ ഇന്ന് വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ എന്തൊക്കെയാണ്? സ്വന്തം സഹപാഠിയെ ക്ലാസ്സ് മുറിയിൽ വച്ച് ബലാത്സംഗം ചെയ്യാൻ മടികാണിക്കാത്ത വിദ്യാർത്ഥികൾ, നൊന്തുപ്രസവിച്ച, വളർത്തിയെടുക്കാൻ ജീവിതം ഉഴിഞ്ഞുവച്ച അമ്മയെ നടതള്ളുന്ന മക്കൾ, സ്വന്തം അമ്മയെ ലേലം ചെയ്തുവിൽക്കുന്ന വാർത്ത ആറ് മാസം മുമ്പ് തൃശ്ശൂരിൽ നിന്ന് വന്നു. സ്വന്തം അമ്മയുടെ നഗ്നചിത്രം രഹസ്യമായി പകർത്തിയെടുത്ത് മറ്റുള്ളവർക്ക് കാണിച്ചുകൊടുത്ത് ആനന്ദം കണ്ടെത്തുന്ന മകനെക്കുറിച്ചുള്ള വാർത്തകളും മക്കളെ ഗർഭിണിയാക്കുന്ന പിതാവിനെക്കുറിച്ചുള്ള വാർത്തകളും വരുന്നു. ഇന്റേണൽ അസസ്മെന്റിന്റെ പേരിൽ ശിഷ്യയെ കിടപ്പറ പങ്കിടാൻ നിർബന്ധിക്കുന്ന അദ്ധ്യാപകനെക്കുറിച്ചുള്ള വാർത്ത വരുന്നു. എന്തിനേറെപ്പറയുന്നു, നമ്മുടെ രാജ്യത്തിലെ ജനങ്ങളെല്ലാം നീതിക്കുവേണ്ടി വളരെയേറെ പ്രതീക്ഷയോടെ നോക്കിക്കാണുന്ന

നമ്മുടെ പരമോന്നത നീതിപീഠത്തിൽ നിന്നുപോലും വളരെ മോശപ്പെട്ട വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് നമ്മുടെ സമൂഹം ഈ നിലയിലേയ്ക്ക് അധഃപതിച്ചത്? സമീപകാലത്ത് മലയാളികൾ വായിച്ച ഏറ്റവും നല്ല നോവലുകളിൽ ഒന്നാണ് 'ആട് ജീവിതം'. ഗൾഫിൽ പോകേണ്ടിവന്ന മലയാളികളുടെ ഒറ്റപ്പെടലിന്റെയും പ്രയാസത്തിന്റെയും വേദനയുടെയും ഒക്കെ പ്രശ്നങ്ങളെ വളരെ ഭംഗിയായി ആ നോവലിൽ പ്രതിപാദിക്കുന്നുണ്ട്. ആ നോവൽ എഴുതിയ ബെന്യാമിൻ ഈ കഴിഞ്ഞ ദിവസം ഒരു ഇന്റർവ്യൂവിൽ പറഞ്ഞു, 'നമ്മുടെ രാജ്യത്തിന്റെ എല്ലാ തെരുവുകളും ജാതിമതഭേദമന്യേ തീർത്ഥാടകരെക്കൊണ്ട് നിറയുകയാണ്. അതിനനുസരിച്ചുള്ള ഗുണം നമ്മുടെ സമൂഹത്തിന് ഉണ്ടാകുന്നില്ല. നാൾക്കുനാൾ കഴിയുന്തോറും സമൂഹം അധഃപതനത്തിൽ നിന്ന് അധഃപതനത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്'. ഈ വിഷയത്തെ നമ്മൾ എങ്ങനെയാണ് അഡ്രസ്സ് ചെയ്യേണ്ടത്? നമ്മുടെ ചെറുപ്പക്കാരെ, യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ പ്രധാനമായും നമ്മൾ ചർച്ച ചെയ്യേണ്ടതല്ലേ? പെട്ടെന്ന് പണക്കാരനാകണമെന്നുള്ളതാണ് ഇന്ന് എല്ലാവർക്കുമുള്ള അമിതമായ പ്രതീക്ഷ. പണക്കാരനാകാനുള്ള കുറുക്ക് വഴികളെക്കുറിച്ചാണ് എല്ലാവരും ഇന്ന് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. പഴയ കാലത്തൊക്കെ ക്വട്ടേഷൻ സംഘങ്ങൾ, പ്രധാനമായും വളരെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർ തിങ്ങിപ്പാർക്കുന്ന ചേരികളിൽ നിന്നൊക്കെയാണ് വന്നതെങ്കിൽ ഇന്ന് പല ക്വട്ടേഷൻ സംഘത്തിന്റെയും നേതൃസ്ഥാനം അലങ്കരിക്കുന്നവർ ഉന്നതരാണ്, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളും എം.ബി.എ. ബിരുദധാരികളുമാണ്.

ഒരു വർഷം മുമ്പ് കോട്ടയത്തുനിന്ന് ഒരു വാർത്ത വന്നു. അവിടെ ഒരു ബാങ്ക് കൊള്ളയടിക്കാൻ പോയ നാലംഗ സംഘം കയ്യോടെ പിടിയിലായി. ഈ നാലംഗ സംഘത്തിൽ രണ്ടുപേർ എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികളും ഒരാൾ ഒരു എം.ബി.എ. വിദ്യാർത്ഥിയും മറ്റൊരാൾ ആർട്സ് കോളേജിലെ ഡിഗ്രി വിദ്യാർത്ഥിയുമാണ്. ഇതിൽ ഒരു വിദ്യാർത്ഥി യുടെ ഒരു മാസത്തെ പോക്കറ്റ് മണി 25,000 രൂപയാണ്. അമ്മയും അച്ഛനും യൂറോപ്പിലാണ്. എന്നിട്ടും ആ പണം തികയാതെ വന്നപ്പോൾ പണം നേടി യെടുക്കുന്നതിനായി അവർ കണ്ടെത്തിയ മാർഗ്ഗം ബാങ്ക് കൊള്ളയടിക്കുക എന്നുള്ളതാണ്. അതിനായി അവർ മംഗലാപുരത്ത് പോയി പരിശീലനം നേടി വന്നുവെന്നാണ് പത്രത്തിലൂടെ നമ്മൾ മനസ്സിലാക്കിയത്. നമ്മുടെ സമൂഹം എങ്ങോട്ടേയ്ക്കാണ് പോകുന്നത്? നമ്മുടെ ആരാധ്യനായ മാർപ്പാപ്പ കഴിഞ്ഞ ദിവസം പറഞ്ഞു, ‘ഇന്ന് പണത്തെ ആരാധനാമൂർത്തിയാക്കുന്ന ഒരു സാമൂഹ്യക്രമം ഈ ലോകത്തുണ്ടായിരിക്കുകയാണ്. ലോകത്തിന്റെ ഹൃദയ ത്തിൽ സ്ത്രീയേയും പുരുഷനേയും പ്രതിഷ്ഠിക്കാനാണ് ദൈവം ആഗ്രഹി ക്കുന്നത്. എന്നാൽ ഇന്ന് ആ സ്ഥാനം പണം കയ്യടക്കിയിരിക്കുകയാണ്. പണദൈവത്തിന്റെ ആരാധകന്മാരായി ഈ സമൂഹം മാറിക്കൊണ്ടിരിക്കുന്നു’ എന്നാണ് മാർപ്പാപ്പ തന്നെ ഈ കഴിഞ്ഞ ദിവസം വിലപിച്ചത്. ഇതാണ് നമ്മുടെ ലോകത്തിന്റെ, നമ്മുടെ സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥയെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവിടെ നമ്മുടെ മൂല്യബോധം തകർന്നു കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ തൊലിപ്പുറത്തുള്ളതും ആഘോ ഷത്തിൽ അഭിരമിക്കുന്നതുമായ ഒരു മീഡിയാ സംസ്ക്കാരം നമ്മളിൽ സ്വാധീനം ചെലുത്തുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ദിവസം ഇറങ്ങിയ,

ജിത്തുജോസഫിന്റെ സിനിമ കണ്ടിട്ട് കൗമാരപ്രായക്കാരായ പെൺമക്കളുള്ള അച്ഛനമ്മമാർക്ക് ഉറക്കം വരുന്നില്ല. അത്രമാത്രം ആ സിനിമ ഈ വിഷയങ്ങളെ അഡ്രസ്സ് ചെയ്യുകയാണ്. 24 വയസ്സ് ആഗോളവൽക്കരണത്തിന് പിന്നിടുമ്പോൾ 18 വയസ്സുകാരന്റെ മനോഭാവങ്ങൾ..... ഈ ആഗോളവൽക്കരണ സംസ്ക്കാരങ്ങൾ എന്തൊക്കെ മാറ്റങ്ങൾ വരുത്തി എന്നതാണ് 'ദൃശ്യം' നമുക്ക് കാണിച്ചുതരുന്നത്. ഈ വിഷയത്തെ നമ്മൾ എങ്ങനെയാണ് അഡ്രസ്സ് ചെയ്യാൻ പോകുന്നത്; ഇത് തീർച്ചയായും യുവജന കമ്മീഷൻ പരിഗണിക്കേണ്ട ഒരു കാര്യമല്ലേ?

ഇന്ന് രാവിലെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സഖാവ് കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചു. എന്തായിരുന്നു ആ സബ്മിഷൻ? നമ്മുടെ കേരളീയ സമൂഹത്തിന് കരുത്തും കർമശേഷിയും പ്രദാനം ചെയ്തുനൽകിയ, കേരളത്തിന്റെ സാംസ്കാരിക സമ്പന്നതയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയ ഗ്രന്ഥശാലാ സംഘത്തിന് ഗ്രാന്റ് നൽകാത്ത വിഷയത്തിലേയ്ക്കാണ് ഈ സഭയുടെ ശ്രദ്ധ സഖാവ് കോടിയേരി ബാലകൃഷ്ണൻ ക്ഷണിച്ചത്. എന്തായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിയും നൽകിയ മറുപടി? ഏതോ ഒരു ഓഡിറ്റ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് യഥാർത്ഥത്തിൽ വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കുമുള്ള ഗ്രാന്റ് തടഞ്ഞുവച്ചിരിക്കുകയാണ്. ക്ലബ്ബുകൾ, കലാസമിതികൾ, ഗ്രന്ഥാലയങ്ങൾ തുടങ്ങിയവയെയൊക്കെ നിഷേധിച്ചുകൊണ്ട് കേരളത്തിൽ മുന്നോട്ടുപോകാൻ കഴിയുമോ? എന്താണ് ഇതിന് കുറുക്കുവഴി? നമ്മുടെ ഇന്നത്തെ അരാജകത്വത്തിലേയ്ക്ക്,

അരാഷ്ട്രീയത്തിലേയ്ക്ക് തലകുത്തി വീഴുന്ന, മതാന്ധതയിൽ ജീവിതം ഹോമിക്കുന്ന ഗണ്യമായ ഒരു വിഭാഗം ചെറുപ്പക്കാർ ഉയർന്നുവരുമ്പോൾ എന്താണ് നമുക്കുമുമ്പിലുള്ള പോംവഴി? കലാസാംസ്കാരിക പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ്. അത് ശക്തിപ്പെടുത്താൻ ഇന്ത്യയ്ക്ക് മാതൃകയല്ലേ ഗ്രന്ഥശാലാ പ്രസ്ഥാനം. നമ്മുടെ എല്ലാ വാർഡുകളിലും വായ നശാലകളില്ലേ? ആ വായനശാലകൾ എല്ലാ മാസവും പ്രതിമാസ പരിപാടി കൾ സംഘടിപ്പിക്കുന്നുണ്ട്. ജാതിമത ചിന്താഗതികൾക്ക് അതീതമായ വളരെ സാർത്ഥകമായ, സക്രിയമായ കൂട്ടായ്മയല്ലേ വായനശാലകളിൽ നടക്കുന്നത്. ആ വായനശാലകളുടെ കഴുത്ത് ഞെരിക്കുന്നവർ ഇവിടെ യുവജന കമ്മീ ഷൻ ബിൽ അവതരിപ്പിക്കുമ്പോൾ ഈ ബിൽ കൊണ്ട് എന്തെങ്കിലും നേട്ടമു ണ്ടാകുമെന്ന് എങ്ങനെയാണ് നമ്മൾ കരുതുക. അതുകൊണ്ട് ഈ കാര്യ ത്തിൽ മാറ്റമുണ്ടാകണം. ഗ്രന്ഥശാലാ സംഘത്തെ, കലാസമിതികളെ, ക്ലബ്ബു കളെ പ്രോത്സാഹിപ്പിക്കണം. അവർക്ക് കുറേക്കൂടി പണം നൽകണം. അവർക്ക് സ്വാതന്ത്ര്യം നൽകണം. അവർക്ക് അംഗീകാരം നൽകണം. അവർക്ക് പിന്തുണ നൽകണം. അങ്ങനെ ഒരു സമീപനം ഇവിടെ ഉണ്ടാകേണ്ട തായിട്ടുണ്ട്. ഇത്തരം വിഷയങ്ങളെ നമ്മുടെ സാംസ്കാരികമായ അധ:പതന ത്തെ, ആ അധ:പതനത്തിൽ നിന്നും ഈ നാടിനെ രക്ഷിക്കാനുതകുന്ന ക്രിയാ ത്മകമായ, സൃഷ്ടിപരമായ നിർദ്ദേശങ്ങളും വ്യവസ്ഥകളും യഥാർത്ഥത്തിൽ ഈ ബില്ലിനകത്തില്ലെന്നുള്ള കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. തീർച്ചയായും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയി വരുമ്പോൾ അത്തരം കാര്യങ്ങൾ ഇതിനകത്ത് ഉണ്ടാകണം, ഉണ്ടാകു മെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് പറയുന്ന ഒരു കാര്യം പ്രധാനമാണ്.

അദ്ധ്യായം 3–ൽ 9(ബി)–യിൽ 'തൊഴിലിന്റെ അന്തസിനെപ്പറ്റി യുവാക്കളിൽ അറിവുണ്ടാക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുക' എന്ന് പറയുകയാണ്. എന്താണ് നമ്മുടെ അവസ്ഥ? നേരത്തെ ഇവിടെ പരാമർശിച്ചതുപോലെ കേരളത്തിൽ 2,121 അൺഎയ്ഡഡ് വിദ്യാലയങ്ങളുണ്ട്. ഈ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ 48,228 അദ്ധ്യാപകരുണ്ട്. ഒരേ യോഗ്യതയുള്ള ഒരേ സിലബസ് പഠിപ്പിക്കുന്ന അദ്ധ്യാപകർ. സർക്കാർ സർവ്വീസിൽ ഒരു പ്രൈമറി ടീച്ചർ 19,000 രൂപ വാങ്ങുമ്പോൾ അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകന് ശമ്പളമായി ലഭിക്കുന്നത് മൂവായിരമോ നാലായിരമോ രൂപയാണ്. നേഴ്സുമാർ നേരിടുന്ന സ്ഥിതി എന്താണ്? നമ്മുടെ കേരളത്തിലെ പല മേഖലകളുടെയും സ്ഥിതി നമ്മൾ പരിശോധിക്കണം. അവിടെയൊക്കെ കിട്ടുന്നത് വളരെ തുച്ഛമായ വേതനമാണ്. അവിടെ ഒരു ജോലി സ്ഥിരതയുമില്ല. തൊഴിലിന്റെ അന്തസിനെക്കുറിച്ച് നമുക്ക് ഒരു അവബോധം ഉണ്ടാകണമെങ്കിൽ താൻ ചെയ്യുന്ന ജോലിക്ക് അർഹമായ, മാന്യമായ പരിഗണന ലഭിക്കുമെന്ന് ഉറപ്പാക്കണം. അതിനുള്ള വ്യവസ്ഥകൾ ഇതിനകത്ത് ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ യുവാക്കളെ സംബന്ധിച്ചിടത്തോളം അവർക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് തൊഴിൽ എന്ന് പറയുന്നത്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം തൊഴിൽ അവസരങ്ങൾ വളരെ പരിമിതമാണ്. കേന്ദ്ര സർക്കാർ പത്തര ലക്ഷം തസ്തികകൾ ഒഴിവാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. രണ്ടേമുക്കാൽ ലക്ഷം തസ്തികകൾ റെയിൽവേയിൽ ഒഴിവാക്കാൻ തീരുമാനിച്ചു. ഇതുകൊണ്ട് ഏറ്റവും കൂടുതൽ നഷ്ടം സംഭവിക്കുന്നത് നമ്മുടെ നാട്ടിലെ ഏറ്റവും പാവപ്പെട്ട പിന്നോക്കവിഭാഗത്തിൽപ്പെടുന്നവർക്കാണെന്നത് നമ്മൾ മനസ്സിലാക്കണം. സ്വകാര്യമേഖലയിൽ

സംവരണം ഇല്ല. പൊതുമേഖലയിൽ മാത്രമേ സംവരണമുള്ളു. പത്തേകാൽ ലക്ഷം തസ്തികകൾ കേന്ദ്ര സർക്കാർ ഒഴിവാക്കുകയാണ്. കേരളത്തിലെ സ്ഥിതി ഇതിൽ നിന്നും വ്യത്യസ്തമാണോ? ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ എൺപതിനായിരം തസ്തികകൾ സൃഷ്ടിച്ചുവെന്ന് പറഞ്ഞു. അതു പോലെ തന്നെ ഇവിടെ എന്റെ സഹപ്രവർത്തകനായ ശ്രീ. ഷാഫി പറമ്പിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം എൺപത്തിരണ്ടായിരം തസ്തികകൾ സൃഷ്ടിച്ചുവെന്ന് പറഞ്ഞു. മലയാളമനോരമയുടെ തൊഴിൽവീഥിയുടെ മുഖ പ്രസംഗത്തിൽ 'പി.എസ്.സി.യുടെ പുതുവർഷം ശുദ്ധികലശത്തിന്റേതാകട്ടെ' എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ഇവിടെ നിയമനങ്ങൾ നടക്കു ന്നില്ലെന്ന് മലയാളമനോരമയുടെ തൊഴിൽവീഥി കണക്കുകൾ വച്ചുകൊണ്ട് സൂചിപ്പിക്കുകയാണ്. അതുപോലെ മാതൃഭൂമിയുടെ പുതിയ ലക്കം തൊഴിൽവാർത്തയിൽ 'കഴിഞ്ഞുപോയത് നിരാശയുടെ വർഷമാണ്' എന്നാണ് പറയുന്നത്. നിയമനങ്ങൾ ഇവിടെ കുറവാണ്, നാല് ദിവസം മുമ്പ് യൂത്ത് കോൺഗ്രസിന്റെ പദയാത്രയോടനുബന്ധിച്ച് സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസ് ഒരു പത്രസമ്മേളനം നടത്തി. നിയമനനിരോധനത്തിനെതി രായി കേരളത്തിൽ യൂത്ത് കോൺഗ്രസ് സമരം ആരംഭിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആ പത്രസമ്മേളനത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണി ത്. ഒരുപാട് നിയമനങ്ങൾ നടത്തിയെന്ന് ഇവിടെ പറഞ്ഞു. ഇദ്ദേഹം അക്കമിട്ട് പറഞ്ഞിട്ടുണ്ട്. എന്താണ് പറയുന്നത്? റാങ്ക് ഹോൾഡേഴ്സ് അസോസിയേ ഷന്റെ ഭാരവാഹികളുമായി നടത്തിയ കൂടിക്കാഴ്ച്ചയിലാണ് ഈയൊരു വിഷയം എന്റെ ശ്രദ്ധയിൽപ്പെടുന്നത്. ഈ നിയമനവുമായി ബന്ധപ്പെട്ട വിഷ യത്തിൽ യൂത്ത് കോൺഗ്രസ് പ്രക്ഷോഭം ആരംഭിക്കുമെന്നും ഡീൻ കുര്യാ

ക്കോസ് പറഞ്ഞു. ഇന്ന് രാവിലെ ഞാനൊരു കാര്യം പറഞ്ഞു. മൂന്നേമുക്കാൽ വർഷം മുമ്പാണ് കേരളത്തിലെ സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാൻ തീരുമാനിച്ചത്. ഈ സർക്കാർ വന്നിട്ട് രണ്ടേമുക്കാൽ വർഷ മായി. സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തോ? ചെയ്യണ്ടേ? പി. എസ്.സി.–യ്ക്ക് വിടാൻ വേണ്ടി തീരുമാനിച്ചു. ഇവിടെ അസിസ്റ്റന്റ് ഗ്രേഡ് നിയമനവുമായി ബന്ധപ്പെട്ട് വലിയ കോലാഹലങ്ങൾ സൃഷ്ടിച്ചവരല്ലേ അപ്പു റത്തുനിൽക്കുന്നവർ. ആരാണ് ഉത്തരവാദി? ആരുടെ സിൻഡിക്കേറ്റിന്റെ കാലത്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. നാലു വർഷമായി കേരള ത്തിലെ സർവ്വകലാശാലകളിൽ നിയമനം നടക്കുന്നില്ല. കേരള സർവ്വകലാശാ ലയിൽ 750–ഉം കാലിക്കറ്റ് സർവ്വകലാശാലയിൽ 550–ഉം കണ്ണൂർ സർവ്വകലാ ശാലയിൽ 350–ഉം ഒഴിവുകളുണ്ട്. കേരളത്തിലെ സർവ്വകലാശാലകളിൽ എല്ലാംകൂടി 3,200 ഒഴിവുകൾ നിലവിലുണ്ട്. അപ്പോഴാണ് കേരള സർവ്വകലാ ശാല സിൻഡിക്കേറ്റ് റിട്ടയർ ചെയ്ത ആളുകളെ ഇവിടെ പുനർനിയമിക്കുന്ന ത്. എത്രയാണ് ശമ്പളം? എണ്ണായിരം മുതൽ പന്ത്രണ്ടായിരം വരെ. 165 പേരെ നിയമിച്ചു. ശരിയാണോ ഇത്? ഇവിടെ മാത്രമല്ല ഇത്. കേരഫെഡിൽ ഇന്ന് രാവിലെ ഡി.വൈ.എഫ്.ഐ. സമരം നടത്തി. കേരളത്തിലെ ഒട്ടുമിക്ക സ്ഥലത്തും പിൻവാതിൽ നിയമനമാണ് നടക്കുന്നത്. ഇവിടെ പറയുന്ന കണ ക്കുകൾ പിൻവാതിൽ നിയമനത്തിന്റെ കണക്കുകളാണ്. ഏത് മേഖലയിലാണ് നിയമനം നടത്തിയിട്ടുളളത്? യുവാക്കളെ സംബന്ധിച്ചിടത്തോളം തൊഴി ലാണ് അവരുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. എമർജിംഗ് കേര ളയെക്കുറിച്ച് എന്റെ സഹപ്രവർത്തകൻ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞു. എന്താണ് എമർജിംഗ് കേരളയുടെ ബാലൻസ്ഷീറ്റ്? എമർജിംഗ് കേരള കഴിഞ്ഞിട്ട് ഒന്നേകാൽ വർഷം കഴിഞ്ഞില്ലേ? എമർജിംഗ് കേരളയുടെ

ഭാഗമായി ഈ കേരളത്തിൽ എവിടെനിന്നെങ്കിലും നിക്ഷേപം വന്നോ? ശ്രീ. ഷാഫി പറമ്പിൽ എന്ന സഹപ്രവർത്തകൻ ഈ ഗവൺമെന്റിന്റെ സംരംഭകത്വ നയത്തെക്കുറിച്ചും വികസന പദ്ധതികളെക്കുറിച്ചും വരാൻ പോകുന്ന വമ്പിച്ച വ്യവസായ നിക്ഷേപത്തെക്കുറിച്ചും വാതോരാതെ ആവേശഭരിതനായി സംസാരിക്കുന്നത് കേട്ടു. ഞാൻ ചോദിക്കട്ടെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 500 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന എത്ര വ്യാവസായിക സ്ഥാപനങ്ങൾ ഇവിടെ ആരംഭിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സഭയിൽ അംഗമായ ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചു. പൊതുമേഖലയിൽ ടെക്സ്റ്റയിൽ മിൽ, ബാലരാമപുരത്ത് മിൽ, ആലപ്പുഴയിൽ മാരാരിക്കുളത്ത്. ഈ പത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒരു സ്ഥാപനമെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? ആ സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കാൻ തേയ്മാനം വന്ന യന്ത്രങ്ങൾ മാറ്റി പുതുപുത്തൻ യന്ത്രങ്ങൾ അവിടെ കൊടുത്തു. ആവശ്യമായ ഫണ്ട് നൽകി. എന്നിട്ടും രണ്ടേമുക്കാൽ വർഷമായി പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. ഇതാണ് നമ്മുടെ മുമ്പിലുള്ള അവസ്ഥ. കേരളത്തിൽ വ്യവസായം ആരംഭിക്കാൻ ആളുകൾ വരണമെങ്കിൽ, അവർക്ക് ആത്മവിശ്വാസമുണ്ടാകണമെങ്കിൽ അതിന് ഒരു സാഹചര്യം ഉണ്ടാകണം. വൈദ്യുതി വേണ്ടേ? വ്യവസായത്തിന്റെ വികസനത്തിന്റെ മുൻ ഉപാധിയല്ലേ വൈദ്യുതി എന്ന് പറയുന്നത്. കേരളത്തിലെ വൈദ്യുതി മേഖലയുടെ സ്ഥിതി എന്താണ്? നമുക്ക് റെക്കാർഡ് മഴ ലഭിച്ചു. എന്നിട്ടും കേരളത്തിൽ പവർകട്ടാണ്. ഫെബ്രുവരി മുതൽ പവർകട്ട് ഉണ്ടായിരിക്കുമെന്ന് കഴിഞ്ഞ ദിവസം പത്രത്തിൽ നമ്മൾ വായിച്ചില്ലേ? ആരുടെ കുഴപ്പമാണ്? അഞ്ച് വർഷം കേരളത്തിൽ ഇടതുപക്ഷ ജനാധി

പത്യ മുന്നണി ഭരിച്ചു. ഇപ്പോൾ ഈ സഭയിൽ ഇരിക്കുന്ന ശ്രീ. എ. കെ. ബാലൻ വിദ്യുച്ഛക്തി മന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ പവർകട്ട് ഉണ്ടായിരുന്നോ? പിന്നെ എങ്ങനെയാണ് പവർകട്ട് വന്നത്? മാനേജ്മെന്റിന്റെ പ്രശ്നമാണ്. ഒരു നയത്തിന്റെ പ്രശ്നമാണ്. ഒരു നിലപാടിന്റെ പ്രശ്നമാണ്. ഈ കേരളത്തിൽ ആര് മുതൽമുടക്കാൻ വരും, എവിടെ വ്യവസായം വരും? സ്മാർട്ട് സിറ്റിയുടെ കാര്യം ഞാൻ ആവർത്തിക്കുന്നില്ല. കേരളത്തിലെ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ തൊഴിൽ പ്രശ്നങ്ങളിലുൾപ്പെടെ ഈ ഗവൺമെന്റ് എന്ത് സംഭാവന നൽകി? ആ തൊഴിൽ പ്രശ്നങ്ങളിൽ ഈ ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിഞ്ഞു?

സ്വയം സംരംഭക വികസന മിഷനെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചതാണ്. ഒരു വർഷം ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന സംരംഭകത്വത്തിന്റെ പൂക്കാലം വരുമെന്ന് സംസാരിച്ചവരല്ലേ അപ്പുറത്തിരിക്കുന്ന ആളുകൾ. ഞാൻ കഴിഞ്ഞ ദിവസം സഭയിൽ കണക്കു പറഞ്ഞതല്ലേ. 615 സംരംഭകർക്കാണ് ഈ സംരംഭക മിഷൻ കൊണ്ട് ഗുണമുണ്ടായത്. കണ്ണൂർ ജില്ലയിൽ 15 പേർക്കും കാസർഗോഡ് ജില്ലയിൽ 12 പേർക്കും മാത്രമാണ് അതുകൊണ്ട് ഗുണമുണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടേമുക്കാൽ വർഷമാകുന്നു. യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ഏറ്റവും വലിയ പ്രശ്നം തൊഴിലാണ്. തൊഴിലിന്റെ വിഷയം അഭിമുഖീകരിക്കുന്ന കാര്യത്തിൽ, അഡ്രസ് ചെയ്യുന്ന കാര്യത്തിൽ ഈ സർക്കാർ പരാജയമാണ്. അത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തൊഴിലിന്റെ അന്തസ്സിനെക്കുറിച്ചുമാത്രം പറഞ്ഞതുകൊണ്ടായില്ല. ഈ കാര്യത്തിൽ യൂത്ത് കമ്മീഷന് നടപടിയെടുക്കാൻ കഴിയണം. അങ്ങനെ നടപടിയെടു

ക്കാൻ കഴിയണമെങ്കിൽ അഡ്വൈസറി നേച്ചറിൽ നിന്ന് നിയമപരമായി കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന വിധത്തിലേയ്ക്ക് യൂത്ത് കമ്മീഷന്റെ ഘടനതന്നെ ഉടച്ചുവാർക്കണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കുവാനുള്ളത്. അതുകൊണ്ട് യൂത്ത് കമ്മീഷന്റെ കാര്യത്തിൽ ഈ പറഞ്ഞ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിക്കാൻ തയ്യാറാകണം. കഴിഞ്ഞ ദിവസങ്ങളിൽ എ.ഐ.സി.സി. യുടെ ദേശീയ സമ്മേളനം ഡൽഹിയിൽ ചേർന്നിരുന്നു. അതിലെ തീരുമാനമെന്താണ്? നിയമസഭയിൽ, പാർട്ടിയിൽ, പാർലമെന്റിൽ 50 ശതമാനം സീറ്റ് വനിതകൾക്കായി മാറ്റിവയ്ക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ബില്ലിന്റെ അദ്ധ്യായം II-ൽ 3(2)(ബി)-യിൽ കമ്മീഷന്റെ രൂപീകരണത്തെക്കുറിച്ച് പറയുന്നത്

"പത്തിൽ കവിയാത്ത അത്രയും എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ആളും ഒരാൾ യോഗ്യതയുള്ള ഒരു ലീഗൽ പ്രാക്ടീഷണറും ആയിരിക്കേണ്ടതുമാണ്" എന്നാണ്. ഇതിൽ ഒരു വനിത എന്നാണ് പറയുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ജനസംഖ്യയുടെ പകുതി സ്ത്രീകളായതുകൊണ്ടുതന്നെ വനിതകളുടെ എണ്ണം കൂട്ടണം. ചുരുങ്ങിയത് മൂന്ന് യുവതികളെയെങ്കിലും യൂത്ത് കമ്മീഷനിൽ അംഗങ്ങളായി ഉൾപ്പെടുത്താൻ ആവശ്യമായ ഭേദഗതിയോടെയായിരിക്കണം സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം ഈ ബിൽ തിരിച്ചുവരേണ്ടത് എന്ന കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ഈ ബില്ലിന്റെ

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകിയ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ഞാൻ ആദ്യമായി നന്ദി രേഖപ്പെടുത്തുന്നു. ബിൽ അവതരണവേളയിൽ സൂചിപ്പിച്ചതുപോലെ യുവജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുന്നതിനുതകുന്ന സമഗ്രമായ ഒരു നിയമനിർമ്മാണമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കാവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കമ്മീഷൻ ദുർബ്ബലമാണ്, പ്രവർത്തിക്കാൻ തക്ക ശേഷിയില്ല എന്ന രീതിയിൽ ബഹുമാനപ്പെട്ട അംഗം പി. ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടത് പൂർണ്ണമായും വസ്തുതകൾക്ക് നിരക്കുന്നതല്ല എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കമ്മീഷന് ലഭ്യമാകുന്ന ഏതു തരത്തിലുള്ള പരാതികളിന്മേലും കമ്മീഷന്റെ ചുമതല നിർവ്വഹിക്കുന്ന കാര്യത്തിൽ 1908–ലെ സിവിൽ നടപടി ആക്ടനുസരിച്ച് വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ് എന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുവാനുള്ള ചുമതലയും കമ്മീഷനുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഏതു ഉദ്യോഗസ്ഥന്റെയും സേവനം കമ്മീഷന് ലഭ്യമാക്കുന്നതാണെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന്റെ ഘടനയെ സംബന്ധിച്ചും കമ്മീഷന്റെ പ്രവർത്തനത്തെയും അധികാരത്തെയും സംബന്ധിച്ചും നല്ല നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിലും ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുന്നതിലും ഗവൺമെന്റിന് തുറന്ന മനസ്സാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയിൽ

വരുന്ന നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടായിരിക്കും ഈ ബില്ലിന്റെ നിയമ നിർമ്മാണ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയച്ച് നിയമനിർമ്മാണ പ്രക്രിയ തുടരുന്നതിന് ബഹു മാനപ്പെട്ട അംഗങ്ങളുടെ സഹകരണം ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അങ്ങ് അവതരി പ്പിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ...നോട്ട് ഇൻ ദി സീറ്റ്....

നിരാകരണ പ്രമേയം നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യു ന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ യ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ....................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

**(2) 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):: സർ, 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, സർ, 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ അവതരിപ്പിച്ചപ്പോൾ കമ്മീഷന്റെ അംഗസംഖ്യ അഞ്ചും ക്വാറം മൂന്നും

ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഇതുമൂലം ബെഞ്ച് രൂപീകരിച്ച് ജില്ലകളിൽ സിറ്റിംഗുകൾ നടത്തുന്നതിന് സാധ്യമല്ലാതായി. ക്വാറം മൂന്നിൽ നിന്ന് രണ്ട് ആയി കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ ഭേദഗതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്. എട്ടാം വകുപ്പിന്റെ 3–ഉം 4–ഉം വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുദ്ദേശിച്ചാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഒരു നിസ്സാരമായ ഭേദഗതിയാണ്. കൂടുതലായി ഒന്നും സംസാരിക്കുന്നില്ല.

Shri. Saju Paul: Sir, I move that – "This House resolves to disapprove The Kerala Fishermen Debt Relief Commission (Amendment) Ordinance, 2013 (Ordinance No. 41 of 2013)".

ഇത് ഒരു ചെറിയ ബിൽ, നെത്തോലിയോളമുള്ള ഒരു ബില്ല് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉദ്ദേശിച്ചത്. പക്ഷേ, നെത്തോലി ഒരു ചെറിയ മീനല്ല, നെത്തോലി ഒരു 'വലിയ' മീനാണ്, വളരെ പ്രാധാന്യമുള്ള ഒരു മീനാണ്. അതുകൊണ്ട് ഞാൻ ഈ നിരാകരണ പ്രമേയം വളരെ ശക്തിയുക്തം അവതരിപ്പിക്കുകയാണ്. ഞാൻ ആലോചിക്കുന്നത്, കഴിഞ്ഞ അഞ്ചുവർഷക്കാലം ഇവിടെ പ്രതിപക്ഷത്തിരുന്നുകൊണ്ട് നിരവധി നിയമങ്ങളെ ശക്തിയായി എതിർക്കുകയും നിരാകരിക്കണമെന്ന് വാദിക്കുകയും ചെയ്തവരാണ് ബഹുമാന്യരായ കെ.എം.മാണി, ആര്യാടൻ മുഹമ്മദ്, കെ.സി. ജോസഫ്, വി.ഡി. സതീശൻ കൂടാതെ ബഹുമാന്യനായ മന്ത്രി കെ. ബാബു എന്നിവർ. അദ്ദേഹം എന്റെ ജേഷ്ഠസഹോദരനാണ്. അദ്ദേഹം തന്നെ ഇപ്പുറത്തെ ഞാനും ഇരുന്നെങ്കിൽ എന്തൊരു കോലാഹലമുണ്ടാകുമായിരുന്നു. ഇതുപോലെയൊരു ബിൽ അവതരിപ്പിച്ച് ഇത്രമാത്രം അപഹാസ്യനാകേണ്ട ആളാണോ

അദ്ദേഹം. ഈ ഗവൺമെന്റിനെ ശക്തിയുക്തം ന്യായീകരിച്ച് ഉമ്മൻചാണ്ടി സർക്കാരിനെ പ്രതിരോധിക്കാൻ ഏറ്റവും കരുത്താർന്ന പ്രകടനങ്ങൾ, വളരെ ദുർബലമായ വാദമുഖങ്ങളോടെ ദൃശ്യമാധ്യമങ്ങളിലാകെ കാഴ്ചവയ്ക്കുന്ന അദ്ദേഹം ഇതുപോലൊരു പരിതാപകരമായൊരു അവസ്ഥയിൽ എത്തണമായിരുന്നോ? മൂന്നു പേർ സിറ്റിംഗിനായി എട്ടു ജില്ലകളിൽ പോകുന്നതിന് എന്താണ് കുഴപ്പമുള്ളത്. വയനാട്ടിലോ ഇടുക്കിയിലോ പത്തനംതിട്ടയിലോ കോട്ടയത്തോ ഒന്നും ഇവർ പോകേണ്ട കാര്യമില്ല. ആകെ എട്ടു ജില്ലകളിൽ മാത്രം ഈ കടാശ്വാസ കമ്മീഷനിലെ അംഗങ്ങൾ പോയാൽ മതി. അതല്ലാതെ മത്സ്യത്തൊഴിലാളി മേഖലകളില്ലാത്ത ബാക്കി ആറു ജില്ലകളിൽ എന്തിനാണ് ഇവർ പോകുന്നത്. ഇവിടെ ക്വാറം മൂന്ന് എന്നുള്ളത് രണ്ടാക്കി കുറയ്ക്കണമെന്ന നിർദ്ദേശത്തിൽ എന്തെങ്കിലും ന്യായമുണ്ടോ?

ഈ ഗവൺമെന്റിന് 18 ഓർഡിനൻസുകൾ പാസ്സാക്കാനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ സന്തോഷത്തോടുകൂടി ചോദിക്കുവാനുള്ളത് കഴിഞ്ഞ വർഷം 37 ദിവസം മാത്രമാണ് സഭ സമ്മേളിച്ചത്. ഈ ഗവൺമെന്റിന്റെ നിയമനിർമ്മാണത്തിലുള്ള ആത്മാർത്ഥതയില്ലായ്മയുടെ ഏറ്റവും വലിയ മകുടോദാഹരണമാണ് ഈ നിയമവും 18 ഓർഡിനൻസുകൾ നിലനിൽക്കുന്നതും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇങ്ങനെയൊരു അവസ്ഥയെങ്കിൽ എന്തായിരിക്കും ഇവിടെ സംഭവിക്കുന്നത്? നിയമ നിർമ്മാണ കാര്യങ്ങൾക്ക് ഇത്രയേറെ വില കൽപ്പിക്കാത്ത ഒരു ഗവൺമെന്റ് ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. എല്ലാ നിയമസഭകളിലും ഡോ. എൻ. ആർ. മാധവമേനോനെപോലുള്ള ഉന്നതരായ ആളുകളും മുൻ നിയമസഭാ

സ്പീക്കർമാരും നിയമസഭാംഗങ്ങൾക്ക് ക്ലാസെടുക്കാറുണ്ട്. ഒരു വർഷത്തിൽ 100 ദിവസമെങ്കിലും സഭ സമ്മേളിക്കണമെന്നും എല്ലാ അംഗങ്ങളും സഭയിൽ ഇരിക്കണമെന്നും ഇരിക്കുന്ന ആളുകൾ ശ്രദ്ധിക്കണമെന്നും ആരും ഉറങ്ങരുതെന്നും ജാഗ്രതാ പൂർവ്വം നിയമ നിർമ്മാണത്തിൽ ഇടപെടണമെന്നും പറയാറുണ്ട്. 37 ദിവസക്കാലം മാത്രമാണ് കഴിഞ്ഞ 2013 വർഷത്തിൽ ഐക്യ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഈ സഭ വിളിച്ചു ചേർക്കാൻവേണ്ടി സന്നദ്ധമായത്. സഭ ചേരുമ്പോൾ പ്രശ്നമാണ്. ആരുടെ കുഴപ്പം കൊണ്ടാണ് സഭ കൂടാത്തത്? 2013 –ൽ ..........

ശ്രീ. കെ. അച്ചുതൻ : നിങ്ങളല്ലേ ബഹളം ഉണ്ടാക്കിയത്.

ശ്രീ. സാജു പോൾ : പാർലമെന്റിൽ ബഹളം ഉണ്ടാക്കിയില്ലേ? അവിടെ ഭക്ഷ്യ സുരക്ഷാ ബിൽ പാസ്സാക്കിയില്ലേ? വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കിയില്ലേ? ഭാഗീകമായിട്ടാണെങ്കിലും വനിതാ ബിൽ അവിടെ അവതരിപ്പിച്ചില്ലേ? ഈ നിയമസഭയിൽ 18 ഓർഡിനൻസുകൾ പാസ്സാക്കാനുണ്ട്. ഇത്രയധികം ഓർഡിനൻസുകൾ ഗവൺമെന്റിന്റെ മുന്നിൽ പാസ്സാക്കാനുണ്ട്. എന്തിനാണ് ഈ നിയമസഭ കൂടുന്നത്? ഏറ്റവും പ്രധാനപ്പെട്ട 18 ഓർഡിനൻസുകൾ ഇപ്പോൾ പാസ്സാക്കാനുണ്ട്. ഇതുപോലെയുള്ള ഒരവസ്ഥയാണ് ഇടതു പക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്നപ്പോൾ ഉണ്ടായിരുന്നതെങ്കിൽ ബഹുമാന്യനായ ചീഫ് വിപ് അടങ്ങിയൊതുങ്ങി ഇരിക്കുമായിരുന്നോ? കേരളം ഒട്ടുക്ക് പത്രസമ്മേളനവും ഈ നിയമസഭയുടെ ചുറ്റും ഒരു ശയന പ്രദക്ഷിണവും നടത്തുമായിരുന്നു. അദ്ദേഹം ഇപ്പോൾ ഒന്നും കേട്ടില്ല എന്നു നടിച്ചിരിക്കുകയാണ്. മരിച്ച വീട്ടിൽ ജീവനില്ലാത്തവരെപോലെ കരക്കാരുടെ വീട്ടിൽ അന്യൻമാരെപോലെ ഇരിക്കുന്നത് അവസ്ഥ എന്തൊരു കഷ്ടമാണ്?

അന്യൻമാർക്കുപോലും ഇങ്ങനെയൊരു സ്ഥിതി വരരുതെന്നാണ് എന്റെ ആശംസ. അദ്ദേഹം എപ്പോഴും ഇങ്ങോട്ടാണ് നോക്കിയിരിക്കുന്നത്. ഇട ത്തോട്ട് നോക്കാൻ തന്നെ പേടിയാണ്. പാസ്സാക്കാനുള്ള ഓർഡിനൻസുകളെ പ്പറ്റി ചീഫ് വിപ്പ് പറയട്ടെ. എല്ലാ ഓർഡിനൻസും നിയമമാക്കണമെന്ന് വിപ്പ് പറയട്ടെ. പിന്നെ എന്തിനാണ് ഈ ചീഫ് വിപ്പ്? അദ്ദേഹം വിപ്പ് കൊടുക്കട്ടെ അടിയന്തരമായി എല്ലാ 18 ഓർഡിനൻസുകളും നിയമമാക്കി മാറ്റണമെന്ന്. ഒന്നും പറ്റിയിട്ടില്ല. നെത്തോലി പോലുള്ള ബില്ലിനെപ്പറ്റിയാണ് പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മാണിസാറിന്റെ കാലത്ത് ലാ റിഫോംസ് കമ്മിറ്റിയു ണ്ടാക്കിയ നടപടിയെ ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? ലാ റിഫോംസ് കമ്മിറ്റിക്കുശേഷം കഴിഞ്ഞ ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഹുമാന്യനായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വ ത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചു. 400-ഓളം കാലഹരണപ്പെട്ട നിയമങ്ങളും പഴകി ദ്രവിച്ച നിയമങ്ങളും കേരളത്തിലുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്നുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ട്രാവൻകൂർ, കൊച്ചിൻ, ലിറ്ററി ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955-ലാണ് നിലവിൽ വന്നത്. മദ്രാസ് എന്ന സ്ഥലം തന്നെ ഇല്ലാതായി. അത് ഇപ്പോൾ ചെന്നൈ ആയി മാറി. എന്നിട്ടുപോലും ഇവിടെ പഴകി തുരുമ്പിച്ച നിമങ്ങൾ നിൽക്കുകയാണ്. ഇച്ഛാശക്തിയുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 50 വർഷം പഴക്കമുള്ള പോലീസ് ആക്ട് സമഗ്രമായി പരിഷ്കരിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, കടാശ്വാസ കമ്മീഷന്റെ ഇന്നത്തെ ഒരവസ്ഥയെക്കുറിച്ച് പറയുകയാണെങ്കിൽ വളരെ പരിതാപകര മാണ്. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പല കടങ്ങളും എഴുതി

തള്ളാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പൊതു മേഖലാ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ആളുകളുടെ കടങ്ങൾ എഴുതിത്തള്ളാൻ കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല അവർക്ക് ജപ്തി നോട്ടീസ് വരികയാണ്. കമ്മീഷൻ ആദ്യ ഘട്ടത്തിൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് പണം അനുവദിച്ചത ല്ലാതെ അതിനുശേഷം കാര്യമായ ഒരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഇങ്ങനെ ഒരു നിയമം ഭേദഗതിക്കുവേണ്ടി സഭ യിൽ വരുന്ന സന്ദർഭത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ കടാശ്വാസ കമ്മീഷന്റെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ചുള്ള കാര്യമായ ഒരു വിചിന്തനം ഉണ്ടാകേണ്ടതാണ്.

<u>ശ്രീ. സാജു പോൾ</u> : സർ, ബഹുമാനപ്പെട്ട ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത് വളരെ സത്യമാണ്. കടാശ്വാസ കമ്മീഷന് ആശ്വാസം കൊടുക്കാൻ കമ്മീഷനെ വയ്ക്കേണ്ട ഒരു അവസ്ഥയാണ് ഇപ്പോൾ നിലവി ലുള്ളത്. എൽ.ഡി.എഫ്. സർക്കാർ 401 കോടി രൂപ ആശ്വാസം നൽകിയെ ങ്കിൽ യു.ഡി.എഫ്. സർക്കാർ നാളിതുവരെ ഒരു പൈസപോലും കൊടുത്തി ട്ടില്ല എന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. മത്സ്യത്തൊഴിലാളികൾക്ക് ഒരു പണവും നൽകിയിട്ടില്ല. അവരുടെ ആധാരം തിരിച്ചു കൊടുക്കുന്നില്ല. ജപ്തി നടപടികൾ നടക്കുകയാണ്. ഈ കമ്മീഷന്റെ ഒരു പ്രവർത്തനവും നടക്കുന്നി ല്ല. അങ്ങനെയുള്ള ഒരു കമ്മീഷന്റെ ക്വാറം മൂന്നിൽ നിന്ന് രണ്ടാക്കി ചുരുക്കി ഇനിയും ഈ കമ്മീഷനെ ദുർബലപ്പെടുത്തുവാനുള്ള ഗൂഢനീക്ക മാണ് യഥാർത്ഥത്തിൽ നടക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, പെരുമ്പാവൂരിൽ മത്സ്യത്തൊഴിലാളികളു ണ്ട്.

ശ്രീ. സാജു പോൾ : കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളെ പ്രതിനിധീകരിച്ച് നമ്മൾ ഇവിടെ നിൽക്കുകയാണ്. ഭൂമി മലയാളത്തിലുള്ള ഏത് കാര്യത്തെക്കുറിച്ചും ചാണകപ്പുഴുവിന്റെ വ്യാപനത്തെക്കുറിച്ചോ കട്ടിൽമൂട്ടയുടെ വ്യാപനത്തെക്കുറിച്ചോ പാറച്ചെള്ളിനെക്കുറിച്ചോ ചർച്ച വന്നാൽ പോലും ടി.വി. ചാനലിൽ പോയി ഇരുന്ന് അലറി വിളിക്കുന്ന ബഹുമാന്യനായ പി. സി. ജോർജ് തന്നെ ഇതെന്നോട് ചോദിക്കണം. അദ്ദേഹമൊഴിച്ച് ബാക്കി ആരും ഇതുപോലുള്ള കാര്യങ്ങളൊന്നും പറയാൻ പാടില്ല. ഞാൻ ഇന്നലെയും ഇന്നുമൊക്കെ കുത്തിയിരുന്ന് പഠിച്ചിട്ടാണ് ഇത് പറയുന്നത്. നെത്തോലി ചെറിയ മീനല്ല എന്ന് ഞാൻ പറഞ്ഞില്ലേ? നമ്മുടെ നാട്ടിലൊക്കെ കൊഴുവ എന്നാണ് നെത്തോലിയെ പറയുന്നത്. ശ്രീ. പി.സി. ജോർജിനെപ്പറ്റിയും പഴയ ആളുകൾ മീനുമായി ബന്ധപ്പെട്ടും പറഞ്ഞിട്ടുണ്ട്. ‘ വട്ടം ചാടിയാൽ മുട്ടോളം പിന്നെ ചാടിയാൽ ചട്ടിയിൽ’ ‘ഓന്തോടിയാൽ വേലിയോളം’ ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾ അങ്ങയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങളിലേക്ക് പോകുന്നില്ല. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ സി.ഐ.ടി.യു. ഉൾപ്പെടെ കഴിഞ്ഞ നാളുകളിലൊക്കെ വളരെ ശക്തമായ പ്രക്ഷോഭ സമരം മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ശക്തമായി നടത്തിയിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം നൽകേണ്ട പണം നൽകുക, മത്സ്യബന്ധനം നടത്തുക, മത്സ്യബന്ധനത്തിനാവശ്യമായതോതിൽ മണ്ണെണ്ണ നൽകുക, മത്സ്യ ബന്ധനത്തിന് ഡീസൽ സബ്സിഡി നൽകുക, കായൽ കയ്യേറ്റവും ജല മലിനീകരണവും തടയുക, പ്രകൃതി ദുരന്തത്തിന്റെ പട്ടികയിൽ കടലാക്രമണം ഉൾപ്പെടുത്തുക, തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുക, വിലക്കയറ്റം തടയുക തുട

ങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് വളരെ ശക്തമായി സമരങ്ങൾ നടത്തിയിട്ടുണ്ട്. ഇവിടെ ഒരുപാട് വലിയ വലിയ പ്രഖ്യാപനങ്ങൾ നടന്നിട്ടുണ്ട്. എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളും നന്നാക്കും. ആധുനിക മത്സ്യമാർക്കറ്റുകൾ ഫിഷറീസ് റോഡുകൾ വാട്ടർ ആംബുലൻസ് എന്തൊക്കെ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളുമാണ്? ഇത് എന്തെങ്കിലും രാജ്യത്ത് നടന്നിട്ടുണ്ടോ? യഥാർത്ഥത്തിൽ യു.പി.എ. ഗവൺമെന്റിനും കോൺഗ്രസ്സിനും ഈ കാര്യത്തിൽ ഒരു ആത്മാർത്ഥതയും ഇല്ലെന്നുള്ള കാര്യത്തിനുള്ള ഏറ്റവും വലിയ തെളിവാണ് രാജ്യത്തെ മൂന്നര കോടിയോളം ആളുകൾ തൊഴിലെടുക്കുന്ന മത്സ്യബന്ധന മേഖലയ്ക്കുവേണ്ടി മത്സ്യ ഫിഷറീസ് മേഖലയ്ക്കുവേണ്ടി ഒരു കേന്ദ്ര വകുപ്പുപോലും ഇല്ല. കൃഷി വകുപ്പിന്റെ കീഴിൽ ഇവിടെയൊരു സംവിധാനം ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുണ്ട് എന്നു മാത്രമേയുള്ളു. നമ്മുടെ നാട്ടിൽ സുനാമി ദുരന്തമുണ്ടായി. സുനാമി ദുരന്തത്തെത്തുടർന്ന് ഇപ്പോൾ ഹിമാലയൻ സുനാമിയുണ്ടായി. ഇനി സാമ്പത്തിക സുനാമി വരാൻ പോകുകയാണ്. കടൽക്കൊല പോലെയുള്ള കൊടും ക്രൂരതകൾ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മത്സ്യബന്ധന മേഖലയിൽ വന്നുകൊണ്ടിരിക്കുകയാണ്.

നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇത്രയേറെ പ്രതിസന്ധികൾ അഭിമുഖീകരിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ; കൂറ്റൻ കപ്പലുകൾ നമ്മുടെ മത്സ്യ സമ്പത്താകെ അരിച്ചുപെറുക്കിക്കൊണ്ടുപോകുകയല്ലേ; ആ കടൽ സമ്പത്ത് ഇവിടെനിന്നും കടത്തിക്കൊണ്ടുപോകത്തക്കവിധത്തിൽ 'ആസിയാൻ' കരാറുൾപ്പെടെയുള്ള അന്തർദ്ദേശീയ ഉടമ്പടികളിൽ ഏർപ്പെട്ടുകൊണ്ട് രാജ്യത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആകെ ഞെക്കിപ്പിഴിയുകയല്ലേ. അപ്പോൾ ഈ കടാശ്വാസ കമ്മീഷനെക്കൊണ്ട് എന്ത് പ്രയോജ

നമാണുള്ളത്? കമ്മീഷൻ തന്നെ നോക്കുകുത്തിയായി. യഥാർത്ഥത്തിൽ 'കടമെടുത്ത് കടം കൊടുത്തവനും മരം കയറി കൈ വിട്ടവനും നാശം' ഫലം ഒന്നാണ്. 'ഋണം ഗുണം കെടുത്തു'മെന്നാണ്. ആ ഗുണം കെടുത്തൽ മത്സ്യത്തൊഴിലാളി മേഖലയെ ആകെ ബാധിച്ചിരിക്കുകയാണ്. ഏത് കമ്മീഷനാണ് ഇവിടെ ഫലപ്രദമായി പ്രവർത്തിക്കുന്നത്; മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അതുപോലെ കർഷക കടാശ്വാസ കമ്മീഷൻ– കർഷകരുടെ രക്ഷക്കുവേണ്ടി അവതരിച്ച അധ്വാനവർഗ്ഗത്തിന്റെ പാർട്ടിയുണ്ടല്ലോ ആ പാർട്ടി ഉൾപ്പെടെ കർഷകർക്കുവേണ്ടി എന്താണ് ചെയ്യുന്നത്; 'എഴുതി നേടൽ ഉത്തമം ഉഴുതു നേടൽ അത്യുത്തമം' എന്നല്ലേ; മണ്ണിൽ കനകം വിളയിക്കുന്ന ഈ നാട്ടിലെ കൃഷിക്കാർക്കുവേണ്ടി കാർഷിക കടാശ്വാസ കമ്മീഷൻ എന്ത് ചെയ്യുന്നു; അതുപോലെ ഒരുപാട് കമ്മീഷനുകൾ, ഈ നാടിന്റെ പഴയ കാല ചരിത്രങ്ങൾ നോക്കിയിട്ടുണ്ടെങ്കിൽ കമ്മിറ്റികളുടേയും കമ്മീഷനുകളുടേയും ഒരു പരമ്പരതന്നെയാണുള്ളത്. രഘു രാജൻ കമ്മീഷൻ, നരസിംഹം കമ്മിറ്റി, എൻ.ആർ. മാധവ മേനോൻ കമ്മീഷൻ, വൈദ്യനാഥൻ കമ്മിറ്റി, പ്രകാശ് ബക്ഷി കമ്മിറ്റി, പരീഖ് കമ്മിറ്റി, **കാഖലേക്കർ** കമ്മിറ്റി, കോത്താരി കമ്മീഷൻ, സോളാർ തട്ടിപ്പ് അന്വേഷിക്കുന്ന കമ്മീഷൻ, അടിയന്തരാവസ്ഥയെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച ഷാ കമ്മീഷൻ– ഇതൊക്കെ വെറും ഷോ ആണെന്നുള്ളതാണ് സത്യം. എന്താണ് സത്യത്തിൽ ഇവിടെ നടക്കുന്നത്; നമ്മുടെ നാട്ടിൽ എല്ലാ സാധനങ്ങൾക്കും പുതിയ പുതിയ പേരിടും – ഇപ്പോൾ നാട്ടിലിറങ്ങി നോക്കിയാൽ മനസ്സിലാകും; സർബത്തിനു തന്നെ എന്തൊക്കെ പേരുകളാണുള്ളത്; നമ്മുടെ നാട്ടിൻപുറങ്ങളിൽ വിറ്റിരുന്ന സർബത്തുകൾ– പണ്ട് നന്നാറി സർബത്തായിരുന്നു പിന്നെ

സോഡ സർബത്തായി, മിൽക്ക് സർബത്തായി, മിൽക്ക് സോഡ സർബത്തായി, മിൽക്ക് എഗ്ഗ് സർബത്തായി, പിന്നെ ലെമൺ സർബത്തായി. ഇപ്പോൾ കുലുക്ക് സർബത്തായി, കോഴിക്കോടൻ കുലുക്ക് സർബത്ത് എന്നൊക്കെ പറഞ്ഞ് ഞങ്ങളുടെ നാട്ടിൽ വണ്ടി കിടക്കുന്നത് കാണാം. ഈ രീതിയിൽ കമ്മീഷനുകൾ പേരുമാറി വന്നതല്ലാതെ യഥാർത്ഥത്തിൽ അതിന്റെ ഗുണഭോക്താക്കളായിട്ടുള്ളവർക്ക് എന്ത് ഗുണമാണുണ്ടായത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഏറ്റവും കൂടുതൽ ആളുകൾ കാർഷിക കടാശ്വാസത്തിനുവേണ്ടിയാണ് വന്നത്. മൂന്നു നാല് കാര്യങ്ങളേയുള്ളൂ. ഒന്ന് കടം എഴുതിത്തള്ളൽ, മത്സ്യത്തൊഴിലാളികളും കൃഷിക്കാരും എടുത്ത കടത്തിന്റെ പ്രശ്നത്തിൽ നട്ടംതിരിഞ്ഞ ആളുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വളഞ്ഞു. അദ്ദേഹത്തിന്റെ മുമ്പിൽപോയി അപേക്ഷിച്ചു. അവിടെ ആയിരക്കണക്കിന് ആളുകൾ വന്നുചേർന്നു. അവരു പോയി ഞങ്ങളുടെ കടം എഴുതിത്തള്ളണം, ഞങ്ങൾക്ക് ഒരാശ്വാസം നൽകണമെന്ന് പറഞ്ഞു. പട്ടയം, എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നത്, ചികിത്സാ സഹായം തുടങ്ങി നാലുകാര്യങ്ങളല്ലാതെ ഏത് കാര്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഇങ്ങനെയൊരു കടാശ്വാസ കമ്മീഷനുള്ളപ്പോഴും മുഖ്യമന്ത്രിയുടെ മുമ്പിൽപോയി ഈ കടം പരിഹരിക്കുന്നതിനുവേണ്ടി ആളുകൾ മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ്. ഈ നാലു കാര്യമല്ലാതെ എന്റെ അനുഭവത്തിൽ ഒരേയൊരു അപേക്ഷ മാത്രമേ മുഖ്യമന്ത്രിയുടെ മുമ്പിൽ ചെന്നിട്ടുള്ളൂ. അത്, ഞാൻ താമസിക്കുന്ന കുന്നത്തുനാട് താലൂക്കിലെ കൊമ്പനാട് വില്ലേജിലെ ചൂരമുടി എന്ന പ്രദേശത്തുള്ള ഒരു ചെറുപ്പക്കാരൻ നൽകിയ അപേക്ഷയാണ്.

അപേക്ഷ ഇതാണ്– ഞാൻ 42 വയസ്സായ അവിവാഹിതനായ ഒരു ചെറുപ്പക്കാരനാണ്. എനിക്ക് അനുയോജ്യയായ ഒരു വധുവിനെ, ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു– എന്നെ നല്ലവണ്ണം നോക്കുന്ന ഒരു പെൺകുട്ടിയെ കണ്ടെത്തി എന്റെ വിവാഹം നടത്തിത്തരണമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ അപേക്ഷ കളക്ടർക്ക് കൈമാറി. കളക്ടർ അത് തഹസിൽദാർക്ക് കൊടുത്തു. തഹസിൽദാൽ അത് വില്ലേജ് ഓഫീസർക്ക് കൊടുത്തു. അനുയോജ്യയായ പെൺകുട്ടിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നുപറഞ്ഞ് വില്ലേജ് ഓഫീസർ തഹസീൽദാർക്ക് റിപ്പോർട്ട് കൊടുത്തു. ഈ ചെറുപ്പക്കാരൻ എല്ലാ ദിവസവും താലൂക്കിൽ ചെല്ലുകയാണ്. ഞങ്ങളുടെ തഹസിൽദാരായിരുന്ന ശ്രീ. വിശ്വംഭരൻ കഴിഞ്ഞ നവംബർ 30– ന് റിട്ടയർ ചെയ്യുന്നതുവരെ ഒരു പ്യൂണിനെ മിനി സിവിൽസ്റ്റേഷനു മുൻപിൽ നിർത്തിയിരിക്കുകയായിരുന്നു. ഈ ചെറുപ്പക്കാരൻ വന്നു എന്നുപറഞ്ഞാൽ അപ്പോൾത്തന്നെ തഹസിൽദാർ പിൻവാതിലിലൂടെ ഓടി രക്ഷപ്പെടും. ഈ ചെറുപ്പക്കാരനോട് എന്ത് സമാധാനം പറയും? അനുയോജ്യയായ വധുവിനെ കണ്ടെത്തി ഇയാളുടെ വിവാഹം നടത്തിക്കൊടുക്കണമെന്ന് മുഖ്യമന്ത്രിയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്ത് കഷ്ടമാണ്. ഈ രീതിയിലുള്ള അപേക്ഷകളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ജനസമ്പർക്ക പരിപാടിയിൽ കിട്ടിയിട്ടുള്ളത്. ശ്രീ. കെ. ബാബു, അങ്ങ് എത്ര ശ്രമിച്ചാലും ഈ കടാശ്വാസ കമ്മീഷൻ വഴി അങ്ങയുടെ വകുപ്പിന്റെ കീഴിൽ വരുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്താൻ കഴിയുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, എയർപോർട്ടിൽ വന്നിട്ട് ഔദ്യോഗിക വാഹനംപോലും കിട്ടാതെ തേൻമാവിൻ കൊമ്പത്ത് സിനിമയിൽ

കുതിരവട്ടം പപ്പുവിനെ പോലെ 'ടാസ്കി വിളിയെടാ' എന്നുപറഞ്ഞുകൊണ്ടിരുന്ന ഒരു മുഖ്യമന്ത്രി കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ; അദ്ദേഹം ഈ മത്സ്യത്തൊഴിലാളികളെ രക്ഷിക്കുമോ; കേന്ദ്രമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷ്– 29 ചവിട്ടുവരെ ഞാൻ എണ്ണിയെന്ന് കഴിഞ്ഞ ദിവസം കൈരളി ചാനലിനോട് പറഞ്ഞു, ബഹുമാനപ്പെട്ട ചിറ്റയം ഗോപകുമാർ ഇതിനെക്കുറിച്ച് നേരത്തെ പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല അദ്ദേഹം ചുമതലയേറ്റെടുത്തിട്ട് ഉണ്ടായ ഏറ്റവും വലിയ നേട്ടമെന്താണ് കൊടിക്കുന്നിൽ സുരേഷ് എന്നുപറയുന്ന *********[1] കേന്ദ്രമന്ത്രിയെ 29 യൂത്ത് കോൺഗ്രസ് പ്രവർത്തകർ ചവിട്ടി– ഇതല്ലേ ഈ രാജ്യത്ത് നടക്കുന്നത്. അദ്ദേഹത്തിന്റെ ************, അത്രമാത്രം നിരാശയിൽ ഒരു കേന്ദ്രമന്ത്രി എത്തിച്ചേർന്ന...............

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പോയിന്റ് ഓഫ് ഓർഡർ........

മി. ചെയർമാൻ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അദ്ദേഹം പ്രസംഗിക്കുന്നത് ഒരു ബന്ധവുമില്ലാത്ത കാര്യമാണ്. സത്യം പറഞ്ഞാൽ മത്സ്യത്തൊഴിലാളികളെ അപമാനിക്കുകയാണ്. അതുപോരാത്തതിന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ.കൊടിക്കുന്നിൽ സുരേഷിനെതിരായി പറഞ്ഞത് എക്സ്പഞ്ച് ചെയ്യണം. അതൊരിക്കലും ഈ സഭയ്ക്ക് യോജിച്ചതല്ല. റൂൾ 307 അനുസരിച്ച് നീക്കം ചെയ്യണം.

---

[*] സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

<u>മി. ചെയർമാൻ</u>: പരിശോധിച്ച് യോഗ്യമല്ലാത്ത വാക്കുകൾ രേഖയിൽനിന്ന് നീക്കം ചെയ്യുന്നതായിരിക്കും.

<u>ശ്രീ. സാജു പോൾ</u>: സർ, എന്റെ സുഹൃത്ത് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചവിട്ടി എന്ന് ഞാൻ പറഞ്ഞിട്ടില്ല. അദ്ദേഹത്തെ ചവിട്ടാൻ ആളുകൾക്ക് കിട്ടിയില്ല. അദ്ദേഹം വിട്ടുപാഞ്ഞു. കൊടിക്കുന്നിലിന്റെ കൂടെയുണ്ടായിരുന്ന 'എ' ഗ്രൂപ്പുകാരനായ അദ്ദേഹത്തെ ചവിട്ടാൻ കിട്ടിയില്ല. അപ്പോൾ ഇത്തരത്തിൽ ആളുകളെ കബളിപ്പിക്കുന്ന അല്ലെങ്കിൽ മത്സ്യത്തൊഴിലാളികളെ അങ്ങേയറ്റം ദ്രോഹിക്കുന്ന കേന്ദ്ര-കേരള ഗവൺമെന്റുകളുടെ നയം; ഇവിടെ മത്സ്യത്തൊഴിലാളികൾക്ക് നീതി ലഭിക്കുമോ; കേന്ദ്ര ഗവൺമെന്റ് സാമ്രാജ്യത്വ ദല്ലാൾപണി ചെയ്യുകയാണ്. 'ആസിയാൻ' കരാറുൾപ്പെടെ ഒപ്പിട്ടുകൊടുത്ത് മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കുകയാണ്. ഏറ്റവും മഹത്തായ നിരവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വർഷമായിരുന്നു 2013. കൊടിയ വരൾച്ചയും വെള്ളപ്പൊക്കവുമുണ്ടായി. ബഹുമാന്യനായ റ്റി.യു. കുരുവിളയുടെ മണ്ഡലത്തിൽ വലിയ വെള്ളപ്പൊക്കമുണ്ടായി. 2013-ൽ രണ്ട് സുപ്രധാന സംഭവങ്ങൾ നടന്നു. അതിലൊന്ന് മാർട്ടിൻ ലൂഥർകിംഗ്, ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയ, അമേരിക്കയുടെ തലസ്ഥാനത്ത്, ലിങ്കൺ കൊളോസിയത്തിന്റെ മുമ്പിൽനിന്ന് 'I have a dream' എന്ന് പ്രഖ്യാപിച്ചതിന്റെ 50-ാം വാർഷികമായിരുന്നു. മറ്റൊരു പ്രധാനപ്പെട്ട സംഭവം 150 വർഷം മുമ്പ് എബ്രഹാം ലിങ്കൺ ജനാധിപത്യത്തിന് ഒരു നിർവ്വചനം പ്രഖ്യാപിച്ചു- 'ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തുന്ന ഭരണ സംവിധാനമാണ് ജനാധിപത്യം' എന്നുപറഞ്ഞു.-Of the

People, By the People, For the People – എന്നുപ്രഖ്യാപിച്ചു. ‘എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം’ എന്ന് ചങ്ങമ്പുഴ പാടി. അതിന് ‘എവിടെ തെരഞ്ഞെടുപ്പെത്തിയാലും അവിടെല്ലാം പൂത്ത കറൻസി മാത്രം’– എന്ന് കുഞ്ഞുണ്ണി മാഷ് ഒരു ഭാഷാഭേദം കൊണ്ടുവന്നു. 150 വർഷം മുമ്പ് എബ്രഹാം ലിങ്കൺ ജനാധിപത്യത്തിനു കൊണ്ടുവന്ന നിർവ്വചനം ഞാനിതാ ഇവിടെ ഭേദഗതി ചെയ്ത് പ്രഖ്യാപിക്കുന്നു ‘കോർപ്പറേറ്റുകൾ കോർപ്പറേറ്റുകൾക്കുവേണ്ടി നടത്തുന്ന കോർപ്പറേറ്റുകളുടെ ഭരണമാണ് ഇന്ന് ജനാധിപത്യം’. ആ ചരിത്ര പ്രസിദ്ധമായ പ്രഖ്യാപനത്തിന് ഇത്തരത്തിലൊരു ഭേദഗതി ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഈ മത്സ്യത്തൊഴിലാളി കടാശ്വാസ ..........

ശ്രീ. എളമരം കരീം: സർ, നിലവിലുള്ള കമ്മീഷൻ അംഗങ്ങൾക്ക് ജില്ലകളിൽ പോയി സിറ്റിംഗ് നടത്താൻ എട്ടാം വകുപ്പിലെ മൂന്നും നാലും ഉപവകുപ്പനുസരിച്ച് അസാധ്യമാണ്. അത് സാധ്യമാക്കാൻവേണ്ടിയാണ് എണ്ണം വർദ്ധിപ്പിക്കുന്നതും ക്വാറം കുറച്ച് നിശ്ചയിക്കുന്നതെന്നുമാണ് ബില്ലിനെക്കുറിച്ചുള്ള വിശദീകരണം. ഇതൊക്കെ ചെയ്താലും കമ്മീഷൻ സിറ്റിംഗ് നടത്തി തീരുമാനം പറഞ്ഞാൽ കാശ് കൊടുക്കണമല്ലോ. അതിനനുസരിച്ച് പണം കിട്ടാൻ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയെ ശക്തിപ്പെടുത്താനുള്ള ഒരു വകുപ്പുകൂടി ഇതിൽ ചേർക്കേണ്ടതില്ലേ?

ശ്രീ. സാജു പോൾ: ഇതിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ അക്കാര്യം പറഞ്ഞിട്ടുണ്ടാവുമല്ലോ. ഒന്നും പറഞ്ഞിട്ടില്ലേ;

<u>മി. ചെയർമാൻ</u>: ഇന്നലെ വായിച്ച് പഠിച്ചപ്പോൾ ഒറിജിനൽ ആക്ട് വായിച്ചില്ലായിരുന്നോ?

<u>ശ്രീ. സാജു പോൾ</u>: ഒറിജിനൽ ആക്ടിൽ അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ ഭേദഗതി വരുത്താനും ശക്തിപ്പെടുത്താനും ഉള്ള ഉദ്ദേശ്യം ബഹുമാനപ്പെട്ട മന്ത്രിക്കുവേണ്ടേ; ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനൊന്നിനും ഒരു ഉദ്ദേശ്യവുമില്ല. ആരെയോ തൃപ്തിപ്പെടുത്താൻവേണ്ടി, അപ്പുറത്തിരിക്കുന്ന ഹരിതവാദികളായ എം.എൽ.എ.-മാരിൽ മത്സ്യത്തൊഴിലാളികളുടെ പ്രവാചകന്മാരും രക്ഷകന്മാരുമായിട്ട് അവതരിച്ചിരിക്കുന്ന ചില വ്യക്തികളുണ്ട്. ഈ ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യാൻ പറ്റാത്തതിലുള്ള ചൊറിച്ചിലും മറ്റും ജീവിതത്തിൽ കൊണ്ടുനടക്കുന്ന ചില ആളുകളുണ്ട്. യഥാർത്ഥത്തിൽ ബഹുമാന്യനായ കെ. ബാബുവിന് കൈകാര്യം ചെയ്യാൻ താൽപര്യമില്ലാത്ത മൂന്ന് വകുപ്പുകളാണ് കിട്ടിയിട്ടുള്ളത്. അതായത് എക്സൈസ്, തുറമുഖം, ഫിഷറീസ്. അദ്ദേഹത്തിന് തീരെ തൃപ്തിയില്ലാതെയാണ് ഈ വകുപ്പുകളെ കാണുന്നത്. അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് മോഹൻലാൽ ഒരു സിനിമയിൽ 'ഒന്നാലോചിച്ചാൽ ആൻസീ പിരിഞ്ഞു പോകുന്നതാണ് നല്ലത്. മനസ്സിൽ കുറ്റബോധം തോന്നിത്തുടങ്ങിയാൽ ചെയ്യുന്നതെല്ലാം യാന്ത്രികമായി തോന്നും' എന്നു പറഞ്ഞതുപോലെയാണ്. വളരെ യാന്ത്രികമായി യാതൊരു ആത്മാർത്ഥതയുമില്ലാതെ തൊഴിലാളികളോട് യാതൊരു പ്രതിബദ്ധതയും കാട്ടാതെ ഇത്തരത്തിൽ യന്ത്രസമാനമായ ഒരു മനസ്സോടുകൂടി വളരെ പ്രതിഷേധത്തോടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒരു പ്രതികാര ദാഹത്തോടെ ആരോടൊക്കെയോ ഉള്ള അടക്കാനാവാത്ത

പകയോടെ ഈ വകുപ്പുകളെ സമീപിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ഭേദഗതി നിയമത്തെ നിരാകരിക്കണമെന്ന പ്രമേയത്തെ ഒരിക്കൽക്കൂടി ശക്തിയായി അനുകൂലിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. എനിക്കുള്ള ആദ്യത്തെ ചോദ്യം, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ യോഗം ചേർന്ന് വളരെയേറെ ചർച്ചകൾ നടത്തുകയുണ്ടായി. അതിൽ തീരുമാനമെടുത്തുകൊണ്ടിരിക്കുന്ന അവസരത്തിൽ എന്തെങ്കിലും പോരായ്മകൾ വന്നതിന്റെ ഫലമായിട്ടാണോ ഈ അംഗങ്ങളെ കുറയ്ക്കുന്നത്? കേരളത്തിൽ സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട എത്ര കമ്മീഷൻ  അംഗത്വം കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്? അങ്ങനെയൊരു കമ്മീഷൻ അംഗത്വമെടുക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായിട്ടാണോ ഇത് കുറച്ചത്? അതല്ല, മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തെ സംബന്ധിച്ച ചർച്ചയ്ക്ക് മാത്രമാണോ? ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്നവരും ബുദ്ധിമുട്ടനുഭവിക്കുന്നവരുമാണ് മത്സ്യത്തൊഴിലാളികൾ. ഒരു ഭാഗത്ത് വൻകിട ട്രോളറുകളും വിദേശ ശക്തികളും ഇന്ത്യയിൽത്തന്നെയുള്ള വൻകിട കോർപ്പറേറ്റുകളും കേരളത്തിലെ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നു. സുനാമിക്ക് ശേഷം കേരളത്തിന്റെ പല ഭാഗത്തും മത്സ്യസമ്പത്ത് കുറയുന്നു. ഇപ്പോൾ കടലിൽ ചൂട് കൂടുതലാണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. അത് വഴിയും മത്സ്യസമ്പത്ത് കുറയുന്നു. ഗവൺമെന്റിനെ സംബന്ധിച്ചാണെങ്കിൽ മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലകൾ വർദ്ധിപ്പിക്കുന്നു. വടകര മുനിസിപ്പാലിറ്റിയിലെ അരിയൂർ പഞ്ചായത്ത്, ഒഞ്ചിയം പഞ്ചായത്ത്, ചുവറോട് പഞ്ചാ

യത്ത് എന്നീ പഞ്ചായത്തുകളെല്ലാം മത്സ്യത്തൊഴിലാളികളുടെ മേഖലയാണ്. മത്സ്യത്തൊഴിലാളികൾ കടപ്പുറത്ത് നിറഞ്ഞിരിക്കുന്ന അവസരത്തിൽ അവരോട് നിങ്ങൾ എന്താണ് കടലിൽ പോകാത്തത് എന്ന് ചോദിച്ചാൽ ബോട്ടുകളിൽ എണ്ണയും ഡീസലുമടിച്ച് കടലിൽ പോയാൽ മത്സ്യം കിട്ടുന്നില്ല എന്നാണ് പറയുന്നത്. ഇവരെ ആര് സഹായിക്കും? ഇതാണ് മത്സ്യത്തൊഴിലാളി മേഖലയിലെ ചോദ്യം. മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നൽകുമെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. വിധവകളായവരുണ്ട്, പല വീടുകളിലും ദൗർഭാഗ്യത്തിന് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുമുണ്ട്. ആ രക്ഷിതാക്കൾ എം.എൽ.എ.മാരെന്ന നിലയ്ക്ക് ഞങ്ങളോട് സഹായിക്കാൻ അഭ്യർത്ഥിക്കുമെങ്കിലും ഞങ്ങൾക്ക് സഹായിക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ വർഷത്തെക്കാളും ഇവർക്ക് ഇപ്പോൾ രണ്ട് ലക്ഷം രൂപ കൊടുക്കുന്നു. പക്ഷെ അനുവദിക്കുന്ന വീടുകളുടെ തോത് കുറയുന്നു. മത്സ്യത്തൊഴിലാളി മേഖലയിൽ മൊത്തത്തിൽ ഒരു ബുദ്ധിമുട്ട് ഉണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞുവരുന്നത്. വായ്പ രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ, അദ്ദേഹം മത്സ്യത്തൊഴിലാളി ക്ഷേമസമിതിയുടെ ചെയർമാനാണ്, ജില്ലകളിൽ സിറ്റിംഗ് നടത്തുന്ന സമയത്ത് പല ജില്ലകളിൽ നിന്നും വന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം, മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്ന ലോൺ ഉപയോഗപ്പെടുത്തി വീട് നിർമ്മിക്കാൻ വേണ്ടി അപേക്ഷ കൊടുക്കുമ്പോൾ തീരദേശ പരിപാലന നിമയം ചൂണ്ടിക്കാണിച്ചുകൊണ്ട് അവർക്ക് അനുമതി കൊടുക്കുന്നില്ല എന്നുള്ളതാണ്. ഇതുസംബന്ധിച്ച്

നിയമസഭയിൽ ചില സന്ദർഭങ്ങളിലും മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പക്ഷെ ഉദ്യോഗസ്ഥന്മാർ ആരും അംഗീകരിക്കുന്നില്ല. പഞ്ചായത്തുകളും നഗരസഭ കളും ഈ അനുമതി കൊടുക്കാതിരിക്കുകയാണ് ചെയ്യുന്നത്. ഈ ഗൗരവ മായ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കപ്പെടേണ്ടതല്ലേ?

ശ്രീ. സി. കെ. നാണു: സർ, എന്റെ മണ്ഡലത്തിൽ തന്നെ ഒരു പഞ്ചായ ത്തിൽ അനുവാദം കൊടുത്തു. വേറൊരു പഞ്ചായത്തിന് അനുവാദം കൊടുക്കുന്നില്ല. അന്ന് ഇത് കൈകാര്യം ചെയ്ത മന്ത്രി മത്സ്യത്തൊഴിലാളി കൾക്ക് പെർമിഷൻ കൊടുക്കാൻ അനുവാദം കൊടുത്തിരുന്നു. എല്ലായി ടത്തും വ്യാപകമായി നടക്കുന്നില്ല. ഞാൻ പറയുന്നു ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഈ ജനവിഭാഗമാണ്. ഡീസലിന്റെയും പാചക വാതകത്തിന്റെയും വിലവർദ്ധനവ് മൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. എന്താണ് ഇതിന് കാരണം? നമ്മുടെ നാട്ടിലെ പാവപ്പെട്ടവന്റെ പ്രശ്നത്തിന് പരിഹാരം ചെയ്ത് കൊടുത്തില്ല. ആരുടെ താൽപര്യപ്രകാരമാണ് ഡീസ ലിന്റെയും പാചകവാതകത്തിന്റെയും വില വർദ്ധിക്കാനിടയായത്? ഒരുകൂട്ടർ നടത്തിയ സമരം ജയിച്ചോ തോറ്റോ; അതിനെ കണക്കിലെടുത്തുകൊണ്ട് നമ്മൾ ആരെ പിന്താങ്ങി? ഗോദാവരി ബേസിൻ, അംബാനിയുടെ മക്കൾക്കാ യിരുന്നു അവിടത്തെ പാചക വാതകത്തിന്റെ ഡെപ്പോസിറ്റ് എടുക്കാനുള്ള അധികാരം. അവരെ കമ്പനിയാക്കി. അവർ തമ്മിൽ എന്തോ ഒരു കലഹമുണ്ട്. അംബാനിയുടെ മകൻ പറഞ്ഞു, എന്റെ ചേട്ടന് ഒരു കൊല്ലം 50,000 കോടി രൂപ പാചകവാതക വില ഉയർത്തിയതിന്റെ ഫലമായി ഈ ബേസിനിൽ നിന്ന് ലാഭമുണ്ടായി എന്ന്. നമ്മുടെ ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ട് ഉള്ള പ്പോൾ ഇത്രയും വലിയൊരു സംഭവം വന്നാൽ പ്രധാനമന്ത്രിയും

കേന്ദ്രത്തിലെ നികുതി വസൂലാക്കേണ്ട ഘടകങ്ങളുമൊക്കെ സജീവമാകേണ്ടതല്ലേ? എന്താണ് സംഭവിച്ചത്? ഞാൻ ആക്ഷേപിക്കുകയല്ല. നമ്മുടെ പ്രധാനമന്ത്രി ഏറ്റവും സജീവമായി പ്രവർത്തിച്ചത് ആ ഘട്ടത്തിലാണ്. അംബാനിയുടെ ഭാര്യയെയും അവരുടെ രണ്ട് മക്കളെയും അവരുടെ ഭാര്യമാരെയും വിളിച്ചു രമ്യതയിലാക്കി. ജ്യേഷ്ഠാനുജൻമാരെ ഭാര്യമാരോടൊപ്പം സൗത്താഫ്രിക്കയിൽ സുഖവാസത്തിനയച്ചു. ഇവിടെ ആരുടെ താൽപ്പര്യം സംരക്ഷിക്കുന്നു? ആരുടെ താൽപ്പര്യത്തിനുവേണ്ടി........... ഒരു സംസ്ഥാന ഗവൺമെന്റ് കഷ്ടപ്പെടുന്നു. ഇവിടത്തെ മുഖ്യമന്ത്രി തുടങ്ങി മന്ത്രിമാരും എം.എൽ.എ.മാരും എല്ലാവരും നമ്മുടെ കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ പറയുന്നു നമുക്ക് എന്തുകൊണ്ട് തന്റേടം കാണിക്കാൻ സാധിക്കുന്നില്ല? ലോകത്തിലെ വൻകിട കോടീശ്വരന്മാർക്ക് വേണ്ടി, ഇന്ത്യയിലെ കോർപ്പറേറ്റുകൾക്കു വേണ്ടി ഈ നാടിനെ കൊള്ളയടിക്കുമ്പോൾ ഞങ്ങൾ ഇല്ലായെന്ന് പഴയ കാലത്ത് പറഞ്ഞിരുന്നു. ഇവിടെ റേഷന്റെ പ്രശ്നമുണ്ടായി. കെ. സി. എബ്രഹാം മാഷ് കേരളത്തിന്റെ കോൺഗ്രസ്സിന്റെ പ്രസിഡന്റായപ്പോൾ കേന്ദ്രത്തിൽ കോൺഗ്രസ്സ് ഭരിക്കുന്നു അത് വേറെ പ്രശ്നം. ഞങ്ങളുടെ റേഷന്റെ പ്രശ്നങ്ങൾ. നിങ്ങൾ ഞങ്ങളെ ദ്രോഹിക്കുന്നു. അതുകൊണ്ട് എല്ലാകക്ഷികളും സഖാവ് ഇ.എം.എസ്.–നെ അടക്കം ഒരുമിച്ച് ഇരുത്തി ഡൽഹിയിൽ പോയി പ്രക്ഷോഭം നടത്തി. കേരളത്തിൽ ആരാണ് പ്രക്ഷോഭം നടത്തിയത്? അതിനെക്കാളും വലിയ ഗൗരവമായ പ്രശ്നമല്ലേ ഓരോ അവസരത്തിലും രാജ്യത്തിലെ .... നമുക്ക് അറിയാം. അതിന് വലിയ പാഠമൊന്നും വേണ്ട. റാഡിയ ടേപ്പിൽ കോൺഗ്രസിനെ സംബന്ധിച്ച് അംബാനിയോട് ചോദിച്ചു. അംബാനിയുടെ കടയല്ലേ എന്ന് പറഞ്ഞിട്ട് നിങ്ങൾ എന്തു ചെയ്തു? മറുപടിയുണ്ടോ? ഇവിടത്തെ പ്രശ്നം വളരെ ഗൗരവമാണ്. ഒരു

നിയമസഭാ കമ്മിറ്റിയിൽ അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിലെ മൂപ്പന്മാരെ വിളിച്ചു. അവരുമായി സംസാരിച്ചപ്പോൾ പറഞ്ഞത് അവർ ബാങ്കിൽ നിന്നും വായ്പായി പണമെടുത്തു. അതിൽ കുറച്ചുപണം തിരിച്ചടയ്ക്കുകയും ചെയ്തു. ആ പണം തിരിച്ചടച്ചിട്ടും അവരുടെ രേഖകളൊന്നും തിരിച്ച് കിട്ടിയില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ വിഷമത യനുഭവിക്കുന്നത് ആരാണ്? ആദിവാസികളും മത്സ്യത്തൊഴിലാളികളുമാണ്. പരപ്പനങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം കഴിഞ്ഞുവരുന്ന അവസരത്തിൽ അവരുടെ വാനും വേറൊരു വാഹനവുമായി അപകടത്തിൽപ്പെട്ടു. അതിൽ 10–12 ആൾക്കാർ മരിക്കുകയും ചെയ്തു. ഞാൻ എന്റെ കക്ഷിയുടെ സഹപ്രവർത്തകരോടൊപ്പം അവിടെ പോയി. ആ മരിച്ചവർ വളരെ പാവപ്പെട്ടവരാണ്. ഓരോ വീട്ടിലും മൂന്നും നാലും പെൺകുട്ടികൾ വിവാഹം കഴിക്കേണ്ടവരുണ്ട്. ആ സമയത്ത് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ആയിരുന്നു മന്ത്രി. തിരികെ വന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഗവൺമെന്റ് കൊടുത്തത് 30,000 രൂപയായിരുന്നു. ഒരു ചെറുപ്പക്കാരൻ ഈ അപകടത്തിൽപ്പെട്ടതല്ല, മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചു വന്നസയമത്ത് അപകടത്തിൽപ്പെട്ടു. അവന്റെ ഒരു കാൽ മുറിച്ചിരിക്കുകയാണ്. വേറൊരു കാൽ സ്റ്റൂളിന്റെ പുറത്താണ് വച്ചിരിക്കുന്നത്. അവിടെ അടുത്തുള്ള ഒരു പള്ളിയിലെ കമ്മിറ്റി രണ്ട് ലക്ഷം രൂപ താൽക്കാലി കമായി സഹായിച്ചതിന്റെ ഫലമായി എറണാകുളം ആശുപത്രിയിൽ പോയി അയാളെ രക്ഷപ്പെടുത്താൻ സാധിച്ചു. ഈ മത്സ്യത്തൊഴിലാളികളെല്ലാം പാവങ്ങളാണ്. ആ പാവങ്ങൾ കടമുള്ളവരാണ്.

മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ കമ്മീഷനിൽ അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നതെന്തിനാണ്? മത്സ്യത്തൊഴിലാളി മേഖലയിലെ മൂന്ന് മത്സ്യത്തൊഴിലാളികളാണ് കടാശ്വാസ കമ്മീഷനിൽ അംഗങ്ങളായുള്ളത്. അവർ എന്തെങ്കിലും allowance എഴുതിയെടുത്താൽ അത് രാജ്യത്തിന് വലിയ അപകടമായിപ്പോകുമോ?. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യങ്ങൾ നടക്കട്ടെ. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകാനും കടാശ്വാസത്തിന് തീരുമാനിച്ച തുക അവർക്ക് ലഭിക്കാനുമുള്ള സൗകര്യങ്ങളുണ്ടാക്കണം. അക്കാര്യത്തിൽ മറ്റ് ന്യായങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. എന്റെ മണ്ഡലത്തിലെ മടപ്പള്ളി ഹയർ സെക്കണ്ടറി ഫിഷറീസ് സ്കൂളിന് ബോർഡ് മാത്രമേയുള്ളൂ, യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ഞാനിത് പറയുന്നത് ഇന്നലത്തെയോ ഇന്നത്തെയോ ഗവൺമെന്റുകളെ താരതമ്യം ചെയ്യാനല്ല. മറ്റ് കമ്മീഷനുകളിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കാതെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗങ്ങളുടെമാത്രം എണ്ണം കുറച്ചതെന്തിനാണ്? നമ്മളിൽ പലരെയും പരസ്പരം അടിപ്പിച്ചുകൊണ്ട് ഭിന്നിപ്പിക്കാം. പക്ഷേ കേരളത്തിൽ ഓരോ മേഖലയിലെയും ആവശ്യങ്ങൾക്കുവേണ്ടി കേന്ദ്രത്തിൽ സംസാരിച്ച ഒരു കാലമുണ്ടായിരുന്നുവെന്ന് അഭിമാനത്തോടുകൂടി ഞാൻ ആവർത്തിക്കുന്നു. ഇവിടെ ചില ചോദ്യങ്ങൾ വന്നു. ഇന്ത്യയിൽ കോൺഗ്രസിനെപ്പോലെ അതിന്റെ ദേശീയ സമ്മേളനത്തിൽ ഇത്രയും അന്തസായി നേതൃസ്ഥാനത്തിരിക്കുന്നവരുടെ മുഖത്തുനോക്കി വിമർശനപരമായി സംസാരിച്ച ഒരു കാലഘട്ടമുണ്ടായിരുന്നോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ ഇവിടെയിരിക്കുന്ന പ്രധാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാം കോൺഗ്രസിന്റെ മുതിർന്ന നേതാക്കളായ ഫിറോസ് ഗാന്ധിയെപ്പോലെ ചന്ദ്രശേഖരനെപ്പോലെ

മൊറാർജി ദേശായിയെപ്പോലെ...... അങ്ങനെ ബഹളത്തിനൊന്നും ............. മൊറാർജി ദേശായിയുടെ സ്നേഹവും ബഹുമാനമുണ്ടായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ മകളായിരിക്കും നാളെ ഇന്ത്യയെ നയിക്കാൻ ഏറ്റവും നല്ലതെന്ന് കാമരാജ് നാടാർ എടുത്ത തീരുമാനത്തിന്റെ ഫലമായു ണ്ടായത് ഇന്നും നമ്മൾ .അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഞാനത് വിശദീകരി ക്കുന്നില്ല. ആവശ്യമെങ്കിൽ ആ ചർച്ചയ്ക്ക് ഞാൻ സന്നദ്ധനാണ്. ഞാൻ പറയുന്നത് അങ്ങനെ അന്തസുള്ള സമ്മേളനമായിരുന്നു അത്. ഈ സമ്മേളന ത്തിൽ പങ്കെടുത്തവരോട് ഞാൻ ചോദിക്കുന്നു........ ഇവിടെ ചർച്ച വേണ്ട. പക്ഷേ നിങ്ങളുടെ മനസ്സാക്ഷിയോട് ചോദിക്കൂ...... കമ്മ്യൂണിസ്റ്റ് പാർട്ടികളെ ക്കാളും മറ്റ് പാർട്ടികളെക്കാളും കോൺഗ്രസിന്റെ വ്യത്യാസം കോൺഗ്ര സിന്റെ എ.ഐ.സി.സി ആയിരുന്നു, കോൺഗ്രസിന്റെ സമ്പൂർണ്ണ സമ്മേളനമാ യിരുന്നു. ലോകത്തെ പഠിപ്പിക്കാൻ സാധിക്കുന്ന രൂപത്തിലുള്ള ചർച്ചകൾ നടന്നു. അമ്മയെ, മകനെ, അവരുടെ പരിസരത്ത് പോകുന്നവരെ പുകഴ്ത്തു ന്നവർക്ക് കിട്ടാനുള്ളതെല്ലാം കിട്ടുന്ന രൂപത്തിലുള്ള ഒരു ചർച്ച നടക്കുന്ന പ്രസ്ഥാനത്തെ സംബന്ധിച്ച് ആക്ഷേപിക്കാൻ ഞാനില്ല. ഞാൻ വലിയവനുമല്ല. പക്ഷേ സന്ദർഭവശാൽ ഞാനിവിടെ ഇരിക്കേണ്ടിവന്നു. പക്ഷേ നമ്മൾ പഠിച്ചത് കേരളത്തിലെ പ്രക്ഷോഭത്തിന്റെ ഭാഗമാണ്. ശ്രീ. ബെന്നി ബെഹനാനോട് ഞാൻ പറയുകയാണ്, ഇവിടെ കോൺഗ്രസ് ഒറ്റയ്ക്ക് നിൽക്കുമെന്ന് തീരുമാ നമെടുത്തു. കെ. കരുണാകരന്റെ നേതൃത്വത്തിൽ കേരളത്തിലെ കോൺഗ്രസ് 9 എം.എൽ.എ മാരുമായി ഇവിടെ ജയിച്ചു. പക്ഷേ 1968-ൽ കേരളത്തിൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് നടന്നു. കോഴിക്കോട് കോർപ്പ റേഷൻ കോൺഗ്രസ് ഒറ്റയ്ക്ക് ജയിച്ചു. മാർക്സിസ്റ്റ് പാർട്ടി, സി.പി.ഐ,

മുസ്ലീം ലീഗ്, സോഷ്യലിസ്റ്റ് പാർട്ടി എല്ലാവരും ഒരുമിച്ച് നിന്നു. കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലും കണ്ണൂർ, തലശ്ശേരി, പാലക്കാട്, തൃശ്ശൂർ, ഇരിങ്ങാലക്കുട, ചാലക്കുടി, വൈക്കം, കോട്ടയം, കൊല്ലം മുനിസിപ്പാലിറ്റികളിലും കോൺഗ്രസ് ഒറ്റയ്ക്ക് ജയിച്ചു. ഒരു രാഷ്ട്രീയ നിലപാടുണ്ടായിരുന്നു. ................. ആരെങ്കിലും എതിർത്താൽ ........ 100 ശതമാനം സത്യസന്ധമായിരുന്നു. പക്ഷേ അത് ഏത് നിലപാടായിരുന്നുവെന്ന് അറിയാമോ? നേരത്തെ ഞാൻ ബഹുമാനപ്പെട്ട അനുജനോട് ചോദിച്ച ആ നിലപാട് നമ്മൾ സ്വീകരിച്ചു. 1969 കഴിഞ്ഞപ്പോൾ കോൺഗ്രസിൽ പിളർപ്പുണ്ടായി. നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പുണ്ടായി. തത്വശാസ്ത്രം വേണ്ട, നമുക്ക് വേണ്ടത് വിജയമാണെന്ന് ശ്രീമതി ഗാന്ധി പറഞ്ഞു. ആ വിജയത്തിന്റെ തുടക്കം നമ്മളെ എവിടെ എത്തിച്ചു, രാജ്യത്തെ എവിടെ എത്തിച്ചു? ഇന്ത്യയിലുണ്ടായ, കേരളത്തിലുണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങൾ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു നമുക്ക് അന്തസുണ്ടായിരുന്നു. 1969–നുശേഷം............., താങ്കൾ എന്നോട് പറയുകയാണോ ഇന്ത്യയെ രക്ഷിച്ചു എന്ന്. താങ്കൾക്കറിയാമല്ലോ1977–നുശേഷം താങ്കളും സഹപ്രവർത്തകരും സ്വീകരിക്കേണ്ടി വന്ന നിലപാട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. കെ. നാണു, അങ്ങ് ബില്ലിലേയ്ക്ക് വരണം. 15 മിനിട്ട് കഴിഞ്ഞു.

ശ്രീ. സി.കെ. നാണു: സർ, ഞാൻ ബില്ലിലേയ്ക്ക് വരികയാണ്. സൈലൻസർ പോയ വാഹനത്തെപ്പോലെയാണ് നമ്മളിൽ പലരും ഇരിക്കുന്നത്. നമുക്കത് മാറ്റാൻ സാധിക്കുമോയെന്ന് എനിക്കറിയില്ല. ധീരത വേണം.

പക്ഷേ ചെറുപ്പക്കാരോടെങ്കിലും ധീരരാകാൻ പറയണം. അവരെ അവരാക്കിയത് ഒരു പ്രസ്ഥാനമാണ്. എവിടെയോ ഉള്ള, ഗാന്ധിജി ആയാലും നെഹ്റു ആയാലും, ഒരു ചൈതന്യമാണ്. അതിനെ മാർക്കറ്റിൽ പോയി ചെറിയ തുകയ്ക്ക് വിൽക്കരുത്. അത് സങ്കടമാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട..........., ഞാൻ വന്നുകൊണ്ട് പരിഹരിക്കാൻ കഴിയുമെങ്കിൽ ഞാൻ വരും. പക്ഷേ ഞാൻ വന്നാലും നിങ്ങൾക്കത് സാധിക്കില്ല. ഞാൻ ആക്ഷേപിക്കുകയല്ല. ഞാൻ വലിയവനുമല്ല. ഇവരുടെ കൂടെ ഉണ്ടായിരുന്നപ്പോൾ ഞാൻ താഴെയായിരുന്നു. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നമുക്ക് കൂട്ടായി ധീരത കാണിക്കാം. നിങ്ങൾ ധീരത കാണിക്കുമെങ്കിൽ ഇവിടെ ഞങ്ങളുണ്ട്. കേരളം ഇന്ത്യയ്ക്ക് മാതൃകയാകേണ്ട സംസ്ഥാനമാണ്. പല ഘട്ടത്തിലും കേരളത്തിലെ കോൺഗ്രസ് ലീഡേഴ്സ് ....... നിങ്ങൾ കോൺഗ്രസ് എന്ന് പറയരുത്. അത് നിങ്ങൾക്ക് വിഷമമുണ്ടാക്കും. നിങ്ങൾ കോൺഗ്രസ് അല്ല. കോൺഗ്രസ് ഐ ആണ്. 1969-ൽ നിങ്ങളുടെ ലീഡർ കോൺഗ്രസ് എന്ന് പറഞ്ഞിട്ട് പിന്നെയും നിങ്ങൾ കേരളത്തിലെ കോൺഗ്രസ് ലീഡേഴ്സാരും .......... സി.കെ. ഗോവിന്ദൻ നായർ, പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. ഗോപാലൻ, ബാവാ സാഹിബ് ..... നിങ്ങൾക്ക് അവരെ അറിയില്ല അല്ലേ. എന്നിട്ട് നിങ്ങളെല്ലാം കോൺഗ്രസ് ...... കോൺഗ്രസ് ...... ചെറുപ്പക്കാരെ പറയുമ്പോൾ ഷണ്മുഖദാസ്... അറിയുന്നവർ ഉണ്ട്. അത് മനസിലുണ്ടാകും. ഞാൻ ദീർഘിപ്പിക്കുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് മത്സ്യത്തൊഴിലാളി മേഖലയിലെ പാവങ്ങളെ സഹായിക്കണം. മത്സ്യത്തൊഴിലാളി മേഖലയിലുള്ളവരുടെ വീടിന്റെ കാര്യം, അവരുടെ കടത്തിൽ അവരെ ആശ്വസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ

നിങ്ങൾക്ക് അവസരം ലഭിച്ചിരിക്കുന്നു. അത് നിങ്ങൾ ഉപയോഗിച്ചാൽ ശ്രീ.കെ. വി അബ്ദുൾ ഖാദറും ശ്രീ. സാജു പോളും പറഞ്ഞതുപോലെ നിങ്ങൾ നിങ്ങളാകും. ശ്രീ. കെ. ബാബുവിനത് സാധിക്കും. 5 എന്നത് 3 ആക്കിയതിന്റെ ന്യായം എന്താണ്. 5 മൂന്നാക്കേണ്ട തത്വശാസ്ത്രം ..... അതിനൊരു ബിൽ ....... ഇതെല്ലാം ഞങ്ങളെപ്പോലുള്ള ആളുകളിരുന്ന് ചർച്ച ചെയ്യേണ്ടി വന്ന ഒരു ദുരവസ്ഥയിലേയ്ക്ക് ഞങ്ങളെ എത്തിച്ചതിന്റെ മാനസിക വ്യഥ താങ്കൾക്കില്ലേ. ഞാൻ നിരാകരണ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ : സർ, 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ പ്രാക്ടിക്കലായി സിറ്റിംഗ് നടത്തുമ്പോൾ ഒരു നമ്പറിൽ കുറവ് സിറ്റിംഗ് നഷ്ടപ്പെടാതിരിക്കാൻ, ഒരുപക്ഷേ സദുദ്ദേശ്യത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയായിരിക്കാം. അടിസ്ഥാനപരമായി കടാശ്വാസ കമ്മീഷൻ എന്ന സംവിധാനം ഇന്ന് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിൽ, പ്രവർത്തിപ്പിക്കുന്നതിന് തീരുമാങ്ങളെടുക്കുന്നുണ്ടെങ്കിലും അതിൽ മൗലികമായി ധനസ്രോതസ്സിന്റെ അപര്യാപ്തത കടാശ്വാസ കമ്മീഷൻവഴി കേരളത്തിലെ ഫിഷർമെൻ കമ്മ്യൂണിറ്റി പ്രതീക്ഷിച്ചതിൽ ഒരു സ്തംഭനം വന്നിരിക്കുന്നുവെന്നുള്ള അതീവ ഗൗരവമേറിയ പ്രത്യേക സാഹചര്യത്തിലാണ് നമ്മൾ ഈ ഭേദഗതി ബിൽ ചർച്ചചെയ്യപ്പെടുന്നത്. കടബാദ്ധ്യ

തമൂലം ദുരിതത്തിലാണ്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരമായ ആശ്വാസം നൽകുന്നതിനുവേണ്ടിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പാസ്സാക്കിയത്. തുടർന്ന് നിയമത്തെ അടിസ്ഥാനമാക്കി കമ്മീഷൻ രൂപീകരിക്കുകയും 2009 ജനുവരിയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ ആദ്യ റിപ്പോർട്ട് അന്നത്തെ ഗവൺമെന്റിന് സമർപ്പിച്ചു. ആ റിപ്പോർട്ടിൽ രണ്ട് കാര്യങ്ങളാണ് ആമുഖമായും അടിസ്ഥാനപരമായും പറഞ്ഞിരുന്നത്. ഒന്നാമതായി, 48355 മത്സ്യത്തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമസഹകരണസംഘങ്ങൾ വഴിയും എൻ.സി.ഡി.സി വഴിയും വായ്പ എടുത്തിട്ടുള്ള 115 കോടി രൂപയുടെ കടബാദ്ധ്യത. രണ്ടാമത്തേത്, 9891 മത്സ്യത്തൊഴിലാളികൾ ഹഡ്കോ വഴി എടുത്തിട്ടുള്ള ഭവനവായ്പയായ 11.82 കോടി രൂപയുടെ കടബാദ്ധ്യത. ഇതു രണ്ടുംകൂടി ചേർത്താൽ 126.82 കോടി രൂപയുടെ ശുപാർശയാണ് ഗവൺമെന്റിന്റെ മുമ്പിൽ കടാശ്വാസ കമ്മീഷൻ ആദ്യം സമർപ്പിച്ചത്. ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ട് കമ്മീഷന്റെ റെക്കമെന്റേഷനിൽ ഒരു വാക്കുപോലും തള്ളിക്കളയാതെ പൂർണ്ണമായും അംഗീകരിച്ച് ഋണമുക്തരാക്കിക്കൊണ്ട് 15.12.2009-ൽ ഉത്തരവ് പുറപ്പെടുവിച്ചു. അതുപോലെതന്നെ 2010 ഫെബ്രുവരി മാസം 24-ലെ രണ്ട് സർക്കാർ ഉത്തരവുകളിലൂടെ എൻ.സി.ഡി.സി., ഹഡ്കോ കടങ്ങൾ പൂർണ്ണമായും ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് അടിയന്തരമായി സർക്കാർ പുറപ്പെടുവിക്കുകയും അത് മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കടാശ്വാസ നിയമമെന്നുള്ളത് ഒരു ജലരേഖയല്ലെന്നും കടലാസ് പദ്ധതിയല്ലെന്നും അത് കടത്തിൽ ജനിച്ച് കടത്തിൽ

ജീവിച്ച് കടത്തിൽ മരിക്കുന്ന പാവപ്പെട്ട ഫിഷർമാൻ ജീവിച്ചിരിക്കുന്ന സന്ദർഭ ത്തിൽ ആശ്വാസത്തിന്റെ ഒരു സ്പർശമാണെന്നും അനുഭവവേദ്യമാകത്തക്ക വിധത്തിലുള്ള പങ്ക് വഹിക്കുന്നതിൽ ആ പ്രവർത്തനത്തിന്റെ ആദ്യഘട്ട ത്തിൽ കഴിഞ്ഞിരുന്നു. വായ്പ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ പ്രാഥമികമായും ആശ്രയിച്ചിരുന്നത് മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹ കരണസംഘങ്ങളെയാണ്. ഇതിന്റെ അപ്പെക്സ് ബോഡിയാണ് മത്സ്യഫെഡ്. ഈ അപ്പെക്സ് ബോഡിയായിട്ടുള്ള മത്സ്യഫെഡിന് 600-ലധികംവരുന്ന പ്രൈമറി സംഘങ്ങളുണ്ട്. അതിൽ ഏകദേശം 324-ലോളം വരുന്ന പ്രൈമറി സംഘങ്ങൾ പ്രവർത്തനരഹിതമായി മരണാവസ്ഥയിലായിരുന്നു. കാരണം ഈ വായ്പ തൊഴിലാളികൾ അടയ്ക്കുന്നില്ല. അപ്പോൾ പ്രൈമറി സംഘ ങ്ങൾക്ക് മത്സ്യഫെഡുവഴി എൻ.സി.ഡി.സി-ക്ക് വായ്പ തിരിച്ചടക്കാൻ കഴിയാതെവരുന്നു. അത്തരത്തിൽ അത് റൺ ചെയ്യാൻ പറ്റാത്ത സാഹചര്യം വന്നപ്പോൾ കേരളത്തിലെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി ജനസമൂ ഹത്തിനിടയിൽ ഒരു ആശ്വാസത്തിന്റെ കവചമായി പ്രവർത്തിച്ചുകൊണ്ടിരി ക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ 324-ഓളം വരുന്ന സംഘങ്ങളുടെ പ്രവർത്തനം നിശ്ചലമായ സന്ദർഭത്തിൽ എൻ.സി.ഡി.സി-ക്ക് കൊടുക്കാനുള്ള തുക റൈറ്റ് ഓഫ് ചെയ്തതോടുകൂടി കടത്തിൽ നിന്നും തൊഴിലാളിക്ക് മാത്രമല്ല ആശ്വാസമുണ്ടായത്, തൊഴിലാളിക്ക് ക്ഷേമവികസന പ്രവർത്തനങ്ങൾ നടത്തുന്നതിൽ പങ്കുവഹിച്ചിരുന്ന സംഘങ്ങൾക്കും കടത്തി ൽനിന്നും ആശ്വാസമുണ്ടാകുകയും പ്രൈമറി സംഘങ്ങളുടെ പ്രവർത്തനം കർമ്മോന്മുഖമായി തീരുകയും ചെയ്തു. ഇന്ന് കേരളത്തിലെ മിക്കവാറും എല്ലാ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളും പ്രവർത്തനോന്മുഖമായ

പങ്ക് വഹിക്കുകയാണ്. കടത്തിലേയ്ക്കുപോയ സംഘങ്ങൾ കൊള്ളപ്പലിശ വാങ്ങിക്കാനും പലിശയ്ക്ക് വായ്പ എടുക്കാനും പല രൂപത്തിലുള്ള കടബാദ്ധ്യതയിലേയ്ക്ക് തകർന്നുവീഴുന്ന സ്ഥിതിവിശേഷത്തിൽനിന്ന് ഒരേസമയത്ത് ഇരട്ടപ്രയോജനം ലഭിക്കുന്ന വിധത്തിൽ ഒന്ന്, തൊഴിലാളി കടവിമുക്തമാവുക രണ്ട്, തൊഴിലാളി സംഘങ്ങൾ പ്രവർത്തന രഹിതമായിരുന്നത് പ്രവർത്തനോന്മുഖമാക്കിത്തീർക്കുന്നതിൽ പങ്ക് വഹിക്കുകയെന്ന രൂപത്തിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോവുകയുണ്ടായി. ഇതിനുശേഷം രണ്ടാം ഘട്ടമെന്നനിലയ്ക്ക് കടാശ്വാസത്തിനുവേണ്ടിയിട്ടുള്ള കമ്മീഷൻ, ക്രഡിറ്റ് സംഘങ്ങൾ സഹകരണ വകുപ്പിന്റെ കീഴിലുള്ള ക്രഡിറ്റ് സംഘങ്ങളുമായി ബന്ധപ്പെട്ട്, ബാങ്കുകളും പൊതുമേഖലാ ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്, കടാശ്വാസം അനുവദിക്കുന്നതിന് രണ്ടും മൂന്നും ഘട്ടങ്ങളിലായുള്ള റിപ്പോർട്ട് 2010 സെപ്റ്റംബർ മാസത്തിൽ സർക്കാരിന് നൽകുകയുണ്ടായി. രണ്ടാംഘട്ട റിപ്പോർട്ടിനെ തുടർന്ന് 32168 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹകരണബാങ്ക് വായ്പകളിൽനിന്നും 75,000 രൂപയുടെ കടാശ്വാസം അനുവദിക്കുന്നതിനാണ് കമ്മീഷൻ റെക്കമന്റ് ചെയ്തത്. അത് പൂർണ്ണമായും ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. കടാശ്വാസ സംഖ്യ മുഴുവൻ കടമായി അവശേഷിക്കുന്ന മുതൽ സംഖ്യയിൽ വകയിരുത്താനും അതായത്, വായ്പയെടുത്തിട്ടുണ്ടെങ്കിൽ അതിലെ പ്രിൻസിപ്പൽ എമൗണ്ടിലേക്ക് വായ്പയുടെ ആശ്വാസ നടപടിയുടെ ഭാഗമായി കിട്ടുന്ന ആനുകൂല്യം ഉൾപ്പെടുത്തിക്കൊണ്ടുവരുന്നതിനും പലിശയും പിഴപ്പലിശയും മത്സ്യത്തൊഴിലാളികളിൽനിന്ന് ഈടാക്കാത്ത വിധത്തിലും എന്നാൽ പലിശയിനത്തിൽ സംഘങ്ങൾക്ക് കൊടുക്കേണ്ടുന്നതായിട്ടുള്ള തുകയിൽ ആദ്യ

ഗഡു 20 കോടി രൂപ സംഘങ്ങൾക്ക് നിശ്ചിത ആനുപാതികമായി കൊടുക്കുന്നതുമെല്ലാം കണക്കിലെടുത്തുകൊണ്ട് പലിശ പിഴപ്പലിശ എന്നിവയുടെ ഭാരത്തിൽനിന്നും മുക്തി നേടിക്കൊടുത്തുകൊണ്ടും 75000 രൂപ മുതലിൽ ഉൾപ്പെടുത്തിക്കൊണ്ടും ആശ്വാസ നടപടി സ്വീകരിക്കാനും അതുകഴിച്ച് 10,000 രൂപയോ 25,000 രൂപയോ തിരിച്ചടക്കാനുണ്ടെങ്കിൽ 12 ഗഡുക്കളായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാനുമുള്ള ഉത്തരവ് 06.12.2010-ൽ ഗവൺമെന്റ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് കടാശ്വാസം അനുവദിക്കുന്നതിന് കമ്മീഷൻ റെക്കമെന്റ് ചെയ്തത് 241.15 കോടി രൂപയായിരുന്നു. ഈ ഉത്തരവിന്റെ ഭാഗമായി ആദ്യഗഡുവായി 100 കോടി രൂപ സർക്കാരിന്റെ കാലാവധി കഴിയുന്നതിന് തൊട്ടുമുമ്പ് അനുവദിച്ച് ഫിഷറീസ് ഡയറക്ടർക്ക് കൈമാറുകയും ചെയ്തിരുന്നു. കൂടാതെ പലിശയിനത്തിൽ നേരത്തേ പറഞ്ഞതുപോലെ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് 20 കോടി രൂപ കൂടി അനുവദിക്കുകയും ചെയ്തിരുന്നു. ഇതിനുപുറമേ 10094 മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ് മുഖേനെയുള്ള എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കടങ്ങൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിന് 12.44 കോടി രൂപയും അനുവദിച്ചിരുന്നു. എന്നാൽ അർഹരായ മത്സ്യത്തൊഴിലാളികളുടെ വായ്പ അക്കൗണ്ടുകൾ കമ്മീഷൻ നിർദ്ദേശിച്ചതുപ്രകാരം സഹകരണവകുപ്പ് പ്രീ-ആഡിറ്റ് ചെയ്ത് കടാശ്വാസസംഖ്യ വകയിരുത്തുന്ന നടപടി ഇപ്പോഴും പൂർത്തീതരിച്ചിട്ടില്ല. പ്രീ-ആഡിറ്റ് ചെയ്ത്, കടാശ്വാസ സംഖ്യ കണക്കാക്കുന്ന നടപടി പൂർത്തീകരിക്കാത്തതുമൂലം മത്സ്യത്തൊഴി

ലാളികൾ ജപ്തിനടപടികൾ നേരിടുന്നു. ഇപ്പോൾ ഗവൺമെന്റ് മൊറോട്ടോറിയം പ്രഖ്യാപിക്കുകയും അതിന്റെ ആനുകൂല്യം കിട്ടുകയും ചെയ്യുന്നുണ്ട്. സംഘങ്ങൾക്കും സ്റ്റേറ്റ് ഗവൺമെന്റിന്റെ കൺട്രോളിൽ വരുന്ന സ്ഥാപനങ്ങൾക്കുമാണ് മൊറോട്ടോറിയത്തിന്റെ ആനുകൂല്യം കിട്ടുന്നത്. എങ്കിലും ചില സ്ഥാപനങ്ങളിൽനിന്നും ജപ്തിനടപടിയും മറ്റുകാര്യങ്ങളും നടക്കുന്നുണ്ട്. ഇവിടെയൊരു പ്രധാനപ്പെട്ട പ്രശ്നം ഈ സന്ദർഭത്തിൽ ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ബഹുമാനപ്പെട്ട മന്ത്രി അത് മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കടാശ്വാസ സംഖ്യ അനുവദിച്ച കേസ്സുകളിൽപ്പോലും കടാശ്വാസത്തിന് അനുവദിക്കുന്ന തുക പ്രിൻസിപ്പൾ എമൗണ്ടിൽ വകയിരുത്തുന്നതിനുപകരം പലിശയിലും പിഴപ്പലിശയിലും കുറവുചെയ്യുകയാണ് ചെയ്യുന്നത്. ഇത് മന്ത്രിസഭ വിശദമായി ചർച്ചചെയ്ത് അംഗീകരിച്ചതിനുശേഷം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ ലംഘനമാണ്. എന്നുവച്ചാൽ പ്രിൻസിപ്പൾ എമൗണ്ടിൽപ്പെടുത്താതെ പലിശയിലും പിഴപ്പലിശയിലും കടാശ്വാസത്തിന്റെ തുകപ്പെടുത്തി വീണ്ടും കടക്കാരനാക്കി മത്സ്യത്തൊഴിലാളിയെ ക്യൂവിൽ നിർത്തുകയെന്ന തെറ്റായ രീതി തുടരുന്നുണ്ട്, ഇക്കാര്യത്തിൽ ഇടപെടുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. തീർത്തും അത് മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കുന്ന നടപടിയാണ്. പച്ചമലയാളത്തിൽ പറഞ്ഞാൽ പച്ചയായ ഒരു ദ്രോഹ നടപടിയാണ്. അതൊരിക്കലും ചെയ്യാൻ പാടില്ല. സഹകരണ വകുപ്പ് 2011 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളാണ് ഈ ദുരവസ്ഥയ്ക്ക് കാരണമായിതീർന്നിട്ടുള്ളത്. കടാശ്വാസതുക പലിശയിലും പിഴപ്പലിശയിലും വകയിരു

ത്തണമെന്നും കടാശ്വാസതുക വകയിരുത്തിയതിനുശേഷം കടം അവശേഷി ക്കുന്നുവെങ്കിൽ അതിന് തിരിച്ചടയ്ക്കുന്നതിന് ഗഡുക്കൾ അനുവദിക്കാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കടം ഈടാക്കണമെന്നുള്ള നിര വധി നിർദ്ദേശങ്ങൾ ഈ സർക്കുലറിലുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കേരളത്തിൽ എല്ലാ വർഷവും നടപ്പാക്കുന്ന ഒന്നാണ്. അടിസ്ഥാന വായ്പയിൽ കടാശ്വാസത്തിൽ ലഭിക്കുന്ന തുക കുറവുചെയ്തിട്ട് ബാക്കി ഗഡുക്കളായി നൽകാനാണ് പറയുന്നത്. അതിനുപകരം പലിശയിലും പിഴപ്പ ലിശയിലും തുക വകയിരുത്തിയിട്ട് ബാക്കി തുക ഒറ്റത്തവണ തീർപ്പാക്കുക എന്ന നിലയിലേയ്ക്ക് കൊണ്ടുപോകുകയാണ്. അതൊരർത്ഥത്തിൽ പറ ഞ്ഞാൽ മത്സ്യത്തൊഴിലാളിയെ ഈ കടബാദ്ധ്യതയിൽ നിന്നും കരകയറ്റുന്ന തിനുപകരം കൂടുതൽ കടബാദ്ധ്യതയിലേയ്ക്ക് തള്ളി വിടുകയാണ് ചെയ്യുന്ന ത്. ഒരാശ്വാസ നടപടി നിയമനിർമ്മാണത്തിലൂടെ നടപ്പാക്കാൻ ശ്രമിക്കു മ്പോൾ അത് ഫലത്തിൽ ദോഷകരമായി ബാധിക്കുന്ന വിധത്തിലേയ്ക്ക് മാറു ന്നുവെന്നുള്ള അതീവ ഗൗരവതരമായിട്ടുള്ള പ്രശ്നം ഞാൻ ഈ സന്ദർഭ ത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർച്ചേർന്ന് അപേക്ഷ സ്വീക രിച്ചതിനുശേഷം അതാതു ജില്ലകളിൽ സിറ്റിംഗ് നടത്തുമ്പോൾ നോട്ടീസ് കൊടുത്ത് രേഖകളെ അടിസ്ഥാനമാക്കി അവിടെ സിറ്റിംഗ് നടത്തി അതിന്റെയടിസ്ഥാനത്തിൽ തീർപ്പുകൽപ്പിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യു ന്നത്. കടാശ്വാസ കമ്മീഷന് ഈ നിയമസഭ ഒരു പ്രത്യേക അധികാരം നൽകിക്കൊണ്ട് പാസ്സാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടറി അധികാരമുപയോഗിച്ച് കമ്മീ ഷൻ ഒരു തീരുമാനമെടുത്ത് പാസ്സാക്കിയിട്ടുള്ള ലിസ്റ്റ് ബാങ്കിലേയ്ക്ക് വന്നുക ഴിഞ്ഞാൽ പിന്നെ ബാങ്കുകാർ മത്സ്യത്തൊഴിലാളിയാണോയെന്ന് പരിശോധി

ക്കുകയും ആ പരിശോധനയുടെയടിസ്ഥാനത്തിൽ ചില റിമാർക്സുകൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഒരു മത്സ്യത്തൊഴിലാളി, മത്സ്യത്തൊഴിലാളിത ന്നെയാണോയെന്ന് തീരുമാനിക്കുന്നത് റേഷൻ കാർഡ്, ഐഡന്റിറ്റി കാർഡ്, ക്ഷേമനിധി ബോർഡിൽ നിന്നുള്ള രേഖ എന്നിവ കടാശ്വാസ കമ്മീഷൻ പരി ശോധിച്ച് സിറ്റിംഗ് നടത്തി അതിന്റെയടിസ്ഥാനത്തിൽ അതംഗീകരിച്ചുകഴി ഞ്ഞാൽ പിന്നെ പല ബാങ്കുകളും, സഹകരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളിയാണോ എന്ന് പരി ശോധിച്ച് വീണ്ടും കാലതാമസം വരുത്തുകയും അത് തെറ്റായ രൂപത്തിൽ വ്യാഖ്യാനിക്കുന്നതിന് ഇടവരുത്തുകയും ചെയ്യുന്നു. കടാശ്വാസ കമ്മീഷ നിൽ നിക്ഷിപ്തമായ അധികാരത്തെ ഇവിടെ മറ്റ് രീതിയിൽ ചോദ്യം ചെയ്യുന്ന തെറ്റായ രീതി ഈ പാവപ്പെട്ട ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കു ന്നുവെന്ന ആപത്കരമായിട്ടുള്ള സ്ഥിതിവിശേഷവും ഇക്കാര്യത്തിൽ ഞാൻ ചൂണ്ടികാണിക്കുകയാണ്. അർഹത പട്ടികയിൽ വന്നിട്ടുള്ളവരെ ലിസ്റ്റിൽ നിന്നും മാറ്റം വരുത്തിയെന്നുള്ള ആക്ഷേപങ്ങൾ നിരവധിയാണ്. ബഹുമാന പ്പെട്ട മന്ത്രിക്കും അത് സംബന്ധിച്ച് നിരവധി പരാതികൾ ലഭ്യമായികൊണ്ടിരി ക്കുന്നുണ്ട്. നിയമവിരുദ്ധമായിട്ടുള്ള ഈ നിർദ്ദേശങ്ങൾ തിരുത്തുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈയെടുത്ത് ഏപ്രിൽ മാസം 25-ാം തീയതി ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുമായി ഒരു കോൺഫറൻസ് നട ത്തിയിരുന്നു. പക്ഷെ, അത് പ്രാബല്യത്തിൽ വന്നിട്ടില്ല. ഇപ്പോഴും ആ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷം തുടരുകയാണ്. ഇവിടെ അടിസ്ഥാനപര മായിട്ടുള്ള പ്രശ്നം, നമ്മുടെ സഹകരണ മേഖലയിൽ ഇതുവരെ കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത മുഴുവൻ പേരുടെയും വായ്പാ അക്കൗണ്ടുകൾ പ്രീ-ഓഡിറ്റ് ചെയ്ത് തുകയിൽ വകയിരുത്തുന്ന നടപടി പൂർത്തിയായിട്ടില്ല

എന്നുള്ളതാണ്. നേരത്തെ അനുവദിച്ച 241.15 കോടി രൂപയിൽ റിലീസ് ചെയ്തിട്ടുള്ളത് 100 കോടി രൂപ മാത്രമാണ്. ബാക്കി രണ്ട് ഗഡുക്കളായി നൽകുന്നതിനുള്ള കടം സർക്കാർ ഏറ്റെടുക്കുന്നു എന്ന നിലയിലാണ്, രണ്ട് ഗഡുവായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്, അങ്ങനെ നിശ്ചയിച്ചിട്ടുള്ള 100 കോടി രൂപയ്ക്ക് പുറമെ ഇനി 141 കോടി രൂപ നൽകാനുണ്ട്. അതായത് കേരളത്തിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട പ്രൈമറി സഹകരണ സംഘങ്ങൾ വഴി വായ്പയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കണമെന്നുണ്ടെങ്കിൽ കടാശ്വാസ കമ്മീഷൻ റെക്കമെന്റ് ചെയ്തിട്ടുള്ള 141.15 കോടി രൂപ അടിയന്തരമായി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകാനുള്ള തീരുമാനം ധനകാര്യവകുപ്പും മന്ത്രിസഭയും കൈക്കൊള്ളണം. കടാശ്വാസ കമ്മീഷൻ അതിന്റെ നടപടിക്കുവേണ്ടിയുള്ള തുക കമ്മീഷൻ അംഗീകരിച്ച ലിസ്റ്റിന്റെയടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടർവഴി സഹകരണ രജിസ്ട്രാറുടെ അക്കൗണ്ടിലേയ്ക്ക് വന്ന് സംഘങ്ങൾക്ക് കിട്ടിയാലേ ആധാരം തിരിച്ചുകൊടുക്കുകയുള്ളൂ. ആധാരം തിരിച്ചു കൊടുത്ത് അവരെ കടവിമുക്തമാക്കലാണ് അടിസ്ഥാന ലക്ഷ്യം. അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ ഈ പ്രോസസ് നടക്കണം. 141 കോടി രൂപ അനുവദിക്കുന്ന നടപടി ഗവൺമെന്റും മുഖ്യമന്ത്രിയും സ്വീകരിക്കണം. ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ മുൻകൈയെടുക്കണം. മന്ത്രിസഭ കൂട്ടുത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കാൻ ഇടനൽകികൊണ്ടുള്ള നടപടി സ്വീകരിക്കണം. അല്ലാതെ കടാശ്വാസ കമ്മീഷന് കൊടുത്തുതീർക്കേണ്ട ബാദ്ധ്യത വീണ്ടും ഒരു കടബാദ്ധ്യതയിലേയ്ക്ക് ഈ പാവപ്പെട്ട തൊഴിലാളികളെ തള്ളി വിടാൻ ഇടവന്നാൽ അവർക്കിടയിൽ വളർന്നുവരുന്ന അസംതൃപ്തി നമ്മുടെ നാടിനെ അങ്ങേയറ്റം പ്രയാസത്തിലാക്കുന്ന സ്ഥിതിവിശേഷം വളർന്നുവന്നേ

ക്കാം. കടപ്പുറത്തും മറ്റ് തീരപ്രദേശത്തുമൊക്കെയായി പല രൂപത്തിലുള്ള അസംതൃപ്തി വളർന്നുവരുന്നുണ്ട്. യഥാർത്ഥത്തിൽ കടാശ്വാസ കമ്മീഷനെ ഒരു കടലാസ് കമ്മീഷനാക്കി അധഃപതിപ്പിക്കുക എന്ന നിലയിലേയ്ക്ക് എത്ത രുത്. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള 141 കോടി രൂപ അടിയ ന്തരമായി അനുവദിക്കുന്നതിന് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മുൻകൈയെടുക്കണം. ഫിഷറീസ് ഡിപ്പാർട്ടുമെന്റും കടാശ്വാസ കമ്മീഷനും ഈ തുകയ്ക്ക് വേണ്ടിയുള്ള ശുപാർശ പ്രൊപ്പോസലായി നൽകിയിട്ടുണ്ട്. നിങ്ങൾ പലകാര്യങ്ങൾക്കും വേണ്ടി തുക മുടക്കുന്നുണ്ടല്ലോ, എന്നാൽ ഈ കേരളത്തിന്റെ വികസനത്തിൽ പങ്കുവഹിക്കുന്ന, ഈ വർഷം 3800 കോടി രൂപ വിദേശ നാണ്യമായി നേടിത്തന്ന, ഈ വർഷം 3000 കോടി രൂപ ആഭ്യ ന്തര വരുമാനമുണ്ടാക്കികൊടുത്ത, ഈ കേരള സംസ്ഥാനത്തിന്റെ ഖജനാവി ലേയ്ക്ക് അസംഘടിത മേഖലയിൽ പ്രഥമ സ്ഥാനത്തു നിന്നുകൊണ്ട് 3% റവ ന്യൂ വരുമാനം നേടിക്കൊടുക്കുന്ന, ഈ പാവപ്പെട്ട തൊഴിലാളി, മരണം മാടി വിളിക്കുന്ന തൊഴിലിലേർപ്പെട്ട് കടലിലും കായലിലും പോയി രാപ്പകൽ വ്യത്യാസമില്ലാതെ പണിയെടുത്തുകൊണ്ടുവരുന്ന ആ മത്സ്യ സമ്പത്തിന്റെ വിനി മയ മേഖലയിൽ കേരളത്തിന്റെ ഖജനാവിലേയ്ക്ക് വരുമാനമുണ്ടാക്കിത്തരു ന്നതിൽ പങ്കുവഹിക്കുന്ന ഈ പാവപ്പെട്ടവർക്ക്, കേരളാ ഗവൺമെന്റിന്റെ ഔദാര്യം വേണ്ട, അവന്റെ അദ്ധ്വാനത്തിന്റെ, വിയർപ്പിന്റെ ഒരംശം തിരിച്ചു കൊടുത്താൽ ഈ നടപടിക്ക് പരിഹാരമുണ്ടാകും. അക്കാര്യത്തിൽ ഈ ഗവൺമെന്റ് മുൻകൈയെടുക്കണം. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ശുപാർശ അംഗീകരിച്ചുകൊണ്ടുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് ഈ രൂപത്തിൽ നമ്മുടെ സംസ്ഥാ നത്തെ കടബാദ്ധ്യതയുമായി കഴിയുന്ന ഈ പാവപ്പെട്ട തൊഴിലാളികളുടെ

ജീവിതത്തിന് ഒരാശ്വാസത്തിന്റെ സ്പർശവുമായി വളരെയേറെ പങ്കുവഹിച്ചിട്ടുള്ള ഈ കമ്മീഷന്റെ പ്രവർത്തനത്തെ വിജയകരമാക്കുന്നതിന്റെ മർമ്മം എന്നുപറയുന്നത് സാമ്പത്തികം തന്നെയാണ്. അത് അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകരുത്. അത് മന്ത്രിസഭ തീരുമാനിക്കേണ്ടതാണ്. ഇതാണ് എനിക്ക് ഇക്കാര്യത്തിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറയാനുള്ളത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 'ബി' ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ചെറിയൊരു ഭേദഗതി വരുത്തേണ്ടത് ക്വാറത്തിന്റെ കാര്യത്തിലാണ്. 8-ാം വകുപ്പിൽ 4-ാം ഉപവകുപ്പിൽ പറയുന്നത് കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ മൂന്നോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ബഞ്ച് രൂപീകരിച്ചുകൊണ്ട് ജില്ലയിൽ സിറ്റിംഗ് നടത്താമെന്നാണ്. മൂന്നംഗ ബഞ്ച് രൂപീകരിക്കുമ്പോൾ ക്വാറം അതിൽ കുറവായിരിക്കണം. പക്ഷേ ഇപ്പോൾ നമ്മുടെ നാലാം വകുപ്പനുസരിച്ച് ക്വാറം മൂന്നുതന്നെയാണ്. അതുകൊണ്ടാണ് ദ്രുതഗതിയിൽ ഈ അപേക്ഷകൾ ഡിസ്പോസ് ചെയ്യുന്നതിനുവേണ്ടി, കമ്മീഷന്റെ പ്രായോഗികമായ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ജില്ലകളിൽ ബഞ്ച് രൂപീകരിക്കുമ്പോൾ ക്വാറം രണ്ടാക്കി കുറയ്ക്കണമെന്ന ഭേദഗതി വരുന്നത്. ബഹുമാനപ്പെട്ട എസ്.ശർമ്മയാണ് കഴിഞ്ഞ സഭയിൽ ഈ ബിൽ പൈലറ്റ് ചെയ്ത് പാസ്സാക്കിയത്. അന്ന് 500 കോടിയില

ധികം രൂപയാണ് സുനാമിക്കുശേഷം കേരള സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ കടമായിട്ടുണ്ടായിരുന്നതെന്ന് അങ്ങേയ്ക്ക് അറിയാമായിരുന്നല്ലോ. 2005-ൽ അന്നത്തെ ഗവൺമെന്റ് സുനാമി ദുരിതാശ്വാസ ക്ഷേമത്തിനുവേണ്ടി പ്രധാനമന്ത്രിക്ക് കൊടുത്ത ഒരു മെമ്മോറാണ്ടമുണ്ട്. 1441 കോടി രൂപ പാസ്സായി വന്നു. അതിനകത്ത് അന്നത്തെ ഗവൺമെന്റ് കൊടുത്ത ഒരു കോമ്പോണന്റ് 500 കോടി രൂപ ഈ കടാശ്വാസത്തിലേയ്ക്ക് വേണമെന്നാണ്. എനിക്ക് ഇപ്പോഴും മനസ്സിലാകാത്തത് ബഹുമാനപ്പെട്ട എസ്. ശർമ്മ അന്ന് എന്തുകൊണ്ട് ഇത് നിയമമാക്കിയപ്പോൾ പ്രധാനമന്ത്രിയിൽ നിന്നും ലഭിച്ച ആ സഹായത്തിൽ ഇതും പെടുത്താമായിരുന്നില്ലേ? അങ്ങനെ പെടുത്തിയിരുന്നുവെങ്കിൽ എല്ലാ വർഷവും ബഡ്ജറ്റിൽ ഇത് പെടുത്തേണ്ടിവരുമായിരുന്നില്ലല്ലോ.

ശ്രീ. എസ്. ശർമ്മ: അങ്ങ് പറഞ്ഞത് ശരിയാണ്. ഞാനും മുഖ്യമന്ത്രിയുമൊക്കെ ഡൽഹിയിൽപ്പോയി പ്രധാനമന്ത്രിയേയും ശ്രീ. ടി.കെ. നായരേയും ശ്രീ. ശരത് പവാറിനേയും കണ്ടു. ശ്രീ. ശരത് പവാറിന്റെ ചേംബറിൽ ഹൈലെവൽ കോൺഫറൻസ് വിളിച്ചു അതിന്റെയടിസ്ഥാനത്തിൽ ഡിസിഷനെടുത്തു. കേരളമാണ് ഇനിഷ്യേറ്റ് ചെയ്തിരിക്കുന്നത്, വളരെ അഭിനന്ദനമുണ്ട് എന്നൊക്കെയുള്ള നല്ല വാക്കുകൾ പറഞ്ഞുവിട്ടതല്ലാതെ അവിടന്നു തരാത്തതുകൊണ്ടാണ്. അല്ലാതെ ഞങ്ങൾ ഇടപെടാത്തതുകൊണ്ടല്ല

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഞാൻ പറഞ്ഞത് അന്ന് സുനാമിക്ക് ശേഷം അന്നത്തെ ഗവൺമെന്റ് കൊടുത്തപ്പോൾ പ്രധാനമായും പറഞ്ഞൊരു കാര്യം ഇതുതന്നെയായിരുന്നു. അന്നത്തെ കണക്കനുസരിച്ച് ഏകദേശം 500 കോടി രൂപയുടെ കടമുണ്ടെന്നായിരുന്നു. ഇപ്പോൾ ഗവൺമെന്റ് തന്ന കണ

ക്കനുസരിച്ച്, total amount allotted for debt relief - 149.7 കോടി രൂപയാണ്. ടോട്ടൽ എക്സ്പെൻഡിച്ചർ 138.223 കോടി രൂപയാണ്. അതിൽ 4.1 കോടി രൂപ ഇത്രയും വർഷംകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് വന്നിരിക്കുകയാണ്. അങ്ങിത് കൊണ്ടുവന്ന ആദ്യത്തെ വർഷം കാര്യമായി ഒന്നും കൊടുത്തില്ല. 2009–10-ലാണ് മത്സ്യഫെഡിന് 18 കോടി രൂപ കൊടുത്തത്. അത് എൻ.സി.ഡി.സി ലോണിന്റെ അക്കൗണ്ടിലേയ്ക്കാണ് പോയത്. അതുപോലെ പിന്നീടുള്ള വർഷം 11.78 കോടി രൂപ കൊടുത്തു. രജിസ്ട്രാർക്ക് അതിന്റെ കൂടെ വന്ന തുക 44.37 കോടി രൂപയാണ്. അത് എൻ.എം.ഡി.എഫ്.സി., എൻ.ബി.സി., എഫ്.ഡി.സി. ലോൺ തുടങ്ങിയ സംവിധാനങ്ങളിലാണ്. 2011–12-ലാണ് 49.70 കോടി രൂപ നിങ്ങൾ പ്രഖ്യാപിച്ച 100 കോടിക്ക് കൊടുത്തത്. ഞാനും അങ്ങയോട് യോജിക്കുന്നു. ഈ കൊടുത്ത തുക പോര. 2012–13-ൽ കാര്യമായി കൊടുത്തില്ല, പക്ഷേ പിന്നീട് വന്നപ്പോഴേക്കും 31.13 കോടി രൂപ ഉൾപ്പെടെയാണ് കൊടുത്തിട്ടുള്ളത്. ശ്രീ. കെ.എം മാണിസാറിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ 50 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞെങ്കിലും 20 കോടി രൂപയേ കൊടുത്തിട്ടുള്ളൂ. അത് ഈ സഭയുടെ ഒരു വികാരമായി കാണണം. അതുകൊണ്ട് അടിയന്തരമായി ധനകാര്യ വകുപ്പ് പ്രഖ്യാപിച്ച തുക കൊടുത്തെങ്കിൽ മാത്രമേ.......... കമ്മീഷൻ എല്ലാ പേർക്കും കത്തയച്ചിരിക്കുകയാണ്. നിങ്ങളുടെ കടം എഴുതിത്തള്ളിയിരിക്കുന്നുവെന്ന കത്ത് എല്ലാപേരുടേയും കയ്യിലുണ്ട്. പാവപ്പെട്ട ആളുകൾ ആ കത്തുമായി നടക്കുകയാണ്. അത് പരിഹരിക്കണമെന്നുണ്ടെങ്കിൽ പണം കൊടുക്കണം. ഇവിടെ ശ്രീ. എസ്. ശർമ്മ സഹകരണ ബാങ്കുകളെക്കുറിച്ച്

പറഞ്ഞ കാര്യം ശരിയാണ്. സഹകരണ ബാങ്കുകൾ ചെയ്യുന്ന ദ്രോഹമെന്നു പറയുന്നത് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള നിയമസഭ പാസ്സാക്കി നിയമമാക്കി യതിന്റെ പേരിലുള്ള കമ്മീഷനെടുത്ത തീരുമാനത്തെ മാറ്റാൻ ഇവർക്ക് എന്ത ധികാരമാണുള്ളത്. പേരുവരെ മാറ്റിയ സംഘങ്ങളുണ്ട്.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> അങ്ങ് സഹകരണ ബാങ്കുകളെക്കുറിച്ച് പറഞ്ഞു. കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളി എന്ന് കത്തുകൊടുക്കുക, സഹകരണ സംഘങ്ങൾ വായ്പാകണക്ക് അവസാനിപ്പിച്ച് അവർക്ക് ഡോക്കുമെന്റ് തിരിച്ചുകൊടുക്കണമെന്നാണ് കമ്മീഷൻ പറയുന്നത്. സഹക രണ സംഘങ്ങൾക്ക് പണം കടാശ്വാസ കമ്മീഷൻ കൊടുക്കണ്ടെ. അതുകൊ ടുക്കാതെ കണക്കവസാനിപ്പിച്ച് ഡോക്കുമെന്റ് മടക്കികൊടുക്കണമെന്ന് പറ ഞ്ഞാൽ സഹകരണ സംഘങ്ങൾ ഈ നഷ്ടം എവിടെച്ചെന്ന് ഈടാക്കു മെന്നുള്ളത് ഒന്നു വ്യക്തമാക്കാമോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ബഹുമാനപ്പെട്ട അംഗം മനസ്സിലാ ക്കേണ്ട ഒരു കാര്യം, നിയമത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് മുതലിൽ 75,000 രൂപ. പിന്നീട് കൂട്ടുപലിശയും പലിശയുമുൾപ്പെടെ 1.2 ലക്ഷം രൂപ യാണ് മാക്സിമം. ഞാൻ ചോദിക്കുന്നത് നിയമസഭ പാസ്സാക്കി നിയമമാക്കി യതിന്റെ പേരിലുണ്ടാക്കിയ കമ്മീഷൻ ഒരു തീരുമാനമെടുത്ത് ശിവദാസൻ നായരെന്നുപറയുന്ന മത്സ്യത്തൊഴിലാളിയുടെ കടത്തിൽ 75000/- രൂപ മുത ലിൽ വകവയ്ക്കണമെന്നുപറഞ്ഞാൽ അതിൽ കൂട്ടുപലിശയിൽപ്പെടുത്താൻ സഹകരണ വകുപ്പിന് എന്ത് അവകാശമാണുള്ളത്.

<u>ശ്രീ. കെ. സദാശിവൻ നായർ</u>: സഹകരണ സംഘത്തിന് നിങ്ങൾ പണം കൊടുക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അത് ഗവൺമെന്റ് ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. ശിവദാസൻ നായർ: ഗവൺമെന്റ് കൊടുത്തില്ലെങ്കിൽ സഹകരണ ബാങ്കിന് എഴുതിതള്ളാൻ കഴിയില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഞാൻ അതിലേയ്ക്കാണ് വരുന്നത്. സഹകരണ വകുപ്പ് ക്യാബിനറ്റിൽ പറയണ്ടെ; അല്ലെങ്കിൽ നിയമമുണ്ടാക്കിയപ്പോൾ പറയണ്ടേ? പാവപ്പെട്ട തൊഴിലാളികൾ എന്തു ചെയ്യണം. അതുകൊണ്ട് അടിയന്തരമായി ഇതിനൊരു ക്ലാരിറ്റിയുണ്ടാകണം. അതുപോലെ തന്നെ ധാരാളം പ്രശ്നങ്ങൾ ഇതിനകത്തുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഭവനം ഇല്ലായെന്നുള്ളതാണ്. ടോയിലറ്റ്സ് ഇല്ല, കുടിവെള്ളത്തിന്റെ പ്രശ്നങ്ങൾ ഇതൊക്കെ അഡ്രസ്സ് ചെയ്യാൻ പാർട്ടിക്കതീതമായി അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ഒരുമിച്ച് നിൽക്കേണ്ടതുണ്ട്. ഇന്ന് തീരദേശത്ത് ചാരം മൂടിയ തീക്കനലുപോലെയാണ് പല പ്രശ്നങ്ങളും. കത്തിച്ചാൽ കത്തുന്ന രീതിയിലേയ്ക്ക് അത് പോകും. ഈ കടാശ്വാസ ബില്ലിൽ കമ്മീഷൻ എല്ലാ കാലത്തും വേണമെന്ന് ഞാൻ പറയുന്നില്ല. ഇതൊന്ന് അവസാനിപ്പിക്കുകയും വേണം. അനന്തമായി കമ്മീഷൻ പോകുന്നുണ്ട്. ഇപ്പോൾ ഈ കടാശ്വാസം കിട്ടിയവർപോലും കടമെടുത്താൽ അത് തിരിച്ചടയ്ക്കില്ല. കടാശ്വാസ കമ്മീഷൻ സ്ഥായിയായി നിന്നാൽ അങ്ങനെവരുന്ന അപകടവുമുണ്ട്. അവിടെ പല സഹകരണ സംഘങ്ങളും മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട് പുട്ടേണ്ടിവരും. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ക്ലാരിറ്റിയുണ്ടാകണം. 2007 ഡിസംബർ 31 വരെ എടുത്ത കടങ്ങൾക്കുമാത്രമേ ഇത് ബാധകമാകുന്നുള്ളൂ. പുതിയ കടത്തിന് ഇത് ബാധകമാകില്ല. അതുകൊണ്ട് എത്ര അപേക്ഷ

യുണ്ടെന്ന് കണക്കാക്കി ഒരു ക്ലിപ്തമായ സമയത്തിനുള്ളിൽ ഇത് ഡിസ്പോസ് ചെയ്ത് കടാശ്വാസ കമ്മീഷൻ തന്നെ നമുക്ക് ക്ലോസ് ചെയ്യേണ്ടിവരും. അനന്തമായി കൊണ്ടുപോകാൻ കഴിയില്ല. ഇപ്പോൾതന്നെ അതിന്റെ എക്സ്പെൻസ് എന്താണെന്നറിയാമോ? ഏഴു കൊല്ലം കൊണ്ട് അവരുടെ അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസെന്നുപറയുന്നത് 4.1 കോടി രൂപയാണ്. ജഡ്ജിക്ക് ഒന്നര രണ്ട് ലക്ഷം രൂപവരെ കൊടുക്കേണ്ടിവരും മറ്റ് മെമ്പർമാരുണ്ട്. ഞാൻ അതിലേയ്ക്കൊന്നും അധികം പോകുന്നില്ല. അതുകൊണ്ട് കടാശ്വാസ കമ്മീഷനെ ഏൽപ്പിച്ചിട്ടുള്ള 2007 ഡിസംബർ 31 വരെയുള്ള കടങ്ങൾ കൃത്യമായി ഫിക്സ് ചെയ്ത് 75,000 രൂപ ഉൾപ്പെടെ 1.25 ലക്ഷം രൂപ വരെ കൊടുത്തതിനുശേഷം ബാക്കിയുള്ളത് അടയ്ക്കാൻ പലരും തയ്യാറാണ്. അങ്ങനെയുള്ള കേസുകളുമുണ്ട്. ചിലർക്ക് രണ്ടുലക്ഷം രൂപയായിരിക്കും അടയ്ക്കാനുള്ളത്. അവർ ബാക്കി അടയ്ക്കാൻ തയ്യാറാണ്. ഇപ്പോൾ അതും അടയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ നമ്മുടെ തീരദേശപരിപാലന നിയമം, ശ്രീ. കെ. വി.അബ്ദുൾ ഖാദർ പറഞ്ഞത് വളരെ കറക്ടാണ്. ഞങ്ങൾ കഴിഞ്ഞയാഴ്ച ഉദ്യോഗസ്ഥരുമായി സംസാരിച്ചു. വളരെ വ്യക്തമായി തീരദേശ പരിപാലന നിയമത്തിൽ പറഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഹോൾഡിംഗ് ഉണ്ടെങ്കിൽ അതാണ് ലിമിറ്റ്. ആ ബിൽഡിംഗ് ലയിനിൽ അവന് വീട് പണിയാം. പക്ഷേ പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പെർമിഷൻ കൊടുക്കുന്നില്ല. ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ കടൽഭിത്തിയോട് ചേർന്നാണ് ഇവരുടെ ഭവനം. അവർ എവിടെപ്പോകും? 1970–ലാണ് 10 സെന്റ് കൊടുത്ത

ത്. നാലും അഞ്ചും കുടുംബങ്ങളായി മാറിക്കഴിഞ്ഞു. അവർക്ക് രണ്ടോ മൂന്നോ സെന്റുപോലും ഭൂമിയില്ല. അവിടെ അവന് ഭവനം പണിയണമെന്നുണ്ടെങ്കിൽ തീരദേശ പരിപാലന നിയമത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യം നിയമപരമായി അംഗീകരിക്കണ്ടേ. ഇപ്പോൾ അവർ വീടുവയ്ക്കുകയാണ്. നമ്പർ കിട്ടുന്നില്ല, കറണ്ട് കിട്ടുന്നില്ല തുടങ്ങിയ ധാരാളം ബുദ്ധിമുട്ടുകളുണ്ട്. തീർച്ചയായും ഈ ബില്ലുമായി ബന്ധപ്പെട്ട് .......

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, തീരദേശ മത്സ്യത്തൊഴിലാളികൾ വലിയ ഭയാശങ്കയിലാണ്. കാരണം തീരദേശത്ത് നിന്നും 500 മീറ്ററിനുള്ളിലുള്ള മുഴുവൻ വീട്ടുകാരെയും ഒഴിപ്പിക്കാനുള്ള സെൻസസ് അടിയന്തരമായി എടുത്തുകൊടുക്കണമെന്ന് മുനിസിപ്പാലിറ്റികളോടും പഞ്ചായത്തുകളോടും ആവശ്യപ്പെട്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഈ കണക്കെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അത് തെറ്റാണ്, അങ്ങനെയൊന്നില്ല. തീരദേശ പരിപാലന നിയമത്തിൽ അത് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അങ്ങ് ആശങ്കയുണ്ടാക്കരുത്. അങ്ങനെ ഒന്നുംതന്നെയില്ല. ഏതെങ്കിലും ഉദ്യോഗസ്ഥൻ അതാവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് മനഃപ്പൂർവ്വം ചെയ്യുന്നതാണ്. ആ ഉദ്യോഗസ്ഥനെതിരെ നടപടിയുണ്ടാകണം. അങ്ങനെയില്ലെന്ന് മാത്രമല്ല, എവിടെയാണോ ഇപ്പോൾ ഒരു മത്സ്യത്തൊഴിലാളിയുടെ വീടുള്ളത് അവിടെത്തന്നെയാണ് ബിൽഡിംഗ് ലൈൻ. ഏതെങ്കിലും ഉദ്യോഗസ്ഥൻ മനഃപ്പൂർവം

കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നതായിരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തെറ്റാണ്, അങ്ങനെയൊരു ശ്രമമില്ല. ഞങ്ങളെല്ലാം തീരപ്രദേശത്തുനിന്നും വരുന്ന ജനപ്രതിനിധികളാണ്. 500 മീറ്ററിനുള്ളിൽ താമസിക്കുന്ന ഒരു മത്സ്യത്തൊഴിലാളിയെയും ഒഴിവാക്കുന്നതിനുവേണ്ടി ഒരു സർവ്വേയുമില്ല, നിയമവുമില്ല. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. CRZ നിയമംമൂലം തീരപ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് (കായലോരത്തും കടലോരത്തും) നിലവിലുള്ള വീട് പുതുക്കിപ്പണിയാൻ കഴിയുന്നില്ല. വീട്ടിൽ നിന്നും ഭാഗംവച്ച് രണ്ട് സെന്റ് കൊടുത്താൽ അതിൽ അവർക്ക് വീടുപണിയാൻ പറ്റുന്നില്ല. ഇതിനെതിരെ ശബ്ദിക്കുവാൻ ആരുമില്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെയും കസ്തൂരി രംഗൻ റിപ്പോർട്ടിനെയുമെല്ലാം കുറിച്ച് ചർച്ചചെയ്ത സന്ദർഭത്തിൽ....., മലയോര പ്രദേശത്തെ ആളുകളുടെ കാര്യം വരുമ്പോൾ അവരെ സഹായിക്കാൻ ഈ രാജ്യത്തെ എല്ലാവരും രംഗത്തിറങ്ങും, എല്ലാ പാർട്ടികളും രംഗത്തിറങ്ങും. ഫോറസ്റ്റിനുള്ളിലുൾപ്പെടെ കയ്യേറ്റം നടത്തിയ ആളുകൾക്ക് പട്ടയം കൊടുക്കണമെന്ന് വാദിച്ച് സർക്കാർ ഓഫീസിലെ രേഖകൾപോലും കത്തിക്കാൻ നേതൃത്വം കൊടുക്കുന്ന ആളുകളുള്ള ഈ നാട്ടിൽ പാവപ്പെട്ട ലത്തീൻ കത്തോലിക്കരും ഹൈന്ദവരും മുസ്ലീങ്ങളുമുൾപ്പെടെയുള്ള വിവിധ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന തീരപ്രദേശത്ത് CRZ നിയമം നിലവിൽ വന്നപ്പോൾ ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ശബ്ദിക്കുവാൻ ആരുമില്ല. അവർ അസംഘടിതരായതുകൊണ്ടാണോ ദുർബലരായതുകൊണ്ടാണോ എന്നറിയി

ല്ല കസ്തൂരിരംഗൻ റിപ്പോർട്ടിനും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനുമെതിരായി സമരം ചെയ്യുന്ന എല്ലാ രാഷ്ട്രീയപ്പാർട്ടിക്കാരും തീരപ്രദേശത്തെ ആളുകളുടെ കാര്യം മറന്നുപോകുകയാണ്. സഭകളും രാഷ്ട്രീയപ്പാർട്ടികളും അത് മറക്കുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞതുപോലെ കസ്തൂരിരംഗൻ റിപ്പോർട്ടിനെയും ഗാഡ്ഗിൽ റിപ്പോർട്ടിനെയും സംബന്ധിച്ച ചർച്ച നടന്നപ്പോൾ ഞാനും ഈ സഭയിൽ വേദനയോടെ കേട്ടുകൊണ്ടിരുന്നയാളാണ്. അതിനും വർഷങ്ങൾക്കു മുൻപ് തൊണ്ണൂറുകളിലാണ് CRZ-മായി ബന്ധപ്പെട്ട നിയമം വന്നത്. ആ നിയമത്തിന്റെ അവ്യക്തതകൊണ്ട് ഇന്നും പാവപ്പെട്ടയാളുകൾ ബുദ്ധിമുട്ടുകയാണ്. ഈ സഭ ആലോചിക്കേണ്ട വിഷയമാണത്. ഞാൻ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ചയെ താഴ്ത്തിപ്പറയുകയല്ല. പക്ഷെ അതുപോലെതന്നെ ആരുമാരുമില്ലാത്ത ഒരു ജനവിഭാഗം തീരദേശത്തുണ്ടെന്ന ചിന്ത ഈ സഭയിൽ ഉണ്ടായില്ലല്ലോയെന്ന ദുഃഖം എനിക്കുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ പറഞ്ഞതുപോലെ CRZ നിയമത്തിന്റെ ഭാഗമായി കടലോരങ്ങളിൽ താമസിക്കുന്നവർക്ക് വീട് പുതുക്കിപ്പണിയാനോ കെട്ടിമേയാനോ കഴിയാത്ത സ്ഥിതിയുണ്ടെന്ന കാര്യം ശരിയാണ് അതേസമയം ടൂറിസം പദ്ധതികൾക്ക് തടസ്സമില്ലാത്ത സ്ഥിതിവിശേഷം വരികയാണ്. കടലോരത്ത് താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് അവരുടെ വീട് പുതുക്കിപ്പണിയാൻ പറ്റുന്നില്ല. എന്നാൽ അവിടെ ടൂറിസത്തിന്റെ പേരിൽ വലിയ പ്രോജക്ട്കളുണ്ടാക്കാൻ ദൂരപരിധി ഒരു പ്രശ്നമാകുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കും ഈ നിയന്ത്രണമുണ്ട്. നിയമം ദുർവ്യാഖ്യാനം ചെയ്താണ് ഇത്തരം പ്രോജക്ടുകൾ ചെയ്യുന്നത്. ഈ വിഷയം പരിശോധിക്കേണ്ടതാണ്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ CRZ നിയമം വന്നപ്പോൾ ആരും അതിനെ എതിർക്കാത്തതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി ശ്രീ. റ്റി. എൻ. പ്രതാപനും അതിനെ കാര്യമായി എതിർക്കുന്നത് ഞാൻ കണ്ടില്ല. പരിസ്ഥിതി സംരക്ഷണം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള നിയമങ്ങളെല്ലാം നടപ്പിലാക്കുന്നത്. മലയോരങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി നിയമമുണ്ടാക്കുകയും അത് അവിടെ താമസിക്കുന്ന പാവപ്പെട്ട കർഷകരെ ദോഷകരമായി ബാധിക്കുമ്പോൾ അതിനെ എതിർക്കുന്നത് ശരിയല്ലെന്ന് പറയുന്ന ശ്രീ. റ്റി. എൻ. പ്രതാപനെപ്പോലുള്ള ആളുകൾ കടലോരത്ത് ഇത്തരം നിയമം വരുമ്പോൾ അതിനെ എന്തുകൊണ്ട് എതിർക്കുന്നില്ലെന്ന് ചോദിക്കുന്നത് ഇരട്ടത്താപ്പാണ്. പരിസ്ഥിതി കടലോരത്തും മലയോരത്തും വേണം. അതിൽ എപ്പോഴും ഒരു സന്തുലിതമായ മനോഭാവമാണ് വേണ്ടത്. അല്ലാതെ ഒരുഭാഗത്ത് ശരിയെന്നും മറുഭാഗത്ത് ശരിയല്ലെന്നും പറയരുത്. അതാണ് ഞങ്ങൾ എപ്പോഴും പറയുന്നത്. മലയോരങ്ങളിൽ താമസിക്കുന്ന കർഷകരുടെ ബുദ്ധിമുട്ടുകൾ നിങ്ങൾക്കറിയില്ല. നിങ്ങൾക്കറിയാവുന്നത് എപ്പോഴും നിങ്ങളുടെ ഭാഗത്തുള്ളവരുടെ ബുദ്ധിമുട്ടാണ്. രണ്ടിടങ്ങളിലും താമസിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ട്. രണ്ടുപേരുടെയും ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് ന്യായമായ രീതിയിലായിരിക്കണം പരിസ്ഥിതി സംരക്ഷിക്കേണ്ടത് എന്നതാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട അംഗം ജോസഫ് വാഴക്കൻ പറയുന്നതും CRZ നിയമംമൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പശ്ചിമഘട്ടമെന്നു പറയുന്നത് മലയോര മേഖലയിലെ ആളുകൾക്കുവേണ്ടി മാത്രമുള്ളതല്ല. മലയോര മേഖലയിലും മദ്ധ്യമേഖലയിലും തീരമേഖലയിലുമുള്ള ആളുകൾക്ക് കുടിക്കാനും കൃഷിക്കുവേണ്ടിയുമുള്ള വെള്ളം ലഭിക്കുന്നതിനാണ് പശ്ചിമഘട്ടം സംരക്ഷിക്കുന്നത്. അവിടം കയ്യേറി ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയ 1969–ലെയും 1989–ലെയും ഫോറസ്റ്റ് കൺസർവേഷൻ ആക്ട് ലംഘിക്കുന്നതും പുതിയ CRZ നിയമവും തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞുകൊണ്ടിരിക്കുന്നതും ഇതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ.

ശ്രീ. എളമരം കരീം: സർ, മലയോര മേഖലയായാലും കടലോര മേഖലയായാലും ജനങ്ങളുടെ പ്രശ്നത്തെ കൈകാര്യം ചെയ്യണം. അത് മതത്തിന്റെ പേരിൽ വേർതിരിച്ചുപറയുന്നത് അബദ്ധം സൃഷ്ടിക്കും. ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ കുറച്ചുകൂടി സമചിത്തതയോടെ ഇത്തരം പ്രശ്നങ്ങളെ സമീപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. റ്റി. എൻ. പ്രതാപൻ അങ്ങനെയല്ല പറഞ്ഞത്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, വളരെ മുതിർന്ന അംഗമായ ശ്രീ. എളമരം കരീം തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഞാൻ അങ്ങനെ മതത്തിന്റെ പേരിൽ ഒന്നും പറഞ്ഞിട്ടില്ല. അങ്ങയുടെ പാർട്ടി രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി ഇതിനെ മതവുമായി ബന്ധപ്പെടുത്തിയതുപോലെ ഒരു പാർട്ടിയും

ഇതിനെ മതവുമായി ബന്ധപ്പെടുത്തിയിട്ടില്ല. ഞാനും ബന്ധപ്പെടുത്തിയിട്ടില്ല. ഞാൻ ഇപ്പോഴും ആവർത്തിച്ചുപറയുന്നു പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ഇതിനെ മതവുമായി ബന്ധപ്പെടുത്തിയത് അങ്ങയുടേതുപോലെയുള്ള പാർട്ടി മാത്രമാണ്. ഞങ്ങൾ ഇതിനെ ജാതിയും മതവുമായി ഒരിക്കലും ബന്ധപ്പെടുത്താൻ ആഗ്രഹിച്ചിട്ടില്ല, ബന്ധപ്പെടുത്തുകയുമില്ല. ഇത് സമൂഹത്തെ ബാധിക്കുന്ന പൊതുവായ കാര്യമായതുകൊണ്ട് ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങാണോ പ്രസംഗിക്കുന്നത്. ഇതൊരു ചെറിയ ഭേദഗതി ബില്ലാണ്. അതെല്ലാം വിട്ട് എവിടെയെല്ലാം പോയി. അങ്ങ് ദയവായി പ്രസംഗം ചുരുക്കണം. അങ്ങ് ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം. ദയവായി എല്ലാവരും ഇരിക്കണം, ഇതൊന്ന് അവസാനിപ്പിക്കട്ടെ. ആവശ്യത്തിൽ കൂടുതൽ ഇന്റർഫിയറൻസായി.

ശ്രീ. സാജു പോൾ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു പോയിന്റും അതിലില്ല ശ്രീ. സാജു പോൾ. ഇതൊന്നവസാനിപ്പിക്കട്ടെ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇന്ന് മണ്ണെണ്ണ കിട്ടാത്ത ഒരു ദുഃസ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ട്. ഇപ്പോൾ കിട്ടുന്ന റേഷൻ മണ്ണെണ്ണ അപര്യാപ്തമാണ്. അതുകൊണ്ട് ഗവൺമെന്റ് സബ്സിഡി റേറ്റിൽ മണ്ണെണ്ണ ലഭ്യമാക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ ഇവിടെ വളരെ ആദർശാധിഷ്ഠിതമായി സംസാരിച്ചു. പരിസ്ഥിതിവാദികളും കപട പരിസ്ഥിതിവാദികളുമുണ്ട്. ശ്രീ. റ്റി. എൻ.

പ്രതാപൻ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മുഴുവൻ വോട്ടർമാരെയും മണപ്പുറം ഫിനാൻസുകാരെക്കൊണ്ട് ഇൻഷ്വർ ചെയ്യിച്ച ആളാണ്. അവരുടെ എല്ലാ പരസ്യങ്ങളിലും ശ്രീ. റ്റി. എൻ. പ്രതാപന്റെ പടംകാണാം. ഇത്തര ത്തിൽ ബ്ലേഡ് രാജാക്കന്മാരുടെ കൂടെ നടക്കുന്ന ആളുകളുടെ കപട പരിസ്ഥിതിവാദം ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതാണോ പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ശ്രീ. സാജു പോൾ പറഞ്ഞ കാര്യം നൂറ് ശതമാനവും തെറ്റാണ്. മണപ്പുറം സുരക്ഷ എന്നത് ഞാൻ എന്റെ മണ്ഡല ത്തിലെ പാവപ്പെട്ടവർക്കുവേണ്ടി ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പദ്ധതിയാണ്. അത് മണപ്പുറം ഫിനാൻസിന്റെ ഇൻഷ്വറൻസ് പദ്ധതിയല്ല. മണപ്പുറം എന്നു കേട്ടാൽ മണപ്പുറം ഫിനാൻസാണെന്ന് കേൾക്കുന്ന ശ്രീ. സാജു പോളിനെ പ്പോലെയുള്ള ആളുകൾക്ക് സമനില തെറ്റിയെന്നല്ലാതെ എന്തുപറയാൻ കഴിയും? മണപ്പുറം എന്നുപറയുന്നത് നാടിന്റെ പേരാണ്, അത് മണപ്പുറം ഫിനാൻസിന്റെ പേരല്ല. മണപ്പുറമെന്ന് പറയുന്ന നാടിനെ അപമാനി ക്കാൻവേണ്ടി ശ്രീ. സാജു പോൾ കൊണ്ടുവന്ന പോയിന്റ് ഓഫ് ഓർഡർ ഓർഡറിലല്ലെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ, അത് ശ്രീ. സാജു പോളിനും അറിയാം. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, തുടർന്ന് സംസാ രിക്കൂ.

ശ്രീ. സാജു പോൾ: സർ,..........

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനിയൊരു ഇന്റർഫിയറൻസും ഇല്ല. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിച്ച് പെട്ടെന്ന് വൈന്റപ്പ് ചെയ്യൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഒന്ന് രണ്ട് കാര്യങ്ങൾ ബഹുമാന പ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഈ സർക്കാർ വന്നതിന് ശേഷം.......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. രജേന്ദ്രൻ പ്ലീസ്....... ശ്രീ സാജുപോൾ പ്ലീസ്..പ്ലീസ്...ശ്രീ. രാജേന്ദ്രൻ പ്ലീസ് റിസീവ് യുവർ സീറ്റ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഈ സർക്കാർ വന്നതിന് ശേഷം ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപ എന്നുള്ളത് മൂന്ന് ലക്ഷം രൂപയാക്കിയിട്ടുണ്ട്. അതുപോലെ സർക്കാർ കൊടുക്കുന്ന ആനുകൂല്യവും വർദ്ധിപ്പിച്ചിട്ടുണ്ട്. ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യം കടലിൽ വച്ച് ഹാർട്ട് അറ്റാക്ക് ഉണ്ടായി ഒരു ഫിഷർമെൻ മരിച്ചാൽ കമ്പനി തുക കൊടുക്കുന്നില്ല. പ്രീമിയം എടുക്കുന്ന സന്ദർഭ ത്തിൽ........(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: ആരെ അപമാനിച്ചു... ആരും അപമാനിച്ചിട്ടില്ല.. പ്ലീസ്...

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ക ംമിദ ൂ്യീലേരശേീ. ക മാ ീ ാ്യ ഹലഴം. ക ംമിദ ൂ്യീലേരശേീ. മത്സ്യഫെഡ് ഇൻഷ്വറൻസ് ചെയ്യുമ്പോഴും മത്സ്യ ക്ഷേമനിധി ബോർഡ് ഇൻഷ്വർ ചെയ്യുമ്പോഴും കടലിൽ വച്ച് ഹൃദയ സ്തംഭനമുണ്ടായി ഒരാൾ മരിച്ചാൽ ഒരു പൈസ ഇപ്പോൾ കിട്ടുന്നില്ല. അതു കൊണ്ട് അക്കാര്യത്തിൽ ഒരു തീരുമാനം കമ്പനിയുമായി ചേർന്ന് ഉണ്ടാക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മത്സ്യബന്ധന രംഗത്തേക്ക് പുതിയ തലമുറ വരുന്നില്ല. അതുകൊണ്ടു തന്നെ അന്യസംസ്ഥാന തൊഴിലാളികൾ ഇവിടേക്ക് വരേണ്ട സ്ഥിതി വിശേഷം വന്നിരിക്കുന്നു. മത്സ്യബന്ധന രീതി യിൽ ആധുനിക രീതികൾ കൊണ്ടുവരാനും അതിന്റെ ഗുണം ഫിഷർമെന്

ലഭ്യമാക്കുന്ന നടപടികളും കൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുന്നു. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വളരെ എഫക്ടീവായി നടത്താൻ ഗവൺമെന്റിന് കഴിയും. ശ്രീ. കെ. ബാബു ഈ വകുപ്പിന്റെ നിയന്ത്രണം ഏറ്റെടുത്തശേഷം ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. മൂവായിരത്തോളം ഭവനങ്ങൾ കടൽത്തീരത്ത് കൊടുത്തു. ഫിഷിംഗ് ഹാർബർ, ലാൻഡിംഗ് സെന്ററുകൾ ഇവ വളരെ എഫക്ടീവാക്കി നടത്താൻ കഴിയുന്ന ഒരു മന്ത്രിയാണ് അദ്ദേഹം. അപ്പുറത്ത് നെത്തോലി എന്താണെന്ന് അറിയാത്ത ചിലരാണ് നിരാകരണ പ്രമേയം അവതരിപ്പിച്ചത്. നെത്തോലിയും അയലയും തമ്മിൽ തിരിച്ചറിയാത്ത ആൾക്കാരാണ് നിരാക രണ പ്രമേയം അവതരിപ്പിച്ചത്. വളരെ എഫക്ടീവായി ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. കെ. ബാബു ഈ കടാശ്വാസ ബില്ലിന് ഗവൺമെന്റിൽനിന്നും പണം വാങ്ങിക്കൊടുക്കാൻ തയ്യാറാകുമെന്ന് പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജയചന്ദ്രൻ എന്താണ്?

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ശ്രീ. റ്റി.എൻ പ്രതാപൻ ഇവിടെ പറ ഞ്ഞത് പശ്ചിമഘട്ടത്തിലുള്ളവരെല്ലാം വനം കൈയേറിക്കൊണ്ടിരിക്കുകയാ ണെന്നാണ്. അവിടെ ഞങ്ങളും അവിടുത്തെ ജനങ്ങളും ആവശ്യപ്പെടുന്നത് പുതിയ വനത്തിലോട്ട് കയറുന്ന കാര്യമല്ല. 40 വർഷങ്ങൾക്ക് മുൻപ് ഫോറസ്റ്റ് ജണ്ട ഇട്ടിട്ടുണ്ട്. ആ ജണ്ടയ്ക്ക് വെളിയിൽ വരുന്ന പതിനായിരകണക്കിന് ജനങ്ങളെ ഫോറസ്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതാണ്........

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ എന്താണ് പോയിന്റ് ഓഫ് ഓർഡർ

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഞങ്ങൾ വനത്തിൽ കയറുന്നു എന്ന് പറഞ്ഞാലോ........

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ......യെസ്.....പ്ലീസ്...പ്ലീസ്.....ശ്രീ. ജയചന്ദ്രൻ ദയവായി ഇരിക്കൂ. നമ്മൾ ഇതുപോലെ പറയാറില്ലേ. പ്ലീസ്......

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഇവിടെ ചർച്ച ചെയ്ത അംഗങ്ങൾ മുന്നോട്ട് വച്ച എല്ലാ നല്ല നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുകയാണ്. ധാരാളം ചർച്ച നടന്നെങ്കിലും ഈ ബില്ലിലെ വിഷയം കാര്യമായി വന്നില്ലെന്നതാണ് എനിക്ക് പറയാനുള്ള ഒരു കാര്യം. ശ്രീ. സാജു പോൾ പറഞ്ഞതുപോലെ ഇത് വളരെ ചെറിയ ഒരു ഭേദഗതി മാത്രമാണ്. ബഹുമാനപ്പെട്ട വടകര എം.എൽ.എ ഇത് തെറ്റിദ്ധരിച്ചതുപോലെയാണ് എനിക്ക് തോന്നിയത്. കാരണം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അംഗസംഖ്യ വെട്ടികുറയ്ക്കുകയല്ല ചെയ്തത്. അംഗസംഖ്യ അഞ്ച് ആയി തന്നെ നിലനിർത്തിക്കൊണ്ട് രണ്ട് ബഞ്ച് പ്രവർത്തിപ്പിക്കാനുള്ള ഒരു ചെറിയ ഭേദഗതി മാത്രമാണ് ഇത്. കടാശ്വാസ കമ്മീഷൻ അംഗങ്ങൾ അഞ്ച് ആണ്. അതിന്റെ ക്വാറം മൂന്ന് ആണ്. ആ മൂന്നിൽ നിന്ന് രണ്ടായി ക്വാറം ചുരുക്കുമ്പോൾ രണ്ട് ബെഞ്ച് ഒരേ സമയത്ത് പ്രവർത്തിപ്പിക്കാൻ സാധിക്കും. ഇവിടെ ചർച്ച ചെയ്തതുപോലെ ഇത് കടാശ്വാസ കമ്മീഷനെ ദുർബലപ്പെടുത്താനോ അംഗങ്ങളുടെ എണ്ണം വെട്ടികുറയ്ക്കാനോ വേണ്ടിയല്ല. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസം സംബന്ധിച്ച അപേക്ഷകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹം കൊണ്ടുമാത്രമാണ്. അംഗസംഖ്യ അഞ്ചായി നിലനിർത്തിക്കൊണ്ട് ക്വാറം മൂന്നിൽ നിന്ന് രണ്ടായി ചുരുക്കുന്നു അതുകൊണ്ട് ഒരേ സമയം രണ്ട് ജില്ലകളിലോ രണ്ട് പ്രദേശത്തോ സിറ്റിംഗ് നടത്താം. ഇതു മാത്രമാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ വായ്പയുടെ ജപ്തി

നടപടികളുടെ മൊറട്ടോറിയം ഈ ഗവൺമെന്റ് വന്നതിന് ശേഷം 31.12.2014 വരെ എക്സ്റ്റൻഡ് ചെയ്തിരിക്കുകയാണ്. കടാശ്വാസ കമ്മീഷന്റെ പരിധി യിൽ വരുന്ന കേസുകൾ പരിശോധിച്ച് തീരാത്തതുകൊണ്ട് മൊറട്ടോറിയ ത്തിന്റെ കാലാവധി 2014 ഡിസംബർ 31 വരെയായി നീട്ടിയിരിക്കുന്നു. തുക കൊടുക്കുന്നതിനെ സംബന്ധിച്ച് ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. എസ്. ശർമ്മയും പ്രകടിപ്പിച്ച അഭിപ്രായം ശരിയാണ്. വേണ്ടത്ര വേഗത്തിൽ തുക കൊടുക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് കടാ ശ്വാസ കമ്മീഷന്റെ ഭരണച്ചെലവ്, മത്സ്യഫെഡ് വഴിയുള്ള ഹഡ്കോ വായ്പ കൾ, എൻ.സി.ഡി.സി വായ്പകൾ, എൻ.എം.ഡി.എഫ്.സി എൻ.ബി.സി എഫ്.ഡി.സി വായ്പകൾ, സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വായ്പകൾ ഈ ഇനത്തിലായി 76.763 കോടി രൂപ കൊടുത്തു. ഈ ഗവൺമെന്റ് വന്ന തിന് ശേഷം കടാശ്വാസ കമ്മീഷന്റെ ഭരണച്ചെലവുകൾക്കായി 2.55 കോടി രൂപ എൻ.എം.ഡി.എഫ്.സി, എൻ.ബി.സി, എഫ്.ഡി.സി വായ്പകൾ 0.35 കോടി രൂപ, സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വായ്പകൾ 58.55 കോടി രൂപ അങ്ങനെ 61.45 കോടി രൂപ ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റും ചെലവാക്കി ഈ ഗവൺമെന്റും ചെലവാക്കിയിട്ടുണ്ട്. എന്നാലും കടാശ്വാസ കമ്മീഷൻ തീർപ്പുകൽപ്പിച്ച എല്ലാ പരാതിയിന്മേലും പരാതിക്കാരന് ആശ്വാസം നൽകാൻ സാധിച്ചിട്ടില്ല. ഈ വർഷത്തെ ബഡ്ജ റ്റിൽ 50 കോടി രൂപ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രഖ്യാപിച്ചു. അതിൽ 20 കോടി രൂപ എസ്.ഡി.ജി-യിൽ വക യിരുത്തി ആ തുക പൂർണ്ണമായി ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല. അതിന്

കാരണം കിട്ടിയ തുക ചെലവാക്കിയതിന്റെ യു.സി ധനകാര്യ വകുപ്പിന് കൊടുക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

സഹകരണ വകുപ്പിന്റെ ഓഡിറ്റ് കൂടി പൂർത്തിയാക്കിയതിനുശേഷം മാത്രമേ അതിന് സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇത് വേഗത്തിൽ തീർപ്പു കൽപ്പിക്കാൻ ശ്രമിക്കുകയാണ്. ഈ നിയമത്തിന്റെ കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ രണ്ടു മൂന്നു കാര്യങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടു. ഒന്ന്, ഈ നിയമത്തിൽ വിഭാവന ചെയ്തതുപോലെയല്ല കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന്. ഇത് മനസ്സിലാക്കിക്കൊണ്ട് 30.06.2012-ൽ ഞാൻ തന്നെ മുൻകൈ എടുത്ത് യോഗം വിളിച്ചുകൂട്ടി ഒരു ഉത്തരവ് ഇറക്കി യിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കടാശ്വാസ കമ്മീഷൻ......, ആരുടെ വായ്പ എഴുതിത്തള്ളണമെന്ന് ബാങ്കുകൾ തീരുമാനിക്കുന്ന ഒരു സ്വഭാവമു ണ്ടായി. അതുകൊണ്ട് കമ്മീഷന്റെ ശുപാർശകളിന്മേൽ നിയമം വിട്ട് യാതൊരു ഭേദഗതിയും മാറ്റവും പാടില്ല എന്നുള്ള നിലയിൽ സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ തയ്യാറാക്കി സമർപ്പിക്കുന്ന ലിസ്റ്റിൽ നിന്നാണ് കടാശ്വാസം അനുവദിക്കേണ്ടത്. കമ്മീഷൻ തയ്യാറാക്കി നൽകുന്ന ലിസ്റ്റ് അന്തിമമായതിനാൽ സഹകരണസംഘങ്ങൾ/ബാങ്കുകൾ ടി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കടാശ്വാസം അനുവദിക്കേണ്ടതും യാതൊരു കാരണാവ ശാലും അത് പുനഃപരിശോധിക്കാൻ പാടില്ലാത്തതുമാണ്. ഇത് 30.06.2012-ൽ സർക്കുലർ നമ്പർ 31/2012 - ഇതിൽ ശ്രീ. എസ്. ശർമ്മ ചൂണ്ടിക്കാണിച്ച കാര്യ ത്തിന് വ്യക്തമായ നിർദ്ദേശമുണ്ട്. മുതലിലാണ് എഴുതിതള്ളേണ്ടത്. സഹക രണ സംഘങ്ങൾ/ബാങ്കുകൾ ആനുകൂല്യത്തിന് അർഹതയുള്ള വായ്പകളു മായി ബന്ധപ്പെട്ട പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കേണ്ടതും

അസ്സൽ മുതലിൽ ബാക്കിയുള്ള സംഖ്യ മാത്രം വായ്പക്കാരന്റെ കടമായി കണക്കാക്കേണ്ടതുമാണ്. അങ്ങനെ വളരെ വ്യക്തതയുള്ള ഒരു സർക്കുലർ വീണ്ടും ഈ ഗവൺമെന്റ് പുറപ്പെടുവിച്ചു.

ഇവിടെ ഉയർന്നുവന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ഭവനനിർമ്മാണത്തെ സംബന്ധിച്ചാണ്. ഭവനനിർമ്മാണത്തെക്കുറിച്ച് പറയുമ്പോൾ ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. ഈ ഗവൺമെന്റ് രണ്ടുകൊല്ലം കൊണ്ട് 6573 വീടുകൾ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 50,000 രൂപയാണ് ഒരു വീടിന് കൊടുത്തിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 2 ലക്ഷം രൂപയായി ഉയർത്തി. രണ്ടു ലക്ഷം രൂപ വീതം 6573 വീടുകൾക്ക് ഗ്രാന്റ് കൊടുത്തിട്ടുണ്ട്. ഉടൻ തന്നെ 150 കോടി രൂപ കൂടി ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ലോൺ പാസ്സായിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ധനകാര്യ വകുപ്പ് പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഏതായാലും ഞങ്ങൾ..........., ഇവിടെ പരാമർശിച്ചതിന് മറുപടി പറഞ്ഞതാണ്.

ശ്രീ. എ. കെ. ബാലൻ: .......(മൈക്ക് ഓഫ്)......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എസ്. ശർമ്മ ഇവിടെ ഉന്നയിച്ചതിന് മറുപടി പറയേണ്ടേ.

ശ്രീ. കെ. ബാബു: ഞാൻ അഡീഷണലായി ഒന്നും പറയുന്നില്ല. തെറ്റിദ്ധരിക്കേണ്ട. നിങ്ങൾ അഞ്ചുകൊല്ലം കൊണ്ട് 6500 വീട് കൊടുത്തു. ഞങ്ങൾ രണ്ടുകൊല്ലം കൊണ്ട് 6573 വീട് കൊടുത്തു. നിങ്ങൾക്ക് കേൾക്കാൻ സുഖമുള്ള കണക്കല്ല. എങ്കിലും ദയവായി കേൾക്കണം.

മറ്റൊരു കാര്യം, ഇവിടെ സി.ആർ.ഇസഡ് നിയമത്തെക്കുറിച്ച് പറഞ്ഞു. സി.ആർ.ഇസഡ് നിയമവുമായി ബന്ധപ്പെട്ട്, മത്സ്യത്തൊഴിലാളികൾക്ക് 50

മീറ്ററിൽ വീട് പണിയാൻ തടസ്സമുള്ളതുകൊണ്ട് എല്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും 16.08.2012–ൽ ഫിഷറീസ് ഡയറക്ടർ ഒരു സർക്കുലർ പുറപ്പെടുവിച്ചു. അതിൽ പറഞ്ഞിരിക്കുന്നത്, 2011–ലെ തീരപരിപാലന നിയമം–സി.ആർ.ഇസഡ് (3) പ്രകാരം കരഭാഗത്ത് വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെയുള്ള പ്രദേശം വികസന നിക്ഷിപ്ത മേഖലയാണ്. മത്സ്യബന്ധനത്തൊഴിലാളി സമൂഹത്തിന് വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ മുതൽ 200 മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ പുനർനിർമ്മിതിയോ ചെയ്യാൻ തീരദേശ പരിപാലന വിജ്ഞാപനപ്രകാരം അനുമതിയുണ്ട്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വരെയുള്ള പ്രദേശം വികസന നിക്ഷിപ്ത മേഖലയാണ്. ഇവിടെ മത്സ്യത്തൊഴിലാളികൾക്ക് നിലവിലുള്ള ഭവനങ്ങളുടെ പുനർനിർമ്മാണത്തിന് അനുമതിയില്ല. 50 മീറ്റർ ഒഴിഞ്ഞുള്ള പ്രദേശത്ത് പഞ്ചായത്തിന്റെ അനുമതിയോടെ പുതിയ ഭവനങ്ങൾ നിർമ്മിക്കാവുന്നതാണ്. ഈ വിവരങ്ങൾ അറിവിനും അനന്തര നടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു.

തീരപരിപാലന നിയമവുമായി ബന്ധപ്പെട്ട് 06.01.2011–ലെ കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരദേശ പരിപാലന വിജ്ഞാപനത്തിലെ പ്രസക്ത ഭാഗം, അതിൽ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന ഭാഗം ഇതാണ്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററുകൾക്കപ്പുറം കരയുള്ള ഭാഗത്തുള്ള കായൽത്തുരുത്തുകളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രാദേശിക സമൂഹത്തിനായി വാസസ്ഥലം നിർമ്മിക്കാവുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് 50 മീറ്റർ കഴിഞ്ഞ് വീട് നിർമ്മിക്കാൻ അവകാശമുണ്ട്. അത് ചില പഞ്ചായത്തുകൾ ചോദ്യം ചെയ്തപ്പോൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വളരെ വ്യക്തമായി ഒരു സർക്കുലർ ഇറക്കി.

ശ്രീ. ടി. എൻ. പ്രതാപൻ: അത് തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകരിച്ചിട്ടില്ല.

ശ്രീ. കെ. ബാബു: തദ്ദേശസ്വയംഭരണ വകുപ്പും അംഗീകരിച്ചിട്ടുണ്ട്. അങ്ങനെയുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ തീർച്ചയായും തീരദേശപരിപാലന നിയമം കൈകാര്യം ചെയ്യുന്ന പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഫിഷർമാന്റെ ഇപ്പോഴുള്ള വീടിന്റെ ബിൽഡിംഗ് ലൈനിൽ വീട് വയ്ക്കാൻ അവകാശമുണ്ട്. അത് തീരദേശ നിയമത്തിലുള്ളതാണ്. ആ നിയമമാണ് പലപ്പോഴും എൽ.എസ്.ജി.ഡി. അംഗീകരിക്കാത്തത്. 50 മീറ്ററിനല്ല പ്രശ്നം. ഇപ്പോൾ ഒരു വീടുണ്ടെങ്കിൽ ആ വീട് ബിൽഡിംഗ് ലൈനായി വയ്ക്കാൻ ഫിഷർമാന് അവകാശമുണ്ട്. അതുകൂടി ക്ലാരിഫൈ ചെയ്യണം.

ശ്രീ. കെ. ബാബു: ഇക്കാര്യം തീർച്ചയായും ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്. മറ്റൊരു കാര്യം, ഞങ്ങൾ ഈ നിയമത്തെ ദുർബലപ്പെടുത്തിയില്ലെന്ന് മാത്രമല്ല ഇതിന്റെ ആനുകൂല്യം കൂടുതൽ മേഖലകളിലേയ്ക്ക് കിട്ടാൻവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. 01.07.2013-ലെ ഉത്തരവ് സർക്കാർ വിശദമായി പരിശോധിച്ചു. വ്യത്യസ്ത ഭരണ വകുപ്പുകളുടെ കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളുടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന വികലാംഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഹഡ്കോ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ

എന്റർപ്രൈസസ്, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ തുടങ്ങിയ സ്ഥാപനങ്ങളെയും സമാനസ്വഭാവമുള്ള മറ്റു സ്ഥാപനങ്ങളെയും പരാമർശം (1)-ലെ സർക്കാർ ഉത്തരവ് 4 ഖണ്ഡികയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു ഭേദഗതി കൂടി കൊണ്ടുവന്നുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ വായ്പയ്ക്ക് നേരത്തെ നിയമത്തിലുണ്ടായിരുന്നതിനു പുറമെ ഇതുപോലൊരു മാറ്റം കൂടി ഞങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. അതിന്റെ ഫലമായി കൂടുതൽ മേഖലകളിലെ കടമെഴുതി തള്ളാൻ സാധിക്കും. മത്സ്യത്തൊഴിലാളികൾക്ക് ഇങ്ങനെ നിയമമുണ്ടെങ്കിലും ചില സംഘങ്ങൾ ഈ ഉത്തരവ് പാലിക്കുന്നില്ല. മോറട്ടോറിയം അംഗീകരിക്കാതെ ജപ്തി നടപടി സ്വീകരിച്ച് തൊഴിലാളികളുടെ പണം ബലമായി തിരിച്ചടപ്പിക്കുന്നു. ആ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഞങ്ങളൊരു തീരുമാനമെടുത്തിരിക്കുകയാണ്. അങ്ങനെ നിർബന്ധിതമാകുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾ കടം അടച്ചുതീർത്താലും അവർക്ക് ഈ കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം പിൽക്കാല പ്രാബല്യത്തോടു കൂടി നൽകണമെന്നൊരു തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് 01.07.2013-ൽ ജി.ഒ.(പി) നമ്പർ 40/2013 ആയി ഫിഷറീസ് വകുപ്പ് ഒരു ഉത്തരവിറക്കി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു വീഴ്ചയും വന്നിട്ടില്ല.

അവസാനമായി, ശ്രീ. സാജു പോൾ പറഞ്ഞ ഒരു കാര്യം, ഈ ഗവൺമെന്റ് വന്നതിനുശേഷം 18 ഓർഡിനൻസുകളുണ്ടെന്ന് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കണക്കു കൂടി ഒന്ന് ദയവായി കേൾക്കണം. 2006-ൽ 51, 2007-ൽ 56, 2008-ൽ 49, 2009-ൽ 42, 2010-ൽ 55. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തും 42 ഓർഡിനൻസുകളുണ്ടായിരുന്നു. ഇപ്പോൾ

18 എണ്ണമേയുള്ളൂ. ശ്രീ. സാജു പോൾ തെറ്റിദ്ധരിക്കരുത്. അസംബ്ലി കൂടിയ ദിവസങ്ങളെക്കുറിച്ചും പറഞ്ഞു. 2006-ൽ 32 ദിവസം, 2007-ൽ 63 ദിവസം, 2008-ൽ 41 ദിവസം, 2009-ൽ 28 ദിവസം, 2010-ൽ 57 ദിവസം, 2011-ൽ 44 ദിവസം. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യത്തെ വർഷം നിങ്ങളുടെയും കൂടി ചേർത്ത് 44 ദിവസം സമ്മേളനം ചേർന്നു. ഈ വർഷം നിയമസഭാ സമ്മേളനം കുറഞ്ഞുപോയതിന്റെ കാര്യം നമുക്ക് രണ്ടു കൂട്ടർക്കുമറിയാം. നമുക്കെല്ലാവർക്കും കൂടി സഹകരിച്ച് കൂടുതൽ ദിവസങ്ങൾ സഭ നടത്താനും ഓർഡിനൻസുകൾ നിയമമാക്കി മാറ്റാനും നമ്മളെല്ലാവരും കൂടി ശ്രമിച്ചാൽ വളരെ സുഗമമായ അന്തരീക്ഷത്തിൽ ഈ ഓർഡിനൻസുകളെല്ലാം നിയമമാക്കാനും സാധിക്കും. ഈ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, അങ്ങിവിടെ ഒരു കാര്യം സൂചിപ്പിച്ചു, ക്രിയാത്മകമായ ഏത് നിർദ്ദേശവും സ്വീകരിക്കുമെന്ന്. ഇവിടെ ബഹുമാനപ്പെട്ട അംഗം റ്റി. എൻ. പ്രതാപൻ, നിരന്തരമായി ഈ സഭയെ അപമാനിക്കുകയാണ്. ഒരു കാര്യം വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പശ്ചിമഘട്ട താഴ്വരകളിലെ കർഷകരുടെ ഉത്തമമായ താല്പര്യങ്ങൾ സംരക്ഷിക്കുമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വളരെ അസന്നിഗ്ദമായി പ്രഖ്യാപിച്ചതാണ്. ഇത് നിരന്തരമായി അവഗണിച്ച്.......,

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ച് നിർത്തിക്കഴിഞ്ഞു. അദ്ദേഹം സംസാരിച്ചു നിർത്തി.

ശ്രീ. സി. മോയിൻകുട്ടി: ഞങ്ങൾ കുടിയേറ്റക്കാരല്ല, കയ്യേറ്റക്കാരല്ല. ഗവൺമെന്റിന്റെ നയം പറയണം. കയ്യേറ്റക്കാരാണെന്ന് ചിത്രീകരിച്ചുകൊണ്ട്

നിരന്തരമായി പീഡിപ്പിക്കുകയാണ് ശ്രീ. റ്റി. എൻ. പ്രതാപൻ ചെയ്യുന്നത്. ഇവിടത്തെ കർഷകരെ സംബന്ധിച്ചിടത്തോളം കയ്യേറ്റക്കാരാനാണ് എന്ന് പറഞ്ഞുകൊണ്ട് നിരന്തരമായി അവഹേളിക്കുകയാണ്. ഇത് അംഗീകരിക്കാൻ സാദ്ധ്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്, റിസീവ് യുവർ സീറ്റ്.

ശ്രീ. സി. മോയിൻകുട്ടി: സർ, അതിനു മറുപടി കിട്ടണം.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ സംസാരിച്ച് നിർത്തിക്കഴിഞ്ഞു.

ശ്രീ. സി. മോയിൻകുട്ടി: മിനിസ്റ്റർക്കു മറുപടിയുണ്ടെങ്കിൽ പറഞ്ഞാൽ മതി. ഈ പീഡനം അനുവദിക്കില്ല. നിരന്തരമായി കയ്യേറ്റക്കാരെന്ന് പറഞ്ഞ് ചിത്രീകരിച്ച്........മൈക്ക് ഓഫ്........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് മറുപടി പറയാനുണ്ടോ? മറുപടിയില്ല.

ബഹുമാനപ്പെട്ട ശ്രീ. സാജു പോൾ, അങ്ങയുടെ 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജു പോൾ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ...........
പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.)

*************